


ഓജോ ബോർഡ്
OUIJA BOARD
FROM THE WRITER OF MERCURY ISLAND
അഖിൽ പി ധർമ്മജൻ
ഓജോ ബോർഡ്
OUIJA BOARD
AKHIL P DHARMAJAN


ഓജോ ബോർഡ്
OUIJA BOARD
FROM THE WRITER OF MERCURY ISLAND
അഖിൽ പി ധർമ്മജൻ
AKHIL P DHARMAJAN

**അഖിൽ പി ധർമ്മജൻ**

1993ൽ ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളി എന്ന സ്ഥലത്ത് പത്മാലയം വീട്ടിൽ കെ വി ധർമ്മജൻറെയും മഹേശ്വരി ധർമ്മജൻറെയും ഇളയ മകനായി ജനിച്ചു. പാതിരപ്പള്ളി വി വി എസ് ഡി എൽ പി എസ്-യു പി എസ്, മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂൾ പൂങ്കാവ്, ഹോളി ഫാമിലി എച്ച് എസ് എസ് കാട്ടൂർ തുടങ്ങിയ സ്കൂളുകളിൽ വിദ്യഭ്യാസം. മെക്കാനിക്കൽ ഐ ടി ഐ, മെക്കാനിക്കൽ ഡിപ്ലോമ തുടങ്ങിയവ തുടർവിദ്യാഭ്യാസം. ഇപ്പോൾ കേരള യൂണിവേഴ്സിറ്റിയിൽ ബി എ ലിറ്ററേച്ചർ രണ്ടാംവർഷ വിദ്യാർത്ഥി.

ഫേസ്ബുക്ക്, ഓൺലൈൻ എഴുത്തുകളിലൂടെ ജനശ്രദ്ധ പിടിച്ചുപറ്റി. ചെറുകഥകൾ നോവലുകൾ തുടങ്ങിയവ ഇഷ്ട വിഷയങ്ങൾ. ഹ്രസ്വചിത്രങ്ങളുടെ തിരക്കഥാകൃത്തായും സംവിധായകനായും പ്രവർത്തിക്കുന്നു. സഹോദരൻ: അമൽ പി ഡി, സഹോദര പത്നി: ഷേർളി മാത്യു

വിലാസം:
അഖിൽ പി ധർമ്മജൻ
പത്മാലയം, പാതിരപ്പള്ളി
പി ഒ, ആലപ്പുഴ-688521
ഫോൺ: 8086844844

# ഓജോ ബോർഡ്

അഖിൽ പി ധർമ്മജൻ

കഥ പബ്ലിക്കേഷൻസ്
ആലപ്പുഴ

Kadha Publications Malayalam Language
OUIJA BOARD (Horror Thriller)

Written By,
**Akhil P Dharmajan** Rights Reserved
First Published - August 2015

Publisher

Kadha Publication
Alappuzha – 688521
Kerala, India
ISBN 978-93-5279-009-8

*No part of this publication may be reproduced or transmitted in any former by any means, without prior written permission of the publisher and the author.*

## സമർപ്പണം

**എ**ന്നെ എഴുതാൻ പ്രേരിപ്പിക്കുകയും എഴുതിയത് വായിച്ച്
പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവർക്കും.

**നന്ദി**

മാർക്ക് സുക്കർബർഗ്
വിപിൻ പാണപ്പുഴ
നിമ്യ നാരായണൻ
അനൂപ് ശാം
വിഷ്ണു ഷാജി
ലച്ചു വാവ
ഇർഷാദ് ലാല
രാജേഷ് പോൾ
ഫാസിൽ നിലമ്പൂർ
വിഷ്ണു റാം
മുഹമ്മദ് യാസർ അറഫാത്ത്
ഹാഫീസ് ഇൻസാൻ
സിജോയ് കെ ജോസ്

# ഫേസ്ബുക്കിലെ
# പ്രതികരണങ്ങൾ

**Vipin Panappuzha** നല്ല കുറച്ച് ദിനങ്ങള് തന്നതിന് നന്ദിയുണ്ട്
അഖിലേ, എല്ലാം വിളിച്ച് നേരിട്ട് പറയാം.. പുതിയത്
എഴുതണം... ഇനിയുള്ള രാത്രിയിൽ ഓജോബോർഡ് വായിക്കാൻ
കഴിയില്ലല്ലോ എന്ന് ഓർക്കുമ്പോൾ സങ്കടം ഉണ്ട്.. ♥ ♥

**Arunr Alapuzha** 1000Thnx for u my frnd for ur thriling story

**Vishnu Vickraman** Nannayirikunnu....but pettannu kadha paranju nirthiyo nnoru samsayam......theerchayayum thangalude kazhivukalil veetukarum naatukarum abhimanikunna samayam undavum....akhil waiting for your next story...

**Chandra Hari** നന്നായിരിക്കുന്നു അഖിൽ
ഇനി എത്രയും വേഗം പുസ്തകരൂപത്തിൽ കാണാൻ കഴിയട്ടെ
എല്ലാ ഭാവുകങ്ങളും, ഇനി മെർക്കുറി ഐലന്റിന്റെ ഭാക്കി
ഭാഗങ്ങൾക്കായ് കാത്തിരിക്കാം ♥

**Jaison Prakash J S** Excellent pratheeshichathilum nannayi beautiful ending tanks dear tanks urgent karyam mattivachittanu last bhagathinai wait chaithath late ayipoi ennalum saramilla super super super...............

**Muhammed Yazar Arafath** Really Superb... Naale Muthal ithu kaaanilleiooo ennoru sangadam maathram...
Ninte veettukaarum Naattukaarum Ninte Kazhivukale Angeekarikkunna Naaal Vidhooramallaaa...
Neee iniyum Ezuthanammm... Naaale Njangalkk Ahangaarathode parayaaan pattumenn enik... See More

**അച്ചു അശ്വതി** ഭാഗം 28 മുതലാണ് ഈ കഥ വായികാൻ
തുടങ്ങിത്...പെട്ടന്നു തീർന്നല്ലോ...☹ എങ്കിലും ഒന്നു പറയാല്ലോ
അഖിൽ,horror thriling എന്നു പറഞ്ഞ് കണ്ടിരുന്ന സിനിമകളേക്കാൾ
എത്രയോ മേലെയാണ് തന്റെ ഈ കഥ...♥👍👍

**Abhishek S Kurup** 👍 എന്തു പറയണം എന്നറിയില്ലാ,.....അതുക്കും
മേലെടാ... 😃 😃

**Bony Prasad** Oru cinemaku keriyal nalla film anenkil irangumpo pettennu theernnunnu thonnillle. Aaa oru feeling anu akhileee ninte story vayichoondirunnapol. Atrakum interesting ayitarunnu oro divasavum nokiyirunnathhu. Vaikiyanu vayichu thudangiyathenkilum. Sarikkum enjoy cheuthhanu vayichathu. Thank you so much for the wonderful thrilling story Love you broo....

Waiting for the next story... ♥

**Anish Prabha** Excellent .....
22 March at 23:49 · Unlike · 👍 2

**Vishnu Krishnan** Kazhinja oru masakalamayi divasavum oja boardinayi akshamayode kathirikkumayirunnu ini athilla ennoru valiya dukham manasilund . Orikkal polum neril kandittillatha Akhil pulliyude sargathmakamaya kalasrishtiyaya oja board vayikkan avasaram undayat facebookiloodeyane athinal sukker berg chettanodulla ente akamazhinja nanniyum kadappadum rekhapeduthikollunnu. Oppam thanne ee kadha vayikkukayum abhiprayangal rekhapeduthi Akhilinu prajodhanamekiya priyapetta vayanakkarude perilum ente perilum ulla abhinandhanangal Akhil_P_Dharmajan thudarnnum ithilum Mikacha kalasrishtikal ningalude thoolikayil ninnum janikkate ennu aashamsikkunnu ♥ ♥ My full support always with uu ☺ ☺

**Subhash Rajan** Akhil P Dharmajan

പറയുവാൻ വാക്കുകളില്ല

എന്റെ പ്രിയപ്പെട്ട കലാകാരന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

**Fazil Nbr** ടാാ...തകർപൻ ക്ലയ് മക്സ് ..നിന്നിലെ കലാകാരനു ഇതിലും വലിയ നെട്ടങ്ങൾ കായ് വരികൻ സാദികട്ടെ...പ്രാർത്ഥിക്കാം ഞങ്ങൾ

**Maya Kiran** Nannayi akhil..you are talented.keep it up.

**Mubasheer Yasir** Ee katha theerumbozhulla sankadam ithu randamathe thavanaya.... iniyum ithu postukayanenkil enne theerchayayum tagane.. ☺ ♡♡♡♡♡♡♥♥♥♡♡♡

**Junaid Jamal** manoharamaayi paranju nirthi..njan vayichittullathil vech thikachum vyathyasthamaaya oru horror novel..thriller..kathayile kathaapaathrangalum kathaa saahacharyavum nammude chuttumulla aalkaarum sandharbhangalumaayi anubhavappettu..ottum boaradippikkaand thanne valare nalla reethiyil paranju nirthi..iniyum ezhuthu..njngalokke oppamund.. ♥

**Nandajan PC** Really good. well written. waiting for the next story..

**Biju Pala** നന്നായിരിക്കുന്നു അഖിൽ
ഇനി എത്രയും വേഗം പുസ്തകരൂപത്തിൽ കാണാൻ കഴിയട്ടെ
എല്ലാ ഭാവുകങ്ങളും, ഇനി മെർക്കുറി ഐലന്റിന്റെ ഭാക്കി
ഭാഗങ്ങൾക്കായ് കാത്തിരിക്കാം ♥

**Vijesh Venunathan** · 3 mutual friends
awesome work... wish to see this on mini screen or big screen.. keep going.. all the best akhil

**Jose Antony** nalla novel ayirunnu akhil ,
23 March at 13:57 · Unlike · 1

**Mahima Gangadharan** Nalla adipoli story aarunnutto.... Inim ithupole nalla nalla kathakal ezhuthaanum, aagrahikkunna angeekaaram aa kathakalkku labhikkaan ulla bhagyindaavaanum vendi praarthikkaatto...

**Pooja Prasanthan** Great work...worth reading...expecting more...... 🙂

**Anoop Sham** അപ്പോ ഇന്നുമുതൽ ആ കാത്തിരിപ്പില്ല..... കഴിഞ്ഞ രണ്ടാഴ്ചകളിൽ രാത്രി 10 മണിയാകാൻ വേണ്ടി വല്ലാത്ത ഒരാഗ്രഹമായിരുന്നു...... ഗുഡ്ലക് അഖിൽ............

**Noufal Meloth** akhil ojobord nd mercury irlnd both r superb ♡ vakkukalonnulla paryaan athrakk super.. oru film kaanunna pratheethi. all the best iniyum ezhuthuka 🙂

**Baiju Ayyaya Baiju** ഓരോ ഭാഗം വായിക്കുമ്പോഴും ഒരു സിനിമ കണ്ട പ്രതികമായിരുന്നു നന്നായി അവതരപ്പിച്ചു ഓരോ പ്രേഷകരും അടുത്ത ഭാഗത്തിനായ് വീർപ്പ് മുട്ടിയിരുന്നു അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ മെർക്കുറി ഒരുപാട് ഭാഗം കഴിഞ്ഞല്ലേ

**Robin Thomas** da...eppala vaaichu theerthe....rasaaittunduuuu...

**Sujitha Rajeev** · Friends with Manju Joy and 1 other
njan ippozhanu akhilinte kadha vayichu poorthiyakkiyathu, nalloru film kanda effect, kooduthal ezhuthi sahithya lokathu uyarankal keezhadakkan kazhiyatte ennu ashamsikkunnu


**Jasnamol Pezhumkattil Palakkal** nallath. innu vaayichu theerthu.

**P S Rajesh Kumar** സംഗതി തകർത്തിട്ടുണ്ട്....... മാതൃഭൂമിയിൽ നിന്നാണ് താങ്കളെയും താങ്കളുടെ ഈ സംരംഭത്തെയും കുറിച്ച് അറിഞ്ഞത്. കയറി നോക്കിയപ്പോൾ തരക്കേടില്ല. താങ്കളുടെ 'ഓജോ ബോർഡ്' ഒറ്റ ഇരുപ്പിനാണ് വായിച്ചു തീര്ത്തത്. വളരെ നന്നായിട്ടുണ്ട്. ഇപ്പോൾ "മെർക്കുറി ഐലന്റ്" വായിച്ചു തുടങ്ങി. അടുത്ത ഭാഗത്തിനായി ആകാംഷയോടെ കാത്തിരിക്കുന്നു.

താങ്കളുടെ ഈ സംരഭത്തിനു എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

**Ajnas Muhammed** kalakki ... kidilan kadha

**Jinto James** valare nalla reetiyil ulla kadha avataranam..oru divasam kond njan ithu vayichu..serikkum oru cinema kaanunnath pole oro rangavum nannay aswadichu..really you can do more..may god bless you!
19 April at 09:18 · Unlike · 👍 1



Akhil KT 👍👍👍 super, vesmuible tribliourse Akhil P Dharmajan great work

Rahul Sasthavu S Excellent valarere manoharamayirikkunnu
enthalum vendum vendum ezhuthikonde irikkuka
ella ashamsakalum nerunnu Valiya uyarangalil ethatte ennu ashamsikkunnu

Rakesh Ambat Akhil... Completed it... Good Story.. Keep writing... Njngalund koode...

Ajitha John Valare vaigy vazhichathinal Ella partum orumichu kitti.....nice story....daivam chilarkumathrame ee kazhivu kodukku...

Sanju Azura nice work

Susan Cherian good work. mercuriyum nannavunnundu
16 June at 17:20 · Unlike · 👍1

Emil Grain Mercy ♡ ♡... Priyappetta kathakaaranu aasamsakal....
22 March at 23:21 · Unlike · 👍2

Swathy Ajesh 🙂 kollammmmm 🙂 Akhil P Dharmajan gud writing superb story......
Unlike · Reply · 👍1 · 14 February at 18:49

Jobin Joseph thulika thumbil vismayangal olippicha koottukaara iniyum munpott pokuka,ezhuthinte lokam ninakkayi kaathirikkunnu...... ♡

Bincy Antony Parayan vakkukal ella .athrak sundharamayirunnu e story.. epol frndsinod e kadha parayalanu njan.avar oro dayum nokkiyirikkum...eni puthiya kadha paranju kodukkende avark.so pettannu adutha kadha thudangane.god bless you

Aswathy TK തകർത്തൂ അഖിലേട്ടാ തകർത്തൂ...;-(

Vishnu GS Vichu Enikku eattavum ishtappetta novel...chilappo njan aadhyaayittu oru novel vaayikkinnath kond aavaam...but ee experiance orikkalum marakkilla akhileattayi....Novel theernnathil oru cheriya vishamam und...Chettayeede ee kazhivine kurichoorkkumbol orupaaad santhoosham und...keeo it up chettayi.. njangalundaavum koode ♡ ♡ ♡

Swantham vichu ... ♡

Sruthi Varma akheeeee........nee enta aniyanadaaa..... love you ♡

Nithin Bhaaratheeyan Marvelllous....
24 April at 01:21 · Unlike · 👍1

**Haseeb Mavuppadi** orupaad novalukal nhaan vaayichittund orupaad horrer films nhaan kandittund but ithupolothiru saadhanam ente jeevithathil nhaan vaayichittilla sherikkkum thrillling aaain

**Anascp Akp** suprb...

**Mathew Joseph Cheripurath** sambavam kalakki marichu.....aadhyamaya fbl ingane oru kadha vaayikkunnath.....spr aayirunnu.....kp it up....

**Bilal Ahm'd Bin NaZir** Bro akhile niyoru sambhavamada. ☺

**Abhijith Surendran** Suuupr bro...Waiting fr ur nxt thrilling story

**Nadiya Noushad** super story

**Muhammed Shamee** ഡിയർ #AKHIL വളരെ മനോഹരമായി എഴുതിയിരിക്കുന്നു. ഒരു സിനിമ കാണുന്നതിനെക്കാൾ കൂടുതൽ എന്ജോയ് ചെയ്തു . ഓരോ ഭാഗത്തിലും GUESS ചെയ്യാൻ പോലും പറ്റാത്ത ട്വിസ്റ്റ് . ഇനിയും ഇത് പോലെ എഴുതുക . എഴുതാനുള്ള ഇ കഴിവ് നില നിർത്തുക .best wishes

**Neju Sali** കഥ സൂപ്പർ *വിജയാശംസകൾ* Akhil PD

Unlike · Reply · 2 · 9 April 2014 at 16:01

**Amal RT Nair** Thakarthada muthe. Poli. ☺. Waiting for ur next novel.

Unlike · Reply · 2 · 8 April 2014 at 22:40

**Jibin Jibi** Superayi.., elam subham.., ☺ bt oru sankadam baki. Nale ojo board undakilalo ☹

**Viji Krishnan** Pratheeshichathilum nannayi... ☺

Unlike · Reply · 2 · 8 April 2014 at 22:23

**Maya Das** Drishyam kandapo thonniya athe samthripthi.... Supr!!!Keep it up! Waiting 4 next.....

**Nikhil Dev** Kalakki...!"

**Padmakumar Chandroth** superstory akhil

**Minnu Krishnadas** Vichukuttan Kūŕumbāñ : verum kidu alla.. oru loka mahaaaa kidu.. ☹ 😐 😊

**Sindhu Kalyani** Kollam ketto,,,avasanam vare suspence nila nirthunnathil vijayichirikkunnu

**Geethu Mohan** Than oru nalla kalakarananu Akhil..ee story valare nannayirunnu..bt end aayappol yentho small mistake thonni.nice scripting..congratss..

Unlike · Reply · 1 · 20 April 2014 at 02:45

**Alan Stanly M** kalakki

Like · Reply · 25 April 2014 at 15:26

**Shint O Thomas** 20 adhyam thota njan vayikan thudangith.pne nextpart maChan idunathum nOki wait cheyumarnu enum..☺

Unlike · Reply · 👍 1 · 9 April 2014 at 11:45

**Ankitha Rechu** super
keep it up akhil

**Athira Ammus** Inanu njani katha vayichu theernathu adhyamayanu njan novel vayikunathu ithrayum nala novel sammanichathinu nandi

**Shint O Thomas** Valya script writer akumpo enikum kadha thanamadhl ☺ DIRECT cheyan

Unlike · Reply · 👍 2 · 9 April 2014 at 12:13

**Dha Nu** ☹ kazhinju alle..

**Ajesh Ajesh David** Akhil
Good work....
Thanks.....

**Aswani Alengattil** ♡

**Sooraj Sukumaran** 👍👍👍♡♡♡♡♡♡

**Siji Siji** Vjaricha athra horor ilairnelum nyc ending. . Nyc story. .ea 1 mNth 7 days um boradipikathe w8 cheipich novel treat thanathinu thankz. .al d bst wishes to akhil. .nd team kadha .keep goin ☺

Unlike · Reply · 👍 3 · 8 April 2014 at 21:19

**Lachu Vava** appazhe nan paranjatha veruthe aashikkalle aashikkattennu ippo kando sofiye vishvam kondoyathu ☺

Unlike · Reply · 👍 4 · 8 April 2014 at 21:28

**Sangeeth Joy** 👍

**Silpa Chippuzz Mekkad** ☺ ☺ ☺ Ethra neray waiting aarunnennu ariyo?

**Rahul Sasthavu S** Mathrubhumi newinu prathekam nanni engane oru kuttukarane parijayapeduthiyathil

27 April at 21:12 · Like

## പ്രിയപ്പെട്ടവരെ,

എൻറെ ഈ സൃഷ്ടി തെരഞ്ഞെടുത്തതിന് ഒരുപാട്ട് നന്ദി. ഇത് എൻറെ ആദ്യത്തെ പുസ്തകമാണ്. ഓജോ ബോർഡ് എന്ന നിഗൂഢത നിറഞ്ഞ വസ്തുവിനെ അടിസ്ഥാനമാക്കിയാണ് ഈ കഥ രൂപപ്പെടുത്തിയിരിക്കുന്നത്.

ഓജോ ബോർഡ് സത്യമാണെന്ന് വിശ്വസിക്കുന്നവരും അത് പച്ചക്കള്ളമാണെന്ന് വാദിക്കുന്നവരും അനേകമുണ്ട്. എന്തൊക്കെത്തന്നെയായാലും ഓജോ ബോർഡ് എന്ന വസ്തുവിനെ നിങ്ങൾക്കായി ഞാൻ ഇവിടെ പരിചയപ്പെടുത്തുകയാണ്. നൂറ്റാണ്ടുകൾക്ക് മുൻപ് ജീവിച്ചിരുന്ന ഒരു വിഭാഗം ജനത മരിച്ചുപോയവരുടെ ആത്മാക്കളുമായി ആശയവിനിമയം നടത്തുവാൻ വേണ്ടി രൂപകൽപ്പന ചെയ്ത ഒരു വസ്തുവായിരുന്നു ഓജോ ബോർഡ്. അക്ഷരങ്ങൾക്കൊണ്ട് വലയംചെയ്യപ്പെട്ട ബോർഡിൽ ഓരോ അക്ഷരങ്ങളെയും അടയാളം ചെയ്യാൻ കഴിയുന്ന രീതിയിലുള്ള ഒരു അടയാളവസ്തു ഉപയോഗിച്ച് ആത്മാക്കൾക്ക് പറയുവാനുള്ള കാര്യങ്ങൾ കൂട്ടിവായിക്കുന്നതാണ് ഓജോ ബോർഡിലെ ശൈലി. ചില സന്ദർഭങ്ങളിൽ ജീവനുപോലും ആപത്തുകൾ സംഭവിച്ചിട്ടുള്ള അനവധി കഥകൾ പല രാജ്യങ്ങളിൽനിന്നും പ്രചരിക്കപ്പെടുന്നുണ്ട്!

'അപരിചിതൻ' എന്ന മലയാള സിനിമയിലൂടെയാണ് ഞാൻ ഉൾപ്പെടെയുള്ള മലയാളികളുടെ ഇടയിൽ ഓജോ ബോർഡ് എന്ന വിഷയം കൂടുതലായും ചർച്ചചെയ്യപ്പെടാൻ ആരംഭിച്ചത്. അന്നുമുതൽ തന്നെ എനിക്കും ഈ വിഷയത്തോട് പ്രത്യേക താൽപ്പര്യം തോന്നിത്തുടങ്ങിയിരുന്നു. ഇന്നും വ്യക്തമായ നിഗമനത്തിൽ എത്തിച്ചേർന്നിട്ടില്ലാത്ത ഈ വിഷയത്തെപറ്റിയുള്ള അന്വേഷണത്തിൽ നിന്നുമാണ് ഓജോ ബോർഡുമായി ബന്ധപ്പെട്ട ഒരു കഥ രൂപപ്പെടുത്താൻ ഞാൻ തീരുമാനിച്ചത്.

കഥ രൂപപ്പെടുത്തിയശേഷം വായനക്കാരിൽ എത്തിക്കാൻ പ്രമുഖരായ പല പുസ്തക പ്രസാധകരെയും സമീപിച്ചുവെങ്കിലും പുതിയ ഒരാളുടെ കഥയെ ഏറ്റെടുക്കാൻ അവരാരും മുന്നോട്ടുവന്നില്ല. ഒടുവിൽ രണ്ടും കൽപ്പിച്ച് ഓജോ ബോർഡ് എന്ന ഈ കഥ ഫേസ്ബുക്കിൽ കഥ എന്ന പേജ് തുടങ്ങി അതിലൂടെ വായനക്കാരിൽ എത്തിച്ചു. ആദ്യം വായിക്കാൻ ആളുകൾ കുറവായിരുന്നു എങ്കിലും പിന്നീട് ഓജോ ബോർഡിന് ഡിമാൻറ് വർദ്ധിച്ചുവന്നു. ഒടുവിൽ കഥ വായിച്ച വായനക്കാർ തന്നെ ഇത് പുസ്തകരൂപത്തിൽ ആക്കുവാനായി മുൻകൈ എടുക്കുകയായിരുന്നു. അങ്ങനെ മലയാളം ഓൺലൈൻ എഴുത്തുകാരുടെ ഇടയിൽനിന്നും വായനക്കാർ തന്നെ പണം മുടക്കി പുറത്തിറക്കുന്ന മലയാളത്തിലെ ആദ്യത്തെ പുസ്തകമായി ഓജോ ബോർഡ് മാറിയിരിക്കുകയാണ്!

വായനക്കാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്ത് ഓൺലൈനിൽ എഴുതിയ കഥയിൽനിന്നും അൽപ്പം സ്വൽപ്പം മാറ്റങ്ങൾ വരുത്തി തികച്ചും പുതുമയോട് കൂടിയാണ് ഓജോ ബോർഡ് എന്ന ഈ കഥ പുസ്തകരൂപത്തിൽ ആക്കിയിരിക്കുന്നത്. മലയാളം വായിക്കാൻ അറിയാവുന്ന ഏതൊരാൾക്കും ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ വളരെ ലളിതമായാണ് ഈ കഥ എഴുതിയിട്ടുള്ളത്. ഇത് എൻറെ ആദ്യത്തെ സംരംഭമായതിനാൽ കുറവുകൾ ഉണ്ടാവാൻ സാധ്യതകളുണ്ട്. അവയെല്ലാം ഒരു തുടക്കക്കാരന് വന്നേക്കാവുന്ന പാളിച്ചകൾ മാത്രമായി കണ്ട് ക്ഷമിക്കുമെന്ന് വിശ്വസിക്കുന്നു. അതോടൊപ്പം എല്ലാവരെയും ഓജോ ബോർഡിൻറെ മായികലോകത്തേക്ക് സ്വാഗതം ചെയ്യുന്നു!

സ്നേഹപൂർവ്വം,

**അഖിൽ പി ധർമ്മജൻ**

# ഉള്ളടക്കം


ഒന്ന്

രണ്ട്

മൂന്ന്

നാല്

അഞ്ച്

ആറ്

ഏഴ്

എട്ട്

ഒമ്പത്

പത്ത്

പതിനൊന്ന്

പന്ത്രണ്ട്

പതിമൂന്ന്

പതിനാല്

പതിനഞ്ച്

പതിനാറ്

പതിനേഴ്

പതിനെട്ട്

പത്തൊമ്പത്

ഇരുപത്

ഇരുപത്തിയൊന്ന്

ഇരുപത്തിരണ്ട്

ഇരുപത്തിമൂന്ന്

ഇരുപത്തിനാല്

ഇരുപത്തഞ്ച്

ഇരുപത്തിയാറ്

ഇരുപത്തിയേഴ്

ഇരുപത്തിയെട്ട്

ഇരുപത്തൊമ്പത്

മുപ്പത്

മുപ്പത്തിയൊന്ന്

മുപ്പത്തിരണ്ട്

മുപ്പത്തിമൂന്ന്

മുപ്പത്തിനാല്

മുപ്പത്തിയഞ്ച്

മുപ്പത്തിയാറ്

മുപ്പത്തിയേഴ്



## ഒന്ന്

'നീരു, ഞാനിവിടെ പാർക്കിൻറെ വടക്ക് ഭാഗത്തെ ബഞ്ചിൽ ഉണ്ടാകും. നീ വന്നിട്ട് നിന്നോട് പറയാൻ ഉള്ളത് മുഴുവൻ പറഞ്ഞ് തീർത്തിട്ടേ ഞാൻ തിരിച്ച് പോകൂ.'

ഫോൺ കട്ട് ചെയ്ത ശേഷം ബിനോയ് പാർക്കിൻറെ വടക്കുഭാഗത്തുള്ള ബഞ്ചിലേക്ക് നോക്കി. അവിടെ ഒരാൾ ഇരിപ്പുണ്ട്. കണ്ടാൽ ഏകദേശം ഇരുപത്തിയെട്ട് വയസ്സ് തോന്നും. ഇടയ്ക്കിടെ അയാൾ മുഖത്തെ കണ്ണാടി ചൂണ്ടുവിരൽ കൊണ്ട് തള്ളിവെയ്ക്കുന്നുണ്ടായിരുന്നു. ആരെയും ശ്രദ്ധിക്കാതെ അയാൾ പുസ്തകവായനയിൽ മുഴുകിയിരിക്കുകയാണ്.

ബിനോയ് അയാളിരുന്ന ബഞ്ചിൻറെ ഇടതുഭാഗത്ത് ചെന്നിരുന്നു. ബിനോയിയെ അയാൾ ഒന്ന് നോക്കിയ ശേഷം വീണ്ടും പുസ്തക വായന തുടർന്നു. അപ്പോഴാണ് അയാൾ വായിച്ചുകൊണ്ടിരുന്ന പുസ്തകം ബിനോയ് ശ്രദ്ധിച്ചത്. അതിൻറെ പുറംചട്ടയിൽ 'GHOST RESEARCH' എന്ന് എഴുതിയിരുന്നു. അതേ വിഷയവുമായി ബന്ധപ്പെട്ട് മറ്റൊരു പുസ്തകവും അയാൾ ഇരിക്കുന്ന ബഞ്ചിൽ ഇരിപ്പുണ്ടായിരുന്നു. ബിനോയ് വീണ്ടും അയാളെ നോക്കി, അയാൾ വായനയിൽ മുഴുകിയിരിക്കുകയാണ്. ബഞ്ചിലിരുന്ന ആ പുസ്തകം അവൻ കൗതുകത്തോടെ എടുത്തു. തുറന്നപ്പോൾ ആദ്യ പേജിൽ അലക്സ് എന്ന് എഴുതിയിരുന്നു. ബിനോയ് ഓരോ പേജും സാവധാനം മറിച്ചുനോക്കി.

ഇടയ്ക്ക് ബിനോയ് അയാളെ നോക്കി. അയാൾ വായിച്ചുകൊണ്ടിരുന്ന പുസ്തകം മടക്കിവച്ചശേഷം പാർക്കിലേക്കും നോക്കി ഇരിക്കുകയാണ്. ബിനോയ് നോക്കുന്നത്

കണ്ട് അയാൾ അവനെ നോക്കി. ബിനോയ് സംശയത്തോടെ ഒന്ന് ചിരിച്ചു. എന്നിട്ട് പുസ്തകം മടക്കി അയാൾക്ക് നേരെ നീട്ടി.

'ഹേയ്, സാരമില്ല. അത് വച്ചോളൂ.'

'അയ്യോ, സർ അതൊന്നും വേണ്ട. ഞാൻ ബുക്കിൻറെ പേര് കണ്ട് എടുത്ത് നോക്കിയതാ.'

'ആദ്യം താങ്കളുടെ ഈ സർ വിളി ഒന്ന് അവസാനിപ്പിക്കു. എൻറെ പേര് അലക്സ്. അലക്സ് എന്ന് വിളിച്ചാൽ മതി.'

'താങ്ക്സ് അലക്സ്, ഞാൻ ബിനോയ്. ഇത്തരം വിഷയങ്ങളോട് എനിക്ക് വല്ലാത്ത താൽപര്യം ആണ്. അതാണ് ഈ പുസ്തകം കണ്ടപ്പോൾ എടുത്തുനോക്കിയത്.'

'അലക്സ് എന്ത് ചെയ്യുന്നു. ഈ നാട്ടുകാരൻ തന്നെയാണോ?'

'ഞാൻ കാനഡയിൽ ആയിരുന്നു. വന്നിട്ട് ഒരു ആഴ്ചയേ ആയുള്ളൂ. പിന്നെ ഈ ബുക്കിൻറെ പുറത്ത് എഴുതിയിരിക്കുന്നത് കണ്ടില്ലേ. അതിൽ റിസർച്ച് നടത്താനായി ഇങ്ങോട്ടേക്ക് വന്നതാണ്.'

'അപ്പോൾ കേരളത്തിൽ എവിടെയാണ് നാട്?'

'ഞാൻ ആലപ്പുഴക്കാരൻ തന്നെയാണ്. പക്ഷെ പഴയ വീടും സ്ഥലവുമെല്ലാം കൊടുത്തിട്ടാണ് ഞങ്ങൾ കാനഡയിൽ സെറ്റിൽ ആയത്. ഇപ്പോൾ തൽക്കാലത്തേക്ക് പാർക്കിൻറെ വടക്ക് ഭാഗത്തുള്ള വീടുകളിൽ ഒന്ന് വാടകയ്ക്കെടുത്തു. ഒരു വലിയ പ്രൊജക്റ്റ് ചെയ്യണമെന്ന ലക്ഷ്യത്തോടെയാണ് കേരളത്തിലേക്ക് വീണ്ടും വന്നത്. ഈ പ്രൊജക്റ്റ് ചെയ്യാൻ എൻറെ ചാനൽ തന്നെയാണ് എന്നെ തിരഞ്ഞെടുത്തത്. ചിലപ്പോൾ ഞാൻ കേരളീയൻ ആയത് കൊണ്ടുമാകം.'

'അലക്സ് ചാനലിൽ ആണോ വർക്ക് ചെയ്യുന്നത്?'

'അതെ, കാനഡയിലെ ഒരു പ്രമുഖ ചാനൽ ആണ് ഞങ്ങളുടേത്. വലിയ പ്രതീക്ഷയോടെയാണ് ഈ പ്രോഗ്രാമിൻറെ സ്പോൺസർമാർ എന്നെ ഇവിടേയ്ക്ക് വിട്ടത്. അവിടെ കേരളത്തിലെ പ്രേതങ്ങൾക്ക് നല്ല ഡിമാൻഡാണ്. ഈ പ്രൊജക്റ്റ് ഞാൻ പ്രതീക്ഷിക്കുന്ന രീതിയിൽ ചെയ്യാൻ പറ്റിയാൽ മറ്റ് ചാനലുകൾ അലക്സിൻറെ മുന്നിൽ വന്ന് ക്യൂ നിൽക്കും. പക്ഷെ പിടിച്ചുകയറാൻ ഒരു തുമ്പും കിട്ടുന്നില്ല.'

ഇതൊക്കെ കേട്ടുകൊണ്ട് ബിനോയ് വായും പൊളിച്ചിരിക്കുകയായിരുന്നു.

'അപ്പോൾ ഇത് ഒരുപാട് കാശുമുടക്കി ചെയ്യുന്ന പ്രൊജക്റ്റ് ആണല്ലേ?'

'അതെ, അതൊക്കെ പോട്ടെ ബിനോയ് എന്ത് ചെയ്യുന്നു?'

'ഞാനോ, അതെല്ലാം കോമഡിയാണ്. ആദ്യം എഞ്ചിനീയറിംഗിന് പോയി. അവിടുന്ന് ഇയർ ഔട്ട് ആയപ്പോൾ ഡിഗ്രിക്ക് ചേർന്നു. ഇപ്പോൾ അതെല്ലാം കഴിഞ്ഞ് വീട്ടുകാരുടെ ചെലവിൽ കഴിയുകയാണ്.'

അപ്പോഴേക്കും ബിനോയിയുടെ ഫോണിലേക്ക് ഒരു കോൾ വന്നു.

'ആ, പറ നീതു. നീ എവിടാ. ശരി, ഞാനിതാ വരുന്നു.'

ഫോൺ കട്ട് ചെയ്ത ശേഷം ബിനോയ് അലക്സ്നെ നോക്കി ഒന്ന് ചിരിച്ച ശേഷം വീണ്ടും കാണാമെന്ന് പറഞ്ഞ് എഴുന്നേറ്റ് വേഗത്തിൽ നടന്നുപോയി.

ഫോൺ വന്നപ്പോൾ ബിനോയുടെ മുഖം വല്ലാതായത് അലക്സ് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ബൈക്ക് സ്റ്റാർട്ട് ആക്കി പോകാൻ തുടങ്ങിയപ്പോഴാണ് ബിനോയ് തൻറെ പേര് ആരോ വിളിക്കുന്നത് കേട്ടത്. തിരിഞ്ഞ് നോക്കിയപ്പോൾ അലക്സ്.

'ഇതാ ഈ പുസ്തകം കൂടി വച്ചോളൂ. വായിച്ചിട്ട് തിരികെ തന്നാൽ മതി. അതിൽ എൻറെ മൊബൈൽ നമ്പർ എഴുതിയിട്ടുണ്ട്.'

'ഓ, താങ്ക്സ് അലക്സ്. അപ്പോൾ ശരി. പിന്നീട് കാണാം.'

പുസ്തകം വാങ്ങുമ്പോൾ ബിനോയുടെ കൈ വിറയ്ക്കുന്നത് അലക്സ് ശ്രദ്ധിച്ചു. വേഗം തന്നെ ബൈക്ക് സ്റ്റാർട്ട് ചെയ്ത് അവൻ പോയി. അലക്സ് അൽപസമയം കൂടി അവിടെത്തന്നെ നിന്ന ശേഷം തിരികെ പാർക്കിലേക്ക് പോയി. അസ്തമയം കഴിഞ്ഞതോടെ പാർക്കിൽ നിന്നും ആളുകൾ സാവധാനത്തിൽ ഒഴിഞ്ഞുതുടങ്ങി. ഇരുട്ടിന് കട്ടികൂടിയപ്പോൾ അലക്സും അവിടെനിന്നും പിൻവാങ്ങി. രാത്രി ഏകദേശം പതിനൊന്ന് മണി ആയപ്പോൾ അലക്സിൻറെ ഫോണിലേക്ക് ഒരു കോൾ വന്നു

'ഹലോ, അലക്സ് ആണോ?'

'അതെ ബിനോയ്, ഞാൻ തന്നെയാണ്'

'ഹയ്യോ, ഞാനാണെന്ന് എങ്ങനെ മനസ്സിലായി?'

'ഇവിടെ എൻറെ ഈ നമ്പർ അറിയാവുന്നത് ബിനോയ്ക്കും പിന്നെ ട്രാവൽ ഏജൻസിക്കാർക്കും ആണ്. അവർ ഏതായാലും ഈ സമയത്ത് വിളിക്കില്ലല്ലോ. എന്താ ബിനോയ് ഉറങ്ങിയില്ലേ?'

'ഇല്ല. ഇന്ന് വൈകിട്ട് ഞാൻ കുറച്ച് പ്രശ്നത്തിലായിരുന്നു അതാണ് പെട്ടെന്ന് പോന്നത്. സോറി കേട്ടോ.'

'ഹേയ് അത് സാരമില്ല. പ്രശ്നങ്ങളൊക്കെ എല്ലാവർക്കും സർവ്വ സാധാരണമല്ലേ. നാളെ ബിനോയ്ക്ക് എന്താ പരിപാടി.?'

'നാളെയോ. നാളെ അങ്ങനെ പ്രത്യേകിച്ച് ഒന്നുമില്ല. എന്തേ.?'

'എങ്കിൽ എൻറെ വീട്ടിലേക്ക് പോര്. എനിക്കാണേൽ മിണ്ടാൻ പോലും ഒരാളില്ല.'

'ഓ, അതിനെന്താ വരാമല്ലോ. പാർക്കിൻറെ എവിടായിരുന്നു വീട്?'

'പാർക്കിൻറെ വടക്ക് ഭാഗത്തെ റോഡിലൂടെ പോകുമ്പോൾ കാണുന്ന അവസാനത്തെ ആ പഴയ വില്ലയില്ലേ. അതുതന്നെ.'

'എന്ത്. ആ ഒറ്റപ്പെട്ട വീടോ?'

'അതെ. എന്തുപറ്റി?'

'എത്ര ദിവസമായി അവിടെ താമസിക്കാൻ തുടങ്ങിയിട്ട്?'

'ഇന്നാണ് വീട് മുഴുവൻ വൃത്തിയാക്കി കിട്ടിയത്. ഇത് വരെ ടൗണിൽ ഒരു ഹോട്ടലിൽ ആയിരുന്നു. എന്താ ബിനോയീ... എന്താ പ്രശ്നം?'

'അലക്സേ, ആ വീടിനെപ്പറ്റി നല്ല കഥകളല്ല കേട്ടിട്ടുള്ളത്. അവിടെ ആളുകൾ താമസിക്കാറില്ല. പത്തിരുപത് കൊല്ലം മുമ്പ് അവിടെ പോളിടെക്നിക്കിൽ പഠിച്ചുകൊണ്ടിരുന്ന കുറേ ചെറുപ്പക്കാർ വന്ന് വാടകയ്ക്ക് താമസിച്ചിരുന്നു. അതിൽ

ഒരുത്തൻ അവിടെ തൂങ്ങി മരിച്ചു. പിന്നീട് അങ്ങോട്ടാണ് പ്രശ്നം തുടങ്ങിയത്. അവിടെ ഉണ്ടായിരുന്ന ബാക്കി ചെറുപ്പക്കാർ ഓരോന്നായി ദുർമരണത്തിന് ഇരയായി. ഒടുവിൽ ബാക്കി വന്ന രണ്ടുപേർ അവിടെ നിന്നും രക്ഷപ്പെട്ട് സ്വന്തം വീടുകളിലേക്ക് പോയി. പക്ഷെ അവരും താമസിയാതെ മരണപ്പെട്ടു. സ്വന്തം വീട്ടിൽനിന്നും കാണാതായ അവരുടെ ബോഡികൾ കിട്ടിയത് ഈ വീട്ടിൽ നിന്നാണ്. പിന്നീട് അവിടെ താമസിച്ചിട്ടുള്ള ആരും ഒരു രാത്രി അവിടെ തികച്ചിട്ടില്ല എന്നാണ് കേട്ടിട്ടുള്ളത്. അലക്സിന് അവിടം അറിയാത്തത് കൊണ്ട് ബ്രോക്കർ പറ്റിച്ചതാവും. ഇയാള് ഇപ്പോൾ വീടിനുള്ളിൽ തന്നെയാണോ?'

'അതേ ഉള്ളിൽത്തന്നെയാണ്. എന്തുതന്നെ ആയാലും സാരമില്ല. അതൊക്കെ ആളുകൾ ചുമ്മാ പറഞ്ഞുണ്ടാക്കുന്നതാകും. നമുക്ക് നാളെ ഇതിനെപ്പറ്റി സംസാരിക്കാം ഞാൻ കുറച്ചൊന്ന് കിടക്കട്ടെ.'

'ശരി, അലക്സിന് ഞാൻ പറഞ്ഞതൊക്കെ കേട്ടിട്ട് ഒട്ടും പേടിയില്ലേ?'

'എന്തിന്? നീയീ പറഞ്ഞതൊക്കെ സത്യമാണെങ്കിൽ ഞാൻ എൻറെ പ്രൊജക്റ്റ് ഇവിടെനിന്നും തുടങ്ങും.'

'ഹോ, സമ്മതിച്ചിരിക്കുന്നു. അപ്പോൾ അലക്സിന് ജീവൻ ബാക്കിയുണ്ടെങ്കിൽ നാളെ കാണാം.'

'ഹ... ഹ...ഹ... ഓക്കേ ഗുഡ്നൈറ്റ് ബിനോയ്.'

'മം... ഗുഡ്നൈറ്റ്.'

ഫോൺ കട്ട് ചെയ്ത ശേഷം അലക്സ് കുറച്ച് സമയം കിടന്നുറങ്ങി. ഇടയ്ക്ക് ഉറക്കമുണർന്നപ്പോൾ അവൻ എഴുന്നേറ്റ് ബാത്റൂമിലേക്ക് പോയി. അകത്ത് കയറി വാതിൽ പൂട്ടിയപ്പോൾ പുറത്ത് ആരോ നടക്കുന്നതായി തോന്നി. പെട്ടെന്ന് തന്നെ അവൻ കതക് തുറന്ന് പുറത്തിറങ്ങി. ഹാളിൽ നിന്നാണോ ആ ശബ്ദം കേൾക്കുന്നത്?

അലക്സ് വേഗം ഹാളിലേക്ക് ഓടി. ഹാൾ നിശബ്ദമായിരുന്നു. പുറത്തെ ലൈറ്റിൻറെ വെളിച്ചത്തിൽ അലക്സ് ഓരോ മൂലയും സസൂക്ഷ്മം നോക്കി. ഒരു ധൈര്യത്തിൽ ബിനോയിയോട് ഒട്ടും പേടിയില്ല എന്ന് പറഞ്ഞതാണ്. പക്ഷേ ഇപ്പോൾ തോന്നുന്നു അവനോട് ഇന്ന് രാത്രി തന്നെ ഇവിടേയ്ക്ക് പോരാൻ പറയേണ്ടതായിരുന്നുവെന്ന് അലക്സ് മനസ്സിൽ പറഞ്ഞു

ശബ്ദമുണ്ടാക്കാതെ അവൻ ഹാളിലെ ലൈറ്റ് ഓണാക്കി. ജനലിലൂടെ പുറത്തേക്ക് നോക്കി. മൂടൽമഞ്ഞ് കുറച്ചുണ്ടായിരുന്നതിനാൽ അരണ്ട വെളിച്ചത്തിൽ ആരോ പുറത്തുനിൽക്കുന്നത് മാത്രമേ കാണാൻ സാധിച്ചുള്ളൂ. അലക്സ് ശരിക്കും വിറച്ചുപോയി. ആരായിരിക്കും രാത്രി പന്ത്രണ്ട് മണി കഴിഞ്ഞ ഈ സമയം ആൾസഞ്ചാരമില്ലാത്ത തൻറെയീ വാടക വീടിൻറെ മുന്നിൽ? അവൻ രണ്ടും കൽപ്പിച്ച് 'ആ... ആരാ...?' എന്ന് ഉറക്കെ ചോദിച്ചു.



## രണ്ട്

മറുപടി പറയുന്നതിന് പകരം അവ്യക്തമായ ആ രൂപം നടക്കുവാൻ തുടങ്ങി. അതോടൊപ്പം അലക്സിൻറെ നെഞ്ചിടിപ്പും കൂടി. അവൻ പതിയെ വാതിൽ തുറന്നു പുറത്തിറങ്ങി. കാട്ടുപിടിച്ച് കിടക്കുന്ന ആ വീടിൻറെ പരിസരം അപ്പോൾ മാത്രമാണ് അലക്സ് ശ്രദ്ധിച്ചത്. അടുത്ത് ഒരു വീട് പോലുമില്ല. സത്യത്തിൽ താൻ ഒറ്റപ്പെട്ടുപോയിരിക്കുകയാണ്. എങ്കിലും തൻറെ കഴുത്തിൽ കിടക്കുന്ന കുരിശുമാല കയ്യിൽ പിടിച്ചപ്പോൾ അവന് കുറച്ച് ധൈര്യം കൈ വന്നു. ആ രൂപം നടന്ന വഴിയിലൂടെ അവനും നടന്നു. ഇടയ്ക്കിടയ്ക്ക് ഭയത്തോടെ അലക്സ് തിരിഞ്ഞ് നോക്കുന്നുണ്ടായിരുന്നു.

ആ രൂപം ഒരു വലിയ മരത്തിൻറെ ചുവട്ടിൽ നിന്നു. അപ്പോഴാണ് അലക്സ് അവിടമാകെ ശ്രദ്ധിച്ചത്. ചുറ്റും മരങ്ങളും കാടും പടലയുമൊക്കെയാണ്. ഇത്രയും സ്ഥലം വീടിൻറെ പിന്നിലേക്ക് ഉണ്ടെന്ന് അലക്സ് പ്രതീക്ഷിച്ചിരുന്നില്ല. അപ്പോൾ ഈ വീടും പരിസരവും ഇങ്ങനെ കിടക്കാൻ കാരണം ബിനോയ് പറഞ്ഞ ആ പ്രശ്നങ്ങൾ

തന്നെയാകുമെന്ന് അലക്സ് ഓർത്തു. പെട്ടെന്ന് നായ്ക്കൾ എവിടെ നിന്നൊക്കെയോ കൂട്ടമായി ഓരി ഇടാൻ തുടങ്ങി. അതോടൊപ്പം ആരോ ഓടുന്ന ശബ്ദവും കേട്ടു.

'ഈശോയേ, എൻറെയീശോയേ...'

അലക്സ് മാലയിൽ പിടിച്ചുകൊണ്ട് വിറയ്ക്കാൻ തുടങ്ങി. പെട്ടെന്ന് ആരോ ഉറക്കെ കരഞ്ഞു. അതൊരു യുവാവിൻറെ അലമുറയാണെന്ന് അലക്സിന് മനസ്സിലായി. ആ ഡിസംബർ മാസത്തിലെ മഞ്ഞുപെയ്യുന്ന രാത്രിയിലും അലക്സിൻറെ നെറ്റിയിലും മുഖത്തുമെല്ലാം വിയർപ്പുതുള്ളികൾ പൊടിഞ്ഞു. പ്രേതവിഷയങ്ങളിൽ പുസ്തകങ്ങൾ വായിച്ച് താൻ സ്വരുക്കൂട്ടിയ ധൈര്യം മുഴുവനും ഒറ്റ നിമിഷംകൊണ്ട് ചോർന്നുപോയെന്ന് അവന് മനസ്സിലായി. ആരോ തൻറെ നേർക്ക് ദൂരത്ത് നിന്നും ഓടിവരുന്നതായി അലക്സിന് തോന്നി. അതെ, ഒരു യുവാവ്. അവൻ തന്നിലേക്ക് വന്നടുക്കുകയാണ്. ഒരു ഞെട്ടലോടെ അലക്സ് വീടിൻറെ ദിശയിലേക്ക് തിരിച്ചോടി. ഉറക്കെ ശബ്ദമുണ്ടാക്കി നിലവിളിയ്ക്കാൻ പോലും അവന് കഴിഞ്ഞില്ല. പുറകേ ആ രൂപവും!

ഇരുട്ടിൽ ഏതോ മരത്തിൻറെ വേരിൽ തട്ടി അലക്സ് മറിഞ്ഞുവീണു. എന്നിട്ടും അവൻ ഒരുവിധത്തിൽ എഴുന്നേറ്റ് ഓടി വീടിനകത്ത് കയറിപ്പറ്റി. വീടിനകത്ത് വന്നപ്പോൾ അകത്ത് നിൽക്കുന്ന ആളെ കണ്ട് അലക്സ് ഞെട്ടിത്തരിച്ചു.

'ബിനോയ്?' കിതപ്പോടെ അവൻ വിളിച്ചു.

അലക്സിനെ കണ്ടമാത്രയിൽ ബിനോയ് ഉറക്കെ ചിരിക്കാൻ തുടങ്ങി.

'ഹ... ഹ... ഹ... ഇയാളാണോ പ്രേതങ്ങളെക്കുറിച്ച് പ്രൊജക്റ്റ് ചെയ്യാൻ നടക്കുന്നത്. കഷ്ടം തന്നെ.'

'ബിനോയ് നീയെന്താ ഇവിടെ ഈ സമയത്ത്.?' അലക്സ് അപ്പോഴും വിറക്കുന്നുണ്ടെന്ന് ബിനോയിക്ക് മനസ്സിലായി.

'അലക്സിനെ ഇവിടെ ഒറ്റയ്ക്ക് വിടാൻ മനസ്സ് വന്നില്ല. ബൈക്കും എടുത്ത് ഇങ്ങോട്ടുപോന്നു. ഇവിടെ വാതിൽക്കൽ വന്നപ്പോഴാണ് മുകളിലത്തെ നിലയിലെ ജനലിലൂടെ അലക്സ് നടക്കുന്നതായി തോന്നിയത്. അപ്പോഴോർത്തു വലിയ ജാഡ കാണിച്ച് ഫോൺ കട്ട് ചെയ്തയാളെ ഒന്ന് പരീക്ഷിക്കാമെന്ന്. തൊപ്പിയുള്ള ജാക്കറ്റ് ഉണ്ടായിരുന്നു. അത് വച്ച് ചുമ്മാ പറ്റിക്കാൻ നോക്കിയതാ. പക്ഷെ അലക്സ് ഇത്രയും പേടിക്കുമെന്ന് ഞാൻ വിചാരിച്ചില്ല. ഞാൻ നടന്നപ്പോൾ അലക്സും പിന്നാലെ വന്നു. അലക്സ് പിന്നിൽ ഉള്ള ധൈര്യത്തിലാണ് ഞാൻ മുന്നിൽ നടന്നത്. പക്ഷേ അവിടെയെത്തിയപ്പോഴേക്കും ആരോ ഉറക്കെ കരഞ്ഞതുപോലെ എനിക്ക് തോന്നി. കൂട്ടത്തിൽ പട്ടിയുടെ ഓരിയിടലും കൂടിയായപ്പോൾ ഞാൻ ശരിക്കും പേടിച്ച് അലക്സിൻറെ അടുത്തേക്ക് ഓടിവന്നതാണ്. പക്ഷേ നീ എനിക്ക് മുമ്പേയോടി. ഇടക്ക് നീ അവിടെ വീണ് സമയം കൊണ്ട് ഞാൻ വീടിൻറെ അകത്തുമെത്തി.'

'എന്ത്, അപ്പോൾ അവിടെവച്ച് ഉച്ചത്തിൽ കരഞ്ഞത് നീയല്ലേ?'

'അല്ല, എൻറെ ശബ്ദം കേട്ടാൽ അലക്സിന് അറിയാമല്ലോ. അതുമല്ല എനിക്ക് അവിടെ ഒളിച്ചുനിന്നപ്പോൾ ആരോ എൻറെ കഴുത്തിൽ സ്പർശിച്ചത് പോലെ ഫീൽ

ചെയ്യൂ.'

'ബിനോയീ, നീ ഫോണിൽ പറഞ്ഞതൊക്കെ സത്യമാണെങ്കിൽ ഇവിടെ എന്തൊക്കയോ ഉണ്ട്. നമ്മൾ കരുതിയിരിക്കണം. നീ വാ. തൽക്കാലം നമുക്ക് ഒരു കാര്യം ചെയ്യാം'

അവർ രണ്ടുപേരും മുകളിലത്തെ നിലയിൽ മുറിയിലേക്ക് കയറി വാതിലടച്ചു. അലക്സ് ബാഗിൽ നിന്നും ഒരു വലിയ കുരിശെടുത്ത് മേശയുടെ പുറത്ത് വച്ചു. എന്നിട്ട് ഒരു കൊന്തയെടുത്ത് ബിനോയിയുടെ കഴുത്തിലിട്ടുകൊടുത്തു.

'ഇനി പേടിക്കാനില്ല. തൽക്കാലം നമുക്ക് കിടക്കാം, വരൂ.'

താമസിയാതെ ആ പഴയ രണ്ടുനില കെട്ടിടത്തിനുള്ളിലെ പ്രകാശസ്രോതസ്സുകളെല്ലാം അണഞ്ഞു. ബിനോയ് ഉറങ്ങിയെങ്കിലും അലക്സ് ഉറങ്ങിയിരുന്നില്ല. അവൻ കുറച്ചുസമയം മുമ്പുണ്ടായ സംഭവങ്ങൾ ആലോചിച്ചുകൊണ്ടിരുന്നു. ഒരുപാട് സമയത്തിന് ശേഷം ഒന്ന് മയങ്ങി വന്നപ്പോഴാണ് പുറത്ത് ആരൊക്കെയോ അടക്കിപ്പിടിച്ച് സംസാരിക്കുന്നതും ചിരിക്കുന്നതുമൊക്കെയായി അവന് തോന്നിയത്. അലക്സ് കുറച്ചുസമയം കിടക്കയിൽ എഴുന്നേറ്റിരുന്നു. ബിനോയ് നല്ല ഉറക്കത്തിലാണ്. അനക്കം ഉണ്ടാക്കാതെ അവൻ മേശയുടെ അടുത്തേക്ക് നടന്നു. അവിടെയിരുന്ന കുരിശെടുത്ത് അവൻ കൈയ്യിൽ പിടിച്ചു. എന്നിട്ട് വാതിലിനടുത്തേക്ക് ശബ്ദമുണ്ടാക്കാതെ നീങ്ങി. വാതിലിൽ ചെവിവെച്ച് അപ്പുറത്തുനിന്നും കേൾക്കുന്ന ശബ്ദങ്ങൾ സൂക്ഷ്മതയോടെ ശ്രദ്ധിച്ചു.

'എടാ, നീയൊക്കെ ചതിച്ചില്ലേ?'

'ഞങ്ങളല്ല, നീയാണ്, നീയാണ് ചതിച്ചത്.'

'ഞങ്ങളല്ല, നീ നിന്നെത്തന്നെയാണ് ചതിച്ചത്.'

'ഞങ്ങളെ നീ ആർക്കുമാർക്കും വേണ്ടാതാക്കിയില്ലേ...'

അലക്സിന് ഒന്നും തന്നെ മനസ്സിലായില്ല ഒരുപാട് പേർ സംസാരിക്കുന്നു. എല്ലാം യുവാക്കളുടെ അടക്കിപ്പിടിച്ച ശബ്ദങ്ങളാണ്. പൊടുന്നനെ സംസാരങ്ങൾ നിലച്ചു. എങ്ങും നിശബ്ദത നിറഞ്ഞു. തൊട്ടടുത്ത നിമിഷത്തിൽ കതകിൽ ശക്തമായി എന്തോ വന്നടിച്ചു. അതോടൊപ്പം അലക്സ് പിന്നിലേക്ക് തെറിച്ചുവീണു. അവൻറെ കൈയ്യിൽ നിന്നും കുരിശ് തെറിച്ചുപോയി.

'ബിനോയീ, ബിനോയീ...'

പേടിച്ചരണ്ട വിളികേട്ട് ബിനോയ് ചാടിയെഴുന്നേറ്റു.

'എന്താ അലക്സ്? എന്തുണ്ടായി?'

'ബിനോയീ, അവിടെ ആരോ എന്തൊക്കയോ സംസാരിച്ചു. ഞാൻ ചെന്നപ്പോൾ വാതിലിൽ ആഞ്ഞടിച്ചു ഞാൻ തെറിച്ചുവീണു.'

'ഞാൻ പറഞ്ഞതല്ലേ അലക്സേ ഇത് താമസിക്കാൻ പറ്റിയ വീടല്ലെന്ന്. ഇതൊരു പ്രേതക്കോട്ടയാണ്.'

അത് പറഞ്ഞ് തീർന്നതും വാതിലിൽ വീണ്ടും എന്തോ ആഞ്ഞടിച്ചു. ബിനോയ് താഴെക്കിടന്ന കുരിശെടുത്ത് കൈയിൽ പിടിച്ചു. വാതിലിൽ വീണ്ടും വീണ്ടും അടികൾ

വീണുകൊണ്ടിരുന്നു. പോരാത്തതിന് പുറത്ത് നിന്നും തുടരെത്തുടരെയുള്ള ദീർഘനിശ്വാസങ്ങൾ ഉയർന്നുകേട്ടു. അവർ തമ്മിൽ തമ്മിൽ നോക്കി. കുരിശ് ഉണ്ടായിരുന്നിട്ടും ബിനോയിയുടെ കൈകൾ വിറക്കുന്നുണ്ടായിരുന്നു.

'അലക്സേ, എനിക്ക് പേടിയായിട്ടുവയ്യ. ഞാൻ പറഞ്ഞതല്ലേ ഇവിടം ശരിയല്ലെന്ന്.'

അലക്സ് അതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. അലക്സിന് പെട്ടെന്നുവന്ന ഭാവമാറ്റം കണ്ടപ്പോൾ ബിനോയ് അവൻറെ ചുമലിൽ വച്ചിരുന്ന കയ്യെടുത്തു.

'അലക്സേ!' ബിനോയ് മെല്ലെ വിളിച്ചു.

അലക്സിൻറെ കണ്ണുകൾ അടഞ്ഞിരുന്നു. അവൻ പല്ലുകൾ കടിച്ചുഞെരിക്കുന്നുണ്ടായിരുന്നു. ബിനോയ് ഇതൊക്കെ കണ്ട് മുറിയുടെ മൂലയിലേക്ക് നിരങ്ങി നീങ്ങി. എന്തോ അനർത്ഥം സംഭവിക്കാൻ പോകുന്നുവെന്ന് അവന് മനസ്സിലായി. ഭയത്താൽ അവൻറെ ശ്വാസോച്ഛ്വാസം ദ്രുതഗതിയിലായി. പെട്ടെന്ന് അലക്സ് കണ്ണുകൾ തുറന്നു. ബിനോയ് നടുങ്ങിപ്പോയി. അലക്സിൻറെ കണ്ണുകൾ ചുവന്ന തീക്കട്ടയായി അവന് തോന്നി. അപ്പോഴും പുറത്തുനിന്നും സീൽക്കാരങ്ങളും വാതിലിലെ അടി ശബ്ദവും ഉയർന്നുകേട്ടുകൊണ്ടിരുന്നു. അലക്സ് ഇരുന്നിടത്തുനിന്നും എണീറ്റ് ബിനോയുടെ അടുത്തേക്ക് അതിവേഗം നടന്നടുത്തു.

ബിനോയ് കുരിശിൽ മുറുകെപ്പിടിച്ചു.

'കർത്താവേ എന്നെ കാത്തോണേ.'

അവൻ കണ്ണുകൾ ഇറുക്കിയടച്ചു.



## മൂന്ന്

നടന്നടുത്ത അലക്സ് ബിനോയിയെ ഒന്ന് നോക്കിയശേഷം അവൻറെ കൈയിൽ ഇരുന്ന കുരിശ് പിടിച്ചുവാങ്ങി. എന്നിട്ട് കതകിന് നേരേ നടന്നു. അപ്പോഴാണ് ബിനോയ് ഇറുക്കിയടച്ചിരുന്ന കണ്ണുകൾ തുറന്നത്. അലക്സ് എന്തോ തീരുമാനിച്ചിട്ടുള്ള പുറപ്പാടാണതെന്ന് അവന് മനസ്സിലായി.

'അലക്സേ, വേണ്ട.' അവൻ ഉറക്കെ പറഞ്ഞു.

അലക്സ് അതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. അവൻ കതകിനുനേരെ നടന്നടുത്തുകൊണ്ടിരുന്നു.

'അലക്സേ നിന്നോടാ പറഞ്ഞത് വേണ്ടാന്ന്.'

വാതിലിന് സമീപം എത്തിയ അലക്സ് ബൾബുകളുടെ സ്വിച്ചുകൾ ഒരുമിച്ചിട്ടു. പെട്ടെന്ന് പുറത്തുനിന്നും കേട്ടുകൊണ്ടിരുന്ന സീൽക്കാരങ്ങളും ഇടിശബ്ദവും ഒരുപോലെ നിലച്ചു. അവർ തമ്മിൽ തമ്മിൽ നോക്കി.

'ബിനോയീ എഴുന്നേറ്റ് വാടാ.'

'മ്ഉം' ഞാനില്ല എന്ന രീതിയിൽ അവൻ തലയാട്ടി.

അലക്സ് ബിനോയിയെ രൂക്ഷമായി ഒന്ന് നോക്കിയപ്പോൾ അവൻ പതിയെ എഴുന്നേറ്റുചെന്നു.

'അലക്സേ നമുക്ക് എങ്ങനെയെങ്കിലും ഇവിടുന്നൊന്ന് രക്ഷപെടാം.'

'നീ മിണ്ടാതിരിക്കുന്നുണ്ടോ. നമ്മുടെ കയ്യിൽ ഇപ്പോൾ ഉള്ള ഈ കുരിശ്. അതാണ് നമ്മുടെ രക്ഷ. ഇത് കയ്യിലുള്ളപ്പോൾ നമ്മൾ എന്തിന് പേടിക്കണം.?'

അത് കേട്ടപ്പോൾ ബിനോയിയുടെ മുഖത്ത് ആത്മവിശ്വാസം നിറഞ്ഞു. അലക്സ് മെല്ലെ വാതിൽ തുറന്നു. അവൻ കുരിശ് മുന്നിലേക്ക് പിടിച്ചിട്ടുണ്ടായിരുന്നു. പെട്ടെന്ന് ആ പഴകിയ ഇരുനിലക്കെട്ടിടത്തിലെ പ്രകാശസ്രോതസ്സുകളെല്ലാം ഒരുമിച്ചണഞ്ഞു. ബിനോയ് അലക്സിൻറെ തോളിലും കൈയ്യിലും മുറുകെപ്പിടിച്ചു. എന്നിട്ടും അവർ മെല്ലെ മുന്നോട്ടുനടന്നു.

'അലക്സേ ഇപ്പോൾ നമ്മൾ എങ്ങോട്ടാണ് പോകുന്നത്. പുറത്തേക്കുള്ള വഴി വലത് വശത്തല്ലേ?'

'ബിനോയീ. ഞാൻ പറയുന്നത് നീ ശ്രദ്ധിച്ചുകേൾക്കണം. നമ്മൾ ഇപ്പോൾ പോകുന്നത് ഈ കെട്ടിടത്തിലെ ആരും കടന്നുചെല്ലാത്ത ഒരു ഭാഗത്തേക്കാണ്. ബ്രോക്കർ എന്നോട് ഇവിടെ നടന്ന കാര്യങ്ങളൊന്നും പറഞ്ഞില്ലെങ്കിലും ഒരു മുറി തുറക്കരുതെന്ന് കർശനമായി പറഞ്ഞിരുന്നു. നീ പറഞ്ഞതുമൊക്കെ കൂട്ടിവായിക്കുമ്പോൾ മിക്കവാറും ആ മുറിയിൽ തന്നെയായിരിക്കണം ആ പയ്യൻ ആത്മഹത്യ ചെയ്തത്. അവിടേക്കാണ് നമ്മളിപ്പോൾ പോകുന്നത്.'

അത് കേട്ടതും ബിനോയ് അടിമുടി വിറയ്ക്കുവാൻ തുടങ്ങി.

'നീ പേടിക്കണ്ട. ദാ ഇവിടെയെവിടയോ ഒരു മെഴുകുതിരി സ്റ്റാൻഡ് ഉണ്ടായിരുന്നു.'

അലക്സ് പോക്കറ്റിൽ നിന്നും ലൈറ്റർ എടുത്ത് കത്തിച്ചു. അവരുടെയടുത്തുതന്നെ ഭിത്തിയോട് ചേർന്നുകിടന്നിരുന്ന ഒരു വലിയ തടി മേശയിൽ മെഴുകുതിരി സ്റ്റാൻഡ് ഉണ്ടായിരുന്നു. അലക്സ് മെഴുകുതിരി കത്തിച്ച് ബിനോയിയുടെ കൈയ്യിൽക്കൊടുത്തു.

'ഇനി പേടിക്കണ്ട, വാ നടക്ക്. നമുക്ക് ഈ കുരിശെടുത്ത് ആ മുറിയിൽ കൊണ്ടുപോയി വയ്ക്കാം. പിന്നെ ശല്യമുണ്ടാവില്ല. ആ മുറിയിൽ തന്നെയായിരിക്കണം എല്ലാത്തിൻറെയും തുടക്കവും ഒടുക്കവും.'

അവർ രണ്ടുപേരും മുന്നോട്ടുതന്നെ പോകുവാൻ തീരുമാനിച്ചു. ഓരോ ചുവട് മുന്നോട്ടു വയ്ക്കുമ്പോഴും ഇരുവരുടെയും നെഞ്ചിൽ പെരുമ്പറ മുഴങ്ങി. ചുറ്റും നിശബ്ദമായിരുന്നു. പുറത്തുനിന്നും കേട്ടുകൊണ്ടിരുന്ന ചീവീടുകളുടെ ശബ്ദം പോലും നിലച്ചിരുന്നു. എന്തോ ഒന്ന് സംഭവിക്കാൻ പോകുന്നുവെന്ന് അവർക്ക് രണ്ടുപേർക്കും മനസ്സിലായി. എങ്കിലും

അവർ പതറാതെ മുന്നോട്ടുതന്നെ പോയി. ഇടനാഴി കഴിഞ്ഞ് ഇടത്തോട്ടുതിരിഞ്ഞ് ആ അടഞ്ഞ മുറിയുടെ മുന്നിലേക്കെത്തിയതും ബിനോയ് അവിടെത്തന്നെ നിന്നു.

'അലക്സേ, ഒന്ന് നിന്നേ.'

അതും പറഞ്ഞ് ബിനോയ് കയ്യിലിരുന്ന മെഴുകുതിരി താഴേക്ക് പിടിച്ച് സൂക്ഷിച്ച് നോക്കി. ഇവിടെ കണ്ട കാഴ്ച ഇരുവരെയും ഞെട്ടിച്ചു. ആ മുറിയിൽ നിന്നും പുറത്തേക്ക് രക്തം പരന്നൊഴുകി വരുന്നു. എന്ത് ചെയ്യണമെന്നറിയാതെ ഇരുവരും പകച്ചുനിന്ന നിമിഷമായിരുന്നു അത്. ആ ഞെട്ടൽ അവസാനിക്കും മുമ്പേ മുറിയുടെ ഉള്ളിൽനിന്നും എന്തോ ഞരക്കങ്ങൾ കേൾക്കുവാൻ തുടങ്ങി.

ആരോ നടക്കുന്നതുപോലെയുള്ള ശബ്ദം അടുത്തടുത്ത് വരുന്നു! പെട്ടെന്ന് ബിനോയ് അല്ക്സിനെ വലിച്ചുകൊണ്ടോടി. ഇടയ്ക്ക് ഉടനാഴിയിലെ ഭിത്തിയിൽ തട്ടി മെഴുകുതിരി അണഞ്ഞു. എങ്കിലും ഒരുവിധത്തിൽ ഓടി അവർ മുറിയിലെത്തി. വാതിൽ കുറ്റിയിട്ടിട്ട് ഇരുവരും നിലത്തു കുത്തിയിരുന്ന് കിതച്ചു. അൽപസമയം കഴിഞ്ഞപ്പോൾ അലക്സ് ബിനോയിയുടെ അടുത്തേക്ക് വന്നിട്ട് അവൻറെ കൈകളിൽ പിടിച്ചു.

'നീ നിൻറെ സ്വന്തം ജീവൻ പണയംവച്ചുകൊണ്ട് എനിക്ക് ഈ പാതിരാത്രിയിൽ തുണയായി എത്തി. ഞാൻ ഒറ്റക്കായിരുന്നെങ്കിൽ ഇപ്പോൾ എൻറെ ഗതി എന്താകുമായിരുന്നു. പക്ഷേ നമ്മൾ രണ്ടുപേരും മാത്രം വിചാരിച്ചതുകൊണ്ട് ഇവിടെ ഒന്നും നടക്കില്ല. അതുമല്ല ഈ പ്രൊജക്റ്റ് തുടങ്ങും മുമ്പേ എൻറെ അവസ്ഥ ഇതാണെങ്കിൽ ഞാനെങ്ങനെ അത് പൂർത്തിയാക്കാനാണ്. അതുകൊണ്ട് ഞാൻ എൻറെ ഈ പ്രൊജക്റ്റ് വേണ്ടെന്ന് വയ്ക്കുകയാണ്. തിരിച്ച് കാനഡയിലേക്ക് ചെല്ലുമ്പോൾ കുറച്ച് നാണക്കേട് ഉണ്ടാകുമെന്നേയുള്ളൂ. അത് ഞാൻ സഹിച്ചോളാം.'

ഇത് പറയുമ്പോൾ അലക്സിൻറെ കണ്ണുകൾ നിറയുന്നത് ബിനോയ് ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

'അങ്ങനെ അലക്സിനെ വെറും കയ്യോടെ വിടാൻ ഞാൻ ഉദ്ദേശിക്കുന്നില്ലെങ്കിലോ.'

'ബിനോയീ, നിനക്ക് ഈ കിട്ടിയതൊന്നും പോരേ?'


അപ്പോൾ അവരെ വീണ്ടും ഞെട്ടിച്ചുകൊണ്ട് ആ കെട്ടിടത്തിൽ നിന്നെവിടയോ ഒരു ക്ലോക്ക് നാലുമണിയായെന്ന് വിളിച്ചറിയിച്ചു.

'കണ്ടോ. നമ്മൾ ഇവിടെ ഒരു രാത്രി ജീവിച്ചു. അതിൻറെ അർത്ഥം നമ്മൾ വിചാരിച്ചാൽ അലക്സിൻറെ പ്രൊജക്റ്റ് ഇവിടെനിന്നുതന്നെ തുടങ്ങാം എന്നാണ്. പക്ഷേ അതിന് നമ്മൾ മാത്രം പോര. നാളെ മുതൽ ഈ വിഷയങ്ങളിൽ താൽപര്യമുള്ള എൻറെ കുറച്ച് കൂട്ടുകാരും ഇവിടേക്ക് വരും. ഒരു ദിവസത്തേക്കോ രണ്ട് ദിവസത്തേക്കോ അല്ല. അലക്സിൻറെ പ്രോജക്റ്റ് കഴിയുന്നതുവരെ. തേരാപ്പാര നടക്കുന്ന അവന്മാർക്ക് ത്രില്ലിംഗ് ആയ ഈ സംഗതി പറയുമ്പോൾ എന്ത് സന്തോഷമായിരിക്കുമെന്നോ.'

ഇതും പറഞ്ഞ് ബിനോയ് ചിരിച്ചു. ബിനോയിയുടെ ആത്മവിശ്വാസം കണ്ടപ്പോൾ അലക്സ് അവനെ കെട്ടിപ്പിടിച്ചു.

‘നിന്നെ പരിചയപ്പെടാൻ ഇത്രയും താമസിച്ചുപോയല്ലോടാ.’

ഇത് പറഞ്ഞപ്പോൾ അലക്സിൻറെ കണ്ണുനിറഞ്ഞു. പക്ഷേ വരാൻ പോകുന്ന ദുരന്തങ്ങളെപ്പറ്റി അപ്പോൾ അവർ ചിന്തിക്കുന്നുണ്ടായിരുന്നില്ല. പ്രഭാതമായെന്നറിയിച്ചുകൊണ്ട് പുറത്തുനിന്നും പക്ഷികൾ ചിലക്കുന്നുണ്ടായിരുന്നു.



# നാല്

അലക്സും ബിനോയിയും എഴുന്നേറ്റപ്പോൾ സമയം രാവിലെ പതിനൊന്ന് മണി കഴിഞ്ഞു. അലക്സ് കുളിയൊക്കെ കഴിഞ്ഞ് ബാൽക്കണിയിൽ ഇരുന്ന് കാറ്റുകൊള്ളുകയായിരുന്നു. ബിനോയി രണ്ട് കപ്പുകളിലായി ചായ കൊണ്ടുവന്നു.

'ഓഹോ, അപ്പോ നിനക്ക് ചായ ഒക്കെ ഇടാൻ അറിയാം?'

'പിന്നേ, ഇതൊക്കെ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളല്ലേ. അല്ലേലും എനിക്ക് കുക്കിങ്ങൊക്കെ വല്യ ഇഷ്ടമാണ്. അടുക്കളയിൽ ഒരുപാട് സാധനങ്ങളൊക്കെ വാങ്ങിവച്ചിട്ടുണ്ടല്ലോ. അലക്സിന് പാചകം നന്നായി അറിയാമായിരിക്കുമല്ലേ?'

'ജോലി ചാനലിൽ ആയതുകൊണ്ട് നാടുതെണ്ടി നടക്കാറുണ്ട്. അതുകൊണ്ട് കുറച്ചൊക്കെ പഠിച്ചെന്നേയുള്ളൂ.'

മ്, പിന്നെ ഞാൻ എൻറെ ടീമിനോട് കാര്യങ്ങൾ സംസാരിച്ചു. അവന്മാരൊക്കെ അപ്പോൾ തന്നെ ഡ്രസ്സ് പായ്ക്ക് ചെയ്ത് ഇറങ്ങാൻ തുടങ്ങി. വൈകുന്നേരത്തിന് മുമ്പേ സാക്ഷാൽ ചെകുത്താന്മാർ ഇങ്ങെത്തും.'

'ഇത്ര പെട്ടെന്നോ?'

'അതിനെന്താ, എൻറെ ഈ കൂട്ടുകാരെല്ലാം അങ്ങനെയുള്ളവരാണ്. ഞാൻ ഇന്നലെ പറഞ്ഞില്ലേ അലക്സിനോട്. അലക്സിൻറെ പ്രൊജക്റ്റ് തീരും വരെ ഞങ്ങൾ എല്ലാവരും അലക്സിൻറെയൊപ്പം തന്നെ കാണും.'

'താങ്ക്സ്, ബിനോയീ,'

'ഹ... ഹ... ഹ... താങ്ക്സ് ഒന്നും വേണ്ട. പിന്നെ ഞാൻ അവന്മാരോട് അലക്സിനെപ്പറ്റി കുറച്ച് പൊക്കിയാ പറഞ്ഞേക്കുന്നേ വല്യ ധൈര്യശാലിയാണ്, പ്രേതങ്ങളെ പച്ചയ്ക്ക് തിന്നുന്നവനാണ് എന്നൊക്കെ. ആ സ്റ്റാൻറിൽ തന്നെ ഉറച്ച് നിന്നേക്കണം, നാറ്റിക്കരുത്.'

'അത് പിന്നെ, ഇന്നലെ ആദ്യമായതുകൊണ്ടാ കുറച്ച് പേടിച്ചത്. നിങ്ങൾ എനിക്കുവേണ്ടി ഇത്രയും ചെയ്യുമ്പോൾ ഞാനിനി എന്തിന് പേടിക്കണം. പിന്നെ നീ വീട്ടിലേക്ക് പോകുന്നില്ലേ, ഇന്നലെ രാത്രി പോന്നതല്ലേ?'

‘ഓ, അപ്പനെ രാവിലെ തന്നെ വിളിച്ചുപറഞ്ഞു, ഒരു പ്രൊജക്റ്റ് ചെയ്യാൻ കുറച്ചുദിവസം വീട്ടിൽ നിന്ന് മാറിനിക്കേണ്ടി വരുമെന്ന്. എൻറെ ശൈര്യക്കേട് കുറച്ചുദിവസം ഇല്ലാത്തതിൻറെ സന്തോഷം അപ്പൻ ഫോണിലൂടെ ചിരിച്ചപ്പോൾ തന്നെ എനിക്ക് മനസ്സിലായി.’

അത് പറഞ്ഞിട്ട് ബിനോയ് പുറത്തേക്ക് നോക്കി അൽപ്പസമയം മിണ്ടാതെയിരുന്നു.

‘അതെന്താ ബിനോയീ, നിന്നെ നിൻറെ അപ്പന് ഇത്ര അലർജി. ജോലി ഇല്ലാത്തതുകൊണ്ടാണോ?’

‘ഹേയ് അല്ലല്ല, എൻറെ അമ്മച്ചി മരിച്ചതിന് ശേഷം അപ്പൻ രണ്ടാമത് കെട്ടി. അതിൽ ഒരു പെങ്ങളും ഒരു അനിയനുമുണ്ടെനിക്ക്. ചെറിയമ്മക്ക് എൻറെ കുറ്റങ്ങൾ കണ്ടെത്താനേ സമയമുള്ളൂ. ആ രോഗം അപ്പനും പകർന്നിട്ടുണ്ട്.’

അലക്സിന് ബിനോയിയോട് വല്ലാതെ സിമ്പതി തോന്നി. അവർ ബാൽക്കണിയിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പുറത്തുകൂടി ഒരാൾ ഇരുവരെയും സൂക്ഷിച്ചുനോക്കിക്കൊണ്ട് നടന്നുപോയി.

‘അതാരാ അലക്സേ, നമ്മളെ തന്നെയാണല്ലോ നോക്കുന്നത്!’

അവർ സംശയത്തിൽ അയാളെ നോക്കി.

‘ഇവിടെ അടുത്തകാലത്തൊന്നും ആരും മനുഷ്യരെ കണ്ടുകാണില്ലല്ലോ. അതാകും അയാളുടെ നോട്ടത്തിന് ഇത്ര ഗൗരവം.’

ബിനോയ് അയാളെ കൈവീശിക്കാണിച്ചു എന്നിട്ട് അയാളെ നോക്കിയൊന്നു കണ്ണിറുക്കി. അയാൾ അവരെ ഒന്ന് നോക്കിയ ശേഷം അതിവേഗം നടന്നുപോയി. ബിനോയിയും അലക്സും തമ്മിൽ നോക്കിച്ചിരിച്ചു. ഏകദേശം ഒരു മണി കഴിഞ്ഞപ്പോൾ ബിനോയ് അവൻറെ സാധനങ്ങളൊക്കെ എടുത്തുകൊണ്ടുവരാനായി വീട്ടിലേക്ക് പോയി. സമയം കടന്നുപോയിക്കൊണ്ടിരുന്നു. ഉച്ചയ്ക്ക് ശേഷം അലക്സ് കുറച്ചുസമയം കിടന്നുറങ്ങി. പെട്ടെന്ന് അവനെ ഞെട്ടിച്ചുകൊണ്ട് കോളിംഗ് ബെൽ മുഴങ്ങി. അവൻ കിടക്കയിൽ എഴുന്നേറ്റിരുന്നു.

‘ഓ, അവർ എത്തിക്കാണും.’

അലക്സ് പെട്ടെന്ന് ചെന്ന് വാതിൽ തുറന്നു.

പുറത്ത് ബിനോയിയുടെ പ്രായത്തിലുള്ള നാല് ചെറുപ്പക്കാർ കുറേ ബാഗുകളൊക്കെയായി നിൽക്കുന്നു. അവരുടെ മുന്നിൽ നേതാവിനെ പോലെ ബിനോയിയും. എല്ലാവരെയും കൂടി കണ്ടപ്പോൾ അലക്സിന് എന്ത് പറയണമെന്നുപോലും തോന്നിയില്ല. അവർ ഓരോരുത്തരായി വന്ന് അലക്സിന് കൈകൊടുത്തു.

‘ഹലോ, ഐ ആം ആദർശ്.’

‘ഞാൻ... സണ്ണി’

‘വിവേക്’

‘ഞാൻ, രാഹുൽ’

അവർ ഓരോരുത്തരും അവരവരുടെ പേരുകൾ പറഞ്ഞപ്പോൾ ബിനോയ് ചുറ്റും നോക്കുകയായിരുന്നു.

'ഇനീം ഒരുത്തനെ കൂടി കാണാനുണ്ടല്ലോ. അമീർ അവനിതെവിടെപ്പോയി?'

ബിനോയ് അവർ വന്ന വണ്ടിയുടെ അടുത്തേക്ക് നടന്നു. അതൊരു ചുവന്ന അടിപൊളി ജീപ്പ് ആയിരുന്നു. ഇനി എക്സ്ട്രാ ഫിറ്റ് ചെയ്യാൻ അതിൽ ഒന്നുമില്ല.

'അവൻറെ സാധനങ്ങളൊക്കെയിവിടെയുണ്ട്. ഇവനിതെവിടെപ്പോയി.'

'ദേ അങ്ങോട്ട് നോക്ക്,'

സണ്ണി ചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് എല്ലാവരും നോക്കി. ആ കെട്ടിടത്തിൻറെ തെക്ക് ഭാഗത്തായുള്ള കനത്ത ചുറ്റുമതിൽ കെട്ടോട്ടു കൂടിയ ഒരു വലിയ കിണറിൻറെ വക്കത്തുകയറിയിരുന്ന് ഫോണിൽ സല്ലപിക്കുകയാണവൻ.

'സാറേ, ഒന്നിങ്ങു വരാമോ?'

ബിനോയ് വിളിച്ചു ചോദിച്ചു. ഒരു ചെറുചിരിയോടെ അമീർ അവിടേക്ക് നടന്നുവന്നു. കൂട്ടത്തിൽ കാണാൻ ഏറ്റവും സുന്ദരൻ അവനാണെന്ന് അലക്സിന് തോന്നി. അമീർ വന്നയുടനെ അലക്സിൻറെ അടുത്തേക്ക് ചെന്ന് കൈകൊടുത്തു

'ഹായ്, അമീർ'

അലക്സ് അവൻറെ പേര് വിളിച്ചു. അതേയെന്ന രീതിയിൽ അവൻ തലയാട്ടി.

'എല്ലാവരും പടിക്കൽ തന്നെ നിൽക്കാതെ അകത്തേക്ക് കയറി വാ.'

അവർ ഓരോരുത്തരും ആ പടിക്കെട്ടുകൾ കയറുമ്പോൾ അലക്സും ബിനോയിയും പരസ്പരം നോക്കുന്നുണ്ടായിരുന്നു. എല്ലാവരും ലഗേജുകൾ എടുത്തുകൊണ്ടുപോയി ബിനോയി കാണിച്ചുകൊടുത്ത മുറികളിൽ വച്ചു. അവർക്ക് ആളാം വീതം തങ്ങാനുള്ള മുറികൾ അവിടെയുണ്ടായിരുന്നു. എങ്കിലും അവർ അഞ്ചുപേരും ഒരു മുറിയിൽ തന്നെ തങ്ങാൻ തീരുമാനിച്ചു.

'ഹോ, നാശം. ഇവിടെ ഫോണിന് റേഞ്ച് ഇല്ലല്ലോ.'

അമീർ അത് പറഞ്ഞപ്പോൾ ബാക്കിയുള്ളവർ ചിരിക്കുവാൻ തുടങ്ങി.

'നന്നായി, ആ ഫോണിന് കുറച്ച് ദിവസം സ്വസ്ഥത കിട്ടും.'

രാഹുൽ പറഞ്ഞതിന് മറുപടിയൊന്നും പറയാതെ അമീർ മുറിക്കുപുറത്തേക്കിറങ്ങി. എന്നിട്ട് ഫോണും ഉയർത്തിപ്പിടിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി.

'ആരാ ബിനോയീ അവന് ഇത്രമാത്രം ഫോണിൽ വിളിച്ച് സംസാരിക്കാൻ.'

അമീറിൻറെ അസ്വസ്ഥത കണ്ട് അലക്സ് ചോദിച്ചു.

' വേറെയാര്, അവൻറെ ഗിഡി. അടുത്ത ബന്ധുവിൻറെ മോളാണ്. രണ്ടുകൊല്ലം മുമ്പ് ഏതോ കല്യാണത്തിന് പോയിട്ട് വന്നപ്പോൾ തുടങ്ങിയ സംസാരമാ. ഇതുവരെ തീർന്നിട്ടില്ല. മെഗാ സീരിയൽപോലെ അങ്ങനെ പോകുന്നു.'

'ഹഹഹഹ'

അലക്സ് ഉൾപ്പെടെ എല്ലാവരും ചിരിച്ചു.

' കിട്ടിയെടാ കിട്ടി. ഇവിടെ റേഞ്ചുണ്ട്.'

അമീറിൻറെ ഉച്ചത്തിലുള്ള സന്തോഷപ്രകടനം കേട്ട് അവർ മുറിയുടെ പുറത്തേക്കിറങ്ങി. അമീർ അലക്സും ബിനോയിയും കിടന്നിരുന്ന മുറിയിൽ നിന്നും ഇറങ്ങിവന്നു.

' ഇവിടെ അലക്സാണല്ലേ കിടക്കുന്നത്. എന്നെക്കൂടി അഡ്ജസ്റ്റ് ചെയ്യണം. ഞാൻ ഒരു ശല്യവുമില്ലാതെ ഏതേലും മൂലയ്ക്കിരുന്നോളാം?'

'എടാ അമീറേ, നമ്മൾ എന്തിനാടാ ഇങ്ങോട്ട് വന്നത്. നിനക്ക് ഫോൺ ചെയ്യാനാണോ അതോ.'

ബിനോയ് മുഴുമിപ്പിച്ചില്ല.

'സാരമില്ല ബിനോയീ, അവൻറെ ജീവിതപ്രശ്നമല്ലേ. അതൊക്കെ പോട്ടേ നിങ്ങൾ എല്ലാവരും താഴേക്ക് വരൂ നമുക്ക് എന്തെങ്കിലും കഴിക്കാം. എന്നിട്ട് വിശദമായി എല്ലാവരെയും ഒന്ന് പരിചയപ്പെടാം.' അലക്സ് പറഞ്ഞു.

അങ്ങനെ എല്ലാവരും തീൻ മേശയിൽ ഒത്തുകൂടി. എല്ലാവരെയും നാടും വീടും പഠനകാര്യങ്ങളും എല്ലാം വിശദമായി ചോദിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ അവരുടെ എല്ലാവരുടെയും താൽപ്പര്യങ്ങൾ ഏകദേശം ഒരുപോലെതന്നെയാണെന്നും, അവരൊക്കെ കോളേജിൽ ഒരുമിച്ച് പഠിച്ചപ്പോഴുള്ള പരിചയം മാത്രമാണെങ്കിലും മാനസികമായി ഒരുപാട് അടുപ്പം ഉള്ളവരാണെന്നും അലക്സിന് മനസ്സിലായി. ആദർശും സണ്ണിയും വിവേകും രാഹുലും ആലപ്പുഴക്കാർ തന്നെയാണ്. സാമാന്യം തെറ്റില്ലാത്ത കുടുംബത്തിലെ കുട്ടികൾ. അമീർ ഇടുക്കിക്കാരനാണ്. പക്ഷേ അവന് ആലപ്പുഴ തന്നെയാണ് ഇഷ്ടം. നാട്ടിൽ പോകുന്നത് വല്ലപ്പോഴും മാത്രം. കൂട്ടത്തിൽ സമ്പന്നനും അവൻ തന്നെയാണ്. സമയം കടന്നുപോയിക്കൊണ്ടിരുന്നു. സന്ധ്യ മയങ്ങി. എങ്ങും ഇരുട്ട് വ്യാപിച്ചു. ആ പരിസരത്ത് ആ ഇരുനിലക്കെട്ടിടം ഒറ്റപ്പെട്ടുനിന്നു.

അത്താഴം കഴിക്കുമ്പോൾ അലക്സ് കാര്യങ്ങളെല്ലാം അവരോട് സംസാരിച്ചു. അതുകൊണ്ട് എല്ലാവരും കരുതിയിരിക്കണമെന്നും പ്രത്യേകം ഓർമിപ്പിച്ചു. എല്ലാവരും മുറികളിലേക്ക് കിടക്കാനായി പോയി. അലക്സിനും ബിനോയിക്കും ഒപ്പമാണ് അമീറും കിടന്നത്. ബിനോയ് പറഞ്ഞുകൊണ്ടാവണം അവൻ ഫോൺ വിളിനിർത്തി മെസ്സേജ് അയക്കൽ തുടർന്നുകൊണ്ടിരുന്നു.

ആദർശും സണ്ണിയും വിവേകും രാഹുലും നേരത്തെ തന്നെ ഉറങ്ങിയിരുന്നു. എല്ലാവരും ഉറങ്ങിയിട്ടും അമീർ ഉറക്കമില്ലാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. കാരണം അവൻറെ മെസ്സേജ് ഓഫർ തീർന്നുപോയിരുന്നു. ഏറെ സമയമായിട്ടും അവൻറെ മറുപടി കാണാതെ വന്നപ്പോൾ പ്രിയതമ അവൻറെ ഫോണിലേക്ക് വിളിച്ചു. അമീർ എന്ത് ചെയ്യണമെന്നറിയാതെ കുഴങ്ങി.

അലക്സ് ആ കെട്ടിടത്തിലെ ഒറ്റക്കുള്ള സഞ്ചാരം വിലക്കിയിരുന്നിട്ടും തൻറെ കാമുകിയോട് സംസാരിക്കാതിരിക്കാൻ അവന് കഴിഞ്ഞില്ല. അവൻ ശബ്ദമുണ്ടാക്കാതെ കതക് തുറന്ന് മുറിക്ക് പുറത്തേക്കിറങ്ങി. അവിടെനിന്നും നോക്കിയാൽ കാണുന്നത് ബാൽക്കണിയായിരുന്നു അവൻ അവിടേക്ക് വേഗത്തിൽ

നടന്നു. അവിടെയെത്തിയപ്പോഴേക്കും എന്തോ വലിയ കാര്യം ചെയ്ത പ്രതീതിയായിരുന്നു അവന്.

‘ഹോ, ഭാഗ്യം റേഞ്ച് ഉണ്ട്.’

അവൻ ഫോൺ അറ്റൻഡ് ചെയ്ത് സംസാരിക്കാൻ തുടങ്ങി.

‘മുത്തേ, മെസ്സേജിൻറെ ഓഫർ കഴിഞ്ഞു. ഉണ്ടായിരുന്ന ബാലൻസും തീർന്നു. ഇനി നാളെയേ ചാർജ് ചെയ്യാൻ പറ്റൂ. മോള് പോയിക്കിടന്ന് ഉറങ്ങിക്കോ.’

ഫോൺ കട്ട് ചെയ്തശേഷം അമീർ ആകാശത്തേക്ക് നോക്കി. നല്ല നിലാവ്. ബാൽക്കണിയിലേക്ക് നേർത്ത കാറ്റുവീശുന്നുണ്ടായിരുന്നു. അപ്പോഴാണ് അമീർ അത് കണ്ടത്. തെക്ക് ഭാഗത്തെ കിണറിൻറെ ചുറ്റുമതിലിൽ ആരോ കയറി നിൽക്കുന്നു. അതൊരു തോന്നൽ മാത്രം അല്ലായെന്ന് അവൻ സൂക്ഷിച്ച് നോക്കിയപ്പോൾ മനസ്സിലായി. അതേ ആ കിണറിൻറെ കൈവരിയിൽ ആരോ നിൽക്കുന്നു! അവൻറെ ഉള്ള് കിടുകിടുത്തു. രോമകൂപങ്ങൾ എഴുന്നേറ്റു നിൽക്കുന്നത് അവനറിഞ്ഞു. അമീർ ചങ്കിടിപ്പോടെ ചുറ്റും നോക്കി. താൻ ഒറ്റക്കാണ്. അപ്പോഴാണ് അലക്സ് പറഞ്ഞത് ഓർത്തത്.

‘ആരും ഈ കെട്ടിടത്തിൽ അസമയത്ത് ഒറ്റയ്ക്ക് സഞ്ചരിക്കരുത്.’

നിന്നിടത്തുനിന്നും വീണ്ടും അവൻ ആ കിണറിൻ കരയിലേക്ക് നോക്കി. ആ നിമിഷം അവൻ ഞെട്ടിപ്പോയി. ആ രൂപം അവനെത്തന്നെ നോക്കുന്നു. അതൊരു യുവാവാണ്. അമീറിൻറെ നെഞ്ച് പടാപടാ ഇടിച്ചു. അവൻ മുറിയിലേക്കോടി. മുറിയിൽ കയറിയതും അവൻ ബിനോയിയേയും അലക്സിനെയും വിളിച്ചെഴുന്നേൽപ്പിച്ചു. ശബ്ദം കേട്ട് അടുത്തെ മുറിയിലുള്ളവരും എഴുന്നേറ്റു.

അമീർ വേഗം തന്നെ നടന്ന കാര്യങ്ങൾ അവരോട് പറഞ്ഞു. എല്ലാവരും കൂടി ബാൽക്കണിയിലേക്കോടി. അവിടെയെത്തിയപ്പോൾ അവർക്കവിടെ ആരെയും കാണാൻ കഴിഞ്ഞില്ല.

‘ശ്ശേ, ഒരു പ്രേതത്തെ നേരിട്ടുകാണാൻ കൊതിച്ച് ഓടിവന്നതാ. ഇവൻ ചുമ്മാ സിറ്റുവേഷൻ മനസ്സിലാക്കി ആളെ പറ്റിച്ചതാവും.’

ആദർശ് നിരാശനായി.

‘അല്ല ഞാൻ കണ്ടതാണ്. ഞാനെന്തിനാണ് ഈ പാതിരാത്രിക്ക് നിങ്ങളെ വിളിച്ചുണർത്തി പറ്റിക്കുന്നത്.’

അമീർ എല്ലാവരേയും നോക്കി.

പെട്ടെന്ന് സണ്ണി ബിനോയിയെ തോണ്ടി.

‘അല്ലടാ അല്ല, ദാണ്ടേ നോക്കിക്കേ.’

സണ്ണി അത് പറഞ്ഞപ്പോൾ എല്ലാവരും വീണ്ടും കിണറിനടുത്തേക്ക് നോക്കി. അമീർ പറഞ്ഞുപോലെ തന്നെ കിണറിൻറെ ചുറ്റുമതിലിൽ ഒരു യുവാവ് കയറി നിൽക്കുന്നു. ആ യുവാവ് അവരെയെല്ലാവരേയും അൽപസമയം തുറിച്ചുനോക്കി എന്നിട്ട് കിണറ്റിലേക്കെടുത്തുചാടി. കിണറിനുള്ളിൽ നിന്നും അലർച്ചയും വെള്ളമിളകുന്ന ശബ്ദവും പുറത്തേക്കുവന്നു.

‘അലക്സേ, അത് പ്രേതമല്ല. ഏതോ ചെറുപ്പക്കാരൻ ആത്മഹത്യാശ്രമം നടത്തുകയാ. വാ നമുക്ക് പോയി രക്ഷിക്കാം.’

രാഹുൽ പുറത്തേക്കോടാൻ തുടങ്ങിയപ്പോൾ അലക്സ് തടഞ്ഞു.

‘രാഹുൽ അതൊക്കെ അവരുടെ തന്ത്രങ്ങളാണ്.’

‘എന്ത് തന്ത്രങ്ങൾ?’

രാഹുൽ അലക്സിൻറെ മുഖത്തേക്ക് സംശയത്തോടെ നോക്കി.

‘അത്... നിങ്ങളൊക്കെ ആദ്യദിവസം തന്നെ പേടിക്കണ്ടെന്ന് കരുതി ഞാൻ ഈ വീടിൻറെ എല്ലാ ഭാഗങ്ങളിലും മരക്കുരിശുകൾ ഉണ്ടാക്കിവച്ചു. അകത്ത് പ്രവേശിക്കാൻ മാർഗ്ഗം കണ്ടെത്തുകയാണ് അവരുടെ ലക്ഷ്യം. അല്ലെങ്കിൽതന്നെ ഈ കോമ്പൗണ്ടിൽ വന്ന് ആത്മഹത്യ ചെയ്യാനും മാത്രം ഒരാളും ധൈര്യപ്പെടില്ല. അതുകൊണ്ടാണ് ഒറ്റയ്ക്ക് നടക്കരുതെന്നും കരുതിയിരിക്കണമെന്നുമൊക്കെ ഞാൻ പറഞ്ഞത്.’

അത് പറഞ്ഞപ്പോൾ അമീർ തലതാഴ്ത്തി.

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആ കെട്ടിടത്തിലെ ഏതോ മുറിയിൽനിന്നും ഉച്ചത്തിലുള്ള അലർച്ച കേട്ടു. അപ്പോൾ ഞെട്ടിയത് അലക്സായിരുന്നു. കാരണം മരക്കുരിശുകൾ വീടിൻറെ എല്ലാഭാഗങ്ങളിലും അവൻ സ്ഥാപിച്ചിരുന്നു. ഒരേ സമയം കിണറിനുള്ളിൽ നിന്നും വീടിനുള്ളിൽനിന്നും അലർച്ചകൾ മുഴങ്ങിക്കൊണ്ടിരുന്നു. പെട്ടെന്ന് നിലാവിനെ മറച്ചുകൊണ്ട് അവിടെയാകെ ഇരുട്ടുവ്യാപിച്ചു. എന്ത് ചെയ്യണമെന്നറിയാതെ അവർ ഏഴുപേരും അവിടെത്തന്നെ പകച്ചു നിന്നു!



## അഞ്ച്

അലക്സ് വേഗം ചെന്ന് ബാൽക്കണിയിലെ ലൈറ്റ് ഇട്ടു. ബൾബിൻറെ പ്രകാശം അവിടയാകെ പരന്നപ്പോൾ എല്ലാവർക്കും പകുതി ആശ്വാസമായി. അപ്പോഴും കിണറിനുള്ളിലേയും മുറിക്കുള്ളിലെയും അലർച്ചകൾ അവിടെയാകെ അലയടിക്കുന്നുണ്ടായിരുന്നു.

'എല്ലാവരും എൻറെ കൂടെ വരൂ,'

അലക്സ് ഇത് പറഞ്ഞിട്ട് മുന്നോട്ടുനടന്നു. അവരെല്ലാം അലക്സിനെ പിന്തുടർന്നു. അലക്സ് ചെന്നുനിന്നത് ആ അടഞ്ഞുകിടക്കുന്ന മുറിക്ക് മുന്നിലായിരുന്നു. മുറിക്കുള്ളിൽ നിന്നും അപ്പോൾ ശബ്ദങ്ങൾ ഒന്നുംതന്നെ കേൾക്കുന്നില്ലായിരുന്നു. എല്ലാവരും ചെവിയോർത്തു നിന്നു.

പെട്ടെന്ന് വീണ്ടും വീണ്ടും മുറിക്കുള്ളിൽ നിന്നും അലർച്ചയും അതിനോടൊപ്പം മറ്റാരുടെയോ പൊട്ടിച്ചിരിയും ഉയർന്നു. ബിനോയിയുടെ കൂട്ടത്തിൽ ഉണ്ടായിരുന്നവർക്കൊക്കെ ആദ്യമായുണ്ടാകുന്ന അനുഭവമായിരുന്നു അത്. അവർ പരസ്പരം കൈകളിലും തോളിലുമൊക്കെ പിടിച്ചിരുന്നു. അലക്സ് കഴുത്തിൽ കിടന്ന കൊന്തയൂരി മുറിയുടെ വാതിലിൻറെ മുകളിലത്തെ കട്ടിളയുടെ ഇടയിലൂടെ അകത്തേയ്ക്കിട്ടു. പെട്ടെന്ന് അകത്തുനിന്നും വീണ്ടും ഒരു അലർച്ച കേട്ടു.

"നിന്നെയൊന്നും വിടില്ലെടാ."

അകത്തുനിന്നും ആരോ ഉറച്ച ശബ്ദത്തിൽ പറഞ്ഞു. പെട്ടെന്ന് പുറത്തെയും അകത്തെയും അന്തരീക്ഷം ശാന്തമായി. അലക്സ് ഒരു ദീർഘനിശ്വാസം വിട്ടു. എല്ലാവരും അവരവരുടെ മുറികളിലേക്ക് പോയി. ഇരുളിൻറെ അന്ത്യമായെന്നറിയിച്ചുകൊണ്ട് പുലരിയുടെ ആദ്യകിരണങ്ങൾ ഭൂമിയിലേയ്ക്കെത്തിത്തുടങ്ങി.

രാവിലെ തന്നെ എല്ലാവരും എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ച് ഓരോരോ പണികൾ ചെയ്യാൻ തുടങ്ങി. രാഹുലും സണ്ണിയും ചേർന്ന് കിണറിൻറെ പരിസരം മുഴുവൻ പരിശോധിച്ചു, തലേന്നത്തെ 'ആത്മഹത്യാശ്രമത്തിൻറെ' തെളിവുകൾ വല്ലതും കിട്ടുമോ എന്നറിയാൻ.

ബിനോയിയും അലക്സും ചേർന്ന് അടുക്കളയിൽ തിരക്കിട്ട പാചകത്തിലായിരുന്നു. വിവേകും ആദർശും ഹാളിൽ ഇരുന്ന് ചെസ്സ് കളിയിൽ മുഴുകി. അമീർ രാവിലെതന്നെ ആരെയോ വിളിച്ചുപറഞ്ഞ് ഫോൺ ചാർജ്ജ് ചെയ്യിച്ചിട്ട് ബാൽക്കണിയിലിരുന്ന് പതിവുപരിപാടി തുടങ്ങിയിരുന്നു.

'ശ്ശേ, കിണറിൽ ആരും വീണ ലക്ഷണമൊന്നും കാണുന്നില്ല അലക്സേ.'

പരിശോധന കഴിഞ്ഞ് തിരിച്ചെത്തിയ രാഹുൽ നിരാശയിൽ പറഞ്ഞു. പാചകത്തിലായിരുന്ന ബിനോയി തിരിഞ്ഞുനോക്കി.

'എൻറെ ദൈവമേ, ഈ അഖിലലോക മണ്ടന്മാരെയാണല്ലോ ഞാൻ ഇങ്ങോട്ട് വിളിച്ചോണ്ട് വന്നത്. എടാ പൊട്ടന്മാരെ പ്രേതം തെളിവുകൾ വച്ചിട്ടാണോ കിണറ്റിലേക്ക് എടുത്തുചാടുന്നത്.'

'എങ്കിലും അത്രേം വെള്ളം അനങ്ങിയ ശബ്ദം കേട്ടതല്ലേ. അതുകൊണ്ട് പറഞ്ഞതാ.'

രാഹുൽ പറഞ്ഞു.

'ഹം, ശരി... ശരി... അവന്മാരോടൊക്കെ തീൻ മേശയിലേക്ക് വരാൻ പറയൂ. ഭക്ഷണം ഒക്കെ തയ്യാറായിട്ടുണ്ട്.'

അലക്സ് അവരെ പറഞ്ഞ് വിട്ടിട്ട് ബിനോയിയെ നോക്കി.

'എല്ലാരും പാവങ്ങളാ അലക്സേ. രാഹുലിന് ചാത്തൻനോവലുകൾ ഒക്കെ വായിച്ച് കിട്ടിയ ധൈര്യമേ ഉള്ളൂ. ഒരു എക്സ്പീരിയൻസ് ആയിക്കോട്ടെ എന്നുകരുതി വന്നതാ അവൻ. ബാക്കിയുള്ളവരൊക്കെ അത്രയ്ക്ക് പേടിയില്ലാത്ത കൂട്ടത്തിലാ.'

' എന്തായാലും ഇന്ന് നമുക്ക് പ്രോജക്റ്റിൻറെ പണി തുടങ്ങണം. ആദ്യമായി ആ അടഞ്ഞുകിടക്കുന്ന മുറി നമുക്ക് തുറക്കണം. അവിടെനിന്നാകട്ടെ എല്ലാത്തിൻറെയും തുടക്കം.'

'പക്ഷേ അലക്സേ ആ മുറി പൂട്ടിയിരിക്കുകയല്ലേ. നമ്മൾ താക്കോൽ എങ്ങിനെയൊപ്പിക്കും. മുറി തുറക്കാനായി ഇതിൻറെ ഉടമസ്ഥൻ സമ്മതിക്കുമെന്ന് തോന്നുന്നില്ല.'

' അതിന് നമ്മൾ അയാളോട് ചോദിക്കുന്നില്ലല്ലോ!'

'അപ്പോൾ...?'

‘ അതേ നമ്മൾ ആ പൂട്ട് കുത്തിപ്പൊളിക്കുന്നു. വീടൊഴിയുമ്പോൾ പൂട്ടിൻറെ കാശ് കൊടുത്താൽ പോരേ.’

‘ശരിയാ.’

അൽപ്പസമയത്തിനകം തന്നെ അവരെല്ലാം ഒത്തുകൂടി ഭക്ഷണം കഴിച്ചു. ഇനി ചെയ്യേണ്ട കാര്യങ്ങൾ ഭക്ഷണത്തിനിടെ അലക്സ് വിശദീകരിച്ചു. കാര്യങ്ങളെല്ലാം അവർ തലകുലുക്കി കേട്ടു. അവിടെവച്ച് അലക്സ് എല്ലാവർക്കും ഓരോ കൊന്തയും കൊടുത്തു. ആ മുറിയുടെ വാതുക്കൽ എത്തിനിൽക്കുമ്പോൾ എല്ലാവരുടെയും മനസ്സിൽ വരുന്നതെന്തും നേരിടാമെന്നുള്ള ചിന്തയായിരുന്നു. കയ്യിലിരുന്ന തടിച്ച ഇരുമ്പുകമ്പി കൊണ്ട് അലക്സ് താഴിൽ ആഞ്ഞടിച്ചു. അത് പൊട്ടുന്ന ലക്ഷണമൊന്നും കണ്ടില്ല.

‘അലക്സേ ഒന്ന് മാറിനിന്നേ, ഞാനൊന്ന് നോക്കട്ടെ.’

അലസിൻറെ കയ്യിൽ നിന്നും ആ ഇരുമ്പുകമ്പി സണ്ണി വാങ്ങി. സണ്ണിക്ക് നല്ല തടിയാണ്. അവൻ ആദ്യത്തെ അടിക്കുതന്നെ പൂട്ട് തകർത്തു. ഒരു വലിയ കാര്യം ചെയ്ത ഭാവത്തിൽ അവൻ എല്ലാവരെയും നോക്കി. എന്നിട്ട് വാതിൽ തള്ളിത്തുറന്നു. ഒരു വലിയ ഞരക്കത്തോടെ വാതിൽ തുറക്കപ്പെട്ടു. ആ ശബ്ദം കെട്ടിടമാകെ പ്രതിധ്വനിച്ചു. അകത്തേക്ക് ആര് ആദ്യം പോകും എന്ന രീതിയിൽ അവർ അവിടെത്തന്നെ നിന്നു. അലക്സ് സണ്ണിയെ പിന്നിലേക്ക് മാറ്റിയിട്ട് മുറിയിലേക്ക് കയറി. പിറകേ ബിനോയിയും അതിനുപിറകേ ഓരോരുത്തരും നിന്നു.

‘നമുക്ക് മുന്നോട്ടുതന്നെ പോകാമല്ലോ അല്ലേ?’

അലക്സ് പിന്നോട്ട് തിരിഞ്ഞ് എല്ലാവരോടുമായി ചോദിച്ചു.

‘തീർച്ചയായും.’

അവരെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞു.

‘പക്ഷേ ഇരുട്ടുകാരണം ഒന്നും കാണാൻ കഴിയുന്നില്ലല്ലോ. ബിനോയീ, നീ പോയി ആ മെഴുകിതിരി എടുത്തുകൊണ്ടുവാ,’ അലക്സ് പറഞ്ഞു.

ബിനോയി പെട്ടെന്ന് തന്നെ താഴേക്ക് പോയി മെഴുകുതിരിയുമായി ഓടിയെത്തി. മെഴുകുതിരി കത്തിച്ചതോടെ അവിടയാകെ പ്രകാശം പരന്നു. ആ ചെറിയ വെളിച്ചം മുന്നിൽ കണ്ട് അവർ ഏഴുപേരും കരുതലോടെ അടിവെച്ചടിവെച്ച് നടന്നു. എല്ലാവരും അവരവരുടെ കഴുത്തിൽ കിടന്ന കൊന്തയിലെ കുരിശ്ശിൽ മുറുകെപ്പിടിച്ചിരുന്നു. ഒരുപാട് ഫർണിച്ചറുകൾ അവിടവിടെയായി ചിതറിക്കിടപ്പുണ്ടായിരുന്നു. കാഴ്ചയിൽ ഒരു വലിയ ലൈബ്രറി പോലെയാണ് അവർക്ക് ആ മുറി കണ്ടപ്പോൾ തോന്നിയത്.

‘ഹോ, പുറത്തുനിന്നും കണ്ടാൽ പറയില്ല ഇത്രയും വലിയൊരു മുറിയാണിതെന്ന്.’ വിവേക് സണ്ണിയോട് പറഞ്ഞു

പെട്ടെന്ന് മുന്നിൽ നടന്നിരുന്ന അലക്സ് നിന്നു. അവൻ നിന്നപ്പോൾ എല്ലാവരും നിന്നു. അലക്സ് മെഴുകുതിരി മുകളിലേക്കുയർത്തി. അപ്പോഴാണ് എല്ലാവരും അത് ശ്രദ്ധിച്ചത്. അത് കണ്ടമാത്രയിൽ തന്നെ എല്ലാവരുടെയും നെഞ്ചിൽനിന്നും

പെരുമ്പറ മുഴങ്ങി. ആ മുറിയുടെ ഒത്ത നടുവിലെ ഒരു കൊളുത്തിൽ നിന്നും കുടുക്കിട്ട പഴകിയ ഒരു കയർ തൂങ്ങിക്കിടക്കുന്നു. അതിനോട് ചേർന്ന് അൽപം മാറി ഒരു കസേരയും കിടന്നിരുന്നു.

അലക്സ് തിരിഞ്ഞ് ബാക്കിയുള്ളവരെ നോക്കി. അവരെല്ലാം ആ കുടുക്കിൽ തന്നെ ശ്രദ്ധിച്ചുനിൽക്കുകയാണ്. എല്ലാവരും പേടിച്ച നിൽക്കുകയാണെന്ന് അവന് മനസ്സിലായി.

‘ വരൂ, നമുക്ക് മുന്നോട്ടുതന്നെ പോകാം.’

അലക്സ് അത് പറഞ്ഞപ്പോഴാണ് എല്ലാവരും കുടുക്കിൽ നിന്നും കണ്ണെടുത്തത്. അലക്സ് വീണ്ടും നടന്നുതുടങ്ങി. മാറാലയും പൊടിയും കൊണ്ട് ആ മുറിയാകെ വൃത്തിഹീനമായിരുന്നു. നടക്കുന്നതിനിടയിൽ ബിനോയി അലക്സിൻറെ തോളിൽ തട്ടി.

‘ദേ, നോക്കിക്കേ.’

അവൻ താഴേക്ക് ചൂണ്ടിക്കാണിച്ചു. അലക്സ് മെഴുകുതിരി താഴ്ത്തിയിട്ട് സൂക്ഷിച്ചുനോക്കി. താഴെ മുഴുവൻ ആരുടെയൊക്കയോ കാൽപ്പാടുകൾ. പക്ഷേ അതൊന്നും സാധാരണയായി കാണുന്നതല്ലായെന്ന് അവർക്ക് ബോധ്യമായി. കാരണം ആ കാൽപ്പാടുകളിൽ വിരലുകളുടെയും കാൽപ്പത്തിയുടെയും ഭാഗങ്ങൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഉപ്പൂറ്റിയുടെ ഭാഗം അപ്രത്യക്ഷമായിരുന്നു. വീണ്ടും നോക്കിയപ്പോൾ ആ കാൽപ്പാടുകൾക്ക് നടുവിരൽ ഇല്ലെന്നും അവർക്ക് മനസ്സിലായി.

‘ഇത് ആരുടെ കാൽ ആയിരിക്കും.’

സണ്ണി അത് ചോദിച്ചപ്പോൾ ബിനോയിക്ക് ചിരിയാണ് വന്നത്. അവൻ ഉറക്കെ ചിരിച്ചു. പക്ഷേ ആ ചിരി അവസാനിപ്പിച്ചുകൊണ്ട് പുറത്തേക്കുള്ള വാതിലടഞ്ഞു. എല്ലാവരും നടുങ്ങി നിന്നു. എന്ത് ചെയ്യണമെന്നറിയാതെ അവർ ഏഴുപേരും പരസ്പരം നോക്കി. മുറിയാകെ നിശബ്ദതയിലമർന്നു. അവരെ എല്ലാവരെയും വീണ്ടും ഞെട്ടിച്ചുകൊണ്ട് ആ മുറിയുടെ ഏതോ ഭാഗത്തുനിന്നും ബിനോയ് ചിരിച്ച അതേ ചിരി തിരിച്ചുകേട്ടു. ബിനോയ് അലക്സിനെ മുറുകെപ്പിടിച്ചു. ചിരി കൂടിക്കൂടിവന്നു. ആരോ വികൃതമായി ചിരിക്കുന്നു. പെട്ടെന്ന് ചിരി നിന്നു. എന്തോ മറിഞ്ഞുവീണ ഉയർന്ന ശബ്ദം അവിടയാകെ പ്രതിധ്വനിച്ചു.

‘അലക്സേ നമുക്ക് തിരിച്ച് പോകാം നമുക്കെന്തോ വലിയ അപകടം വരാൻ പോകുന്നതുപോലെ എനിക്ക് തോന്നുന്നു.’ സണ്ണി വിറയലോടെ പറഞ്ഞു

അവരെല്ലാം ശരിക്കും വിറച്ചു നിൽക്കുകയാണെന്ന് അലക്സിന് മനസ്സിലായി. അലക്സ് മെഴുകുതിരിയുമായി വാതിലിനടുത്തേക്ക് നടന്നു. അവരെല്ലാം വരും അവനെ അനുഗമിച്ചു. പേടി കാരണം ബാക്കി എല്ലാവരും അടുത്തടുത്താണ് നടന്നത്.

‘ബിനോയീ ഒന്നിങ്ങ് വന്നേ.’

വാതിലിന് അടുത്തെത്തിയതും അലക്സ് അക്ഷമനായി വിളിച്ചു പറഞ്ഞു. ബിനോയ് മുന്നോട്ടുചെന്നപ്പോൾ അവൻ ബിനോയിയുടെ ചെവിയിൽ എന്തോ പറഞ്ഞു. അതുകേട്ടതും ബിനോയ് തൻറെ കൂട്ടുകാരെ ദയനീയമായി നോക്കി. അവരെല്ലാം അലക്സിനെയും ബിനോയിയേയും നോക്കിത്തന്നെ നിൽക്കുകയായിരുന്നു.

‘അലക്സേ, നമ്മൾ ഇനി എന്താ ചെയ്യുക.’

ബിനോയി ചോദിച്ചത് ശ്രദ്ധിക്കാതെ അലക്സ് വീണ്ടും വീണ്ടും വാതിൽ തുറക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇതെല്ലാം കണ്ട് ബാക്കിയുള്ളവരും അവിടേക്ക് ചെന്നു.

‘എന്താടാ, എന്താ പ്രശ്നം?’ അമീർ പതറിയ ശബ്ദത്തിൽ ചോദിച്ചു.

അവിടെയെത്തിയപ്പോൾ വാതിലിൻറെ മറുഭാഗത്ത് ആരോ നിൽപ്പുണ്ടെന്ന് ബാക്കിയുള്ളവർക്കും മനസ്സിലായി. ഇതൊക്കെ കണ്ട് പേടിച്ചരണ്ട സണ്ണി ഭയത്തോടെ തല തിരിച്ച് ആ മുറിയാകെ സൂക്ഷ്മതയോടെ നോക്കി.

‘അയ്യോ.’

അവൻറെ അലർച്ച കേട്ട് എല്ലാവരും അവൻ നോക്കിനിന്ന ഭാഗത്തേക്ക് തിരിഞ്ഞു. മെഴുകിതിരിയുടെ അരണ്ടവെളിച്ചത്തിൽ അവരും ആ കാഴ്ച കണ്ട് ഞെട്ടിപ്പോയി. അവർക്ക് പിന്നിൽ ഏഴ് കുടുക്കിട്ട കയറുകൾ തൂങ്ങിക്കിടക്കുന്നു!



# ആറ്

അവർ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു അനുഭവമായിരുന്നു അത്. അലക്സ് അപ്പോഴും വാതിൽ തുറക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പുറത്തുനിന്നാരോ വാതിൽ പൂട്ടിയെന്ന് അവന് മനസ്സിലായി.

രാഹുൽ പേടിച്ചുവിറച്ച് "രക്ഷിക്കണേ" എന്ന് ഉറക്കെ കരയാൻ തുടങ്ങി. ബിനോയ് പണിപ്പെട്ട് അവൻറെ വാ പൊത്തിപ്പിടിച്ചു. ബാക്കിയുള്ളവരെല്ലാം വരാൻ പോകുന്ന അപകടം പ്രതീക്ഷിച്ചുകൊണ്ട് നിൽക്കുകയായിരുന്നു അപ്പോൾ. പെട്ടെന്ന് അവിടമാകെ രൂക്ഷമായ എന്തോ ഗന്ധം പരക്കാൻ തുടങ്ങി. അത് സഹിക്കാനാവാതെ എല്ലാവരും കൈകൾകൊണ്ട് മൂക്കുപൊത്തി. വീണ്ടും ആ മുറിയിലാകെ നിശബ്ദത തളം കെട്ടി.

'ശവം കത്തിക്കുന്ന മണം.'

ആദർശ് സണ്ണിയുടെ ചെവിയിൽ പതുക്കെ പറഞ്ഞു. പെട്ടെന്ന് മുറിയുടെ അങ്ങേയറ്റത്ത് ആരോ നടക്കുന്ന ശബ്ദം ഉയർന്നുകേട്ടു. എല്ലാവരും ശബ്ദം കേൾക്കുന്ന ഭാഗത്തേക്ക് ശ്രദ്ധിച്ചുനിന്നു. അടുത്ത നിമിഷം മുറിയുടെ മറ്റേതോ ഭാഗത്തുനിന്നും അടുത്ത കാൽപ്പെരുമാറ്റം കേട്ടുതുടങ്ങി.

'അലക്സേ നമ്മൾ ഇപ്പോൾ എന്താ ചെയ്യുക,' ബിനോയ് അലക്സിൻറെ കൈയ്യിൽ മുറുകെപ്പിടിച്ചുകൊണ്ട് ചോദിച്ചു. പേടിച്ചുവിറച്ച് അവൻറെ കണ്ണുകൾ കലങ്ങിയിരുന്നു.

‘നിങ്ങൾ ആരും പേടിക്കരുത്. നമ്മുടെയൊക്കെ കയ്യിലെ രക്ഷ ഉള്ളിടത്തോളം നമുക്ക് ഒന്നും സംഭവിക്കില്ല.’

അലക്സ് അത് പറഞ്ഞപ്പോൾ എല്ലാവരും കഴുത്തിൽ അണിഞ്ഞിരുന്ന കൊന്തയെടുത്ത് പുറത്തേക്ക് പിടിച്ചു. പെട്ടെന്ന് എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് വാതിൽ മലർക്കെ തുറക്കപ്പെട്ടു. പുറത്തുനിന്നുള്ള പ്രകാശം മുറിയിലേക്ക് കയറിയപ്പോൾ എല്ലാവർക്കും ജീവൻ തിരിച്ചുകിട്ടിയതുപോലെ തോന്നി. പക്ഷേ വാതിലിൻറെ പടിക്കൽ നിൽക്കുന്ന ആളെ കണ്ടപ്പോൾ ഞെട്ടിയത് ബിനോയിയാണ്. അവൻ വാതിലിനടുത്തേക്ക് പാഞ്ഞു.

‘നീതു,’ അവൻ പരിഭ്രാന്തനായി വിളിച്ചു. അപ്പോഴാണ് അവളുടെ പിന്നിൽ നിൽക്കുന്നയാളെ അവൻ ശ്രദ്ധിച്ചത്. പൊക്കം കുറഞ്ഞ് സാമാന്യം വണ്ണമുള്ള മധ്യവയസ്കനായ ഒരാൾ. അയാളെ കണ്ടപ്പോൾ ഞെട്ടിയത് അലക്സാണ്. അവൻ അവിടേക്ക് ചെന്നു. അലക്സ് പോയ പുറകേ എല്ലാവരും മുറിയിൽനിന്നും പുറത്തേക്കിറങ്ങി.

‘ചാക്കോച്ചേട്ടൻ എന്താ ഒരു മുന്നറിയിപ്പും ഇല്ലാതെ ഇങ്ങോട്ട്?’

ബാക്കിയുള്ളവർ ഇതൊക്കെ കണ്ട് അമ്പരന്നുപോയി.

‘ഞാൻ അപ്പുറത്ത് വരെ വന്നതാണ്. വന്ന കൂട്ടത്തിൽ അലക്സിൻറെ ഇവിടത്തെ താമസം എങ്ങനെയുണ്ടെന്ന് അന്വേഷിച്ച് പോകാമെന്ന് കരുതി. അപ്പോഴാണ് ഈ പെങ്കൊച്ച് പടിക്കൽ ഇരിക്കുന്നത് കണ്ടത്. ആരാണെന്ന് ചോദിച്ചപ്പോൾ ഈ കുട്ടിയുടെ ആരോ ഇവിടെ ഉണ്ടെന്ന് പറഞ്ഞു. എൻറെയറിവിൽ അലക്സ് മാത്രമാണ് ഇവിടെ താമസിക്കുന്നതെന്ന് പറഞ്ഞു. അതും പറഞ്ഞ് നിൽക്കുമ്പോഴായിരുന്നു മുകളിൽ നിന്നും രക്ഷിക്കണേ എന്ന് ആരോ കരയുന്നത് കേട്ടത്. മുൻവശത്തെ വാതിൽ തുറന്നുകിടന്നതിനാൽ അകത്തുകടക്കാൻ പ്രയാസമുണ്ടായില്ല. മറ്റുള്ള മുറികളിൽ ആരെയും കണ്ടില്ല. അവസാനമാണ് ഇവിടെയെത്തിയത് അപ്പോഴാണ് താഴ് പൊളിഞ്ഞു കിടക്കുന്നത് കണ്ടത്. അകത്ത് എന്തൊക്കെയോ സംസാരവും കേട്ടു. മുറി തുറന്നപ്പോൾ നിങ്ങളൊക്കെക്കൂടി നിൽക്കുന്നു. എന്താണുണ്ടായത് അലക്സേ? ഇവരൊക്കെ ആരാണ്? ഈ മുറിയിൽ നിങ്ങൾ എന്താണ് ചെയ്യുന്നത്?’

സംസാരത്തിൽ നിന്ന് ചാക്കോച്ചേട്ടൻ ആ വീടിൻറെ ഉടമസ്ഥനാണെന്ന് ബാക്കിയുള്ളവർക്ക് മനസ്സിലായി. അലക്സിനൊഴികെ ബാക്കിയെല്ലാവർക്കും നീതുവിനെ അറിയാമായിരുന്നു.

‘ഇവരൊക്കെ എൻറെ ഇവിടെയുള്ള കൂട്ടുകാർ ആണ്. ഞാൻ ചാക്കോച്ചേട്ടനോട് പറഞ്ഞിരുന്നില്ലേ എൻറെയൊരു പ്രൊജക്റ്റിനെപ്പറ്റി അതിൻറെ ഭാഗമായാണ് ഇവരെല്ലാം ഇവിടെയെത്തിയത്. ഞങ്ങൾ വെറുതെയിരുന്നപ്പോൾ ഇതിനകമൊക്കെ കണ്ടുകളയാം എന്നോർത്തു. പൂട്ടിൻറെ കാശ് ഞാൻ വീടൊഴിയുമ്പോൾ തന്നുകൊള്ളാം. പിന്നെ താമസമൊക്കെ സുഖമാണ്. ചാക്കോച്ചേട്ടൻ വരൂ. നമുക്ക് താഴോട്ടിരിക്കാം.’

‘അലക്സ്, ഇത് നീതു,’ ബിനോയി അലക്സിനെ നോക്കി പറഞ്ഞു.

എല്ലാവരും താഴേക്ക് പോയിട്ടും നീതുവും ബിനോയിയും അവിടെത്തന്നെ നിന്നു. അവർ അവിടെത്തന്നെ നിൽക്കുന്നത് കണ്ട് അലക്സ് അവരെ താഴേക്കുവിളിച്ചു. എല്ലാവരെയും ഹാളിൽ ഇരുത്തിയിട്ട് അലക്സ് ചായ ഉണ്ടാക്കാനായി അടുക്കളയിലേക്ക് നടന്നു. നീതുവും അലക്സിൻറെയൊപ്പം അടുക്കളയിലേക്ക് പോയി. അവിടെ എത്തിയപ്പോൾ അലക്സ് നീതുവിനെ നോക്കിച്ചിരിച്ചു.

'നീതുവിനെ എനിക്ക് നേരിട്ട് അറിയില്ല. പക്ഷേ ബിനോയിയുടെ സംസാരത്തിൽ നിന്നും രണ്ടുമൂന്നു തവണ ഈ പേര് കേട്ടിട്ടുണ്ട്. എന്തായാലും ചാക്കോച്ചേട്ടൻ പോയശേഷം നമുക്ക് വിശദമായിത്തന്നെ പരിചയപ്പെട്ടുകളയാം.'

അതിന് മറുപടിയായി നീതു ഒന്ന് ചിരിച്ചു. അലക്സിനെ മാറ്റി നിർത്തി അവൾ തന്നെ ചായ ഇട്ട് ഹാളിൽ എല്ലാവർക്കും കൊണ്ടുപോയിക്കൊടുത്തു. ചാക്കോച്ചേട്ടനെ പറഞ്ഞുവിട്ടശേഷം അവരെല്ലാവരും വീണ്ടും ഹാളിൽ ഒത്തുകൂടി.

'നീതു, നീയെന്തിനാണ് ഇപ്പോൾ ഇങ്ങോട്ടുവന്നത്?'

ബിനോയി അൽപം ദേഷ്യത്തിൽ ചോദിച്ചു.

'പിന്നെ ഞാൻ എന്തുചെയ്യണം. എൻറെ കല്യാണമാണ് അടുത്തയാഴ്ച! നീ കെട്ടിയ താലി കഴുത്തിലിട്ടുകൊണ്ട് ഞാനിനിയും കല്യാണം കഴിക്കണോ, പറ?'

അലക്സ് ഇതൊക്കെ കേട്ട് അമ്പരന്നുപോയി.

'നിർത്ത്, നിർത്ത്. നിങ്ങളിങ്ങനെ ബഹളമുണ്ടാക്കാതെ. നിങ്ങൾ കല്യാണം കഴിച്ചെന്നോ? എനിക്ക് കാര്യങ്ങളൊന്നും മനസ്സിലാകുന്നില്ല. എന്താണ് നിങ്ങളുടെ പ്രശ്നം.'

അലക്സ് ഒറ്റശ്വാസത്തിൽ ചോദിച്ചു. എന്നിട്ട് അവരുടെ മറുപടിയൊന്നും കിട്ടാഞ്ഞപ്പോൾ ചുറ്റുമുള്ളവരെ നോക്കി. അവരെല്ലാം ബിനോയിയെ തന്നെ നോക്കുകയാണ്.

'ഹോ, ആരെങ്കിലും ഉത്തരം പറയൂ... ഞാൻ അറിയുന്നതുകൊണ്ട് എന്താണ് കുഴപ്പം. പ്രശ്നം എന്താണെന്നറിഞ്ഞിട്ട് എനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് നോക്കാം.'

അത് പറഞ്ഞിട്ട് അലക്സ് വീണ്ടും ബിനോയിയെ നോക്കി.

'ഞാൻ എല്ലാം പറയാം,' നീതു പറഞ്ഞു

'വേണ്ട, ഞാൻ പറഞ്ഞോളാം.'

ബിനോയി അവളുടെ വാക്കുകളെ തഴഞ്ഞുകൊണ്ട് ഇടയ്ക്കുകയറി പറഞ്ഞു.

'ആരെങ്കിലും ഒന്ന് പറയൂ, പ്ലീസ്...' ക്ഷമ നശിച്ച അലക്സ് ശബ്ദമുയർത്തി. ബിനോയി പറഞ്ഞുതുടങ്ങി,



## ഏഴ്

'ഞാൻ ഡിഗ്രി സെക്കൻറ് ഇയറിൽ പഠിക്കുന്ന സമയം. ഒരു ദിവസം രാവിലെ താമസിച്ചാണ് ഞാൻ കോളേജിലേക്ക് പുറപ്പെട്ടത്. വൈകുന്ന ദിവസങ്ങളിൽ ബസ് ഇറങ്ങി ഗേൾസ് കോളേജിൻറെ മുന്നിലൂടെയുള്ള ഷോർട്ട് കട്ടിലൂടെയാണ് പോകാറുള്ളത്. അന്ന് താമസിച്ചത് കാരണം ഞാൻ വേഗത്തിൽ നടന്നു. നല്ല മഴക്കാറുമുണ്ടായിരുന്നു. കുറച്ച് ദൂരമെത്തിയപ്പോൾ ഒരു പെൺകുട്ടി റോഡിനരുകിൽ നിന്ന് പരുങ്ങുന്നത് ഞാൻ ശ്രദ്ധിച്ചു. എങ്കിലും സമയമില്ലാത്തതുകൊണ്ട് ഞാൻ വേഗത്തിൽ നടന്നു. അവളെ മറികടന്നു പോകുമ്പോൾ അവളെ ഞാൻ ശരിക്കൊന്ന് നോക്കി. ഞാൻ നോക്കുന്നത് കണ്ടപ്പോൾ അവൾ കുറച്ച് ജാഡയിൽ വാനനിരീക്ഷണം നടത്തുന്നത് കണ്ടു. അവളുടെ എതിർവശം റോഡ് സൈഡിൽ കുറേ ചെറുപ്പക്കാർ അവളെത്തന്നെ ഉന്നം വച്ച് നിൽപ്പുണ്ടായിരുന്നു. കോളേജ് സമയം കഴിഞ്ഞതിനാൽ അപ്പോൾ റോഡിൽ ഞാനും അവളും ആ ചെറുപ്പക്കാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളെക്കണ്ടപ്പോൾ എന്തോ പന്തികേട് തോന്നിയെങ്കിലും വാച്ചിൽ നോക്കിയപ്പോൾ എനിക്ക് പ്രിൻസിപ്പാളിൻറെ മുഖം ഓർമ്മ വന്നു. ഞാൻ നടത്തത്തിൻറെ വേഗതയും കൂട്ടി.

"ശ്ശ്..."

പിന്നിൽനിന്നും ഒരു വിളി കേട്ട് തിരിഞ്ഞുനോക്കിയപ്പോൾ വിളിച്ചത് അവളാണെന്ന് മനസ്സിലായി. അവൾ വിളറിയ മുഖത്തോടെ തോളിൽ തൂക്കിയിരുന്ന സൈഡ് ബാഗിൻറെ വള്ളിയിൽ കൈകൾ കുരുക്കിക്കൊണ്ടിരുന്നു. ഞാൻ ധൃതിയിൽ അവളുടെ അടുത്തേയ്ക്ക് തിരികെച്ചെന്നു.

"എന്താ?"

അവൾ അവളുടെ കാലിലേക്ക് കണ്ണുപായിച്ചുകാട്ടിയപ്പോൾ ഞാൻ കാലിലേക്ക് നോക്കി. ചെരുപ്പിൻറെ വള്ളി പൊട്ടിയിട്ട് അത് ചവിട്ടിപ്പിടിച്ചിരിക്കുന്നത് കണ്ടപ്പോൾ എനിക്ക് ചിരിവന്നു.

"ഓഹോ, അപ്പോ ഇതായിരുന്നോ കാര്യം. എന്നിട്ട് ജാഡയ്ക്ക് ഒരു കുറവും ഇല്ലല്ലോ?"

"ശ്ശോ, പറ്റിപ്പോയി. ഒന്ന് ഹെൽപ്പ് ചെയ്യുമോടോ. പ്ലീസ്... മഴ കൂടി പെയ്താൽപ്പിന്നെ..."

അവൾ അപേക്ഷിക്കുന്നതുപോലെ പറഞ്ഞു.

"ഇയാൾ ജനിച്ചപ്പോഴേ ചെരുപ്പും ഇട്ടോണ്ടാണോ വന്നത്. ചെരുപ്പ് ഇല്ലാതെ നടന്നാൽ എന്താ?"

"എടോ, ഈ ഗെറ്റപ്പിൽ ചെരുപ്പില്ലാതെ."

ഇതേസമയം മറുഭാഗത്തുനിന്നിരുന്ന ചെറുപ്പക്കാർ എന്നെ രൂക്ഷമായി നോക്കുന്നുണ്ടായിരുന്നു. എൻറെ മറപറ്റി അവൾ നടന്നു. ചെരുപ്പ് പൊട്ടിയിരുന്നതിനാൽ നടത്തത്തിന് വേഗത കുറവായിരുന്നു. ഒടുവിൽ അവളുടെ കോളേജ് ക്യാമ്പസിൽ ഞാനവളെ കൊണ്ടെത്തിച്ചുകൊടുത്തു. സ്വന്തം ഏരിയ എത്തിയപ്പോൾ അവൾ ചെരുപ്പുകൾ ഊരി കൈയ്യിൽ പിടിച്ചു. ഞാൻ അവളുടെ നാവിൽനിന്നും നന്ദിവർഷത്തിനായി കാത്തുനിന്നു.

"പെമ്പിള്ളേരെ വായിനോക്കി നടക്കാതെ പോയിരുന്ന് നാലക്ഷരം പഠിക്കാൻ നോക്ക് മോനേ..."

അതും പറഞ്ഞ് അവൾ കോളേജിലേക്കോടിപ്പോയി. ഞാൻ ഇടിവെട്ടേറ്റതുപോലെ അവിടെത്തന്നെ നിന്നു. വാച്ചിലേക്ക് നോക്കിയപ്പോഴാണ് എൻറെ ക്ലാസിൻറെ കാര്യം ഓർമ്മ വന്നത്. അന്ന് വൈകിയെത്തിയതിന് അവൾക്കുവേണ്ടി പ്രിൻസിപ്പാളിൻറെ വായീന്ന് കിട്ടിയ ചീത്ത ജീവിതത്തിൽ മറക്കില്ല. പിറ്റേന്ന് അവളെ കാണാനായി ഗേൾസ് കോളേജിൻറെ മുന്നിൽ ഞാൻ ചെന്നുനിന്നു. എന്നെ കണ്ടതും അവൾ അവളുടെ കൂട്ടുകാരികളോട് എന്നെ ചൂണ്ടിക്കാട്ടി എന്തൊക്കയോ പറഞ്ഞ് ചിരിക്കുന്നത് കണ്ടു. ഞാൻ അവളെ മുടന്തി നടന്ന് കാട്ടിയപ്പോൾ അവളുടെ കൂട്ടുകാരികൾ അവളെ നോക്കി പൊട്ടിച്ചിരിച്ചു. പിന്നീട് അങ്ങോട്ടുള്ള എൻറെ ദിനങ്ങൾ ഒരുപാടു പ്രത്യേകതകൾ ഉള്ളതായിരുന്നു.

ആദ്യമൊക്കെ ഞങ്ങൾ തമ്മിൽ നോക്കി ചിരിക്കുക മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് പതിയെ സംസാരിക്കാൻ തുടങ്ങി. ലോകകാര്യങ്ങൾ മുഴുവൻ സംസാരിച്ചുവെങ്കിലും അന്നുവരെ ഞാൻ അവളുടെയോ അവൾ എൻറെയോ പേരുകൾ ചോദിച്ചിരുന്നില്ല. ഓരോ ദിവസം ചെല്ലുന്തോറും എനിക്ക് അവളോടുള്ള ഇഷ്ടം കൂടിക്കൂടി വന്നു.

അന്നൊരു വലൻറയിൻസ് ദിവസമായിരുന്നു. തലേന്ന് ചിലതൊക്കെ ഞാൻ തീരുമാനിച്ചുവച്ചിരുന്ന പ്രകാരം എൻറെ ഇഷ്ടം പറയാനായി രാവിലെ തന്നെ

കോളേജിൻറെ മുന്നിൽ ഒരുകെട്ട് ചുവന്ന റോസാപ്പൂക്കളുമായി ഞാൻ കാത്തുനിന്നു. വേറെയും യുവാക്കൾ അവരുടെ കാമുകിമാർക്കായി പൂക്കളുമായി കാത്തുനിൽപ്പുണ്ടായിരുന്നു. അവളുടെ കൂട്ടുകാരികൾ എന്നെ വല്ലാണ്ട് ഒന്ന് നോക്കിയിട്ട് പോകുന്നത് കണ്ടു. സമയം കടന്നുപോയി. അവൾ വന്നില്ല. അവസാനം റോഡിൽ ഞാൻ മാത്രമായി. പൂക്കളുമായി വൈകുന്നേരം വരെ ഞാൻ അവിടെത്തന്നെ നിന്നു. അവൾ വന്നില്ല.'

വീട്ടിൽ തിരിച്ചെത്തിയിട്ടും എനിക്ക് അവളെക്കുറിച്ച് മാത്രമായിരുന്നു ചിന്ത. അന്നത്തെ ദിവസം തള്ളിനീക്കാൻ ഞാൻ പെട്ട പാട് പറഞ്ഞറിയിക്കാനാവില്ല. പിറ്റേന്ന് രാവിലെതന്നെ വീണ്ടും ഞാൻ കോളേജിൻറെ മുന്നിൽ കാത്തുനിന്നു.

അവൾ വന്നില്ല. അങ്ങനെ പല ദിവസങ്ങൾ ഞാൻ കാത്തുനിന്നു. നിരാശയായിരുന്നു ഫലം. ഒടുവിൽ അവളെക്കുറിച്ച് അന്വേഷിക്കാൻ ഞാൻ തീരുമാനിച്ചു. പക്ഷേ അന്വേഷിക്കുവാനായിട്ട് അവളുടെ പേര് പോലും എനിക്ക് നിശ്ചയമുണ്ടായിരുന്നില്ല.

ഒടുവിൽ ഞാൻ അവളുടെ കോളേജിൽ തന്നെ പഠിക്കുന്ന സണ്ണിയുടെ അനിയത്തി സോഫിയുടെ സഹായം തേടി. ഞാൻ കാര്യം പറഞ്ഞതും അവൾ ആ പെൺകുട്ടിയെക്കുറിച്ച് എനിക്കറിയാവുന്ന വിവരങ്ങളൊക്കെ തിരക്കുവാൻ തുടങ്ങി.

"ബിനോയിച്ചാ, അവളെ കണ്ടാൽ എങ്ങിനെയിരിക്കും?"

"ഏകദേശം എന്നേക്കാൾ കുറച്ച് വെളുത്തിട്ട് എൻറെ തോള് വരെ പൊക്കം കാണും. പിന്നെ മുടി ചുരുണ്ട്, അതായത് രണ്ട് സൈഡിലേക്കും ഇട്ടിട്ട് ഒരു പിങ്ക് കളർ സൈഡ് ബാഗും ഇട്ട്..."

"മതി മതി, എൻറെ പൊന്നു ബിനോയിച്ചാ... ഇച്ചായൻ പറയുന്നത് കേട്ടിട്ട് അത് നീതു തന്നെയാണെന്നാ തോന്നുന്നത്."

"നീതുവോ? ഞാൻ ഉദ്ദേശിച്ച ആളെത്തന്നെയാണോ നീയീ പറയുന്നത്."

"ഇച്ചായൻ പറഞ്ഞത് പോലത്തെ ഒരേ ഒരാളേ ഞങ്ങളുടെ കോളേജിലുള്ളൂ. അതാണ് നീതു. കുറേ ചെറുക്കന്മാർ പുറകേ നടപ്പുണ്ടെങ്കിലും ആ കുട്ടിക്ക് ആരോടും അങ്ങനെയൊന്നുമുള്ളതായി അറിവില്ല."

"ആ കുട്ടി ഇപ്പോൾ വരുന്നില്ലല്ലോ, അതെന്താ?"

"അതേ, കുറച്ച് ദിവസമായി കണ്ടിട്ട്. ഞാൻ നാളെ വിശദമായി തിരക്കി പറയാം. എന്തായാലും ബിനോയിച്ചായന് വേണ്ടിയല്ലേ. നാളെത്തന്നെ പറയാം. പക്ഷേ ബിരിയാണി വാങ്ങിത്തരണം."

"താങ്ക്സ് സോഫീ, താങ്ക്സ്."

വീണ്ടും ഞാൻ ഒരു ദിവസം കൂടി തള്ളിനീക്കി. വൈകുന്നേരമായപ്പോൾ സോഫിയെ കാണാൻ നേരത്തേ തന്നെ അവളുടെ വീട്ടിലെത്തി. അവൾ വരാൻ വേണ്ടി കുറെ സമയം ഞാൻ കാത്തിരുന്നു. അപ്പോഴാണ് നീതു എന്ന പെൺകുട്ടി എൻറെ ജീവിതത്തിൽ എന്തുമാത്രം സ്വാധീനം ചെലുത്തിയെന്ന് എനിക്ക് മനസ്സിലായത്. സോഫി ഗേറ്റ് കടന്ന് വരുന്നത് കണ്ടപ്പോഴേ പുറത്തേക്ക് ഓടിച്ചെന്നു.

"ആഹാ, ഇച്ചായൻ നേരത്തേ വന്നോ."

"എന്തായി സോഫീ, പറ"

"ഇച്ചായൻ എന്താ ഇന്ന് കോളേജിൻറെ മുന്നിൽ വന്നില്ലേ?"

"ഇല്ല, എന്തേ?"

"നീതു ഇന്ന് വന്നിട്ടുണ്ടായിരുന്നു. അവളുടെ ചേട്ടൻറെ കല്യാണമായിരുന്നു ഗുരുവായൂർ വച്ച്. നാല് ചേട്ടന്മാരുടെ പുന്നാരപ്പെങ്ങളാണ്.

"നാലോ! എൻറമ്മോ!"

"അതേ, നാല്. വെറും നാലല്ല, ഗഡാഗഡിയൻമാരായ നാലെണ്ണം. എല്ലാം നല്ല ഹൈ ടീംസാ. നല്ലോണം ആലോചിച്ചിട്ട് ചെന്ന് മുട്ടുന്നതാണ് തടിക്ക് നല്ലത്."

"ശരി മോളേ, ഞാൻ പോട്ടേ."

അവിടെനിന്നും വീട്ടിലെത്തിയ ശേഷം ഞാൻ ഒരുപാട് ആലോചിച്ചു. അവൾ ഒരു ഹിന്ദു. എല്ലാം ഉള്ളവൾ. ഞാനോ. വീട്ടുകാർപോലും പുറന്തള്ളിയവൻ. എന്തിന് വെറുതേ ആ കുട്ടിയുടെ ജീവിതം നശിപ്പിക്കണം.

ഒടുവിൽ ഞാൻ തീരുമാനിച്ചു. അവളോട് എൻറെ ഇഷ്ടം മറച്ചുവക്കുക. പിറ്റേന്ന് ഞാൻ നേരത്തേ തന്നെ കോളേജിലേക്ക് പോയി. അവളെ കാണാനോ മിണ്ടാനോ ഞാൻ ശ്രമിച്ചില്ല. വൈകുന്നേരം തരിച്ചു പോരുമ്പോൾ അവളുടെ കോളേജിൻറെ ഭാഗത്തേക്ക് ഞാൻ നോക്കിയതേയില്ല. പക്ഷേ അവൾ അങ്ങനെ ഒഴിഞ്ഞുപോകേണ്ടിയിരുന്ന ഒരാൾ അല്ലായിരുന്നു. ബസ്സ് സ്റ്റോപ്പിലേക്ക് നടന്നുകൊണ്ടിരുന്ന എൻറെ മുന്നിൽ അവൾ വന്നു നിന്നു.

"ഹലോ, ഓർമ്മയുണ്ടോ സാർ ഈ... മുഖം,"

എന്ത് പറയണമെന്നുപോലും അറിയാതെ ഞാൻ കുഴങ്ങി.

"ഞാൻ കുറെ നോക്കി, അടുത്തിടെയൊന്നും കണ്ടില്ലല്ലോ?" ഞാൻ മടിച്ചുമടിച്ചു പറഞ്ഞു.

"ഓഹോ, അപ്പോൾ നോക്കിയിരുന്നു അല്ലേ. എൻറെ ചേട്ടൻറെ കല്യാണം ആയിരുന്നു. അതിൻറെ തിരക്ക് കാരണം ഒരാഴ്ചയായി വന്നിട്ട്. ഇയാള് കോളെജിൽ വരുന്നുണ്ടായിരുന്നോ?"

"വരാതെ പിന്നെ, എനിക്ക് ചേട്ടന്മാരുടെയാരുടെയും കല്യാണമൊന്നുമില്ലായിരുന്നു. എന്താ തൻറെ ചേട്ടൻറെ കല്യാണമായിട്ട് എന്നെ അറിയിക്കാതിരുന്നത്?"

"സോറി, ഞാൻ അങ്ങനെ ആരെയും വിളിച്ചിട്ടില്ലായിരുന്നു. ഗുരുവായൂർ വച്ചായിരുന്നു കല്യാണം. തന്നെയുമല്ല ബിനോയിയെ ആരായിട്ടാ ഞാൻ പരിചയപ്പെടുത്തുക."

"അയ്യോ, നീതുവിന് എൻറെ പേര് എങ്ങനെയറിയാം?"

"ബിനോയ് എൻറെ പേര് എങ്ങനെയറിഞ്ഞുവോ ആ ആൾ തന്ന എന്നോടും പറഞ്ഞു."

"ആര് സോഫിയോ?"

“അതേ, അവൾ ഇന്നലെ എന്നോട് പറഞ്ഞിരുന്നു ബിനോയ് അന്വേഷിച്ചെന്ന്.”

അങ്ങനെ വീണ്ടും ഞങ്ങൾ കൂടുതൽ അടുത്തു. എൻറെ ഇഷ്ടം എനിക്ക് മറച്ചുപിടിക്കാനായില്ല. അധികം വൈകാതെ പാർക്കിൽ വച്ച് ഞാനത് അവളോട് തുറന്നുപറഞ്ഞു. അവൾക്കും എന്നെ ഇഷ്ടമാണെന്ന് കേട്ടപ്പോൾ ലോകത്തിൽ എല്ലാം നേടിയത് പോലെ എനിക്കുതോന്നി. പിന്നീടങ്ങോട്ട് മതമോ പണമോ ബന്ധങ്ങളോ ഞങ്ങൾക്ക് തടസ്സമായിരുന്നില്ല. നാളുകൾ കടന്നുപോയി. ഒരു ദിവസം അവളുടെ ചേട്ടനും ഭാര്യയും ഞങ്ങളുടെ കൂടെ തീയറ്ററിൽ ഉണ്ടായിരുന്നു. അതും ഞങ്ങളുടെ പിന്നിലത്തെ സീറ്റിൽ. അന്ന് തീയറ്ററിൽ വച്ച് കുറച്ച് പ്രശ്നങ്ങൾ ഉണ്ടായി. അങ്ങനെ അവളെ കോളേജിൽ വിടാതായി. ഒരുവിധത്തിൽ അപ്പൻറെ കൈയും കാലും പിടിച്ച് ഞാനും എൻറെ കൂട്ടുകാരും അപ്പനും കൂടി അവളുടെ വീട്ടിൽ പോയി പെണ്ണ് ചോദിച്ചു. അപ്പനെയും ഞങ്ങളേയും അവളുടെ വീട്ടുകാർ ആട്ടിയിറക്കി. അങ്ങനെ വീട്ടിൽ എന്നെ പഴി പറയാൻ മറ്റൊരു കാരണവും ചെറിയമ്മക്ക് കിട്ടി. കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ സോഫിയുടെ സഹായത്തോടെ അവളെ പുറത്തെത്തിച്ച് ഞങ്ങൾ തമ്മിൽ രജിസ്റ്റർ മാരേജ് ചെയ്തു. എനിക്കൊരു നല്ല ജോലി പോലുമില്ലാതെ എങ്ങനയാ ഞാൻ അവളെ സ്വീകരിക്കുക. കുറച്ച് നല്ല ഇൻറർവ്യൂകൾ കഴിഞ്ഞു. അതിലൊക്കെയാണ് എൻറെ പ്രതീക്ഷ. പക്ഷേ ഇപ്പോൾ...’

ഇത്രയും പറഞ്ഞ് തീർത്തിട്ട് ബിനോയി അലക്സിനെ നോക്കി. അലക്സ് അവനെ അടുത്തേക്ക് വിളിച്ചു.

‘നിന്നെ സമ്മതിച്ചിരിക്കുന്നു. സ്നേഹിച്ച പെണ്ണിനെ ഒന്നിൻറെ പേരിലും വിട്ടുകൊടുക്കരുത് ഒരിക്കലും. പക്ഷേ ഇപ്പോൾ എന്താ നമ്മൾ ചെയ്യുക. നീതു വീട്ടിൽ നിന്നും സ്വന്തം ഇഷ്ടപ്രകാരം ഇറങ്ങിപ്പോന്നതല്ലേ. അപ്പോൾ നിയമം പ്രശ്നമല്ല പിന്നെ നിങ്ങൾ ഇപ്പോൾ വിവാഹിതരുമാണ്. പക്ഷേ നിങ്ങൾ ഇപ്പോൾ പുറത്തേയ്ക്കൊന്നും പോകാതിരിക്കുന്നതാണ് നല്ലത്. കാരണം നീ പറഞ്ഞതുവച്ച് ഇപ്പോൾ നീതുവിൻറെ ചേട്ടന്മാർ നിൻറെ വീട്ടിൽ എത്തിയിട്ടുണ്ടാവണം. അതുകൊണ്ട് തൽക്കാലം നിങ്ങൾ ഇവിടെത്തന്നെ നിൽക്കുന്നതാണ് ബുദ്ധി.’

അലക്സ് അത് പറഞ്ഞപ്പോൾ മറ്റുള്ളവർ എല്ലാവരും പരസ്പരം നോക്കി.

‘അലക്സേ ഒരു പെണ്ണിനെ എങ്ങനെയാ തനിച്ചിവിടെ താമസിപ്പിക്കുന്നത്. മാത്രമല്ല ഈ സ്ഥലവും അത്ര ശരിയല്ല.’

ബിനോയ് പറഞ്ഞു.

‘എനിക്കുമതറിയാം ബിനോയീ. പക്ഷേ നീതുവിൻറെ ചേട്ടന്മാർ നിങ്ങളെ വെറുതേ വിടില്ല. അതുകൊണ്ട് ഇവിടം തന്നെയാണ് ഏറ്റവും സുരക്ഷിതമായ ഇടം. ഇവിടെയാണെങ്കിൽ ആരും അന്വേഷിച്ച് വരികയുമില്ല. വന്നാൽതന്നെ നമ്മൾ ഇത്രയും ആണുങ്ങളുണ്ടല്ലോ. ബാക്കിയെല്ലാം വരുന്നിടത്തുവച്ച് കാണാം.’

‘അതേ ബിനോയീ. അലക്സ് പറഞ്ഞതിൽ കാര്യമുണ്ട്. നിനക്കൊരു ജോലി ശരിയായാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. പിന്നെ വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ എനിക്ക് കൂട്ടിനായി ഞാൻ ഒരാളെക്കൂടി വിളിച്ചിട്ടുണ്ട്, സോഫിയെ.’

നീതു അത് പറഞ്ഞപ്പോൾ സണ്ണി നെഞ്ചത്ത് കൈവച്ചു.

'എൻറെ ദൈവമേ... എടീ, നിനക്ക് എൻറെ പെങ്ങളെ മാത്രമേ കൂട്ടുവിളിക്കാൻ കിട്ടുകയുള്ളോ? അവളെ അങ്ങനെ വീട്ടീന്ന് അമ്മച്ചി വിടുകയൊന്നുമില്ല.'

'ആര് പറഞ്ഞു? എനിക്ക് കൂട്ടിനാണെന്ന് പറഞ്ഞപ്പോൾ തന്നെ അമ്മച്ചി പൊക്കോളാൻ പറഞ്ഞു. പിന്നെ കൂടെ സണ്ണിയും ഉണ്ടെന്ന് പറഞ്ഞപ്പോൾ അപ്പച്ചനും ഹാപ്പി.'

'ഓഹോ, അപ്പോൾ പരിപാടിയെല്ലാം കരുതിക്കൂട്ടിയാണല്ലേ. ഈശ്വരാ! ഏതുസമയത്താണോ ഈ സ്ഥലം അവൾക്ക് പറഞ്ഞുകൊടുക്കാൻ എനിക്ക് തോന്നിയത്!'

'അതേ, അതുകൊണ്ട് ഞങ്ങൾക്ക് കൂടുതൽ അന്വേഷിക്കേണ്ടിവന്നില്ല.'

നീതുവിൻറെയും സണ്ണിയുടെയും വർത്തമാനം കേട്ട് എല്ലാവരും ചിരിച്ചു.

'എങ്കിൽ ഞാനും ഒരാളെ കൂട്ട് തരാം. അവൾക്ക് നാളെ വെക്കേഷൻ തുടങ്ങുകയാ. ഇന്ന് വൈകിട്ട് ഹോസ്റ്റലിൽ നിന്നും എല്ലാവരും വീട്ടിലേക്ക് പോകും.'

അമീർ എളിമയോടെ പറഞ്ഞു.

'ആര്?'

എല്ലാവരും ഒരേ സ്വരത്തിൽ ചോദിച്ചു

'അവൾ, എൻറെ സ്വന്തം ഐഷ. ഏതെങ്കിലും കൂട്ടുകാരിയുടെ വീട്ടിൽ കുറച്ചുദിവസം നിൽക്കാൻ പോകുവാണെന്ന് അവളെക്കൊണ്ട് വീട്ടിൽ വിളിച്ചു പറയിപ്പിച്ചാൽ മതി,'

'എയ്, അതൊന്നും ശരിയാവില്ല. നീതുവും സോഫിയും നമുക്കെല്ലാവർക്കും അറിയാവുന്ന കുട്ടികളാണ്. ഐഷയ്ക്ക് ഇവിടെ വച്ച് എന്തെങ്കിലും സംഭവിച്ചാൽ ആര് സമാധാനം പറയും. മാത്രമല്ല ആ കുട്ടിക്ക് ഈ ചുറ്റുപാടും സാഹചര്യങ്ങളും ഒരിക്കലും പിടിക്കില്ല.'

'അലക്സ്, അലക്സിന് ഒരു കാര്യമറിയുമോ. പ്രേതവിഷയങ്ങളിൽ എന്നേക്കാൾ താൽപര്യം അവൾക്കാണ്. ഇന്നലത്തെ കാര്യം അറിഞ്ഞപ്പോൾ അവൾക്ക് കൂടി നമ്മുടെയൊപ്പം ചേരാൻ ആഗ്രഹം ഉണ്ടെന്ന് പറഞ്ഞു. അവൾ ഒറ്റയ്ക്കായതുകൊണ്ടാണ് ഞാൻ സമ്മതിക്കാതിരുന്നത്. ഇപ്പോൾ നീതുവും സോഫിയും ഉണ്ടല്ലോ. അലക്സ് പ്ലീസ്.' അമീർ താഴ്ന്നു.

ഇതൊക്കെ കേട്ടിട്ട് നീതു എല്ലാവരെയും സൂക്ഷിച്ചുനോക്കി.

'എന്താ പറഞ്ഞത്. പ്രേതമോ. ഹ...ഹ...ഹ.. അതിനാണോ എല്ലാംകൂടി ഇവിടെ വന്ന് താമസിക്കുന്നത്. എന്തോ പ്രൊജക്റ്റ് എന്നുമാത്രം ബിനോയ് പറഞ്ഞിരുന്നു. അത് ഇതായിരിക്കുമെന്ന് വിചാരിച്ചില്ല. എനിക്ക് ഇതിലൊന്നും അത്ര വിശ്വാസമില്ല. അതുകൊണ്ട് നോ പ്രോബ്ലം. പിന്നെ അമീർ നിൻറെ കാര്യം നമുക്ക് ഓക്കേ ആക്കാം. അലക്സേ, ഞങ്ങളൊക്കെയില്ലേ. ആ കുട്ടി വരികയാണേൽ ഞങ്ങൾക്കും ഒരു കൂട്ടാകുമല്ലോ. ഞങ്ങൾ ആകെ രണ്ടുപേരല്ലേയുള്ളൂ. അലക്സ് നേരത്തേ പറഞ്ഞതുപോലെ വരുന്നിടത്തുവച്ച് കാണാമെന്ന് പറ, പ്ലീസ്...'

നീതു കെഞ്ചിപ്പറഞ്ഞു.

''ഹും, ബാക്കിയുള്ളവരുടെ അഭിപ്രായം എന്താ?'

അലക്സ് എല്ലാവരോടുമായി ചോദിച്ചു.

''അമീറിന് കുഴപ്പമില്ലേൽ പിന്നെ ഞങ്ങൾക്കെന്താ. വന്നോട്ടെ.'

ബിനോയ് പറഞ്ഞു. മറ്റുള്ളവരും അതിനോട് യോജിച്ചു.

'ശരി. പക്ഷേ ഒരു കാര്യം. നമ്മൾക്ക് ഒരാളെ ആവശ്യമുണ്ട്.'

അലക്സ് ഗൗരവത്തിൽ പറഞ്ഞു.

'ആരെ?'

സണ്ണി നെറ്റി ചുളിച്ചു.

'ഇതിനെയൊക്കെപ്പറ്റി നന്നായി അറിയാവുന്ന ഒരാളെ. എത്രയും വേഗം. അങ്ങനെയൊരാൾ കൂടെയുണ്ടെങ്കിൽ നമുക്ക് അതൊരു ധൈര്യവുമാകും.'

'അത് ശരിയാണ്. ഇനി അങ്ങോട്ട് അംഗങ്ങൾ കൂടുതലുമുണ്ടല്ലോ. അപ്പോൾ നമ്മൾ കരുതിയിരിക്കണം.'

ബിനോയ് പറഞ്ഞു.

'എനിക്കീ പൊട്ടത്തരങ്ങൾ കേട്ടിട്ട് ചിരിവരുന്നു. ഞാൻ പോയി കഴിക്കാൻ എന്തെങ്കിലും ഉണ്ടാക്കട്ടെ.'

ഇതും പറഞ്ഞ് നീതു അടുക്കളയിലേക്ക് പോയി.

'അവൾ പോട്ടേ, എനിക്കൊരാളെ അറിയാം. ഇടക്ക് ബീച്ചിൽ വന്നിരിക്കുന്നത് കാണാം പക്ഷേ അങ്ങേര് ഇതുവരെ ആരോടും മിണ്ടുന്നതോ മറ്റോ ഞാൻ കണ്ടിട്ടില്ല.'

'ഏതാടാ ബിനോയീ, ആ ഭ്രാന്തനോ.'

രാഹുൽ കളിയാക്കി.

'നിനക്കൊക്കെ അയാൾ ഭ്രാന്തനായിരിക്കും. പക്ഷേ അയാളെക്കുറിച്ച് നിനക്കൊക്കെ അറിയാഞ്ഞിട്ടാണ്. പുള്ളിക്കാരൻ ഓജോ ബോർഡ് വച്ചുകൊണ്ട് ആത്മാക്കളോട് സംസാരിക്കും ചുടുകാട്ടിൽ രാത്രികാലങ്ങളിൽ അലഞ്ഞു നടക്കും. ഇതൊക്കെ അയാളെക്കുറിച്ച് ഞാൻ തിരക്കിയപ്പോൾ അറിഞ്ഞതാണ്. എനിക്കെന്തോ ഇപ്പോൾ അയാളെ നമുക്കൊപ്പം കൂട്ടിയാൽ കൊള്ളാമെന്ന് തോന്നുന്നു. പക്ഷേ അയാൾ അതിനൊക്കെ സമ്മതിക്കുമോ എന്തോ?'

ബിനോയ് പറഞ്ഞു നിർത്തി.

'നിനക്കെന്താടാ വട്ടുപിടിച്ചോ. നമുക്ക് വേറെ വല്ല മന്ത്രവാദികളെയും നോക്കാം അലക്സേ.'

'ഓ, അങ്ങനയണേൽ നീ തന്നെ ഒരെണ്ണത്തിനെ കൊണ്ടുവാടാ സണ്ണീ.'

'ഹേയ്, നിങ്ങൾ വെറുതേ വഴക്കുപിടിക്കാതെ. കേട്ടിട്ട് അയാൾ തന്നെയാണ് നമുക്ക് പറ്റിയത്. കാരണം ഓജോ ബോർഡിനെപ്പറ്റി ഞാൻ ഒരുപാട് വായിച്ചിട്ടുണ്ട്. അത് ചെയ്യാനറിയുന്ന ഒരാൾ ആണെങ്കിൽ നമുക്ക് കൂടുതൽ ഉപകാരമാണ്. ഇനി ഒന്നും പറയാനില്ല. രാഹുലേ നീ എൻറെ കൂടെ വാ. ഇപ്പോൾ തന്നെ പുറപ്പെടാം നമുക്ക് സമയം കളയാനില്ല.'

‘അലക്സ്, ഞാൻ വന്നാൽ പോരേ?’

ബിനോയി തിരക്കി

‘വേണ്ട ബിനോയീ, നിൻറെ പ്രശ്നങ്ങളൊക്കെ തീർന്നിട്ട് നീ ഇനി പുറത്തിറങ്ങിയാൽ മതി. രാഹുലിനും അയാളെ അറിയാമല്ലോ. ഞങ്ങൾ അയാളെയും കൊണ്ടേ വരൂ. നിങ്ങളപ്പോഴേക്കും പെൺകുട്ടികൾക്ക് താമസിക്കാനുള്ള മുറി റെഡിയാക്ക്..’

അലക്സും രാഹുലും ഗേറ്റ് കടന്നു പോയി. ബാക്കിയുള്ളവർ അവരവരുടെ പണികളിൽ ഏർപ്പെട്ടു. അടുക്കളയിൽ തിരക്കിട്ട പാചകത്തിലായിരുന്നു നീതു. പെട്ടെന്നായിരുന്നു സ്റ്റോർ റൂമിൽ നിന്നും എന്തോ അനക്കം കേട്ടത്. അവൾ ചുറ്റും നോക്കി. അവിടെയെങ്ങും ആരുമില്ല എല്ലാവരും മുകളിലാണ്. അവൾ വീണ്ടും ശ്രദ്ധിച്ചു. അതെ, സ്റ്റോർ റൂമിൽ നിന്നും എന്തോ ശബ്ദം കേൾക്കുന്നുണ്ട്. സ്റ്റോർ റൂമിൻറെ അടഞ്ഞുകിടക്കുന്ന കതകിൽ നഖം ഇട്ടുരക്കുന്ന ശബ്ദം.

‘ബിനോയീ, നിൻറെ കളി എന്നോട് വേണ്ട. പോയി വേറെ പണി നോക്ക്.’

പക്ഷേ വീണ്ടും വീണ്ടും ആ ശബ്ദം കേട്ടുകൊണ്ടിരുന്നു.

‘ഓഹോ, ഇപ്പോ ശരിയാക്കിത്തരാം.’

അതും പറഞ്ഞുകൊണ്ട് അവൾ സ്റ്റോർ റൂമിൻറെ വാതിലിന് നേരേ നടന്നു. അപ്പോഴും അകത്തുനിന്നും നഖമിട്ടുരക്കുന്ന ശബ്ദം ഉച്ചത്തിൽ കേൾക്കുന്നുണ്ടായിരുന്നു.

‘നിർത്ത് ബിനോയീ. എനിക്ക് ഒരു പേടിയും വരുന്നില്ല.’

വീണ്ടും വീണ്ടും ശബ്ദം കേട്ടപ്പോൾ നീതുവിന് ദേഷ്യം വന്നു. അവൾ സ്റ്റോർ റൂമിൻറെ വാതിൽ തള്ളിത്തുറന്നു. വാതിൽ തുറന്നതും അവൾ അലറിവിളിച്ചുകരയാൻ തുടങ്ങി. അവളുടെ കരച്ചിൽ കേട്ട് ബിനോയ് ഉൾപ്പെടെ മുകളിൽ ഉണ്ടായിരുന്നവരെല്ലാം താഴേയ്ക്കോടി!



# എട്ട്

അവരെല്ലാം താഴെയെത്തിയപ്പോൾ നീതു നിലത്തുനിന്ന് എഴുന്നേൽക്കുകയായിരുന്നു.

'എന്താ നീതു, എന്താ ഉണ്ടായത്.'

അവളെ പിടിച്ചെഴുന്നേൽപ്പിച്ചുകൊണ്ട് ബിനോയ് ചോദിച്ചു.

'ആ മുറിയിൽ നിന്ന് എന്തോ ശബ്ദം കേട്ടാണ് ഞാൻ വാതിൽ തുറന്നത്. തുറന്നയുടൻ എന്തോ ഒരു ജന്തു പുറത്തേക്കോടിപ്പോയി.'

അവൾ അത് പറഞ്ഞപ്പോൾ രാഹുലും ആദർശും കൂടി പുറത്തേക്കോടി. അൽപം സമയം കഴിഞ്ഞപ്പോൾ അവർ തിരിച്ചെത്തി.

'അതൊരു മരപ്പട്ടിയാണ്. അത് രക്ഷപ്പെട്ടുകളഞ്ഞു. അടഞ്ഞുകിടന്ന മുറിയല്ലേ അതൊക്കെ ഉണ്ടാവും,' ആദർശ് പറഞ്ഞു.

ബിനോയ് നീതുവിന് കുടിക്കാനായി വെള്ളം കൊടുത്തുകൊണ്ട് അവളുടെ സമീപം നിലത്തിരുന്നു. പുറത്ത് ഓട്ടോറിക്ഷയിൽ ആരോ വന്നിറങ്ങുന്ന ശബ്ദം കേട്ട് നീതുവും ബിനോയിയും ഒഴികെ ബാക്കിയെല്ലാവരും അങ്ങോട്ടേക്ക് പോയി.

'നീ ഇത്ര നേരത്തേതന്നെ വന്നോ,' ഓട്ടോയിൽ നിന്നും ഇറങ്ങി വരുന്ന സോഫിയോട് സണ്ണി ചോദിച്ചു.

'പിന്നല്ലാതെ. നീതു ഇവിടെ ഒറ്റക്കല്ലേ. എൻറെ ഡ്രസ്സും അത്യാവശ്യ സാധനങ്ങളൊക്കെയും എടുത്ത് ഞാനിങ്ങ് പോന്നു.'

‘നിൻറെ സംസാരം കേട്ടിട്ട് എന്തോ ടൂർ വന്നപോലെയാണല്ലോ,’ വിവേക് കമൻറടിച്ചു.

‘അതേടാ. ഞാൻ ടൂർ വന്നതാ. എന്തേ നിനക്ക് പിടിച്ചില്ലേ.’

‘എടാ വിവേകേ മിണ്ടാതിരിക്ക്. നീ അവളുടെ ഒരു കൈയ്ക്കില്ല. ഇതാണ് ഇവളെ വിളിക്കണ്ടെന്ന് ഞാൻ അലക്സിനോട് പറഞ്ഞത്. ഇനി നീയൊക്കെ അനുഭവിച്ചോ.’

സണ്ണി നെടുവീർപ്പിട്ടു. സണ്ണിയെപ്പോലെതന്നെ സോഫിക്കും കുറച്ച് തടിയുണ്ട്.

‘മാറിനിക്കെടാ, വഴീന്ന്.’

ആദർശിനെ തള്ളിനീക്കി സോഫി പെട്ടികളുമായി അകത്തേക്കു പോയി. സോഫിയുടെ ശബ്ദം കേട്ട് ബിനോയിയും നീതുവും ഹാളിലേക്ക് വന്നു.

‘നീ വന്നോ. ഞാൻ എത്ര നേരമായി നോക്കിയിരിക്കുന്നു.’

അതും പറഞ്ഞുകൊണ്ട് നീതു അവളെ കെട്ടിപ്പിടിച്ചു.

‘അമ്പടി കേമീ, ഒടുവിൽ വേലി ചാടിയല്ലേ. ഐ ലൈക് ഇറ്റ്.’ നീതുവിൻറെ പുറത്ത് ശക്തിയിൽ തന്നെ രണ്ടടിയടിച്ച് സോഫി അഭിനന്ദിച്ചു.

അത് കേട്ട് എല്ലാവരും ചിരിച്ചു. അതേ സമയം സണ്ണി ഇതൊക്കെ കേട്ട് വായുംപൊളിച്ച് നിൽക്കുകയായിരുന്നു.

‘നീ വാ, ഞാൻ മുറി കാണിച്ചുതരാം.’

നീതു അവളേയും കൂട്ടിക്കൊണ്ട് മുകളിലേക്ക് പോയി.

‘അളിയാ, എൻറെ പെങ്ങൾ! അവളിനി എന്തൊക്കെ ഒപ്പിക്കുകാന്ന് കണ്ടറിയണം.’

സണ്ണി തലയ്ക്ക് കൈയ്യും കൊടുത്ത് നിലത്തിരുന്നു.

‘എടാ, നീയിങ്ങനെ പേടിക്കാതെ. ഞങ്ങൾ എല്ലാവരുമില്ലേ ഇവിടെ. അവൾക്ക് ഇവിടെ ഒരു കുഴപ്പവുമുണ്ടാകില്ല,’ ബിനോയ് പറഞ്ഞു.

‘അവൾക്കല്ലെടാ. നിനക്കൊക്കെയാ കുഴപ്പമുണ്ടാകാൻ പോകുന്നത്. ഇവളിൽ നിന്നും കുറച്ചുദിവസം രക്ഷപെടാനാണ് ഞാൻ ഈ പ്രേതാലയത്തിൽ വന്നത്. മിക്കവാറും അലക്സ് വേറെ ആരെയും വിളിക്കേണ്ടി വരില്ല. ഇവൾ ഇവിടെ താമസിച്ചാൽ മതി ഭൂതവും പിശാചുമൊക്കെ നാടുവിടും, ഒറപ്പ്’

‘പോടാ, അതൊക്കെ നിൻറെ തോന്നലാണ്. അവള് പാവമാ.’

‘എൻറെ ബിനോയീ, സ്വന്തം ആങ്ങളയായ ഞാൻ തന്നെ അവൾക്ക് സർട്ടിഫിക്കറ്റ് തരുമ്പോൾ പിന്നെ നീ അവൾ പാവമാണെന്ന് പറഞ്ഞിട്ട് ഒരു കാര്യവുമില്ല.’

സണ്ണി പറഞ്ഞത് കേട്ട് ബാക്കിയുള്ളവർ ചിരിച്ചു. കുറച്ചുസമയം കൊണ്ടുതന്നെ നീതുവും സോഫിയും കൂടി അടുക്കളയിൽ വീണ്ടും പണികൾ തുടങ്ങിയിരുന്നു. വൈകാതെ അവരെല്ലാവരും ഭക്ഷണം കഴിക്കാൻ ഒത്തുകൂടി. സോഫിയുടെയും സണ്ണിയുടെയും തീറ്റ കണ്ട് എല്ലാവരും അമ്പരന്നുപോയി. വാരിവലിച്ച് അകത്താക്കുകയാണ് രണ്ടുംകൂടി.

'എൻറമ്മേ, ഈ കാര്യത്തിൽ രണ്ടും ഒറ്റക്കെട്ടാ,' വിവേക് അവരുടെ തീറ്റ കണ്ട് പറഞ്ഞു.

ഭക്ഷണം കഴിച്ചുകഴിഞ്ഞ് എല്ലാവരും വിശ്രമിക്കാനായി ബാൽക്കണിയിൽ പോയിരുന്നു. നീതു ബിനോയിയോട് ചേർന്നിരുന്നു. അവൾ അപ്പോൾ വളരെ സന്തോഷവതിയായിരുന്നു.

'എടാ അമീറേ, ഐഷ എപ്പോഴാ വരുന്നത്?' അവൾ ചോദിച്ചു.

'അവൾ ഉച്ചകഴിഞ്ഞ് ട്രിവാൻഡ്രുത്ത് നിന്നും ട്രെയിൻ കയറുമെന്നാ പറഞ്ഞത്. ഇവിടെ സന്ധ്യക്ക് എത്തുമായിരിക്കും. റെയിൽവേ സ്റ്റേഷൻ ഇവിടെ അടുത്താണല്ലോ. അതുകൊണ്ട് ഞാൻ പോയി കൂട്ടികൊണ്ടുവന്നോളാം.'

'അവളുടെ വീട്ടിൽ എന്തെങ്കിലും പ്രശ്നം?'

'ഹേയ്, അതൊന്നുമില്ല. വെക്കേഷൻ സമയത്ത് അവൾ ഫ്രണ്ട്സിൻറെ വീട്ടിൽ പോയി നിൽക്കാറുണ്ട്. ഇടക്ക് അവളുടെ ഉമ്മ ഫോൺ വിളിക്കുമ്പോൾ നീതു അവളുടെ കൂട്ടുകാരിയാണെന്നും പറഞ്ഞ് സംസാരിച്ചാൽ മതി.'

'അതൊക്കെ ഞാനേറ്റു.'

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പുറത്തുപോയ അലക്സും രാഹുലും ഗേറ്റ് കടന്ന് വരുന്നത് എല്ലാവരും കണ്ടു. എല്ലാവരും ധൃതിയിൽ താഴേക്ക് പോയി. വാതിൽ തുറന്നപ്പോൾ അലക്സും രാഹുലും മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ.

ബിനോയ് പുറത്തേക്ക് തലയിട്ടുനോക്കി.

'അയാളെ കണ്ടില്ലേ?'

'കണ്ടു, പക്ഷേ...'

'അയാൾ കൂടെ വന്നില്ലല്ലോ?'

'വന്നില്ല, എന്നാൽ കഴിയും വിധം ഞാൻ വിളിച്ചുനോക്കി,' അലക്സ് നിരാശയോടെ പറഞ്ഞു.

'അലക്സും രാഹുലും വരൂ, ഞാൻ ഭക്ഷണം വിളമ്പാം.'

അതും പറഞ്ഞ് നീതു അടുക്കളയിലേക്ക് പോയി. സോഫിയും അവളെ അനുഗമിച്ചു.

'അലക്സേ, അലക്സ് ഇവിടെ നടന്ന കാര്യങ്ങളൊന്നും പറഞ്ഞില്ലേ. അതൊക്കെ കേട്ടാൽ ചിലപ്പോൾ അയാൾ വന്നേനേ,' ബിനോയ് പറഞ്ഞു

'ഞങ്ങൾ എല്ലാക്കാര്യങ്ങളും വിശദമായി പറഞ്ഞു. അയാൾക്ക് ഈ സ്ഥലവും അറിയാം. പക്ഷേ അയാൾ വന്നില്ല. അയാളെ ഞാൻ എവിടെയോ വച്ച് എപ്പോഴോ കണ്ടിട്ടുണ്ട്. ചിലപ്പോൾ പാർക്കിലോ മറ്റോ ആകും.'

'അലക്സേ ഇനി നമ്മൾ എന്താ ചെയ്യുക? ഇനിയിപ്പോൾ ആരെയാ സഹായത്തിനായി വിളിക്കുക?'

വിവേക് അത് ചോദിച്ചപ്പോൾ അലക്സ് ദൂരത്തേക്ക് നോക്കി. എന്നിട്ട് കൈയ്യിലിരുന്ന ഒരു പൊതി കൊണ്ടുവന്ന് മേശയുടെ പുറത്തുവച്ചു.

'ഇതിൽ മുഴുവൻ നമുക്കുള്ള രക്ഷയാണ്. എന്നുവച്ചാൽ കൊന്തമാലകളും കുരിശുമെല്ലാം. ഇതെല്ലാം എല്ലാഭാഗങ്ങളിലും ഇന്നുതന്നെ നമ്മൾ സ്ഥാപിക്കണം.'

ഭക്ഷണം എടുത്തുവച്ചു എന്ന് നീതു വിളിച്ചുപറഞ്ഞപ്പോൾ അലക്സും രാഹുലും അവിടേക്ക് പോയി. അവിടെവച്ച് നീതു സോഫിയെ അലക്സിന് പരിചയപ്പെടുത്തി.

സമയം കടന്നുപോയിക്കൊണ്ടിരുന്നു.

അമീർ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത് കണ്ട് സോഫി സൂക്ഷിച്ചു നോക്കി.

'നിനക്കെന്താടാ തിന്നിട്ട് കുത്തുന്നോ.'

'നീ പോടീ, കഴുതേ.'

'പിന്നെന്തിനാ ഇങ്ങനെ അച്ചാലുംമുച്ചാലും നടക്കുന്നത്.'

'ഐഷ ഇതുവരെയും വിളിച്ചില്ല. അങ്ങോട്ടു വിളിച്ചിട്ടാണേൽ കിട്ടുന്നുമില്ല.'

'ഓ, അതാണോ കാര്യം. ചിലപ്പോൾ ട്രെയിനിൽ ആയത് കൊണ്ടാകും വിളിച്ചിട്ട് കിട്ടാത്തത്. അവൾ ആലപ്പുഴയിൽ വന്നിട്ട് വിളിച്ചോളും. സമയം അഞ്ചുമണിയല്ലേ ആയുള്ളൂ. നീയിങ്ങനെ പേടിക്കാതെ. എന്തായാലും എന്നെപ്പോലെ തൻറേടമുള്ള ഒരു പെണ്ണല്ലേ അവളും. അവൾ വരും. ഇപ്പോൾ നീ വാ. അലക്സ് എല്ലാവരെയും വിളിക്കുന്നുണ്ട്.'

വൈകാതെ എല്ലാവരും ഹാളിൽ ഒത്തുകൂടി.

'സോഫിക്കും നീതുവിനും ഇവർ കാര്യങ്ങളൊക്കെ പറഞ്ഞുതന്നുകാണുമല്ലോ.'

അവർ രണ്ടും തലയാട്ടി.

'നമ്മൾ വളരെ കരുതലോടുകൂടിയേ ഇനി മുന്നോട്ടുപോകാവൂ. ഇന്നത്തെ രാത്രി ആരും തന്നെ പുറത്തിറങ്ങാനോ ഒറ്റയ്ക്കിരിക്കാനോ പാടില്ല. എല്ലാവരും അവരവരെത്തന്നെ സൂക്ഷിക്കുക. എൻറെ പ്രൊജക്റ്റ് തീരുമ്പോൾ എല്ലാവരും എൻറെയൊപ്പം തന്നെ വേണം. അതെൻറെ ആവശ്യമാണ്. പകൽ സമയങ്ങളിൽ ഇവിടെ നിങ്ങൾക്ക് പേടിക്കാൻ ഒന്നുംതന്നെയില്ല. പക്ഷേ രാത്രിയിൽ നടക്കുന്ന സംഭവങ്ങൾ നേരേ മറിച്ചാണ്.'

'പക്ഷേ അലക്സ്, ഈ പ്രൊജക്റ്റ് എവിടെയാണ് തുടങ്ങുക. എവിടെയാണ് അവസാനിപ്പിക്കുക. നമുക്ക് പിടിച്ചുകയറാൻ ഈ വീട് മാത്രമേയുള്ളൂ. അതാണേൽ രക്ഷകൾ ഉപയോഗിച്ച് നമ്മൾ സുരക്ഷിതമാക്കിയിരിക്കുകയാണ്. നമ്മൾ എങ്ങിനെയാണ് പ്രൊജക്റ്റ് തുടങ്ങുക,' ബിനോയ് ചോദിച്ചു.

'നീ പറഞ്ഞത് ശരിയാണ് ബിനോയ്. പക്ഷേ ഇപ്പോൾ ഇവർ പെൺകുട്ടികൾ ഉൾപ്പെടെ നിങ്ങൾ എല്ലാവരുടെയും ഉത്തരവാദിത്വം എനിക്കാണ്. നമ്മൾ മാത്രം വിചാരിച്ചാൽ നമ്മുടെ പ്രൊജക്റ്റ് ചെയ്യാനാവില്ല. അതാണ് ആ മനുഷ്യനെ ഇങ്ങോട്ടേക്ക് കൊണ്ടുവരാൻ തീരുമാനിച്ചത്. അയാളാണേൽ ഇവിടത്തെ കാര്യങ്ങളൊക്കെ കേട്ടിട്ട് ചിരിച്ചു. വീണ്ടും ഞാൻ കാര്യങ്ങൾ പറഞ്ഞപ്പോൾ അയാൾ എന്നെയൊന്ന് നോക്കിയശേഷം എഴുന്നേറ്റുപോയി. ഇനി അതുപോലെ മറ്റൊരാളെ കിട്ടുന്നതുവരെ നമുക്ക് പ്രൊജക്റ്റ് തുടരാനാവില്ല.'

'അപ്പോൾ നമ്മൾ ഇനിയെന്താ ചെയ്യുക?' സോഫി അവളുടെ സംശയം പതിയെ ചോദിച്ചു.

'നമ്മൾ ഇനി ചെയ്യേണ്ടത് മറ്റൊരാളെ കണ്ടെത്തുകയാണ്. അങ്ങനെയൊരാളെ കണ്ടെത്തുന്നതുവരെ നമുക്ക് ചെയ്യാൻ വേറേയും കുറച്ച് കാര്യങ്ങളുണ്ട്. ഇവിടെ മുമ്പ് നടന്ന കൂട്ടക്കൊലയെപ്പറ്റി അന്വേഷിച്ചുകൊണ്ടു വേണം പ്രോജക്ടിൻറെ തുടക്കം കുറിക്കാൻ.'

അലക്സ് പറഞ്ഞുനിർത്തിയപ്പോൾ എല്ലാവരും പരസ്പരം നോക്കി.

'ആ സംഭവങ്ങൾ നടന്നിട്ട് ഇപ്പോൾ ഒരുപാട് വർഷങ്ങൾ കഴിഞ്ഞു. നമ്മൾ ഒരുപാടുകാലം പുറകോട്ട് സഞ്ചരിക്കണം.'

'ശരിയാണ് ബിനോയ്, നമ്മൾ ഒരുപാടുകാലം പിന്നിലേക്ക് പോകണം. നാളെമുതൽ നമ്മൾ ഇവിടെ അരങ്ങേറിയ ആ കൂട്ടക്കൊലയുടെ ചുരുളുകൾ അഴിക്കാൻ പോകുന്നു.'

'യെസ്,' എല്ലാവരും ഒരുമിച്ച് പറഞ്ഞു.

പെട്ടെന്ന് അമീറിൻറെ ഫോൺ ബെല്ലടിച്ചു.

'ഹോ, ഐഷ ആണ്.'

അവൻറെ മുഖം തെളിഞ്ഞു.

'ഹലോ, ഐഷ, നീ എവിടെ എത്തി. ശരി, ഞാൻ സ്റ്റേഷനിൽ കാണും.'

അവൻ ഫോൺ വച്ചശേഷം അലക്സിനെ നോക്കി.

'ഐഷ വരുമ്പോൾ ഒൻപതു മണിയാവും. റെയിൽവേ ട്രാക്കിൽ എന്തോ കുഴപ്പമുണ്ടായി. ട്രെയിൻ ഇടയ്ക്ക് പിടിച്ചിട്ടു. അതാ ലേറ്റ് ആകുന്നത്. സാരമില്ല, ഞാൻ പോയി കൂട്ടിക്കൊണ്ടുവന്നോളാം.' അവൻ പറഞ്ഞു.

'സ്റ്റേഷനിൽ പോകാനായി നിൻറെ കൂടെ ആരെയെങ്കിലും കൂട്ടിക്കോളൂ. രാത്രി സമയമല്ലേ. പിന്നെ ഒൻപത് മണി എന്നുപറഞ്ഞാൽ അപ്പോൾ തന്നെ ട്രെയിൻ എത്തണമെന്നില്ല,' അലക്സ് പറഞ്ഞു.

'എങ്കിൽ ഞാൻ കൂടെപ്പോകാം. എനിക്ക് ഫോണും ഒന്ന് ചാർജ്ജ് ചെയ്യാനുണ്ട്.' ആദർശ് ഇടയ്ക്ക് കയറിപ്പറഞ്ഞു.

'ശരി, എങ്കിൽ നിങ്ങളൊരുമിച്ച് പൊയ്ക്കോളൂ.'

വീണ്ടും സമയം കടന്നുപോയിക്കൊണ്ടിരുന്നു. അന്തരീക്ഷം ഇരുളിൻറെ കൈകളിലമർന്നു. ആദർശും അമീറും സ്റ്റേഷനിലേക്ക് പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു.

'എടാ, ഒന്നുവാ. സമയം എട്ടര ആയി.'

ആദർശ് ധൃതികൂട്ടി.

'ദാ, വന്നു. നീ പോയി ജീപ്പ് സ്റ്റാർട്ട് ചെയ്യ്.'

അവർ രണ്ടുപേരും ഇറങ്ങാൻ തുടങ്ങിയപ്പോൾ സോഫി ഓടിവന്ന് മുന്നൂറ് രൂപ അമീറിൻറെ കൈയിൽ വച്ചുകൊടുത്തു.

'ഇതെന്തിനാടീ കാശ്.'

'നിങ്ങൾ ഏതായാലും പുറത്തുപോകുന്നതല്ലേ എനിക്ക് ഈ പൈസയ്ക്ക് കിട്ടുന്നത്രയും സ്നാക്സ് വാങ്ങിക്കൊണ്ടുത്തരണം. ടെൻഷൻ വന്നാൽ എനിക്ക് സ്നാക്സ്

തിന്നണം, അതാ.'

'ഹി ഹി ഹി. ശരി ശരി.'

അവർ ജീപ്പ് സ്റ്റാർട്ട് ചെയ്തുപോയി.

ബാക്കിയുള്ളവർ അകത്തുകയറി വാതിലടച്ചു.

ഹാളിലെ ക്ലോക്കിൽ നിന്നും പത്തുമണിയായി എന്നറിയിച്ചുകൊണ്ട് മണിനാദം മുഴങ്ങി. എല്ലാവരും തീൻമേശയിൽ പുറത്തുപോയവർ വന്നിട്ട് ഭക്ഷണം കഴിക്കാനായി കാത്തിരിക്കുകയായിരുന്നു.

'അവർ ഇതുവരെ വന്നില്ലല്ലോ. ബിനോയീ, നീ ഒന്നുവിളിച്ച് നോക്കിക്കേ.'

'ശ്ശേ, ഇവിടെ റേഞ്ച് തീരെയില്ല. ഈ വീട്ടിൽ ബാൽക്കണിയിൽ നിന്നാലേ റേഞ്ച് കിട്ടൂ. ഞാൻ ഒന്നുപോയി വിളിച്ചുനോക്കട്ടെ.'

അതും പറഞ്ഞുകൊണ്ട് അവൻ മുകളിലേക്ക് പോയി. സോഫി മേശപ്പുറത്തെ ഭക്ഷണം നോക്കി ഒരു നെടുവീർപ്പിട്ടു. മുകളിൽ പോയ ബിനോയ് അതിലും വേഗതയിൽ തിരിച്ചെത്തി.

'അലക്സ്, അവിടെ പുറത്ത്.'

'എന്താടാ പറയ്, പുറത്തെന്താ?'

'പുറത്ത് അവർ പോയ ജീപ്പ് പുറത്ത് കിടക്കുന്നു. പക്ഷേ, അവരെ പുറത്തൊന്നും കാണുന്നില്ല. ശബ്ദവുമൊന്നും കേൾക്കുന്നില്ല.'

അത് കേട്ടതും എല്ലാവരും പരിഭ്രാന്തരായി.

അവരെല്ലാവരും പുറത്തേക്കുള്ള വാതിലിന് നേരേയോടി.

വാതിൽ തുറന്നപ്പോൾ നിലാവെളിച്ചത്തിൽ വീട്ടിലേക്കുള്ള വഴിയുടെ മദ്ധ്യത്തിൽ ജീപ്പ് കിടക്കുന്നത് എല്ലാവരും കണ്ടു. പക്ഷേ അവിടെയൊന്നും അമീറിനെയോ ഐഷയെയോ ആദർശിനെയോ ആരും കണ്ടില്ല.

'അമീർ...'

ബിനോയി ഉച്ചത്തിൽ വിളിച്ചു.

പക്ഷേ എത്ര വിളിച്ചിട്ടും അവൻറെ വിളിക്ക് മറുപടിയൊന്നുമുണ്ടായില്ല.



## ഒമ്പത്

'അമീർ,' അവൻ വീണ്ടും വീണ്ടും വിളിച്ചു.

അതിനും മറുപടിയുണ്ടായില്ല.

'ബിനോയീ ഇവർ ഇവിടെ നിൽക്കട്ടെ. നമുക്ക് ഒന്ന് പോയി നോക്കിയിട്ടുവരാം.'

അലക്സ് ബിനോയിയേയും വിളിച്ചുകൊണ്ട് ജീപ്പിനടുത്തേക്ക് നടന്നു. ജീപ്പിനോട് അടുക്കുംതോറും ബിനോയിയുടെയും അലക്സിൻറെയും നെഞ്ചിടിപ്പ് കൂടിക്കൂടി വന്നു.

'അലക്സ്, ഇവിടെ ആരെയും കാണുന്നില്ലല്ലോ.'

ബിനോയ് അതുപറഞ്ഞതും കിണറ്റിൽ നിന്നും എന്തോ വലിയ ശബ്ദം കേട്ടു. അവർ ഉൾപ്പെടെ എല്ലാവരും അവിടേക്ക് ഞെട്ടിത്തിരിഞ്ഞു. കിണറിൻറെ കൈവരിക്ക് മുകളിൽ ആരോ കയറി നിൽക്കുന്നു. ബിനോയ് അലക്സിനെ മുറുകെപ്പിടിച്ചു. എന്നിട്ട് സംശയത്തോടെ വീണ്ടും അവിടേക്ക് നോക്കി.

'അലക്സേ അത് നമ്മുടെ ആദർശാണ്. അവനെന്താ അവിടെ. എടാ ആദർശേ...'

ആദർശിനെ ഉറക്കെ വിളിച്ചുകൊണ്ട് അവൻ അവിടേക്കോടി. ബിനോയിയുടെ പിറകേ അലക്സും. അവർ ഓടുന്നതുകണ്ട് ബാക്കിയുള്ളവരും ഓടി കിണറിനടുത്തെത്തി. അവിടെയെത്തിയപ്പോൾ എല്ലാവരും ബ്രേക്കിട്ടതുപോലെ നിന്നു. ആദർശ് കിണറിലേക്ക് നോക്കി ചിരിച്ചുകൊണ്ട് നിൽക്കുന്നു.

'ആദർശ്, എടാ,' അലക്സ് ഉറക്കെ വിളിച്ചു.

പക്ഷേ അവൻ ഒന്ന് നോക്കുകപോലും ചെയ്തില്ല. മറിച്ച് അവിടെത്തന്നെ നിന്ന് അങ്ങോട്ടുമിങ്ങോട്ടും ആടാൻ തുടങ്ങി.

'ദൈവമേ ഞാൻ കൊടുത്ത കാശിന് അവൻ കള്ളുകുടിച്ചുകാണും. അതും പോരാഞ്ഞിട്ട് നട്ടപ്പാതിരാക്ക് കിണറിൽ കയറി നിൽക്കുന്നു.'

സോഫി അത് പറഞ്ഞപ്പോൾ നീതു അവളുടെ വാ പൊത്തിപ്പിടിച്ചു.

'നീ മിണ്ടാതിരിക്ക് സോഫീ,' അവൾ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

'ആദർശ്,' അലക്സ് വീണ്ടും വിളിച്ചു.

ആ ശബ്ദംകേട്ട് ചുറ്റുപാടും കരഞ്ഞുകൊണ്ടിരുന്ന ചീവീടുകൾപോലും നിശബ്ദരായി. ആദർശ് പെട്ടെന്ന് തിരിഞ്ഞുനോക്കി. ബിനോയ് അവൻറെ മുഖത്തേക്ക് ടോർച്ചടിച്ചു. എല്ലാവരും അവൻറെ മുഖം കണ്ട് പേടിച്ചുപോയി. അവൻറെ കണ്ണുകളിൽ ചുവപ്പുനിറം വ്യാപിച്ചിരുന്നു. പല്ലുകൾ കൂട്ടിക്കടിച്ചിരുന്നു. കൈമുഷ്ടികൾ രണ്ടും ചുരുട്ടിപ്പിടിച്ചിരുന്നു.

എല്ലാവരേയും വീണ്ടും ഞെട്ടിച്ചുകൊണ്ട് വീടിനകത്തുനിന്നും നീണ്ട ഒരലർച്ച ഉയർന്നു. എല്ലാവരും ശബ്ദം കേട്ട ഭാഗത്തേക്ക് ശ്രദ്ധിച്ചു. സോഫി നീതുവിനെ കെട്ടിപ്പിടിച്ചു.

'നീതു, അതാരാ.'

'ലോറൻസ്. അവൻ നിങ്ങളെയാരെയും വെറുതേ വിടില്ല.'

സോഫി ചോദിച്ചുതീരും മുമ്പേ അവരുടെ പിന്നിൽ നിന്നും അതിനുള്ള മറുപടിയുയർന്നു. എല്ലാവരും വീണ്ടും ആദർശിലേക്ക് തിരിഞ്ഞു. അവനാണ് അത് പറഞ്ഞതെന്ന് ആർക്കും വിശ്വസിക്കാനായില്ല.

'എന്താടാ നീ പറഞ്ഞത്,' അലക്സ് ചോദിച്ചു.

'അതേ, അത് ലോറൻസാണ്. ഞങ്ങൾക്കൊക്കെ ഈ മരണമില്ലാത്ത ജീവിതം തന്നവൻ. അവൻ നിങ്ങളെയും കൊണ്ടുപോകും.'

'എങ്ങോട്ട് കൊണ്ടുപോകുമെന്ന്. ആരും എങ്ങും പോകില്ല. ഞങ്ങൾ ഇവിടെത്തന്നെയുണ്ട്. നിൻറെയൊക്കെ ലോറൻസ് ഞങ്ങളെ എന്തുചെയ്യുമെന്ന് കാണട്ടേ,' അലക്സ് ശബ്ദമുയർത്തി പറഞ്ഞു.

'എങ്കിലിതാ, ഇവനെ ഞങ്ങൾ കൊണ്ടുപോകുന്നു.'

അതും പറഞ്ഞുകൊണ്ട് ആദർശ് കിണറിലേക്കെടുത്ത് ചാടി. അലക്സ് അത് മുൻകൂട്ടിക്കണ്ടിരുന്നതുപോലെ അവൻറെ കൈകളിൽ കയറിപ്പിടിച്ചു. ബാക്കിയുള്ള ആണുങ്ങളും അവനെ പിടിച്ചുകയറ്റാൻ ശ്രമിച്ചു. സോഫിയും അവരുടെ കൂടെക്കൂടി. ഒടുവിൽ വളരെ പണിപ്പെട്ട് അവരെല്ലാവരും ചേർന്ന് അവനെ പുറത്തെത്തിച്ചു.

അപ്പോഴേക്കും ആദർശിൻറെ ബോധം പൂർണ്ണമായും നഷ്ടപ്പെട്ടിരുന്നു. ആദർശിനെ മുറിയിൽ കൊണ്ടുക്കിടത്തുമ്പോൾ അവൻ നന്നായി വിറയ്ക്കുന്നുണ്ടായിരുന്നു.

'അവൻ കുറച്ചുസമയം ഉറങ്ങട്ടേ. അവൻ ഉറങ്ങിയെണീറ്റാലേ നടന്ന കാര്യങ്ങൾ അറിയാൻ സാധിക്കു.'

അലക്സ് അത് പറഞ്ഞിട്ട് അവിടെ കിടന്ന കസേരയിൽ പോയിരുന്നു. ഓരോരുത്തരും കട്ടിലിലും നിലത്തുമൊക്കെയായി അവൻ ഉണരുന്നതും കാത്തിരുന്നു. പെട്ടെന്ന് പുറത്ത് ജീപ്പിൻറെ ശബ്ദംകേട്ട് എല്ലാവരും പരസ്പരം നോക്കി. ആരും ഇരുന്നിടത്തുനിന്നും അനങ്ങിയില്ല. തുടരെത്തുടരെയുള്ള കോളിംഗ് ബെല്ലടി കേട്ടപ്പോൾ അവർ അലക്സിനെ നോക്കി.

'ബിനോയിയും പെൺകുട്ടികളും ഇവിടെത്തന്നെ നിൽക്ക്. ഞങ്ങൾ ഒന്നുപോയി നോക്കിയിട്ട് വരാം.'

അലക്സ് മുന്നിൽ നടന്നു. പിന്നാലെ രാഹുലും സണ്ണിയും വിവേകും നടന്നു. അവർ വളരെ കരുതലോടെയാണ് ഓരോ ചുവടുകളുംവച്ചത്. പുറത്തെന്ത് സംഭാവിക്കുമെന്ന ചിന്ത കാരണം സോഫിക്ക് മുറിയിൽ ഇരിപ്പുറച്ചില്ല. അവൾ അവരുടെ പുറകേ പോയി. സോഫി പോകുന്നത് കണ്ടപ്പോൾ നീതു അവളുടെ പുറകേയോടി. ബിനോയിക്കും അതേ മാനസികാവസ്ഥയായിരുന്നു. അവൻ ആദർശിൻറെ അടുത്തുനിന്നും എഴുന്നേറ്റ് പുറത്തുവന്ന് താഴേക്ക് പടിക്കെട്ടുകൾ ഇറങ്ങിപ്പോകുന്ന തൻറെ കൂട്ടുകാരെ നോക്കിനിന്നു. അവന് അവിടെ നിന്നാൽ പുറത്തേക്കുള്ള വാതിലും അകത്തുകിടക്കുന്ന ആദർശിനെയും നന്നായി കാണാമായിരുന്നു. കോളിംഗ് ബെൽ വീണ്ടും മുഴങ്ങിക്കൊണ്ടിരുന്നു.

താഴെ എത്തിയപ്പോൾ എല്ലാവരുടെയും മുഖത്തെ പേടി ഇല്ലാതായി. കാരണം പുറത്തുനിന്നും കേൾക്കുന്ന സംസാരം അവർക്ക് പരിചിതമായിരുന്നു. അലക്സ് വേഗം ചെന്ന് വാതിൽ തുറന്നു.

'അയ്യോ,'

വാതിൽ തുറന്നതും അലക്സ് പിന്നിലേക്ക് മലർന്നടിച്ചു വീണു. ബാക്കിയുള്ളവരുടെ ഗതിയും അങ്ങനെയൊക്കെത്തന്നെയായിരുന്നു.

'എന്താ, എന്താ എല്ലാവർക്കും ഇതെന്തുപറ്റി.'

പുറത്തുനിന്നിരുന്ന അമീർ അവരുടെയെല്ലാം മുഖഭാവം കണ്ട് ചോദിച്ചു. പക്ഷേ എല്ലാവരുടെയും കണ്ണുകൾ ചെന്നുനിന്നത് അമീറിൻറെ കൂടെയുണ്ടായിരുന്ന ഐഷയിലുമല്ലായിരുന്നു. ജീപ്പ് പൂട്ടി താക്കോൽക്കൂട്ടവും കയ്യിൽ കറക്കിക്കൊണ്ടുവരുന്ന ആദർശിലായിരുന്നു. അപ്പോഴേക്കും ബിനോയിയും അവിടേക്ക് ഓടിയെത്തി.

'എന്താ?' അതും ചോദിച്ചുകൊണ്ട് അവൻ പുറത്തേക്ക് നോക്കി. അവനും ഞെട്ടിപ്പോയി.

'അയ്യോ, ആദർശ്! അപ്പോൾ അവിടെ?'

അവൻ അത് പറഞ്ഞപ്പോൾ എല്ലാവരും മുകളിലത്തെ മുറിയിലേക്ക് നോക്കി.

'എന്താ നിങ്ങൾക്കൊക്കെ പറ്റിയത്?'

സംഭവങ്ങളൊക്കെ കണ്ട് അമീർ വീണ്ടും ചോദിച്ചു. ഐഷയും അവരെയെല്ലാവരെയും ഉറ്റുനോക്കുകയായിരുന്നു.

'നമ്മൾ പോയ സമയത്ത് ഇവിടെ എന്തോ നടന്നിട്ടുണ്ട്. അമീറേ. ഐഷയേയും കൂട്ടി അകത്തേക്ക് വാ.'

അതും പറഞ്ഞുകൊണ്ട് ആദർശ് അകത്തേക്ക് നടന്നു. ആദർശ് അകത്തേക്ക് കയറിയപ്പോൾ എല്ലാവരും വഴിമാറിക്കൊടുത്തു. എല്ലാവരുടെയും നോട്ടം അവനിലേക്കായിരുന്നു

"ഹ... ഹ... ഹ... ഇവർക്കെല്ലാം എന്താ പറ്റിയത്?'

അലക്സ് വേഗം മുകളിലത്തെ നിലയിലേക്ക് ഓടി. കൂടെ ബാക്കിയുള്ളവരും പോയി. പുറത്തുനിന്നും വന്നവർ താഴെത്തന്നെ ഇതെല്ലാം നോക്കി നിന്നു.

'അമീർ എന്താ ഇതൊക്കെ. അവരെല്ലാം നന്നായി പേടിച്ചിട്ടുണ്ടല്ലോ,' ഐഷ അമീറിനെ നോക്കി പറഞ്ഞു.

അപ്പോഴേക്കും അലക്സും സംഘവും മുകളിലത്തെ മുറിയിൽ എത്തിയിരുന്നു. അവിടെയെത്തിയപ്പോൾ അവർ വീണ്ടും ഞെട്ടി. കിടക്ക ശൂന്യമായിരുന്നു.

'അപ്പോൾ നമ്മൾ ഇവിടെ കൊണ്ടുവന്നു കിടത്തിയത്?'

അലക്സ് തൻറെ വാക്കുകൾ മുഴമിപ്പിച്ചില്ല.

അവർ നടന്ന് താഴെയെത്തി. എല്ലാവരുടെയും മുഖം വാടിയിരുന്നു.

'എന്താ ബിനോയീ, എന്താ പ്രശ്നം?' ആദർശ് തിരക്കി.

'നീ തന്നെയാടാ പ്രശ്നം. നിന്നെ ഞങ്ങൾ കുറച്ചുസമയം മുമ്പ് മുറിയിൽ കൊണ്ടുക്കിടത്തിയതാണ്. ആ നീ ഇപ്പോൾ ഞങ്ങളുടെ മുന്നിൽ നിൽക്കുന്നു. പിന്നെയെങ്ങനെ പേടിക്കാതിരിക്കും.'

ബിനോയ് പാരവശ്യത്തോടെ പറഞ്ഞു.

'എന്താണുണ്ടായത്? കാര്യം വ്യക്തമാക്കി പറയ്.'

ബിനോയ് കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുത്തു.

'എനിക്ക് ഇവിടെ വന്നപ്പോൾ ഇതിലൊന്നും തീരെ വിശ്വാസമില്ലായിരുന്നു. പക്ഷേ ഇപ്പോൾ വിശ്വസിക്കാതെ വയ്യ.'

നീതു അത് പറഞ്ഞിട്ട് ഐഷയുടെ കൈയിൽ നിന്നും ബാഗും ബാക്കി സാധനങ്ങളും വാങ്ങി അവളെയും കൂട്ടി മുറിയിലേക്ക് നടന്നു. സോഫിയും അവരുടെ പിന്നാലെ പോയി.

'ബിനോയീ, നമ്മൾ ഇത്രയും രക്ഷകൾ ഇവിടെ വച്ചിട്ടും ആദർശിൻറെ വേഷത്തിൽ അവർ അകത്തുകടന്നു. അപ്പോൾ ഇന്നത്തെ ഈ രാത്രി ഇവിടെ എന്തും സംഭവിക്കാം! നമുക്ക് എത്രയുംവേഗം അയാളെ കണ്ടെത്തണം. ചുടുകാട്ടിലല്ലേ അയാളുടെ താമസം. നമുക്ക് അങ്ങോട്ടേക്ക് പോകാം, ഇപ്പോൾത്തന്നെ.'

'ഞാൻ പറഞ്ഞ ആളല്ലേ. ശരി അലക്സ് വരൂ. ഞാൻ ജീപ്പെടുക്കാം,' ബിനോയി പറഞ്ഞു.

‘അതിന് നമ്മൾ രണ്ടും മാത്രമല്ല എല്ലാവരുംകൂടിയാണ് അയാളെ കണ്ടുപിടിക്കാൻ പോകുന്നത്’

‘എല്ലാവരുംകൂടിയോ?’

‘അതേ, ഇവിടെ ഇവരെ മാത്രമായി നിർത്തുന്നത് സുരക്ഷിതമല്ല. അതുകൊണ്ട് ഇനിയങ്ങോട്ട് നമുക്ക് എല്ലാവർക്കും ഒരുമിച്ച് നീങ്ങാം. ജീപ്പിൽ എല്ലാവർക്കും കൂടി എങ്ങനെയെങ്കിലുമൊക്കെ അഡ്ജസ്റ്റ് ചെയ്ത് ഇരിക്കാം.’ അലക്സ് പറഞ്ഞു.

അത് കേട്ടപ്പോൾ ബിനോയി പെൺകുട്ടികളെ വിളിക്കാനായി മുറിയിലേക്ക് പോയി.

‘മൂന്നുപേരും ഇങ്ങുവന്നേ. നമുക്കെല്ലാവർക്കും കൂടി ജസ്റ്റ് ഒരു നൈറ്റ് ട്രിപ്പ് പോകാം.’

‘ആഹാ, എങ്ങോട്ടാ ബിനോയിച്ചായാ?’

അത് കേട്ടപ്പോൾ സോഫി സന്തോഷത്തോടെ ചോദിച്ചു

‘ചുടുകാട്ടിലോട്ട്.’

പെട്ടെന്ന് അവളുടെ മുഖത്തെ ചിരി മാഞ്ഞുപോയി. അൽപം സമയത്തിനകം അവരെയും വഹിച്ചുകൊണ്ട് ആ ജീപ്പ് ഗേറ്റ് കടന്നു പോയി. ബിനോയിയാണ് വണ്ടി ഓടിച്ചിരുന്നത്.

‘ഇനി എത്ര ദൂരം കാണും ബിനോയീ?’ ഇടയ്ക്ക് അലക്സ് ചോദിച്ചു

‘അഞ്ചുകിലോമീറ്റർ കൂടി കാണും. വഴിക്ക് ഇവളുടെ ചേട്ടന്മാർ കാണാതിരുന്നാൽ മതിയായിരുന്നു,’ അവൻ പറഞ്ഞു.

‘പിന്നേ, അവരിപ്പോൾ ഇവൾ ചാടിപ്പോയ സമാധാനത്തിൽ ഉറങ്ങുന്നുണ്ടാവും. ഇവളെയും തിരക്കി ഈ നട്ടപ്പാതിരയ്ക്ക് കറങ്ങി നടക്കുവല്ലേ.’

സണ്ണി കമൻററടിച്ചു.

‘നീ പോടാ, എൻറെ ചേട്ടന്മാർ എന്നെ പൊന്നുപോലെയാ നോക്കിയിരുന്നത്.’

‘എന്നിട്ടാണോ നീ ചാടിപ്പോന്നത്.’

‘ഒന്ന് നിർത്തുന്നുണ്ടോ.’

രാഹുൽ ദേഷ്യപ്പെട്ടു. അപ്പോൾ എല്ലാവരും നിശബ്ദരായി.

നഗരാതിർത്തി പിന്നിട്ട് വരുംതോറും വീടുകൾ കുറഞ്ഞു കുറഞ്ഞു വന്നു ചുറ്റുപാടും ഇരുട്ടുനിറഞ്ഞുകഴിഞ്ഞിരുന്നു. ഇടയ്ക്കിടക്ക് വഴിവിളക്കുകൾ കണ്ടത്. അവർക്ക് ആശ്വാസമായി. ബിനോയി പ്രധാന റോഡിൽ നിന്നും ഒരു ഇട റോഡിലേക്ക് വണ്ടി കയറ്റി. കുറച്ചുകൂടി വീണ്ടും ചെന്നപ്പോൾ ഒരു വലിയ ഗേറ്റ് കണ്ടു. അവൻ വണ്ടി അതിൻറെ മുൻപിൽ ഒതുക്കി നിർത്തി. ലൈറ്റ് ഓഫാക്കി..

‘അലക്സേ ഇതാണ് ആ ചുടുകാട്.’

അലക്സ് ജീപ്പിൽ നിന്നും പുറത്തിറങ്ങി. ചുറ്റുപാടും ഒന്ന് നിരീക്ഷിച്ച ശേഷം ഗേറ്റിനടുത്തേക്ക് നടന്നു. ബാക്കിയുള്ളവരും അലക്സിനെ അനുഗമിച്ചു.

സോഫിയും നീതുവും ഐഷയും കൈകൾ കോർത്തുപിടിച്ചിരുന്നു.

‘നീതു, ഞാൻ ആദ്യമായിട്ടാ ഇങ്ങനെയൊക്കെ വരുന്നത്.’

‘പിന്നെ ഞങ്ങളെന്താ എപ്പോഴും ഇവിടെ വരുമെന്നാണോ നിൻറെ വിചാരം?’

‘അങ്ങനെയല്ല.’

'ശ്ശ്, മിണ്ടാതിരിക്ക്.'

സംസാരം കേട്ട് ബിനോയ് തിരിഞ്ഞുനോക്കിയപ്പോൾ ഐഷ സോഫിയോടും നീതുവിനോടുമായി പറഞ്ഞു.

'നീയാരാടീ ഞങ്ങളെ മിണ്ടാതിരുത്താൻ.'

സോഫി കലിപ്പിച്ചു.'

'മിണ്ടാതിരിക്കെടീ വിവരക്കേടേ, ചുടുകാട്ടിലും അവളുടെ നാക്ക് അകത്ത് കിടക്കില്ല,' സണ്ണി സോഫിയോട് ചൂടായി

അലക്സിൻറെയും ബിനോയിയുടെയും കണ്ണുകൾ അപ്പോഴും അയാൾക്കുവേണ്ടി അവിടമാകെ പരതുകയായിരുന്നു.

ചുടുകാടിൻറെ ഒത്ത നടുവിൽ ഒരു വൈദ്യുതി ബൾബ് ഡിമ്മടിച്ച് പ്രകാശിക്കുന്നുണ്ടായിരുന്നു. അതിൻറെ വെളിച്ചത്തിൽ അവർ ചുറ്റും സൂക്ഷ്മമായി നോക്കി. അവിടത്തെ അന്തേവാസികളായ കുറച്ച് തെരുവ് നായ്ക്കൾ അവരെക്കണ്ട് മുരളുന്നുണ്ടായിരുന്നു.

പട്ടികളെ കണ്ടപ്പോൾ നീതു സോഫിയെയും ഐഷയെയും പിന്നിലാക്കി മുന്നിൽ കയറിനടന്നു. ഐഷക്ക് ഇതൊക്കെ കണ്ട് ചിരിവന്നു. സോഫി താഴെക്കിടന്നിരുന്ന ഒരു കല്ലെടുത്ത് നായ്ക്കളുടെ നേരേ എറിഞ്ഞു.

നായ്ക്കൾ കുരച്ചുകൊണ്ട് അവരുടെ നേരേ ചാടി.

'പോ പട്ടീ.'

സോഫി വീണ്ടും ഒരുകല്ലുകൂടി പെറുക്കിയെടുത്ത് കൂട്ടത്തിൽ നന്നായി കുരച്ചുകൊണ്ടിരുന്ന നായയെ ലക്ഷ്യം വച്ച് ഒരേറുകൊടുത്തു. ഏറുകൊണ്ടപ്പോൾ നായ്ക്കൾ ഓടിപ്പോയി. ചുടുകാടിൻറെ നടുവിൽ എത്തിയപ്പോൾ ഒരു ചിത എരിഞ്ഞുകൊണ്ടിരുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടു. വിശാലമായ ചുടുകാടായിരുന്നതിനാൽ അവർക്ക് അവിടെയൊക്കെ ചുറ്റേണ്ടിവന്നു.

'നാശം, അയാളെ ഇവിടെയൊന്നും കാണുന്നില്ലല്ലോ,' രാഹുൽ നിരാശപ്പെട്ടു.

'ശ്ശ്... ദേ, അങ്ങോട്ട് നോക്ക്. അവിടെ ആ വിറകുകൾ കൂട്ടിയിട്ടിരിക്കുന്നതിൻറെ പിന്നിൽ ഒരാൾ ഇരിക്കുന്നു.'

ഐഷ വിളിച്ചുപറഞ്ഞു. എല്ലാവരും അരണ്ട വെളിച്ചത്തിൽ അവിടേക്ക് സൂക്ഷിച്ചുനോക്കി. അലക്സിൻറെയും ബിനോയിയുടെയും രാഹുലിൻറെയും മുഖത്ത് സന്തോഷം നിറഞ്ഞു.

'ഹോ, ദൈവം നമ്മെ കൈവിട്ടിട്ടില്ല. അത് അയാളുതന്നെ! എല്ലാവരും വരൂ. നമ്മൾ എല്ലാവരും കൂടി പറഞ്ഞാൽ അയാൾ വരാതിരിക്കില്ല.'

എല്ലാവരും ധൃതിയിൽ അവിടേക്ക് നടന്നു. പെൺകുട്ടികൾ ഉൾപ്പെടെ അവർ അത്രയും പേരെ അവിടെ ഒരുമിച്ച് കണ്ടിട്ടും അവരെ ശ്രദ്ധിക്കാതെ അയാൾ ഒരു നാണയം കൈയിലിട്ട് തിരിച്ചുകൊണ്ടിരുന്നു.

'ചേട്ടാ, എന്നെ മനസ്സിലായോ. ഇന്ന് ബീച്ചിൽ വച്ച് ഞാൻ കുറച്ചു കാര്യങ്ങൾ പറഞ്ഞിരുന്നില്ലേ ആ വീട്ടിൽ താമസിക്കുന്ന ആൾക്കാരാണ് ഞങ്ങളെല്ലാവരും.

ഇനിയും ആരുടെയെങ്കിലും സഹായമില്ലാതെ ഞങ്ങൾക്ക് മുന്നോട്ടുപോകാനാവില്ല. ഞങ്ങൾ എല്ലാവരുടേയും അഭ്യർത്ഥനയാണ്. നിങ്ങൾ ഞങ്ങളുടെ കൂടെ വരണം. നിങ്ങൾക്ക് ഒരു കുറവും വരുത്താതെ ഞങ്ങൾ നോക്കിക്കോളാം. പ്ലീസ്...'

കുറച്ചുസമയം അയാൾ ഒന്നും മിണ്ടിയില്ല.

'പ്ലീസ് ചേട്ടാ.'

'പ്ലീസ് സർ,' എല്ലാവരും കൂടി പറഞ്ഞു.

'ഇല്ല, ഞാൻ വരില്ല.'

അയാൾ കാർക്കശ്യത്തോടെ പറഞ്ഞു.

'ഇനി നിങ്ങളോട് ഞാൻ ഒന്നും പറയില്ല.'

അതും പറഞ്ഞുകൊണ്ട് അലക്സ് കൈയ്യിലിരുന്ന തുണി അയാളുടെ മുഖത്തേക്ക് അമർത്തി. അയാൾ ഒന്ന് പിടഞ്ഞു എന്നിട്ട് മയങ്ങിവീണു.

'അത് കലക്കി. അലക്സിച്ചായാ,' സോഫി തുള്ളിച്ചാടി.

'ഇതല്ലാതെ നമുക്ക് മറ്റൊരു മാർഗ്ഗമില്ല. പിള്ളാരേ ഇയാളെ എടുത്ത് വണ്ടിയിലിട്.'

അതുപറഞ്ഞിട്ട് അലക്സ് ചുറ്റും നോക്കി. പരിസരം ശാന്തമായിരുന്നു. ഐഷയും നീതുവും ഇതൊക്കെക്കണ്ട് പരസ്പരം നോക്കി കണ്ണുമിഴിച്ചു.

സോഫി അവരെ നോക്കി കണ്ണിറുക്കിക്കാണിച്ചു.



## പത്ത്

അവർ തിരികെയെത്തിയപ്പോൾ സമയം രണ്ടുമണി കഴിഞ്ഞിരുന്നു. അവരെല്ലാവരും കൂടി അയളെ അകത്തെ ഒരു മുറിയിൽ കൊണ്ടുപോയി കിടത്തി.

'തൽക്കാലം ഇയാൾ ഇവിടെക്കിടക്കട്ടേ. അയാളുടെ തുണി സഞ്ചിയും അടുക്കൽത്തന്നെ വച്ചേക്ക്. ഇനി നമുക്കെല്ലാവർക്കും പോയി വിശ്രമിക്കാം.'

അലക്സ് അത് പറഞ്ഞപ്പോൾ എല്ലാവരും അവരവരുടെ മുറികളിലേക്ക് പോയി. സോഫിയും നീതുവും കൂടി ഐഷയെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി.

'ഇതാണ് നമ്മുടെ മുറി. എന്താ ഇഷ്ടായോ?'

മുറിയിലെത്തിയ ഉടനേ നീതു ഐഷയോട് ചോദിച്ചു.

'യെസ്, എനിക്ക് ഇഷ്ടമായി.'

സോഫി ഐഷയെ തുറിപ്പിച്ച് നോക്കി.

'നിനക്കിത് ഇഷ്ടമായില്ലേൽ എ സി റൂം തരുമെന്ന് കരുതിയോ?'

'ഹേയ്, അങ്ങനെയൊന്നും ഞാൻ പറഞ്ഞില്ലല്ലോ സോഫിച്ചേച്ചീ'

'പ്ഫാ, ആരാടീ നിൻറെ ചേച്ചി. എന്നെ കണ്ടിട്ട് നിനക്ക് ചേച്ചിയായിട്ട് തോന്നിയോ. നിനക്ക് എത്ര വയസ്സായെടീ.'

'പത്തൊൻപത്.'

‘ഹാ, എനിക്ക് പതിനാറ്വയസ്സേ ആയിട്ടുള്ളൂ. മനസ്സിലായോടീ.’

സോഫി പല്ലുകടിച്ചുകൊണ്ട് ഐഷയോട് ചോദിച്ചു.

‘ഇല്ലാ, മനസ്സിലായില്ല. ചുടുകാട്ടിൽ വെച്ച് തുടങ്ങിയതാണല്ലോ മോളുടെ ഡയലോഗടി. നിനക്ക് പതിനാറ് വയസ്സേയുള്ളൂവല്ലേ. ഞാൻ വിശ്വസിച്ചു. എന്നിട്ടാണോ പത്തൊൻപതുവയസ്സുള്ള എന്നെ എടീ പോടീന്ന് വിളിക്കുന്നത്. കൂടുതൽ നമ്പർ ഇറക്കിയാൽ ഒടിച്ചുമടക്കി വല്ല മൂലയ്ക്കുമിടും കേട്ടോടീ കപ്പച്ചീ.’

ഐഷ അതുപറഞ്ഞിട്ട് സോഫിയെ അടിമുടിയൊന്നു നോക്കി. സോഫി ഒരിക്കലും പ്രതീക്ഷിക്കാത്ത മറുപടിയായിരുന്നു അത്.

‘എന്താടീ നീയെന്നെ വിളിച്ചത്. കപ്പച്ചിയെന്നോ? നിനക്കിത്തിരി സൗന്ദര്യം ഉണ്ടെന്നുവെച്ച് ഐശ്വര്യാ റായി ആണെന്നാണോ വിചാരം?.’

‘ഛെ, നിർത്ത്. എന്താ സോഫീ പുതിയതായി വരുന്ന ഒരാളോട് ഇങ്ങനയാണോ പെരുമാറുന്നത്. ഐഷക്കും ഇങ്ങനെ വഴക്കടിക്കാനാണോ ഇഷ്ടം.’

നീതു ഇടയ്ക്കുകയറി ഇടപെട്ടു.

‘എനിക്ക് ഇതുപോലത്തെ സീനിയർ ചേച്ചിമാരെ ഒതുക്കി നല്ല പരിചയമാണ്. പിന്നെ ഇപ്പോൾ ഇങ്ങോട്ട് നമ്പർ ഇറക്കിയപ്പോൾ ഞാനും ചുമ്മാ ഒരു നമ്പർ ഇറക്കിയതല്ലേ. പിന്നെ കലിപ്പായിട്ടാണേലും ഞാൻ ഗ്ലാമർ ആണെന്ന് പറഞ്ഞതിന് സ്പെഷ്യൽ താങ്ക്സുണ്ട് കേട്ടോ സോഫിച്ചേച്ചീ. സോഫിച്ചേച്ചിയെപ്പറ്റി അമീർ എല്ലാം പറയാറുണ്ട്. എൻറെ മനസ്സിലുണ്ടായിരുന്ന ഏകദേശ രൂപവും ഇതുപോലെയായിരുന്നു.’

‘ഓഹോ അപ്പോൾ അവൻ എല്ലാം പറയാറുണ്ടാല്ലേ.’

‘അതേ, ഞാൻ ചേച്ചിക്കായി കുറേ സ്വീറ്റ്സ് വാങ്ങിയിട്ടുണ്ട്.’

‘എന്ത്! നീയെനിക്ക് സ്വീറ്റ്സ് വാങ്ങിയോ. അല്ലേലും എനിക്കറിയാമായിരുന്നെടി ഐഷേ നീ സ്നേഹമുള്ളവൾ ആണെന്ന്. ഞാൻ നിന്നെ ചുമ്മാ പേടിപ്പിച്ചതല്ലേ. നിനക്ക് വിഷമമായില്ലല്ലോ മോളേ?’

‘ഹേയ് ഇല്ലില്ല. ഞാനെല്ലാം തമാശയായി എടുത്തതേയുള്ളൂ.. എൻറെ ആ ചെറിയ ബാഗിൽ സ്വീറ്റ്സ് ഉണ്ട്. ചേച്ചി എടുത്തോളൂ.’

അതുകേട്ടപ്പോൾ മേശപ്പുറത്തിരുന്ന ബാഗിനടുത്തേക്ക് സോഫി ചാടിയെത്തി.

‘അപ്പോൾ സോഫിയെ മയക്കാനുള്ള ടിക്കൊക്കെ അമീർ പറഞ്ഞു തന്നുവല്ലേ.’

നീതു ഒരു കള്ളച്ചിരിയോടെ ചോദിച്ചു.

‘പിന്നേ, ചില്ലറ വിദ്യയൊക്കെ എനിക്കുമറിയാം നീതുവേച്ചീ.’

‘ഐഷ എന്താ പഠിക്കുന്നത്’

‘ഞാൻ സൈക്കോളജി ആദ്യവർഷം.’

‘ഓഹോ, അപ്പോൾ ആളുകളെയൊക്കെ മനസ്സിലാക്കാൻ നല്ല കഴിവുണ്ടാകുമല്ലോ.’

‘കുറച്ചൊക്കെ, എനിക്ക് നല്ല ക്ഷീണം. നമുക്ക് കിടക്കാം ചേച്ചീ.’

‘ശരി, വാ നമുക്ക് കിടക്കാം. സോഫി അതെല്ലാം തിന്നുതീർത്തിട്ടേ ഇനി വരൂ. എടീ. സോഫീ. ഞങ്ങൾ കിടക്കുകയാ. നീ അതെല്ലാം തിന്നുതീർത്തിട്ട് വന്ന് കിടക്കാൻ നോക്ക്. അലക്സ് പറഞ്ഞ കാര്യങ്ങളൊക്കെ ഓർമ്മയുണ്ടല്ലോ അല്ലേ.’

തീറ്റയിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന സോഫി അതുകേട്ടപ്പോൾ തീറ്റി നിർത്തി.

‘അയ്യോ, നിൽക്ക് നിൽക്ക്. ഞാനുമുണ്ട് കിടക്കാൻ.’

അതും പറഞ്ഞ് അവൾ ഓടിവന്ന് ഐഷയുടെയും നീതുവിൻറെയും ഇടയ്ക്ക് കയറിക്കിടന്നു. അവർ മൂന്നും പെട്ടെന്നുതന്നെ ഉറക്കത്തിലായി. മറ്റുമുറികളിലുള്ളവരും ഉറക്കംപിടിച്ചിരുന്നു. ക്ലോക്കിൽ മണി മൂന്നടിച്ചു. ആ ശബ്ദം കേട്ട് നീതു ഞെട്ടിയെഴുന്നേറ്റു. തിരിഞ്ഞുകിടന്ന് വീണ്ടും മയങ്ങാൻ തുടങ്ങിയപ്പോഴാണ് പുറത്താരോ സംസാരിക്കുന്നതായി അവൾക്ക് തോന്നിയത്.

അവൾ കിടന്നുകൊണ്ടുതന്നെ സംസാരം ശ്രദ്ധിക്കാൻ ശ്രമിച്ചു. പക്ഷേ പതിഞ്ഞ ശബ്ദമായിരുന്നതിനാൽ അവൾക്കൊന്നും തന്നെ വ്യക്തമായില്ല.

‘സോഫീ... ഡീ, സോഫീ... ശ്ശേ, എന്ത് ഉറക്കമാ. ഐഷാ, ഐഷാ...’

ഐഷ ഉറക്കപ്പിച്ചിൽ എഴുന്നേറ്റിരുന്നു കണ്ണുതിരുമ്മി.

‘എന്താ നീതുവേച്ചീ, എന്തുപറ്റി?’

‘പുറത്ത് ആരൊക്കയോ.’

‘അത് അവരായിരിക്കും. എന്തെങ്കിലും കുഴപ്പമുണ്ടായിക്കാണുമോ ചേച്ചീ.’

‘കുഴപ്പമൊന്നും കാണില്ല. വാ, നമുക്ക് പോയി നോക്കാം.’

‘അപ്പോൾ സോഫിച്ചേച്ചി.’

‘അവൾ ഉറങ്ങിക്കോട്ടേ. വേഗം വാ. നമ്മളെ അറിയിക്കാതെ അവരെന്താ ചെയ്യുന്നതെന്ന് നോക്കാം.’

നീതുവും ഐഷയും കൂടി പുറത്തേക്കുള്ള വാതിൽ മെല്ലെ തുറന്നു.

‘ശ്ശ്, അവർ താഴേക്ക് പോയെന്ന് തോന്നുന്നു. ഹാളിൽ നിന്നാണ് ശബ്ദം കേൾക്കുന്നത്.’

‘ശരിയാ, അമീറിൻറെ ശബ്ദവും കേൾക്കുന്നുണ്ട്. അപ്പോൾ പേടിക്കാനില്ല.’

‘അതേ.’

അവർ രണ്ടുംകൂടി ശബ്ദമുണ്ടാക്കാതെ താഴത്തെ നിലയിലെത്തി.

‘ചേച്ചീ അങ്ങോട്ട് നോക്ക്, അവരൊക്കെ പുറത്താണ്. അങ്ങോട്ട് ഓടിപ്പോകുന്നു. നമ്മളെ തനിച്ചാക്കി അവർ എങ്ങോട്ടാ ഈ രാത്രി.

‘ചിലപ്പോൾ ആ ഭ്രാന്തൻ രക്ഷപ്പെട്ടുകാണും. നമുക്ക് വേഗം അവരുടെയടുത്ത് എത്തണം.’

അവർ രണ്ടുംകൂടി വാതിലിൻറെ മുന്നിൽ നിൽക്കുമ്പോൾ നീതുവിൻറെ തോളിൽ ആരോ ശക്തിയിൽ പിടിച്ചു. അവൾ ഞെട്ടി തുള്ളിപ്പോയി. ഐഷയും പേടിച്ചു.

തിരിഞ്ഞുനോക്കിയപ്പോൾ സോഫി.

‘എന്നെ വിളിക്കാതെ നീയൊക്കെ എങ്ങോട്ടാ. ഞാൻ ഉണർന്നത് എൻറെ ഭാഗ്യം. അല്ലേൽ അവിടെ തനിച്ചുകിടന്ന് ഞാൻ പേടിച്ചേനേ.’

‘നീ ഉറങ്ങിക്കൊട്ടെയെന്ന് കരുതി. അതാ വിളിക്കാതിരുന്നത്. നീ നോക്കിക്കേ. നമ്മളെ തനിച്ചാക്കി ആണുങ്ങളെല്ലാം പുറത്തേക്ക് പോയി.’

‘ഓഹോ, അവന്മാരെല്ലാം കൊള്ളാമല്ലോ. വാ നമുക്കും ചെല്ലാം. നമ്മളെ കാണുമ്പോൾ അവര് ശരിക്കും ഞെട്ടിക്കോളും.’

സോഫി മുന്നിൽ നടന്നു. പിന്നാലെ ഐഷയും നീതുവും.

‘സോഫീ, ഇനി നേരത്തെയുണ്ടായതുപോലെ വല്ല കുഴപ്പവുമായിരിക്കുമോ.’

‘ഒന്ന് പോടീ നീതു. നോക്കിക്കേ. അവരെല്ലാവരുമുണ്ട്. അവർ കുറേ ദൂരമായി. വേഗം നടക്ക്. നമ്മൾ തനിച്ച് പതിയെപ്പോയാൽ ശരിയാവില്ല. വേഗം അവരുടെയൊപ്പം ചെന്നെത്താം. ഇപ്പോൾത്തന്നെ നമ്മൾ ഒരുപാട് പിന്നിലാണ്.’

അവർ മൂന്നുപേരും നടത്തത്തിൻറെ വേഗത കൂട്ടി. സോഫി നന്നായി കിതക്കുന്നുണ്ടായിരുന്നു. എങ്കിലും അവരുടെ കൂട്ടുകാരുടെ ശബ്ദം ലക്ഷ്യമാക്കി നടന്നുകൊണ്ടിരുന്നു. സോഫി മുന്നിൽ നടക്കുന്നതുകൊണ്ട് നീതുവിനും ഐഷക്കും പേടി തോന്നിയില്ല.

അപ്പോഴേക്കും ആ പെൺകുട്ടികൾ കെട്ടിടത്തിൻറെ പിന്നിലെ കാട്ടുപിടിച്ച ഇരുൾ മൂടിയ ഭാഗത്തേക്ക് ചെന്നെത്തിയിരുന്നു!



# പതിനൊന്ന്

പെട്ടെന്ന് അവർക്ക് മുന്നേ നടന്നിരുന്നവരുടെ ശബ്ദം നിലച്ചു. സംശയത്തോടെ പെൺകുട്ടികൾ അവിടെത്തന്നെ നിന്നു. സോഫി പിന്നാലെ നടന്നവരുടെ മുഖത്തേക്കുനോക്കി.

'നീതുവേച്ചീ, എന്തുപറ്റി?'

'അതാണ് ഞാനും നോക്കുന്നത്. സോഫീ, അവരെല്ലാം എവിടെപ്പോയി?'

'വാ, നമുക്ക് കുറച്ചുകൂടി മുന്നോട്ടുപോയിനോക്കാം.'

സോഫി വീണ്ടും നടന്നു. പിന്നാലെ ഐഷയും നീതുവും. കുറച്ച് നടന്നപ്പോൾ സോഫി സഡൻ ബ്രേക്കിട്ടതുപോലെ നിന്നു.

'എടീ നീതു, പണി പാളിയെടീ. അങ്ങോട്ട് നോക്ക്!'

സോഫി ചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് ഐഷയും നീതുവും നോക്കി. മങ്ങിയ വെളിച്ചത്തിൽ അവിടെ ഒരു യുവാവ് കയ്യിൽ കുരുക്കിട്ട കയറുമായി തിരിഞ്ഞുനിൽക്കുന്നു.

'അയ്യോ, അതാരാ?'

നീതു സോഫിയുടെ തോളിൽ പിടിച്ചു.

'ശ്ശ്, നീതു മിണ്ടല്ലേ. നീയൊക്കെ തോന്ന്യവാസം കാണിച്ചിട്ട്. ഹോ, നമുക്ക് എങ്ങനെയെങ്കിലും തിരിച്ച് മുറിയിലെത്തണം.'

'സോറി ഡാ... ഞങ്ങൾ ശബ്ദം കേട്ടപ്പോൾ,'

'ശ്ശ്, മിണ്ടാതെടീ. എന്തായാലും പറ്റിയത് പറ്റി. ഐഷക്ക് പേടിയുണ്ടോ?'

‘മ്... കുറച്ച്.’

‘പേടിക്കേണ്ടാ, നമുക്ക് എങ്ങനേയും രക്ഷപ്പെടാം.’

അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മുന്നിൽ നിന്നിരുന്നയാൾ കൈയ്യിലിരുന്ന കുരുക്ക് കറക്കാനും കൂട്ടത്തിൽ ചിരിക്കാനും തുടങ്ങി. അകലെനിന്ന ഏതോ പട്ടി നീട്ടി ഓരിയിട്ടു.

‘അയ്യോ, എൻറെ റബ്ബേ.’

ഐഷ പേടിച്ച് നിലവിളിച്ചു. കൂട്ടത്തിൽ നീതുവും കരയാൻ തുടങ്ങി. സോഫി പകച്ചുനിന്നു.

വീണ്ടും അവർ അയാളെ നോക്കി. അവർ ഞെട്ടിപ്പോയി കാരണം കാലുകൾ ചാലിക്കാതെ തന്നെ അയാൾ അവരിലേക്ക് അടുത്തുവന്നു.

‘നീതു, ഐഷേ, ഓടിക്കൊടീ.’

സോഫി അതും പറഞ്ഞിട്ട് മുന്നേ ഓടി. അത് കേൾക്കേണ്ട താമസം നീതുവും ഐഷയും പലവഴിക്കോടി. സോഫി ഓടുന്നതിനിടയിൽ തിരിഞ്ഞുനോക്കിയപ്പോൾ നീതു താഴെ വീണിട്ട് എഴുന്നേൽക്കുന്നത് കണ്ടു. ഐഷയെ കണ്ടതുമില്ല. സോഫി തിരിച്ചെത്തി അവളെ പിടിച്ചെഴുന്നേൽക്കുവാൻ സഹായിച്ചു.

‘നീതു, വേഗം വാ.’

‘സോഫീ... ഐഷയെവിടെ?’

‘അവൾ എങ്ങോട്ടോ ഓടിപ്പോയി. അയ്യോ, നീതു ദാ അയാൾ വരുന്നു!’

നീതു എഴുന്നേറ്റ് നോക്കിയപ്പോൾ തങ്ങളുടെ അടുത്തേക്ക് ആയാൽ വേഗം വരുന്നത് കണ്ടു.

‘ഐഷാ...’ അവൾ ഉച്ചത്തിൽ വിളിച്ചു.

ആ വിളികേട്ട് ഒരു മരത്തിന് പിന്നിൽ ഒളിച്ചിരുന്ന ഐഷ എത്തിനോക്കി. ദൂരെ നിന്നാണ് ആ വിളികേട്ടത്.

‘എന്തോ, നീതുവേച്ചീ...’ അവൾ ഉറക്കെ വിളിച്ചു.

അകലെ രണ്ട് നിഴലുകൾ ഓടിപ്പോകുന്നത് അവൾ കണ്ടു. ആ നിഴലുകൾക്ക് പിന്നാലെ കൈയ്യിൽ കുരുക്കുമായി ഒരാളും.

നീതുവും സോഫിയും അപകടത്തിൽപ്പെട്ടുവെന്ന് അവൾക്കുറപ്പായി അവളുടെ നെഞ്ചിടിപ്പ് വർദ്ധിച്ചു. വേറേ വഴി ഓടിയത് കൊണ്ടുമാത്രം തൽക്കാലം താൻ രക്ഷപ്പെട്ടുവെന്നവൾക്ക് മനസ്സിലായി. ശബ്ദമുണ്ടാക്കിയാൽ ആ നിഴൽ തന്നെത്തേടിയെത്തുമെന്ന് അവൾക്ക് ഉറപ്പായി. ഇരുട്ടിൽ അവളുടെ കണ്ണുകൾ ചുറ്റും പരതി. എങ്ങനേയും തിരിച്ച് മുറിയിലെത്താൻ അവൾ കൊതിച്ചു.

അൽപം സമയം കഴിഞ്ഞപ്പോൾ ചുറ്റുപാടെല്ലാം ശാന്തമായി. അവൾ ഒരു ദീർഘ നിശ്വാസം വിട്ടു.

നടന്നാൽ കരിയിലയിൽ കാലുരസ്സി ശബ്ദമുണ്ടാകുമെന്ന്കരുതി അവൾ മുട്ടിൽ നിരങ്ങി മുന്നോട്ടുപോയി. മരത്തിൻറെ വേരുകൾ കാൽമുട്ടിൽ ഉരഞ്ഞ് വേദനകൊണ്ടവൾ കൈകൾ മണ്ണിലമർത്തി.

പെട്ടെന്ന് തൻറെ തലയിൽ എന്തോ തട്ടിയതായി അവൾക്ക് തോന്നി. പേടിച്ചിട്ട് അവൾ കുറച്ചുസമയം ചുറ്റും നോക്കിയില്ല. പിന്നെ സകല ധൈര്യവും കൈവരിച്ചുകൊണ്ട് അവൾ മുകളിലേക്ക് നോക്കി.

'ആ... അയ്യോ.... അയ്യോ...'

അവൾ അലറിവിളിച്ചുകരഞ്ഞു. അവളുടെ തലയ്ക്കുമുകളിൽ ബിനോയി കെട്ടിത്തൂങ്ങിക്കിടക്കുന്നു. അവൾ പേടിച്ചരണ്ട് പിന്നോട്ട് നീങ്ങി നിലത്തുനിന്നും പിടഞ്ഞെണീറ്റു.

അപ്പോഴേക്കും തൂങ്ങിക്കിടക്കുന്ന ശവം ആടാൻ തുടങ്ങിയിരുന്നു.

'ബിനോയീ, അയ്യോ... എൻറുമ്മാ... പൊന്നുറബ്ബേ...'

അവൾ അവിടെനിന്നും ഓടാൻ തുടങ്ങി അപ്പോഴാണ് തൊട്ടുമുന്നിൽ കുരുക്കിട്ട കയറും കറക്കിക്കൊണ്ട് അമീർ നിൽക്കുന്നത് കണ്ടത്.

'ഹയ്യോ, അമീർ... വേണ്ടാ.'

അവൾ കരഞ്ഞുകൊണ്ട് നീതുവും സോഫിയും ഓടിയ വഴിയേയോടി. പെട്ടെന്നവൾ നിന്നു. മുന്നിൽ ഒരാൾ തൻറെ നേരേ വരുന്നു.

തൻറെ കഥ അവിടെ അവസാനിക്കുമെന്നവൾക്ക് തോന്നി. പക്ഷേ തനിക്ക് നേരേ നടന്നടുക്കുന്നയാളെ കണ്ടപ്പോൾ അവൾക്ക് ആശ്വാസമായി.

"കൂട്ടുകാരുടെ വേഷംകെട്ടി തന്നെ കൊല്ലാൻ വന്നതുപോലെ ഇതും അങ്ങനെയോന്നായിരിക്കുമോ." അവൾ മനസ്സിൽ ആലോചിച്ചു.

ദൈവം അവസാനമായി തനിക്കുതന്നെ രക്ഷകനായിക്കുമെന്ന വിശ്വാസത്തിൽ അവൾ അയാൾക്ക് നേരേയോടി.

'ഇക്കാ, എന്നെ രക്ഷിക്കണേ.'

ഓടിവന്ന് തൻറെ കൈകളിൽ വീണ ഐഷയെ അയാൾ തൻറെ പിന്നിലേക്ക് മാറ്റിനിർത്തി.

'വികൃതികൾ കാണിക്കാതെ ദൂരെപ്പോ, ഇല്ലെങ്കിൽ ഞാനാരാണെന്ന് നിങ്ങളറിയും.'

അത് പറഞ്ഞിട്ട് അയാൾ കഴുത്തിൽ കിടന്ന രുദ്രാക്ഷമാല വലിച്ചുപൊട്ടിച്ചു. എന്നിട്ട് രുദ്രാക്ഷങ്ങൾ മുന്നോട്ട് വലിച്ചെറിഞ്ഞു. ചുറ്റുപാടുനിന്നും ഒരുപാട് അലർച്ചകൾ പ്രതിഫലിച്ചു. പെട്ടെന്നുതന്നെ എല്ലാം ശാന്തമായി.

'ഇക്കാ, നീതുവേച്ചിയും സോഫിയേച്ചിയും?'

'പേടിക്കണ്ടാ, അവർ സുരക്ഷിതരാണ്.'

'ഇക്ക ഞങ്ങളോട് ക്ഷമിക്കണം. ഇക്ക വരില്ല എന്ന് തീർത്തുപറഞ്ഞതുകൊണ്ടാണ് ചുടുകാട്ടിൽനിന്ന് ഇക്കയെ ബോധം കെടുത്തി ഇങ്ങോട്ടേക്ക് കൊണ്ടുവന്നത്.'

'മതി, നിർത്ത്. സർവ്വേശ്വരൻ എനിക്ക് അങ്ങനെയൊരു വിധി കൽപ്പിച്ചിരുന്നിരിക്കണം. അതാണല്ലോ മൂന്ന് പെൺകുട്ടികളെ ഈ നട്ടപ്പാതിരായ്ക്ക് എനിക്ക് രക്ഷിക്കാനായത്.'

അയാൾ അവളുടെ കൈയ്യിൽ പിടിച്ചുകൊണ്ട് മുന്നോട്ടുനടന്നു.

‘താങ്ക്സ് ഇക്ക.’

‘ആദ്യം ഈ ഇക്ക വിളി അവസാനിപ്പിക്കൂ. എനിക്കിപ്പോൾ മുപ്പത് വയസ്സുണ്ട്. എന്നേക്കാൾ മുതിർന്നവരോ ഇളയവരോ എൻറെ പേര് വിളിച്ച് ബഹുമാനിക്കുന്നതാണ് എനിക്കിഷ്ടം. ഒരാൾക്ക് ഒരൊറ്റ പര്യായമേയുള്ളൂ അതാണ് അവരവരുടെ സ്വന്തം പേര്. വിശ്വം, അത് എൻറെ പര്യായമാണ്. അങ്ങനെ എന്നെ വിളിച്ചാൽ മതി.’

‘വിശ്വം,’

‘ഹാ, വരൂ.’

അവർ നടന്ന് മരക്കൂട്ടങ്ങൾക്ക് പുറത്തെത്തിയപ്പോൾ അവിടെ സോഫിയും നീതുവും കാത്തുനിൽപ്പുണ്ടായിരുന്നു. ഐഷയെ കണ്ടപ്പോൾ അവർ ഓടിയെത്തി അവളെ കെട്ടിപ്പിടിച്ചു. നീതു നന്ദിയോടെ വിശ്വത്തെ നോക്കിച്ചിരിച്ചു.

‘ഹാവൂ, സമാധാനമായി.’

സോഫി പറഞ്ഞു.

‘തക്ക സമയത്ത് ചേട്ടൻ വന്നില്ലായിരുന്നുവെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു.’

‘ചേട്ടനല്ല, നീതുവേച്ചീ വിശ്വം. അങ്ങനെയേ വിളിക്കാവൂ എന്ന് പറഞ്ഞു.’

‘ഓഹോ, നീ ആ സമയംകൊണ്ട് പേരും നാളുമൊക്കെ ചോദിച്ചു മനസ്സിലാക്കിയോടീ ഐഷേ?’

‘പിന്നല്ലാതെ,’

വിശ്വം ഐഷയെ ഒന്ന് നോക്കി.

‘ഇപ്പോൾ ഇവിടെ നടന്നത് ആരും അറിയണ്ട. അറിഞ്ഞാൽ എനിക്ക് കുഴപ്പമില്ല. നിങ്ങൾക്കാണ് കുഴപ്പം. വരൂ, തിരിച്ച് മുറികളിലേക്ക് പോകാം. നിങ്ങൾക്ക് മുന്നോട്ടുപോകാനായി എന്നാൽ കഴിയും വിധം ഞാനും സഹായിക്കാം. അതിനായി ദൈവം എന്നെയാണ് വിധിച്ചതെന്ന് എൻറെ മനസ്സ് പറയുന്നു. അതിൽ മാറ്റമുണ്ടാകുന്നതുവരെ നിങ്ങളുടെയൊപ്പം ഞാനും ഇവിടെത്തന്നെ കഴിയാം.’

വിശ്വം മൂന്നുപേരെയും നോക്കിപ്പറഞ്ഞു.

അവർ മൂന്നുപേരും പരസ്പരം നോക്കി.

‘സത്യമാണോ വിശ്വം ഇപ്പോൾ പറഞ്ഞത്? ഞങ്ങളുടെയൊപ്പം നിങ്ങൾ ഇവിടെ താമസിക്കുമോ?’

‘തീർച്ചയായും, നിങ്ങൾ ഈ പദ്ധതിയിൽ നിന്നും പിന്തിരിയാൻ വേണ്ടിയാണ് ഞാൻ ഇങ്ങോട്ടേക്ക് വരില്ലെന്ന് വാശിപിടിച്ചത്. പക്ഷേ എല്ലാം എൻറെ തീരുമാനം പോലെ നടക്കില്ലല്ലോ. ഇതിനൊക്കെ അന്ത്യം ഉണ്ടാക്കാനായി ദൈവം കണ്ടെത്തിയത് എന്നെയാകും.’

‘അപ്പോൾ വിശ്വത്തിന് ഇതിനുമുന്നേ ഈ വീടും പരിസരവും അറിയാമോ?’

സോഫി സംശയത്തോടെ ചോദിച്ചു.

‘അറിയാം, പുറംലോകം അറിയുന്നതിനേക്കാൾ.’

‘എന്നുവെച്ചാൽ? തെളിച്ചുപറ.’

‘എന്നുവെച്ചാൽ, അതുതന്നെ. എല്ലാം നമുക്ക് വഴിയേ കണ്ടറിയാമല്ലോ. ഒന്നിനും തിടുക്കം വേണ്ട. ഇപ്പോൾ തൽക്കാലം നമുക്ക് പഴയതുപോലെ മുറികളിലെത്താം.’

അപ്പോഴേക്കും അവർ ആ കെട്ടിടത്തിൻറെ മുൻവശത്ത് എത്തിയിരുന്നു. വിശ്വത്തെ ഒന്ന് നോക്കിയ ശേഷം ശബ്ദമുണ്ടാക്കാതെ പെൺകുട്ടികൾ പടികൾ കയറി മുകളിലേക്ക് പോയി. വിശ്വം തന്നെ അവർ കൊണ്ടുക്കിടത്തിയ മുറിയിലേക്കും പോയി. മുറിയിൽ കയറിയ ഉടനേ നീതുവും ഐഷയും കട്ടിലിലേക്ക് വീണു.

‘ഹോ, ഒരു ദുഃസ്വപ്നം കണ്ട പ്രതീതി.’


ഐഷ പറഞ്ഞു.

‘താടിയും മുടിയുമൊക്കെ വെട്ടിയാൽ അയാൾ നല്ല സുന്ദരനായിരിക്കുമല്ലേ,’ സോഫി നെടുവീർപ്പിട്ടു.

‘ഓ, സണ്ണിയെക്കൊണ്ട് നമുക്കൊന്ന് പറയിപ്പിച്ചുനോക്കാം,’ നീതു അവളെ കളിയാക്കി.

‘പോടീ, പോയി കിടന്ന് ഉറങ്ങാൻ നോക്ക്.’ അതും പറഞ്ഞ് സോഫി രണ്ടുപേരുടെയും ഇടയിലേക്ക് വീണു.

അപ്പോൾ ക്ലോക്കിലെ മണി അഞ്ചുതവണ മുഴങ്ങി.




## പന്ത്രണ്ട്

രാവിലെ അമീർ വന്ന് കതകിൽത്തട്ടിയപ്പോഴാണ് പെൺകുട്ടികൾ എഴുന്നേറ്റത്. ഐഷ ചെന്ന് വാതിൽ തുറന്നു.

'എന്ത് ഉറക്കമാടീ ഇത്, ആണുങ്ങളെല്ലാവരും എഴുന്നേറ്റിട്ടും നിനക്കൊന്നും എണീക്കാനായില്ലേ! സമയം എട്ടുമണിയായി.'

'ഹം, ഇന്നലെ രാത്രിയിലെ ക്ഷീണം കാരണം രാവിലെയായതറിഞ്ഞില്ല.'

'അതിന് രാത്രി നീയൊക്കെയല്ലേ ആദ്യം കിടന്നത്. ചെല്ല്, ചെന്ന് ചായ ഉണ്ടാക്ക്.'

അമീർ അവിടെനിന്നും തിരിച്ച് മുറിയിലേക്ക് പോയി. കുറച്ച് കഴിഞ്ഞപ്പോൾ നീതുവും ഐഷയും കൂടി ചായയുമായി ആണുങ്ങളുടെ മുറിയിലെത്തി. അവിടെ കാര്യമായ ചർച്ചകൾ നടക്കുകയായിരുന്നു അപ്പോൾ.

'എന്താ എല്ലാവരും ഭയങ്കര സീരിയസ് ചർച്ചയാണല്ലോ.'

ഐഷ തിരക്കി.

'അതേ, നമ്മൾ തട്ടിക്കൊണ്ടുവന്ന ആ മനുഷ്യൻ ഇതുവരെ ഉണർന്നിട്ടില്ല. അയാൾ ഉണരുമ്പോൾ തീർച്ചയായും ബഹളം വയ്ക്കും. എന്തുചെയ്യുമെന്നാ ഞങ്ങൾ ആലോചിക്കുന്നത്.'

അലക്സ് ജനലിലൂടെ പുറത്തേക്ക് നോക്കിക്കൊണ്ട് പറഞ്ഞു.

‘അയ്യേ, അതിനാണോ ഈ ചർച്ച. വിശ്വത്തിന് ചായ കൊടുത്തിട്ടാ ഞങ്ങൾ ഇങ്ങോട്ടേക്ക് വന്നത്. അയാൾ നമ്മുടെ കൂടെ നിൽക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്,’ നീതു പറഞ്ഞു.

‘എന്ത്? അയാളുടെ പേര് വിശ്വം എന്നാണോ? അയാൾ ഇവിടെ നിൽക്കാൻ സമ്മതിച്ചെന്നോ? എനിക്കൊന്നും മനസ്സിലാകുന്നില്ല!’

ബിനോയി നീതുവിനെ നോക്കിപ്പറഞ്ഞു.

‘അതേ, ഞാൻ നിങ്ങളുടെയൊപ്പം നിൽക്കാം.’

ആ പരിചിതമല്ലാത്ത ശബ്ദം കേട്ടപ്പോൾ എല്ലാവരും മുറിയുടെ വാതിൽക്കലേക്ക് ഉറ്റുനോക്കി.

‘വിശ്വം,’ നീതുവും ഐഷയും ഒരുമിച്ച് പറഞ്ഞു. ആണുങ്ങളെല്ലാവരും ഇരുന്നിടത്തുനിന്നും എഴുന്നേറ്റു. വിശ്വം കുളിച്ച് നല്ല വൃത്തിയിൽ കാണപ്പെട്ടു. ഇപ്പോൾ അയാളെ കണ്ടാൽ അലഞ്ഞുനടക്കുന്ന ഒരാളായി ആരും സങ്കൽപ്പിക്കുക പോലുമില്ലായിരുന്നു. ആരും ഒന്നുംതന്നെ സംസാരിച്ചില്ല.

വിശ്വം തുടർന്നു, ‘നിങ്ങൾ എന്നെ ഇവിടേക്ക് കൊണ്ടുവന്നത് ദൈവനിശ്ചയമായി മാത്രം ഞാൻ കാണുന്നു. അതിൻറെ മുമ്പുണ്ടായ സംഭവങ്ങളൊക്കെയും ഇപ്പോൾ ഞാൻ മറക്കുന്നു.’

അത് കേട്ടപ്പോഴാണ് ആണുങ്ങളിൽ മിക്കവർക്കും ശ്വാസം നേരേ വീണത്. അലക്സ് മുഖത്തൊരു പുഞ്ചിരിയോടെ വിശ്വത്തിന് കൈകൊടുത്തു. ബാക്കി ഓരോരുത്തരായി വന്ന് വിശ്വത്തിനോട് സ്വന്തം പേരുകൾ പറഞ്ഞുകൊടുത്തുകൊണ്ട് കൈകൊടുത്തു.

സോഫി അപ്പോഴാണ് കുളി കഴിഞ്ഞ് അവരുടെ മുറിയിലേക്ക് ചെന്നത്. എല്ലാവരുടെയും നിൽപ്പ് കണ്ടപ്പോൾ സോഫി സണ്ണിയെ നോക്കി. അവൻ അവളെ ഗൗരവത്തിൽ ഒന്ന് നോക്കി.

‘അപ്പോൾ ഇന്നലെ നടന്നതെല്ലാം ഇവരോട് പറഞ്ഞുകൊടുത്തുവല്ലേ?’

‘എന്ത് ഇന്നലെ നടന്നുവെന്ന്?’ അലക്സ് സോഫിയോട് ചോദിച്ചു.

പെട്ടെന്ന് നീതുവിൻറെയും ഐഷയുടെയും മുഖത്ത് പരിഭ്രമമുണ്ടായി.

‘അത്... ഇന്നലെ സ്വീറ്റ്സ് ഒരുപാട് തിന്നിട്ട് സോഫിക്ക് വയറുവേദനയുണ്ടായി. അപ്പോൾ ഉറങ്ങാൻ വൈകി. ആ കാര്യം ആരോടും പറയേണ്ടാന്ന് അവൾ പറഞ്ഞിരുന്നു. അതാ അവള് ഇപ്പോൾ അങ്ങനെ പറഞ്ഞത്.’

നീതു പെട്ടെന്ന് കയറിപ്പറഞ്ഞു. അതുപറഞ്ഞിട്ട് അവൾ സോഫിയെ നോക്കി. സോഫി അവളെ കൊഞ്ഞനംകുത്തി കാണിച്ചു.

സമയം വീണ്ടും കടന്നുപോയിക്കൊണ്ടിരുന്നു. ഉച്ചയൂണിനുശേഷം എല്ലാവരും ബാൽക്കണിയിൽ ഒത്തുകൂടി. അവരുടെ ചർച്ചയ്ക്ക് വിശ്വം തുടക്കം കുറിച്ചു.

‘അലക്സ് എന്നോട് കാര്യങ്ങളൊക്കെ പറഞ്ഞു. പക്ഷേ നിങ്ങൾക്ക് ആർക്കും ഇവിടെ നടന്ന അരുംകൊലകളെപ്പറ്റി അറിയില്ലല്ലോ?’

ഇല്ല എന്ന രീതിയിൽ എല്ലാവരും തലയാട്ടി.

‘എങ്കിൽ എനിക്കറിയാവുന്നത് ഞാൻ നിങ്ങളോട് പറയാം.’

വിശ്വം പറഞ്ഞുതുടങ്ങിയപ്പോൾ അലക്സ് പ്രൊജക്റ്റിൻറെ ആവശ്യങ്ങൾക്കായി കൊണ്ടുവന്ന ഹാൻഡി ക്യാമറ ഓൺ ചെയ്ത് വിശ്വത്തിനു മുന്നിൽ വച്ചു. കഥ കേൾക്കാനുള്ള ആവേശത്തിൽ എല്ലാവരും വിശ്വത്തിൻറെ അടുത്തേക്ക് ചേർന്നിരുന്നു.

'ഈ വീട് പണികഴിപ്പിച്ചിട്ട് ഇരുപത്തിയഞ്ചു വർഷങ്ങൾ കഴിഞ്ഞു. ആദ്യം ഇവിടെ താമസിച്ചിരുന്നത് ഇതിൻറെ ഉടമ തന്നെയായിരുന്നു. അയാൾ തൻറെ ആത്മസുഹൃത്തുമായി ചേർന്ന് പാർട്ണർഷിപ്പിൽ ഒരു ചിട്ടിക്കമ്പനി നടത്തുകയായിരുന്നു. വളരെക്കാലം സ്വരുക്കൂട്ടിയുണ്ടാക്കിയ പണം കൊണ്ട് നിർമിച്ച അയാളുടെ സ്വപ്ന ഭവനമായിരുന്നു ഇത്. അന്ന് ഈ വീട് മാത്രമായിരുന്നു ഈ പരിസരത്ത് തലയെടുപ്പോടുകൂടി ഉയർന്നുനിന്നിരുന്നത്. അയാൾക്ക് ഭാര്യയും ഒരു മകനുമായിരുന്നു ഉണ്ടായിരുന്നത്. അവർക്കുവേണ്ടിയായിരുന്നു അയാൾ ജീവിച്ചതും. പക്ഷേ വിധി, കുറച്ച് നാളുകൾക്കുശേഷം അയാളുടെ ഭാര്യ അയാളെ ചതിച്ച് ചിട്ടിക്കമ്പനിയിൽ നിന്ന് എടുക്കാവുന്നത്ര പണവുമായി അയാളുടെ ആത്മസുഹൃത്തുമായി നാടുവിട്ടു. അത് അയാൾക്ക് താങ്ങാവുന്നതിലുമപ്പുറമായിരുന്നു. എന്നിട്ടും അയാൾ പിടിച്ചുനിന്നു. അവസാനം കടം തീർക്കാനായി അയാളുടെ സ്വപ്നഭവനമായ ഈ വീടും അയാൾക്ക് നഷ്ടമായി. തൻറെ മകനെ വളർത്താനായി അയാൾ തെരുവിലേക്കിറങ്ങി ചുമട്ടുജോലി വരെ ചെയ്തു. കിടക്കാനായി സ്വന്തമായി വീടില്ലാത്തതിനാൽ മകനെ ഹോസ്റ്റലിൽ നിർത്തിപ്പഠിപ്പിച്ചു. വർഷങ്ങൾ കടന്നുപോയിക്കൊണ്ടിരുന്നു. അയാളുടെ മകൻ പോളിടെക്നിക്കിൽ പഠിക്കാനായി ചേർന്ന സമയം. അപ്പോഴേക്കും സ്വന്തമായി അയാൾ ഒരു സ്റ്റേഷനറി കട തുടങ്ങിയിരുന്നു. ഒരു ദിവസം തൻറെ സ്വപ്നഭവനത്തിൻറെ മുന്നിൽ വീട് വാടകയ്ക്ക് എന്ന് എഴുതിയിരിക്കുന്നത് കണ്ടപ്പോൾ അയാൾക്ക് ഒരാഗ്രഹം തോന്നി. മകനോട് ആ കാര്യം പറഞ്ഞു. അങ്ങനെ അവൻ അപ്പോൾ താമസിച്ചിരുന്ന കോളേജ് ഹോസ്റ്റൽ വിട്ട് പുറത്ത് താമസിക്കാൻ താൽപര്യമുള്ള തൻറെ ഏഴ് കൂട്ടുകാരുമായി ആ വീട്ടിലേക്ക് താമസം മാറി. അയാൾ ഇതറിഞ്ഞപ്പോൾ സന്തോഷിച്ചു. കാരണം വാടകയ്ക്കാണെങ്കിലും താൻ ആശിച്ചുണ്ടാക്കിയ വീട്ടിൽ തൻറെ മകൻ കുറച്ചുകാലമെങ്കിലും സന്തോഷത്തോടെ ജീവിക്കട്ടെയെന്നയാൾ കരുതി. ഏതാനും ദിവസങ്ങൾ കടന്നുപോയി. ഒരുദിവസം അവൻറെ പഴയ കഥകൾ അറിഞ്ഞ അവൻറെ കൂട്ടുകാരെല്ലാം ചേർന്ന് അമ്മ ഒളിച്ചോടിപ്പോയവൻ എന്നുവിളിച്ച് അവനെ കളിയാക്കി. അവൻ അവരോട് തല്ലുപിടിക്കാനോ വഴക്ക് കൂടാനോ പോയില്ല. കോളേജിലും ഇത് ആവർത്തിച്ചപ്പോൾ അവൻ തൻറെ അച്ഛനെ കാണാനായി ചെന്നു. കുറച്ചു സമയം അച്ഛൻറെയൊപ്പം കടയിൽ ചെലവഴിച്ചു. പഴയതൊന്നും ചോദിച്ച് അച്ഛനെ വിഷമിപ്പിക്കാൻ അവന് തോന്നിയില്ല. വീണ്ടും തിരിച്ചവൻ ഈ വീട്ടിലേക്ക് തന്നെ വന്നു. അന്നും കൂടെ താമസിച്ചിരുന്ന അവൻറെ സുഹൃത്തുക്കൾ മദ്യലഹരിയിൽ അമ്മ ഓടിപ്പോയവൻ എന്നുവിളിച്ച് അവനെ കളിയാക്കി. വൈകാതെ കോളേജിലും അവനൊരു പരിഹാസ കഥാപാത്രമായി മാറി. അത്രയും

താങ്ങാനുള്ള മനക്കരുത്തേ അവന് ഉണ്ടായിരുന്നുള്ളൂ. അന്ന് രാത്രി ഈ കെട്ടിടത്തിൻറെ നടുമുറിയിൽ അവൻ തൂങ്ങിമരിച്ചു. ജീവിതത്തിൻറെ ഏകപ്രതീക്ഷയായ സ്വന്തം മകൻ ആത്മഹത്യ ചെയ്തുവെന്നറിഞ്ഞ അതേ നിമിഷത്തിൽ ആ പിതാവ് ചങ്കുപൊട്ടി മരിച്ചു. പിന്നീടങ്ങോട്ടാണ്അനർഥങ്ങൾ തുടങ്ങുന്നത്. അവൻറെ മരണത്തിന് കാരണമായ ഓരോ സുഹൃത്തുക്കളും ദുർമരണപ്പെടാൻ തുടങ്ങി. കുറച്ചുപേർ രക്ഷപ്പെട്ട് സ്വന്തം വീടുകളിലേക്ക് പോയി. അവരിൽ നിന്നാണ് പുറംലോകം ഈ കഥകളൊക്കെ അറിയുന്നത്. അധികം താമസിയാതെ അവരും ഇവിടെവെച്ച് മരണപ്പെട്ടു. വീടുകളിലായിരുന്ന അവർ എങ്ങിനെ ഇവിടെയെതിയെന്നോ മരണപ്പെട്ടുവെന്നോ ഇന്നും ആർക്കുമറിയില്ല. പിന്നീടങ്ങോട്ട് ഈ വീട്ടിൽ താമസിക്കാൻ വന്നവരാരും ഒരു ദിവസം പോലും ഇവിടെ കഴിഞ്ഞിട്ടില്ല. ഇതാണ് ഈ വീടിൻറെ കഥ.'

വിശ്വം പറഞ്ഞുനിർത്തിയപ്പോൾ സോഫി കണ്ണുകൾ തുടച്ചു.

'അപ്പോൾ ഇപ്പോഴും ആ തൂങ്ങി മരിച്ച പയ്യൻറെ ആത്മാവ് ഈ കെട്ടിടത്തിൽ കുടുങ്ങിക്കിടക്കുകയാണല്ലേ?' അലക്സ് ചോദിച്ചു.

'അവൻറെ മാത്രമല്ല. ബാക്കി ഏഴുപേരുടെയും ആത്മാക്കൾ ഇവിടെത്തന്നെയുണ്ട്.'

വിശ്വം അത് പറഞ്ഞപ്പോൾ ആദർശ് ഉമിനീരിറക്കി.

'അതെങ്ങനെ അവരുടെ ആത്മാക്കളെല്ലാവരും ഒരുമിച്ചു?'

അലക്സ് ക്യാമറ ഓഫ് ചെയ്തുകൊണ്ട് ചോദിച്ചു.

'അതേ, അതാണ് എനിക്കും മനസ്സിലാകാത്തത്. നമ്മൾ അന്വേഷിക്കേണ്ടതും അതുതന്നെയാണ്.'

'അതാരോട് നമ്മൾ അന്വേഷിക്കും?'

'അവരോട് തന്നെ.'

എല്ലാവരും സംശയത്തിൽ പരസ്പരം നോക്കി

'അവരോടോ? എങ്ങിനെ?'

അലക്സ് ഓഫ് ചെയ്ത ക്യാമറ വീണ്ടും ഓണാക്കി.

'അതിന് നമുക്ക് ഒരേയൊരു വഴിയേയുള്ളൂ.'

വിശ്വം എന്തൊക്കയോ മനസ്സിൽ കണ്ടിട്ടുണ്ടെന്ന് അലക്സിന് തോന്നി.

'എന്തുവഴി?'

എല്ലാവരും ഒരേ ശബ്ദത്തിൽ ചോദിച്ചു.

'ഓജോ ബോർഡ്.'

'ഓജോ ബോർഡ്!'

വിശ്വം പറഞ്ഞ മറുപടി നിശബ്ദമായ ആ അന്തരീക്ഷത്തിൽ പ്രതിധ്വനിച്ചു.

'അതേ, ഇന്ന് രാത്രി നമ്മൾ ആ ആത്മാക്കളെ വിളിച്ചുവരുത്താൻ പോകുന്നു.'



## പതിമൂന്ന്

ഓജോ ബോർഡ് വഴി ആത്മാക്കളെ വിളിച്ചുവരുത്തുവാനുള്ള തയ്യാറെടുപ്പുകൾ ഉടൻതന്നെ എല്ലാവരും തുടങ്ങി. പ്രേതവിഷയങ്ങളിൽ മുമ്പുതന്നെ താൽപ്പര്യമുണ്ടായതിനാൽ അവർക്കെല്ലാവർക്കും ഓജോ ബോർഡ് എന്ന പേര് പരിചിതമായിരുന്നു. ആദ്യം തന്നെ കെട്ടിടത്തിലുണ്ടായിരുന്ന ദൈവസാന്നിധ്യമുള്ള എല്ലാവസ്തുക്കളും അവർ ശേഖരിച്ച് ഒരു പെട്ടിയിലാക്കി.

വൈകുന്നേരമായപ്പോഴേക്കും അവർ അതുവരെ ഉപയോഗിക്കാതിരുന്ന ഒരു മുറി അതിനായി സജ്ജമാക്കി.

ആ സമയം വിശ്വം അവരെ ക്രമീകരണങ്ങളെല്ലാം എൽപ്പിച്ചിട്ട് പുറത്തുപോയിരിക്കുകയായിരുന്നു. ജോലി എല്ലാം കഴിഞ്ഞപ്പോൾ എല്ലാവരും മുറികളിലേക്ക് പോയി. ബിനോയിയും നീതുവും അലക്സിൻറെ മുറിയിൽ പോയി വിശ്രമിക്കുകയായിരുന്നു.

ആരും അവരെ ശല്യപ്പെടുത്താൻ പോയില്ല.

'വിശ്വം എന്തിനായിരിക്കും പുറത്തുപോയത്?'

നീതു ബിനോയിയുടെ മടിയിൽ തലവെച്ചുകിടന്നു കൊണ്ട് ചോദിച്ചു.

'അറിയില്ല. അധികം താമസിക്കാതെ വരുമെന്നാ പറഞ്ഞത്.'

'മം... ബിനോയീ, നമ്മുടെ ലൈഫ് എങ്ങോട്ടാ ഈ പോകുന്നത്? എനിക്കെന്തോ പേടിയാകുന്നു.'

‘നീ എന്തിനാ നീതു പേടിക്കുന്നത്. തൻറേടമുള്ള ഒരു പെണ്ണല്ലേ നീ.’

‘അങ്ങനയല്ല, നമ്മൾ ഈ കാണിക്കാൻ പോകുന്നത് ഒരു പക്ഷെ നമുക്ക് തന്നെ കുഴപ്പമായാലോ?’

‘എന്തുകുഴപ്പം? നീ പേടിക്കാതിരിക്ക്.’

‘പേടി ഒന്നുമില്ല, എന്നാലും ഇപ്പോൾ കഥ എങ്ങോട്ടാ പോകുന്നത്? ഇത്രയും കൂട്ടക്കൊലകൾ നടന്ന വീട്ടിലാണല്ലോ നമ്മൾ ഇപ്പോൾ തങ്ങുന്നത് എന്നോർക്കുമ്പോൾ ഒരു പേടി പോലെ.’

‘അപ്പോൾ നിനക്ക് ആ കഥയൊന്നും അറിയില്ലായിരുന്നോ.’

‘ഇല്ല ബിനോയീ, വിശം പറഞ്ഞപ്പോഴാ ഇത്രയും സംഭവങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ടെന്ന് അറിഞ്ഞത്.’

‘അവർക്കൊക്കെ എന്താ സംഭവിച്ചതെന്നറിയണ്ടേ നമുക്ക്?’

‘എന്തിനാ ബിനോയീ, അറിഞ്ഞിട്ട് നമുക്കെന്ത് ചെയ്യാനാ? മരണം എന്ന സത്യത്തിന് എല്ലാവരും ഒരുനാൾ കീഴടങ്ങും. ഇതും അതുപോലെ കണ്ടാൽ മതി.’

‘അതുപറ്റില്ല നീതു, അവർക്ക് എന്തൊക്കയോ പറയാനുണ്ട് നമ്മളോട്. നമുക്കത് കണ്ടെത്തണം. ആരും അവരെ മനസ്സിലാകാത്തതാണ് ആ ആത്മാക്കൾക്ക് എല്ലാവരോടും ഇത്ര പക.’

‘എന്ന് ബിനോയിയോട് അവര് പറഞ്ഞോ, ഇല്ലല്ലോ. നമുക്ക് ഇവിടെനിന്നും പോകാം ബിനോയീ, നമുക്കിത് വേണ്ട.’

‘എന്താ നീതു ഈ പറയുന്നത്. എൻറെയും കൂടി ഉറപ്പിലാണ് ഇത്രയും പേർ ഇവിടെ വന്നത്. എന്നിട്ട് അവരെയെല്ലാം ഇവിടെ ഉപേക്ഷിച്ച് നമ്മൾ മാത്രം രക്ഷപ്പെടാനോ, അത് ചതിയാണ്.’

‘എനിക്ക് നിൻറെയൊപ്പം ജീവിക്കണം ബിനോയീ. ലൈഫ് ഒരു തമാശയായി മാത്രമാണ് നമ്മളിപ്പോൾ കാണുന്നത്. നമുക്ക് ഒന്നിച്ച് ജീവിക്കണ്ടേ?’

അതും പറഞ്ഞുകൊണ്ട് നീതു ബിനോയിയുടെ നെഞ്ചിലേക്ക് ചാഞ്ഞു. അവൻ അവളെ തൻറെ ശരീരത്തോട് ചേർത്തുപിടിച്ചു.

‘നമ്മൾ ജീവിക്കും. നിൻറെ ചേട്ടന്മാരുടെ മുന്നിൽത്തന്നെ. ആരെയും പേടിക്കാതെ.’

അവൻ അവളുടെ കവിൾത്തടത്തിൽ ഉമ്മവച്ചു. അവളുടെ കൈവിരലുകൾ അവൻറെ തലമുടികളെ തഴുകി. അവൻറെ നിശ്വാസം അവളുടെ മേൽ പതിച്ചപ്പോൾ അവൾ എല്ലാം മറന്നവനെ കെട്ടിപ്പുണർന്നു. അവൻ അവളെ തൻറെ ശരീരത്തോട് കൂട്ടതലടുപ്പിച്ചു. അവർ ഇരുവരുടേയും ശ്വാസോച്ഛ്വാസം വേഗത്തിലായി. ആ മുറിയിൽ ഇരുശരീരങ്ങളും ഒന്നായി.

സമയം വീണ്ടും കടന്നുപോയി. കതകിൽ ആരോ മുട്ടുന്നത് കേട്ടാണ് നീതു എഴുന്നേറ്റത്. അവൾ ബിനോയിയെ നോക്കി അവൻ അർദ്ധനഗ്നനായി കമിഴ്ന്നുകിടന്നുറങ്ങുകയാണ്. അവൾ ഷീറ്റെടുത്ത് അവനെ പുതപ്പിച്ചു എന്നിട്ട് പോയി വാതിൽ തുറന്നു. പുറത്ത് സോഫിയും ഐഷയും നിൽക്കുന്നു

‘നീതു, സമയം രാത്രി ഒമ്പതുമണിയായി. നേരം ഇരുട്ടി. കഴിഞ്ഞില്ലേ ഇതുവരെ. വൈകുന്നേരം കയറിയതല്ലേ രണ്ടും കൂടി.’

‘ഹ... ഹി... ഒന്നുപോടീ, ബിനോയി ഉറങ്ങുകയാണ്.’

‘അയ്യേ, രണ്ടും കൂടി കതകടച്ചുകിടന്നുറങ്ങുകയായിരുന്നോ. ഞാനോർത്തു...’

‘നീ എന്തോർത്തു...’

‘ഒന്നുമില്ല, നീതു താഴോട്ട് ചെല്ല്. എല്ലാവരും ഡിന്നർ കഴിക്കാൻ റെഡിയായി. ഞങ്ങൾ ബിനോയിച്ചായനെ വിളിച്ചെഴുന്നേൽപ്പിച്ച താഴേയ്ക്ക് വിടാം.’

അതും പറഞ്ഞുകൊണ്ട് സോഫി മുറിയിലേക്ക് കയറിച്ചെന്നു. നീതു അവളുടെ പിന്നാലെ ചെന്നു.

‘സോഫീ നീ പോയി എല്ലാം വിളമ്പിവയ്ക്ക്. ഞാൻ ബിനോയിയെ വിളിക്കാം.’

‘അതെന്താ ഞാൻ ബിനോയിച്ചായനെ വിളിച്ചാൽ?’

അവൾ ബിനോയിയുടെ കാതിനടുത്ത് ചെന്ന് ഉച്ചത്തിൽ കൂവി. ബിനോയി ഞെട്ടി എഴുന്നേറ്റു.

‘എന്താ? എന്താ?’

പെട്ടെന്ന് നീതു മാറിപ്പോയ ബെഡ്ഷീറ്റ് അവൻറെ ദേഹത്തേക്ക് വീണ്ടും വലിച്ചിട്ടു.

ഉടനേ സോഫിയും ഐഷയും കൂടി മുറിക്ക് പുറത്തേക്കോടി.

‘അയ്യയ്യേ, അപ്പോൾ എല്ലാം കഴിഞ്ഞല്ലേ. നീതു, നീ ആളുകൊള്ളാമല്ലോടീ പെണ്ണേ!’

‘എടിയെടീ, നീ എൻറെ കയ്യീന്ന് നല്ല പെട വാങ്ങും കേട്ടോ. നിൻറെ വെളച്ചിൽ ഞാൻ സണ്ണിയോട് പറഞ്ഞുകൊടുക്കുമേ.’

ബിനോയി ചമ്മിയ മുഖവുമായി സോഫിയോട് പറഞ്ഞു.

‘വേണ്ടേ, വേഗം താഴോട്ടു വാ. അവിടെ പ്രേതത്തെ പിടിക്കാനുള്ള ചർച്ചകൾ തുടങ്ങി.’

‘ശരി, ഞങ്ങൾ വന്നേക്കാം. നിങ്ങൾ പൊയ്ക്കോ.’

അവർ താഴേക്ക് പോയപ്പോൾ ബിനോയി നീതുവിനെ നോക്കി കണ്ണിറുക്കിക്കാണിച്ചു. അവൾ മേശപ്പുറത്ത് കിടന്നിരുന്ന അവൻറെ ഷർട്ട് എടുത്തുകൊടുത്തു. അവർ രണ്ടും താഴെയെത്തിയപ്പോൾ തീൻമേശയിൽ എല്ലാവരും അവരെയും കാത്തിരിക്കുകയായിരുന്നു.

‘രണ്ടുപേരും കുറച്ചുസമയം ഉറങ്ങിയല്ലേ, നന്നായി.’

വിശം പറഞ്ഞു. സോഫി നീതുവിനെ നോക്കി ഒരു കള്ളച്ചിരി ചിരിച്ചു.

‘നമ്മൾ ഇന്ന് രാത്രി ചെയ്യാൻ പോകുന്ന കാര്യം നിസ്സാരമല്ല. അതുകൊണ്ട് ചില മുൻകരുതലുകളൊക്കെ ഞാൻ പറയും. അതെല്ലാവരും ശ്രദ്ധയോടെ കേൾക്കണം. കേൾക്കുക മാത്രമല്ല അനുസരിക്കുകയും ചെയ്യണം.’

എല്ലാവരും തലയാട്ടി.

‘ഓക്കേ, കൃത്യം പന്ത്രണ്ട് മണിക്ക് നമ്മൾ ആ മുറിയിൽ ഒത്തുകൂടുന്നു. ആ സമയത്ത് മറ്റമുറികളിൽ ഒന്നിൽപ്പോലും പ്രകാശമുണ്ടാകരുത്. അതുവരെ ആരും തനിച്ച്

സ്ഞ്ചരിക്കുകയോ മുറിക്കുള്ളിൽ നിന്നും പുറത്തിറങ്ങുകയോ ചെയ്യരുത്.'

വിശ്വം പറയുന്നത് കേട്ടുകൊണ്ട് ഇമവെട്ടാതെ എല്ലാവരും നോക്കിയിരുന്നു.

'പേടിയുള്ള ആരും ആ മുറിയിലേക്ക് വരരുത്. കാരണം ഇത് വെറുമൊരു കളിയല്ല. മനസ്സിലായോ?'

'ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട് വിശ്വം,' നീതു പറഞ്ഞു.

നീതു അത് പറഞ്ഞപ്പോൾ ബിനോയ് അവളെ നോക്കി. അപ്പോൾ അവന് അവളോട് മതിപ്പുതോന്നി.

'ആരും അവിടെ വന്നിട്ട് പരസ്പരം സംസാരിക്കരുത്. ഞാൻ മാത്രം സംസാരിക്കും. പിന്നെ നമ്മളോട് സംസാരിക്കുന്ന ആത്മാവിനെ നമ്മൾ പരമാവധി ഉപയോഗിക്കണം. ചോദിക്കേണ്ട ചോദ്യങ്ങൾ ഞാൻ കരുതിവച്ചിട്ടുണ്ട്.'

'വിശ്വം നമ്മൾ ഇതൊക്കെ ചെയ്യുന്നത് എൻറെ പ്രൊജക്റ്റിന് വേണ്ടിയല്ലേ. അപ്പോൾ അവിടെ നടക്കുന്നതൊക്കെ എനിക്ക് ക്യാമറയിൽ ഷൂട്ട് ചെയ്യാമല്ലോ?'

'അങ്ങനെ ചോദിച്ചാൽ. ആത്മാക്കൾക്ക് ശല്യം ഉണ്ടാക്കാത്ത കാര്യങ്ങളേ ഓജോ ബോർഡ് ചെയ്യുന്ന മുറിയിൽ വയ്ക്കാവൂ. മുറിയിൽ പ്രകാശമുണ്ടാകാത്ത രീതിയിൽ ക്യാമറ സെറ്റ് ചെയ്യാനാകുമോ.'

'പിന്നേ, എൻറെ കൈയ്യിലുള്ള ചാനലിൻറെ ക്യാമറ അഡ്വാൻസ്ഡാണ്. ഇരുട്ടിൽ ഷൂട്ട് ചെയ്താൽ പോലും നന്നായി ഔട്ട്പുട്ട് കിട്ടും.'

'എങ്കിൽ ഓക്കേ, അലക്സ് അതിനുള്ള കാര്യങ്ങൾ ചെയ്തുകൊള്ളൂ. അപ്പോഴേക്കും ഞങ്ങൾ ബാക്കിയുള്ള കാര്യങ്ങൾ ചെയ്യാം.'

എല്ലാവരും കഴിച്ചുകഴിഞ്ഞ് മുകളിലേക്ക് പോയി. മുറിയിലെത്തിയപ്പോൾ എല്ലാവരും തികച്ചും ശാന്തമായിരുന്നു. പെൺകുട്ടികളുടെ മുറിയിലും അതേ അവസ്ഥയായിരുന്നു.

'എന്താ സോഫീ ഒന്നും മിണ്ടാത്തത്?'

'ഒന്നുമില്ല നീതൂ, ഞാൻ അമ്മച്ചിയെ ഓർത്തതാ. പാവം വീട്ടിലെ ജോലിയൊക്കെ തീർത്തിട്ട് ഇപ്പോൾ പ്രാർത്ഥന ചൊല്ലുന്നുണ്ടാവും.'

'നിനക്ക് ഒന്ന് വിളിക്കാൻ വയ്യാരുന്നോ?'

'ഞാൻ വൈകിട്ട് വിളിച്ചിരുന്നു. അവിടെ കുഴപ്പമൊന്നുമില്ല. അമ്മച്ചി പറഞ്ഞു നമുക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന്.'

നീതു സോഫിയെ നോക്കി. അവളുടെ കണ്ണ് നിറഞ്ഞിട്ടുണ്ടായിരുന്നു. ഐഷ അവരെ രണ്ടുപേരെയും നോക്കി പുഞ്ചിരിച്ചു. സമയം കടന്നുപോയിക്കൊണ്ടിരുന്നു.

ക്ലോക്കിലെ മണി പന്ത്രണ്ടടിച്ചപ്പോൾ എല്ലാവരും വിശ്വം പറഞ്ഞതുപോലെ മുറിയിലെ ലൈറ്റുകളെല്ലാം അണച്ച് പുറത്തേക്കിറങ്ങി. പെൺകുട്ടികൾ പുറത്തേക്കിറങ്ങിയപ്പോൾ പുറത്ത് മെഴുകുതിരിയുമായി ബിനോയ് നിൽപ്പുണ്ടായിരുന്നു.

'വരൂ, അവരെല്ലാവരും ആ മുറിയുടെ മുന്നിൽ നിൽപ്പുണ്ട്.'

അവൻ അതും പറഞ്ഞുകൊണ്ട് മുന്നോട്ട് നടന്നു.

മെഴുകുതിരി വെളിച്ചത്തിൽ അവർ നാലുപേരും ആ മുറിയെ ലക്ഷ്യമാക്കി നടക്കുവാൻ തുടങ്ങി. സോഫി ബിനോയിയെ സൂക്ഷിച്ചുനോക്കി. ഒരു ഞെട്ടലോടെ അവൾ നീതുവിൻറെ കൈയ്യിൽ അമർത്തിപ്പിടിച്ചു.

'നീതു, നോക്ക്. ഇത് നമ്മുടെ ബിനോയിച്ചായൻ അല്ല.'



## പതിനാല്

ഒരു ഞെട്ടലോടെയാണ് നീതു അപ്പോൾ ബിനോയിയെ നോക്കിയത്. അവൻ മെഴുകുതിരി പിടിച്ചിരുന്ന കൈയ്യിലെ ചില വിരലുകൾ ദ്രവിച്ച് അസ്ഥികൾ കാണാമായിരുന്നു മാത്രമല്ല അവയിലൊക്കെ നീളമുള്ള പുഴുക്കൾ അരിക്കുന്നുണ്ടായിരുന്നു. കയ്യിൽ മെഴുകുതിരിയുമായി ബിനോയി അപ്പോഴും മുന്നോട്ടുതന്നെ പോവുകയായിരുന്നു.

പെൺകുട്ടികൾ അവിടെത്തന്നെ നടത്തം അവസാനിപ്പിച്ചു. അൽപം കൂടി ബിനോയി മുന്നോട്ടുതന്നെ പോയി. പെട്ടെന്നവൻ നിന്നു. എന്നിട്ട് തിരിഞ്ഞുനോക്കി. സോഫിയും നീതുവും ഐഷയും അവിടെത്തന്നെ ശ്വാസം പിടിച്ചു നിന്നു.

'എന്താ വരുന്നില്ലേ, നമുക്ക് അവരുടെ ലോകത്തേയ്ക്ക് പോകണ്ടേ.'

നീതു ഉമിനീരിറക്കി.

'അത്, ഇല്ല ബിനോയി ചെല്ല്. ഞങ്ങൾ ഇപ്പോൾ വരാം.'

നീതു ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു.

'സോഫീ, നമ്മൾ ഇപ്പോൾ എന്താ ചെയ്യുക?'

സോഫി നീതുവിൻറെ ചെവിയിൽ ചോദിച്ചു. അപ്പോഴും ബിനോയി അവരുടെ നേരേ തിരിഞ്ഞുതന്നെ നിൽക്കുകയായിരുന്നു. അവൻറെ മുഖത്ത് യാതൊരുവിധ മാറ്റങ്ങളും ഉണ്ടായിരുന്നില്ല.

'സോഫീ ചിന്തിച്ചുനിൽക്കാൻ സമയമില്ല നമുക്ക് ഇതിൻറെ കയ്യിൽ നിന്നും രക്ഷപ്പെട്ട് എങ്ങനേയും അവരുടെ അടുത്തെത്തണം,'

'അതെങ്ങനാ നീതു, ബിനോയിയുടെ വേഷത്തിൽ അത് മുന്നിൽ നിൽക്കുവല്ലേ.'

'ഇനി ഒന്നും നോക്കാനില്ല സോഫീ, ഐഷ ഗെറ്റ് റെഡി. വൺ... ടൂ... ത്രീ... റൺ.'

അവർ മൂന്നുപേരും ബിനോയി നിന്നിരുന്നതിൻറെ എതിർഭാഗത്തേക്ക് കുതിച്ചു. പെട്ടെന്ന് ബിനോയിയുടെ കൈയ്യിൽ ഇരുന്ന മെഴുകുതിരി അണഞ്ഞു. അവർക്കുചുറ്റും അന്ധകാരം നിറഞ്ഞു. എന്നിട്ടും പെൺകുട്ടികൾ നിന്നില്ല. അവർ മുന്നോട്ടുതന്നെ കുതിച്ചു. എങ്ങിനെയും മുറിയിൽ എത്തുകയായിരുന്നു അവരുടെ ലക്ഷ്യം.

'നീതു, തിരിഞ്ഞുനോക്കാതെ ഓടിക്കോ.'

'സോഫിയേച്ചീ...'

'ഐഷാ, ഓടിക്കോടീ...'

'ബിനോയീ, അലക്സേ, ആരെങ്കിലും ഓടിവരണേ.'

'അയ്യോ, നീതുവേച്ചീ. എന്നെ രക്ഷിക്കണേ. എൻറെ മുടി. ഹയ്യോ...'

'ഐഷാ, ഐഷാ... എടീ...'

പെട്ടെന്ന് പുറത്ത് നല്ലൊരു ഇടിവെട്ടി.

അതിൻറെ വെളിച്ചത്തിൽ നീതുവും സോഫിയും ആ കാഴ്ച കണ്ടു. ഐഷയുടെ മുടിയിൽ പിടിച്ചുകൊണ്ട് അവളെ നിലത്തുകൂടി ആ രൂപം വലിച്ചിഴച്ചുകൊണ്ടുപോകുന്നു.

'അയ്യോ, ആരെങ്കിലും ഓടിവരണേ.'

ഐഷയെ കണ്ട ഭാഗത്തേക്ക് നീതുവും സോഫിയും ഓടിച്ചെന്നു. ഇരുട്ടിൽ രണ്ടുപേരും ഐഷക്കുവേണ്ടി പരതി. ഒടുവിൽ സോഫിക്ക് ഐഷയുടെ കാലിൽ പിടികിട്ടി. അവൾ പരമാവധി ശക്തിയിൽ വലിച്ചു. പക്ഷേ അതിലും ഇരട്ടി മടങ്ങ് ശക്തിയോടെയാണ് അവളെ അത് പിടിച്ച് വലിച്ചുകൊണ്ടിരുന്നത്. ഒരുവിധത്തിൽ നീതുവും അവളുടെ ശരീരത്തിൽ പിടിച്ചുവലിച്ചു. പക്ഷേ അവരെ മൂന്നിനേയും വലിച്ചുകൊണ്ട് ആ സത്വം കെട്ടിടത്തിൻറെ ഏതോ ഭാഗത്തേക്ക് പോയിക്കൊണ്ടിരുന്നു.

മുകളിലത്തെ നിലയിൽ നിന്നും ബഹളങ്ങൾ കേട്ട് ആണുങ്ങളെല്ലാം മുകളിലേക്ക് കുതിച്ചു

'രാഹുലേ, ലൈറ്റിടെടാ. ഇവിടെ മൊത്തം ഇരുട്ടാ.'

'ലൈറ്റ് ഓണാകുന്നില്ലെടാ. നാശം, കറണ്ടില്ല.'

പുറത്ത് നല്ല ഇടിയും മിന്നലും കനത്ത മഴയും തുടങ്ങിയിരുന്നു.

'അയ്യോ, ബിനോയീ...'

നീതുവിൻറെ ഉച്ചത്തിലുള്ള അലർച്ച കേട്ട ഭാഗത്തേക്ക് അവർ പാഞ്ഞു. അപ്പോഴേക്കും മുറിയിൽനിന്നും ടോർച്ചുമായി അലക്സ് പഞ്ഞെത്തിയിരുന്നു.

ടോർച്ചിൻറെ വെളിച്ചത്തിൽ അവരും ആ കാഴ്ച കണ്ടുഞെട്ടി. ബോധരഹിതയായ ഐഷയേയും വലിച്ചുകൊണ്ട് ഏതോ ഒരു രൂപം പോകുന്നു. അവളുടെ ശരീരത്തിൽ പിടിച്ചുകിടക്കുന്ന സോഫിയും നീതുവും ഉച്ചത്തിൽ കരയുന്നു.

പെട്ടെന്ന് വിശ്വം അലക്സിൻറെ കൈയ്യിൽ നിന്നും ടോർച്ച് പിടിച്ചുവാങ്ങി അവരുടെ അടുത്തേക്ക് ഓടി. ടോർച്ചിൻറെ വെളിച്ചത്തിൽ അവരെല്ലാം ആ രൂപത്തെ കണ്ട് പേടിച്ചുപോയി. കാരണം അതിന് ബിനോയിയുടെ ഛായ ഉണ്ടായിരുന്നു. വിശ്വം ആ രൂപത്തിൻറെ മുന്നിലേക്ക് ചാടിവീണു. എന്നിട്ട് കയ്യിലിരുന്ന ടോർച്ചിൽനിന്നും ശക്തമായ വെളിച്ചം അതിൻറെ മുഖത്തേക്കടിച്ചു. ഒരു വലിയ അലർച്ചയോടെ അത് വിശ്വത്തെ അടിച്ചുവീഴ്ത്തി. അലക്സും ബിനോയിയും അയാളുടെ അടുത്തേക്കോടി. ബിനോയി ആ രൂപത്തെ ആഞ്ഞുചവിട്ടി. അതിന് ഒരു കുലുക്കവുമുണ്ടായില്ല. വിശ്വത്തെ അലക്സ് പിടിച്ചെഴുന്നേൽപ്പിച്ചു. വിശ്വം വീണ്ടും വീണ്ടും അതിൻറെ മുഖത്തേക്ക് വെളിച്ചമടിച്ചു. ആ സമയം അമീറും രാഹുലും ചേർന്ന് നീതുവിനെയും സോഫിയെയും രക്ഷപ്പെടുത്തി. ഐഷയുടെ മുടിയിൽ ആ രൂപം കുത്തിപ്പിടിച്ചിരുന്നു.

അമീർ അവൻറെ സമീപത്ത് പൂക്കൾ ഇട്ടുവച്ചിരുന്ന ചില്ലുപാത്രം അടിച്ചുതകർത്തു. എന്നിട്ട് അതിൽനിന്നും വലിയൊരു കഷണം കയ്യിലെടുത്തു. ഐഷയെ പിടിച്ചിരുന്ന ആ രൂപത്തിൻറെ കൈകളിൽ അവനാ ചില്ലുകഷ്ണം കുത്തിയിറക്കി. വലിയ ഒരു അലർച്ചയോടെ അത് പിൻവാങ്ങി. അതിൻറെ കൈ മുറിഞ്ഞ് ഐഷയുടെ മുടിയിൽ തൂങ്ങിക്കിടന്നു. അപ്പോഴേക്കും പുറത്ത് കാറ്റും മഴയും ശക്തമായിരുന്നു. കാറ്റേറ്റ് മുകളിലത്തെ നിലയിലെ ജനലുകൾ ഭിത്തിയിലിടിച്ച് വലിയ ശബ്ദം സൃഷ്ടിച്ചു.

അവരെല്ലാവരുംകൂടി ഐഷയെ വിളിച്ചുണർത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. അലക്സ് മെഴുകുതിരി കത്തിച്ചു. ബിനോയ് ജനലിലൂടെ കൈ പുറത്തിട്ട് കുറച്ച് മഴവെള്ളം കൈക്കുമ്പിളിലെടുത്ത് ഐഷയുടെ മുഖത്ത് തളിച്ചു. എല്ലാവരുടെയും ശ്രദ്ധ അവളിലായിരുന്നു. വിശ്വം അതെല്ലാം നോക്കിക്കൊണ്ട് അവർക്ക് പിന്നിൽത്തന്നെ നിൽപ്പുണ്ടായിരുന്നു.

പെട്ടെന്ന് വിശ്വത്തിൻറെ കഴുത്തിലേക്ക് എവിടെനിന്നോ ഒരു കുരുക്കുവന്നുവീണു. ആ കുരുക്ക് വിശ്വത്തിൻറെ കഴുത്തിൽ പെട്ടെന്നുതന്നെ വരിഞ്ഞുമുറുകി. അയാൾ നിലത്തുനിന്നും താനേ ഉയർന്നു. ഒന്ന് ശബ്ദിക്കാൻ പോലും അയാൾക്ക് കഴിഞ്ഞില്ല. എല്ലാവരും നിരന്തരമായി കുലുക്കി വിളിച്ചപ്പോൾ ഐഷക്ക് ബോധം തെളിഞ്ഞു. തൻറെ മുന്നിൽ കിടന്നുപിടയുന്ന വിശ്വത്തെ കണ്ട് അവൾ അലറിക്കരഞ്ഞു. അപ്പോഴാണ് എല്ലാവരും പിന്നിൽ നിന്നിരുന്ന വിശ്വത്തെ ശ്രദ്ധിച്ചത്.

വിശ്വം ഒരിറ്റ് ശ്വാസത്തിനായി പിടയുന്ന രംഗം എല്ലാവരെയും ഞെട്ടിച്ചു. അലക്സ് വിശ്വത്തിൻറെ അടുത്തേക്കോടി. ബിനോയി ടോർച്ചുമായി മുറിയിലേക്കും. അലക്സ് അയാളുടെ കാലുകളിൽ പിടിച്ച് കുറച്ചുകൂടി ഉയർത്തിപ്പിടിച്ചു. അപ്പോഴയാൾക്ക് കുറച്ച് ശ്വാസമെടുക്കാൻ കഴിഞ്ഞു. പക്ഷേ അലക്സിൻറെ കൈകളിൽ നിന്നും വിശ്വം വീണ്ടും ഉയർന്നുപോകാൻ തുടങ്ങി. അയാൾ മരണ വെപ്രാളത്തിൽ പിടഞ്ഞു. ആ സമയം മുറിയിലേക്കോടിയ ബിനോയ് അവിടെക്കിടന്നിരുന്ന വലിയ കസേരയും മൂർച്ചയുള്ള ഒരു കത്തിയുമായി ഓടിയെത്തി. മുകളിലേക്ക് വലിച്ചുകൊണ്ട് പോയിരുന്ന കുരുക്ക് അവൻ കസേരയിട്ടുകയറി മുറിക്കാൻ ശ്രമിച്ചു. പക്ഷേ അതിലും ഉയരത്തിലേക്ക് വിശ്വത്തിനേയും കൊണ്ട് ആ കുരുക്ക് പോയിക്കൊണ്ടിരുന്നു. വിശ്വം

മരണവെപ്രാളത്തിൽ പിടഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. നീതു ചിന്തിച്ചുനിൽക്കാതെ ഓടി കസേരക്കടുത്തെത്തി.

‘ബിനോയീ, കത്തി ഇങ്ങുതാ. എന്നിട്ട് കസേരയിൽ നിന്നുകൊണ്ടുതന്നെ എന്നെ എടുത്ത് പൊക്ക്.’

അത് പറഞ്ഞിട്ട് അവളും കസേരയിലേക്ക് കയറി സമയം പാഴാക്കാതെ അവൻ അവളെ എടുത്തുപൊക്കി. നിഷ്പ്രയാസം അവൾ ആ കയററുത്ത് വിശ്വത്തെ താഴെയെത്തിച്ചു. അയാൾ ശ്വാസംമുട്ടി പിടഞ്ഞു. ചുമച്ച് ചുമച്ച് അയാൾ നിലത്തുകിടന്നുരുണ്ടു. അലക്സ് അയാളെ പിടിച്ചെഴുന്നേൽപ്പിക്കാൻ ശ്രമിച്ചു.

‘ഇനി ഇവിടെയാരും നിൽക്കരുത്. വേഗം വരൂ, നമുക്ക് എങ്ങിനെയും ആ മുറിയിലെത്തണം. ബിനോയി ടോർച്ചുമായി മുന്നിൽ നടക്ക്. രാഹുലും അമീറും ഒന്ന് വിശ്വത്തെ താങ്ങിപ്പിടിക്കൂ. ഞാൻ നിങ്ങൾക്ക് പിന്നിൽ നടക്കാം. പെൺകുട്ടികൾ ബിനോയിക്ക് പിന്നിലായി പോകൂ.’

അലക്സ് എല്ലാവരെയും നോക്കിപ്പറഞ്ഞു.

അത് കേൾക്കേണ്ട താമസം അവർ താഴെയുള്ള ആ മുറിയെ ലക്ഷ്യമാക്കി അതിവേഗത്തിൽ നടന്നു. തളർച്ച തോന്നിയെങ്കിലും വിശ്വം സ്വയം നടക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. സോഫി ഇടയ്ക്കിടെ തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു. പുറത്തെ പേടിപ്പെടുത്തുന്ന രീതിയിലുള്ള ഇടിയും മഴയും സന്ദർഭത്തിൻറെ വീര്യം കൂട്ടി.

‘അലക്സ്, നമുക്ക് പിന്നിൽ ഒരുപാട് കണ്ണുകൾ തിളങ്ങുന്നു.’

പിന്നിലേക്ക് ശ്രദ്ധിച്ചുകൊണ്ടിരുന്ന സോഫി വിറയലോടെ പറഞ്ഞു. അപ്പോഴാണ് അലക്സ് പിന്നിലേക്ക് ശ്രദ്ധിച്ചത്. അവർക്ക് തൊട്ടുപിന്നിൽ ജ്വലിക്കുന്ന ഒരുകൂട്ടം കണ്ണുകൾ. വണ്ടുകൾ കൂട്ടമായി വരുന്നതുപോലെയുള്ള എന്തോ ശബ്ദം അവർക്കടുത്തേക്ക് വരുന്നതായി അവർക്ക് തോന്നി.

‘വേഗം, വേഗം പോകൂ. എല്ലാവരും വേഗം പോകൂ.’

അലക്സ് വിളിച്ചുപറഞ്ഞു.

വിശ്വം വേഗത്തിൽ നടക്കാൻ പ്രയാസപ്പെട്ടു. അമീർ വിശ്വത്ത തോളിലെടുത്ത് മുന്നോട്ടുപാഞ്ഞു. ബിനോയി അവർക്കായി വഴി കാണിച്ചുകൊടുത്തു. ഒടുവിൽ പടികളിറങ്ങി അവർ താഴത്തെ നിലയിലെത്തി. ആ ഒഴിഞ്ഞ മുറിയുടെ മുന്നിലെത്തിയപ്പോഴാണ് എല്ലാവർക്കും ജീവൻ തിരിച്ചുകിട്ടിയത്. വാതിൽ തള്ളിത്തുറന്ന് ഓരോരുത്തരായി അകത്തേക്ക് പ്രവേശിച്ചു. അപ്പോഴേക്കും അവരെ പിൻതുടർന്നെത്തിയ ശബ്ദം തൊട്ടുപിന്നിലെത്തിയിരുന്നു. പിന്നിലായിരുന്ന അലക്സ് അകത്തുകയറി വാതിലടച്ചു. അവൻ വളരെ പ്രയാസപ്പെട്ട് പഴയ രീതിയിലുള്ള വാതിലിൻറെ കൊളുത്തിട്ടു.

തങ്ങളെ തേടിവരുന്ന അപകടം പ്രതീക്ഷിച്ചുകൊണ്ട് അവരെല്ലവരുംകൂടി മുറിയുടെ ഒരു മൂലയിൽ ഒതുങ്ങിക്കൂടി. നീതു ബിനോയിയെ കെട്ടിപ്പിടിച്ചു. പെട്ടെന്ന് ഒരു വലിയ ശബ്ദത്തോടെ വാതിലിൽ എന്തോ വന്നിടിച്ചു. അതിൻറെ കൂട്ടത്തിൽ പുറത്ത്

ശക്തമായി ഒരിടിവെട്ടി. എല്ലാവരും ഒരുപോലെ ഞെട്ടി. ആ സമയം ബിനോയിയുടെ കയ്യിലിരുന്ന ടോർച്ച് അണഞ്ഞുപോയി. മുറിയിലാകെ ഇരുട്ട് വ്യാപിച്ചു.



## പതിനഞ്ച്

ബിനോയി അവൻറെ കൈയ്യിലെ ടോർച്ച് തെളിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ അവൻ എത്ര ശ്രമിച്ചിട്ടും അത് തെളിഞ്ഞില്ല. നീതു അവൻറെ നെഞ്ചിൽ തല വച്ച് അമർന്നിരിക്കുകയായിരുന്നു. അലക്സ് ഇരുട്ടിൽ തപ്പിത്തടഞ്ഞ് മുറിക്ക് നടുവിൽ ഇട്ടിരുന്ന മേശയുടെ അടുത്തെത്തി. അതിൻറെ മുകളിൽ നിന്നും ഓജോ ബോർഡ് ചെയ്യാനായി കരുതിയിരുന്ന മെഴുകുതിരി സ്റ്റാൻഡ് തപ്പിയെടുത്ത് അത് കത്തിച്ചു. മുറിയിലാകെ പ്രകാശം നിറഞ്ഞു. അതോടൊപ്പം മൂലയ്ക്ക് കൂടിയിരുന്നവർ നിലത്തുനിന്നും പിടഞ്ഞെഴുന്നേറ്റു. വിശ്വം ശ്വാസമെടുക്കാൻ നന്നേ പ്രയാസപ്പെട്ടുകൊണ്ടിരുന്നു. അമീർ വിശ്വത്തെ അപ്പോഴും താങ്ങിപ്പിടിച്ചിരുന്നു.

'വിശ്വം, ഇനി നമ്മൾ എന്താ ചെയ്യുക?' അലക്സ് വിശ്വത്തെ നോക്കി ചോദിച്ചു.

'ഇപ്പോ! ഹം, ഹമ്മേ... എനിക്ക്...'

വിശ്വം സംസാരിക്കാൻ പ്രയാസപ്പെടുന്നത് കണ്ടപ്പോൾ അലക്സ് അയാളെ തടഞ്ഞു.

'വേണ്ടാ വിശ്വം., ഇപ്പോൾ സംസാരിക്കണ്ടാ. ബിനോയീ സമയം എന്തായി.'

'ഒരുമണി.'

ബിനോയി കയ്യിൽ കെട്ടിയിരുന്ന വാച്ചിൽ നോക്കിപ്പറഞ്ഞു.

എല്ലാവരും പരസ്പരം നോക്കി നിരാശപ്പെട്ടു.

'ഈശ്വരാ, നമ്മൾ ശരിക്കും ഇതിൽ അകപ്പെട്ടല്ലോ. നേരം വെളുക്കാൻ ഇനിയുമുണ്ട് മണിക്കൂറുകൾ. അതുവരെ.'

അലക്സ് അവൻറെ വാക്കുകൾ മുഴുമിപ്പിച്ചില്ല. അതിനുമുൻപുതന്നെ വാതിലിൻറെ മറുഭാഗത്തുനിന്നും പരിഹാസത്തിലുള്ള ഒരു ചിരി ഉയർന്നുകേട്ടു. എല്ലാവരും പെട്ടെന്ന് നിശബ്ദരായി. വിശ്വം നിലത്തുനിന്നും ഒരുവിധത്തിൽ എഴുന്നേറ്റ് ആവരെ അഭിമുഖീകരിച്ചു നിന്നു. എന്നിട്ട് ശ്വാസം നന്നായി അകത്തേക്കെടുത്തു. അയാൾ എന്തോ പറയാൻ തുടങ്ങുമ്പോഴായിരുന്നു പുറത്തുനിന്നും വാതിലിൽ ചെറിയ മുട്ടുകേട്ടത്.

എല്ലാവരുടേയും ശ്രദ്ധ വാതിലിൻറെ നേർക്കായി. അവരാരും നിന്നിടത്തുനിന്നും അനങ്ങിയില്ല. എന്നാൽ പോകെപ്പോകെ ആ മുട്ടലിൻറെ കാഠിന്യം കൂടിക്കൂടിവന്നുകൊണ്ടിരുന്നു. പഴയ വാതിൽ ആയതിനാൽ ഒരുപാടുനേരം അതിന് പിടിച്ചുനിൽക്കാൻ കഴിയുകയില്ലെന്ന് എല്ലാവർക്കുമറിയാമായിരുന്നു. വിശ്വം വാതിലിനുനേർക്ക് നടന്നു. വാതിലിനടുത്ത് ചെന്നിട്ട് പിന്നോട്ടുതിരിഞ്ഞുനോക്കി. എന്നിട്ട് കൈകാട്ടി എല്ലാവരെയും വാതിലിനടുത്തേക്ക് വിളിച്ചു.

വിശ്വം എന്തോ പദ്ധതി മനസ്സിൽ കണ്ടിട്ടുണ്ടെന്ന് എല്ലാവർക്കും മനസ്സിലായി. അവരെല്ലാവരും വേഗംതന്നെ അയാൾക്കടുത്തെത്തി.

'ഞാൻ പറയുന്നത് ശ്രദ്ധിച്ച് കേൾക്കണം.'

വിശ്വം വളരെ ശബ്ദം താഴ്ത്തിയാണ് അവരോട് സംസാരിച്ചത്. മാത്രമല്ല അയാളുടെ പഴയ ശബ്ദവുമായി അതിന് ഒരുപാട് വ്യത്യാസവുമുണ്ടായിരുന്നു.

'എൻറെ കയ്യിലോ നിങ്ങളുടെ കയ്യിലോ രക്ഷകൾ ഒന്നും തന്നെയില്ല. എന്നാൽ ജീവൻ രക്ഷിക്കാൻ നമ്മളിപ്പോൾ നാവും ശരീരവും നമ്മുടെ രക്ഷയാക്കാൻ പോകുന്നു.'

എല്ലാവരും സംശയത്തോടെ വിശ്വത്തെ നോക്കി.

പെട്ടെന്ന് വീണ്ടും പുറത്ത് നല്ലൊരിടിവെട്ടി. അതിൻറെ കാതടപ്പിക്കുന്ന ശബ്ദം ആ കെട്ടിടത്തിനെയാകെ പിടിച്ചുകുലുക്കി. ഇടിമുഴക്കത്തിൻറെ പ്രതിധ്വനി അവസാനിച്ചപ്പോൾ വാതിലിലെ മുട്ടുനിന്നു. പുറത്ത് അപ്പോഴും കനത്തമഴ പെയ്യുന്നുണ്ടായിരുന്നു. മുറിയാകെ നിശബ്ദമായതിനാൽ എന്തോ ലോഹം ഉരയുന്ന ശബ്ദം അവർക്ക് വ്യക്തമായി കേൾക്കാൻ സാധിച്ചു. ആ ശബ്ദം കേട്ട ഭാഗത്തേക്ക് എല്ലാവരും നോക്കി. അവർ നോക്കിനിൽക്കെ വാതലിൻറെ നീളമുള്ള ഇരുമ്പുകൊളുത്ത് താനേ ഉയരുന്നത് കണ്ടു.

'അമീറേ, തള്ളിപ്പിടിക്കെടാ.'

ബിനോയ് അതും പറഞ്ഞുകൊണ്ട് കൊളുത്തിൽ തള്ളിപ്പിടിച്ചു. ഇതുകണ്ട് അമീറും സണ്ണിയും വിവേകും ആദർശും രാഹുലും കൂടി അവൻറെയൊപ്പം കൂടി. അവർ വളരെ പ്രയാസപ്പെട്ട് കൊളുത്ത് ഇളകാതിരിക്കാൻ തള്ളിപ്പിടിച്ചു.

'വിശ്വം, എന്തെങ്കിലും പെട്ടെന്ന് ചെയ്യ്. ഞങ്ങൾ ഇത്രയും പേർ പിടിച്ചിട്ടും ഇതിനെ ചെറുക്കാനാവുന്നില്ല.' ബിനോയ് വിളിച്ചുപറഞ്ഞു.

പെൺകുട്ടികൾ ഇതുകേട്ട് വിരണ്ടുപോയി. അതോടൊപ്പം സോഫി ഉറക്കെ കരയാൻ തുടങ്ങി.

'സോഫീ, കരയാതെ. നമ്മൾ ഈ സാഹചര്യത്തിൽ കരഞ്ഞാൽ,'

‘നീതു, ഞാൻ പറയുന്നത് കേൾക്ക്. ഇനി ബാക്കിയെല്ലാം നിങ്ങളുടെ കയ്യിലാണ്. നിങ്ങൾ മൂന്നുപേരും കൂടി വാതിലിൻറെ പരമാവധി അടുത്തേക്ക് ചെല്ല്.’

വിശ്വം അത് പറഞ്ഞുതീരേണ്ട താമസം പെൺകുട്ടികൾ മൂന്നും വാതിലിനടുത്തെത്തി.

‘സോഫീ, നിനക്ക് പള്ളിയിലെ പ്രാർത്ഥന ചൊല്ലാനറിയുമോ?’

‘ഉവ്വ്, നന്നായി അറിയാം.’

അവൾ കരച്ചിൽ നിർത്തിക്കൊണ്ട് പറഞ്ഞു.

‘എങ്കിൽ നിൻറെ പരമാവധി ശബ്ദത്തിൽ പ്രാർത്ഥന ചൊല്ലി ദൈവത്തെ വിളിക്ക്.’

വിശ്വം അത് പറഞ്ഞുതീരും മുമ്പേ അവൾ കാൽമുട്ടിൽ നിന്നു. എന്നിട്ട് കൈകൾ രണ്ടുമുയർത്തി ഉറക്കെ പ്രാർത്ഥിക്കാൻ തുടങ്ങി.’

‘എൻറെ ഈശോയെ ഞങ്ങളെ രക്ഷിക്കണമേ, സ്തോത്രം സ്തോത്രം. കർത്താവേ കനിയണമേ, മാതാവേ കനിയണമേ.’

അവൾ പ്രാർത്ഥന ചൊല്ലുന്നത് കണ്ടപ്പോൾ വിശ്വം പറയാൻ കാത്തുനിൽക്കാതെ നീതുവും ഉച്ചത്തിൽ പ്രാർത്ഥനയാരംഭിച്ചു.’

‘അച്യുതം കേശവം, ഹരി സത്യം ജനാർദ്ദനം, ഹംസനാരയണം ഭജേൻ.’

ഐഷ ഇതെല്ലാം നോക്കി നിൽക്കുകയായിരുന്നു.

‘ഐഷാ, ഏതു കൊടുങ്കാറ്റിലും പേമാരിയിലും മനസ്സിൽ കളങ്കമില്ലാത്ത ഒരു യഥാർത്ഥ മുസ്ലീം നിസ്കരിച്ചാൽ പടച്ചോൻ അവരെ സംരക്ഷിക്കും.’

വിശ്വം അത് പറഞ്ഞ് തീരേണ്ട താമസം ഐഷ അവരുടെ സമീപത്ത് തന്നെ നിസ്കരിക്കാനാരംഭിച്ചു. ആ മുറിയിൽനിന്നും പ്രാർത്ഥനകൾ ഉയർന്നുകേട്ടു. നീതുവും സോഫിയും പരമാവധി ഉച്ചത്തിൽ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരുന്നു.

അലക്സ് ആൺകുട്ടികളുടെയൊപ്പം അവരെ സഹായിക്കാൻ ചേർന്നു. അവർ അത്രയും പേർ തള്ളിപ്പിടിച്ചിട്ടും ആ കൊളുത്ത് മാറാതിരിക്കാൻ അവർക്ക് പരമാവധി ശക്തി ഉപയോഗിക്കേണ്ടിവന്നു. വിശ്വം നെഞ്ചിൽ കൈവച്ചുകൊണ്ട് പതിഞ്ഞ ശബ്ദത്തിൽ എന്തൊക്കയോ മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു.

‘വിശ്വം, ഞങ്ങൾക്ക് ഇത് പിടിച്ചുനിർത്താൻ കഴിയുന്നില്ല,’ അലക്സ് വിളിച്ചുപറഞ്ഞു.

വിശ്വം അതൊന്നും ശ്രദ്ധിച്ചതേയില്ല. അയാൾ വീണ്ടും എന്തൊക്കയോ ഉരുവിട്ടുകൊണ്ടിരുന്നു. അയാളുടെ മനസ്സ് അപ്പോൾ മറ്റൊരു ലോകത്തിൽ സഞ്ചരിക്കുകയായിരുന്നു. ഏതോ വിജനമായ സ്ഥലം. ഒരുപാട് കള്ളിമുൾച്ചെടികളുടെ നടുവിൽ താൻ അകപ്പെട്ടുപോയി. പുറത്തുകടക്കാനായി ചുറ്റും പരതി. കള്ളിമുള്ളുകൾക്കിടയിൽ ഒരു പഴയ മഴു കിടക്കുന്നു. അതെടുക്കാൻ അയാൾ പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ അതിന് സാധിക്കാതെ അയാൾ കുഴങ്ങി. ഒടുവിൽ ചങ്കിൽ മുള്ളുകൾ കുത്തിക്കയറിയിട്ടും ആ മഴു അയാൾ കൈക്കലാക്കി വഴി തെളിച്ചു. അതിലൂടെ അയാൾ പുറത്തേക്കോടി. പുറത്തെത്തിയ അയാൾ

ചെന്നെത്തിയത് ഒരു ശവപ്പറമ്പിലായിരുന്നു. അവിടെ ഇലകളില്ലാത്ത ഒരു മരത്തിൽ ഗർഭിണിയായ ഒരു യുവതി കയറിൽ തൂങ്ങി നിൽക്കുന്നു.'

'വിശ്വം, വിശ്വം.'

തുടരെത്തുടരെയുള്ള കുലുക്കിവിളികൾക്കൊടുവിൽ വിശ്വം ചിന്തകളിൽ നിന്നും ഞെട്ടിയുണർന്നു. അയാൾ കണ്ണുതുറന്ന് ചുറ്റും നോക്കി.

'വിശ്വം, ദൈവം നമ്മളെ രക്ഷിച്ചു.'

'എന്ത്?'

'അതേ വിശ്വം, മഴ മാറി. ചുറ്റുമുള്ള കോലാഹലങ്ങൾ ശാന്തമായി. ഈശ്വരൻ നമ്മളെ രക്ഷിച്ചു.

അലക്സ് ദീർഘശ്വാസം വിട്ട് പറഞ്ഞു.' വിശ്വം ബിനോയിയെ നോക്കി.

'സമയം എന്തായി ബിനോയീ?'


'രണ്ടര.'

'അപ്പോൾ പുലരാൻ ഇനിയും സമയം ബാക്കിയുണ്ടല്ലേ?'

'അതെ,' വിശ്വം ചോദിച്ചതിന് മറുപടിയായി ബിനോയി പ്രതികരിച്ചു.

അയാൾ നെറ്റിയിൽ ചൂണ്ടുവിരൽ അങ്ങോട്ടുമിങ്ങോട്ടും ഉരസിക്കൊണ്ടിരുന്നു. ആ സമയം ആരും ഒന്നുംതന്നെ പരസ്പരം സംസാരിച്ചില്ല. അൽപ്പസമയത്തെ ഏകാന്തതയ്ക്ക് അന്ത്യമിട്ടുകൊണ്ട് അയാൾ നടന്ന് മേശക്കടുത്തെത്തി. എന്നിട്ട് അതിൻറെ താഴെയുള്ള അറയിൽനിന്നും ഒരു ഇളംമഞ്ഞ നിറമുള്ള തുകൽ പുറത്തെടുത്തു. അത് മേശപ്പുറത്ത് നിവർത്തിവയ്ക്കുന്നത് കണ്ട് ബാക്കിയുള്ളവരെല്ലാം മേശയ്ക്ക് ചുറ്റും ഒത്തുകൂടി. എല്ലാവരുടെയും അപ്പോഴത്തെ ചിന്ത ആ വസ്തുവിനെക്കുറിച്ച് മാത്രമായിരുന്നു. താഴെയിരുന്ന മെഴുകുതിരി സ്റ്റാൻഡ് മേശമേൽ എടുത്തുവച്ചപ്പോൾ അതിൻറെ വെളിച്ചത്തിൽ അതുവരെ കേട്ടുമാത്രം പരിചയമുള്ള ആ വസ്തു അവരെല്ലാവരും ജീവിതത്തിലാദ്യമായി നേരിട്ടുകണ്ടു.

'ഓജോ ബോർഡ്!!!'



## പതിനാറ്

‘വിശ്വം നമുക്കിപ്പോൾ ഇത് ചെയ്യണോ?’

‘എന്താ വേണ്ടേ? നമ്മൾ എന്തിനാണ് ഇത്രയും കഷ്ടപ്പെട്ട് ഇതെല്ലാം ഇവിടെ വരെ കൊണ്ടെത്തിച്ചത്. അതോ പേടിച്ച് തിരിച്ചുപോകാനാണോ?’

‘ഞാൻ അങ്ങനെയല്ല വിശ്വം ഉദ്ദേശിച്ചത്. ഐഷയ്ക്കും വിശ്വത്തിനും സാരമായി പരുക്കുണ്ട്. അതുകൊണ്ട്, നാളത്തേക്ക്...’

‘അലക്സ്, എനിക്ക് ഒരു പ്രശ്നവുമില്ല. ഐഷാ, നിനക്കെന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നുണ്ടോ.’

‘ഇല്ല, നമുക്ക് മുന്നോട്ടുതന്നെ പോകാം.’ അത് പറഞ്ഞിട്ട് ഐഷ അമീറിനെ നോക്കി. അവൻ അവളുടെ വിരലുകൾക്കിടയിലൂടെ അവൻറെ കൈവിരലുകൾ കടത്തി മുറുകെപ്പിടിച്ചു.

‘എങ്കിൽ നമുക്ക് മുന്നോട്ടുപോകാം.’ അലക്സ് ആത്മവിശ്വാസത്തിൽ വിശ്വത്തെ നോക്കിപ്പറഞ്ഞു.

‘എന്നാൽ തുടങ്ങുകയല്ലേ, അലക്സ് ക്യാമറ ഓൺ ആക്കിക്കോ.’

‘യെസ്, അതൊക്കെ നേരത്തേതന്നെ ഓൺ ആണ്.’

‘ശരി, എല്ലാവർക്കും പറഞ്ഞതൊക്കെ ഓർമ്മയുണ്ടല്ലോ. കുറച്ചു മുമ്പ് രക്ഷക്ക് ദൈവത്തെ വിളിച്ചിട്ട് നമ്മൾ ഇപ്പോൾ ഈ കാണിക്കാൻ പോകുന്നത് ദൈവനിന്ദയാണ്. പക്ഷേ ഇനിയിപ്പോൾ അതൊക്കെ നോക്കിയിട്ട് കാര്യമില്ല. പറഞ്ഞ കാര്യങ്ങൾ ആരും മറന്നിട്ടില്ലല്ലോ. ഇനി ആരും സംസാരിക്കരുത്. ഞാൻ മാത്രം സംസാരിക്കും. ഇനി നിങ്ങൾക്ക് മുന്നിൽ നടക്കുന്ന കാര്യങ്ങളൊക്കെ ഒരു സ്വപ്നമായി മാത്രം കാണുക.’

അത് പറഞ്ഞിട്ട് വിശ്വം മേശയുടെ പുറത്ത് കരുതിയിരുന്ന ഒരു ചെറിയ പെട്ടി തുറന്നു. അതിൽ ചെമ്പുകൊണ്ട് നിർമിച്ച ഒരു ഗ്ലാസും നക്ഷത്രത്തിൻറെ ചിഹ്നമുള്ള

ഒരു ഒറ്റ നാണയവും ചെറിയൊരു നിലക്കണ്ണാടിയും ഉണ്ടായിരുന്നു. ആദ്യമായി അയാൾ ഗ്ലാസ്സെടുത്ത് അതിൽ വക്കോളം വെള്ളം നിറച്ചു.

പിന്നീട് മെഴുകുതിരി സ്റ്റാൻഡിൽ നിന്ന് പഴയവ മാറ്റി പകരം പുതിയ മെഴുകുതിരികൾ വച്ചു. മെഴുകുതിരി സ്റ്റാൻഡിന് അഭിമുഖമായി നിലക്കണ്ണാടിയും വച്ചു. അവസാനം പെട്ടിയിൽനിന്നും ആ ഒറ്റ നാണയം പുറത്തെടുക്കുമ്പോൾ അയാൾ എല്ലാവരെയും ഒന്ന് കണ്ണോടിച്ച് നോക്കി.

ആരുടെ മുഖത്തും ഭയം ഉണ്ടായിരുന്നില്ല. അതയാൾക്ക് കൂടുതൽ ധൈര്യം നൽകി. കയ്യിലിരുന്ന ഒറ്റനാണയം ഓജോ ബോർഡിൻറെ മദ്ധ്യത്തിൽ കാണുന്ന വൃത്തത്തിൽ വച്ചിട്ട് അയാൾ വീണ്ടും എല്ലാവരെയും നോക്കി.

'നമ്മൾ തുടങ്ങുകയായി. ഞാൻ പറയുന്നത് നിങ്ങൾ ഏറ്റുപറയണം. ബോർഡിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നതുവരെ അത് തുടരണം.'

എല്ലാവരും പറഞ്ഞത് മനസ്സിലായെന്ന രീതിയിൽ തലയാട്ടി. വിശ്വം തൻറെ ചൂണ്ടുവിരൽ ആ നാണയത്തിൻറെ മുകളിൽ വച്ചിട്ട് കണ്ണുകളടച്ചു. എന്നിട്ട് പതിഞ്ഞ സ്വരത്തിൽ മന്ത്രിച്ചു.

'ഗുഡ് സ്പിരിറ്റ് പ്ലീസ് കം. ഗുഡ് സ്പിരിറ്റ് പ്ലീസ് കം.. ഗുഡ് സ്പിരിറ്റ് പ്ലീസ് കം...'

അയാൾക്കൊപ്പം മറ്റുള്ളവരും അത് ഏറ്റുചൊല്ലി. എന്തോ ആപത്ത് മുന്നിൽക്കണ്ടിട്ടെന്നപോലെ ആ കെട്ടിടത്തിൻറെ പരിസരത്തുള്ള വൃക്ഷങ്ങളിലെ അന്തേവാസികളായ പക്ഷികൾ കൂട്ടമായി കരഞ്ഞുകൊണ്ട് ദൂരേയ്ക്ക് പറന്നുപോയി. പുറത്ത് ശമിച്ചിരുന്ന കാറ്റ് വീണ്ടും ശക്തിയായി വീശിയടിച്ചു. ചുറ്റുപാടുമുള്ള മരങ്ങൾ ശക്തമായ കാറ്റിൽ ആടിയുലഞ്ഞു. കെട്ടിടത്തിനുള്ളിലെ ആ ഒറ്റപ്പെട്ട മുറിയിൽനിന്നും അപ്പോഴും ആ വാക്കുകൾ അന്തരീക്ഷത്തിൽ അലയടിച്ചു.

'ഗുഡ് സ്പിരിറ്റ് പ്ലീസ് കം. ഗുഡ് സ്പിരിറ്റ് പ്ലീസ് കം. ഗുഡ് സ്പിരിറ്റ് പ്ലീസ് കം...'

പതിനഞ്ചുമിനിട്ടോളം അവർ നിർത്താതെ അതുതന്നെ തുടർന്നുകൊണ്ടിരുന്നു. പെട്ടെന്നായിരുന്നു മേശപ്പുറത്ത് വക്കുവരെ നിറച്ചുവച്ചിരുന്ന വെള്ളത്തിൽ വലയങ്ങൾ പ്രത്യക്ഷമായത്. കൂട്ടത്തിൽ ആ ചെമ്പ് ഗ്ലാസ് വിറയ്ക്കാനും തുടങ്ങി. ഭൂമി കുലുങ്ങുന്നതാണോ എന്നറിയാൻ രാഹുൽ ചുറ്റും നോക്കി. എല്ലാവരും അപ്പോഴും ആ വാക്കുകൾ ഉരുവിട്ടുകൊണ്ടിരുന്നു.

വെള്ളത്തിൽ കമ്പനം ഉണ്ടായതിനോടൊപ്പം കത്തിച്ചുവച്ചിരുന്ന മെഴുകുതിരിയുടെ നാളങ്ങൾക്ക് ചാഞ്ചാട്ടമുണ്ടായി.

പെട്ടെന്ന് നാണയത്തിൻറെ മേൽ വച്ചിരുന്ന വിശ്വത്തിൻറെ കയ്യിലെ രോമങ്ങൾ എഴുന്നേറ്റുനിന്നു. ആ കൈ മാത്രം വിറക്കുന്നത് കണ്ടപ്പോൾ എല്ലാവരും ഒരു കാര്യം മനസ്സിലുറപ്പിച്ചു. ഏതോ ഒരു ആത്മാവ് തങ്ങൾക്കരികിൽ വന്നുകഴിഞ്ഞിരിക്കുന്നു.

അപ്പോഴേക്കും വിശ്വം അയാൾ ഉരുവിട്ടുകൊണ്ടിരുന്ന വാക്കുകൾ നിർത്തി. ചുറ്റുമിരുന്നവർ ഓരോരോരുത്തരും ശ്വാസം അടക്കിപ്പിടിച്ചിരുന്നു. എല്ലാവരുടെയും അപ്പോഴത്തെ ചിന്ത വിശ്വം അടുത്തതായി ചെയ്യാൻ പോകുന്നതെന്താണ് എന്നതിലായിരുന്നു.

ഏതാനും നിമിഷങ്ങൾക്കകം വിശ്വം തൻറെ അടഞ്ഞ കണ്ണുകൾ ഓജോ ബോർഡിൽ വച്ചിരുന്ന നാണയത്തെ ലക്ഷ്യമാക്കി തുറന്നു. ആ കണ്ണുകളിലെ തീക്ഷണത കണ്ടപ്പോൾ തങ്ങളുടെ മുന്നിലിരിക്കുന്നത് വിശ്വം തന്നെയാണോ എന്നുപോലും ബാക്കിയുള്ളവർക്ക് സംശയമുണ്ടായി. എല്ലാവരും നോക്കിനിൽക്കേ ചൂണ്ടുവിരലിൻറെ ചുവട്ടിലെ നാണയം താനേ വട്ടം ചുറ്റി വീണ്ടും വൃത്തത്തിനുള്ളിൽ ചെന്നുനിന്നു.

വിശ്വം ദീർഘമായി ഒന്ന് നിശ്വസിച്ചു.

'ഗുഡ് സ്പിരിറ്റ്, ഓർ ബാഡ് സ്പിരിറ്റ്?' അയാൾ ഉറക്കെ ചോദിച്ചു.

ബോർഡിൽ ഗുഡ് സ്പിരിറ്റ് എന്നെഴുതിവച്ചിരുന്ന ഭാഗത്തിലേക്ക് നാണയം സാവധാനത്തിൽ സഞ്ചരിച്ചു. അപ്പോൾ എല്ലാവർക്കും ഒരുകാര്യം മനസ്സിലായി. അവർ ഉദ്ദേശിച്ചതുപോലെ ആ കെട്ടിടത്തിൽ വച്ച് മരണപ്പെട്ട ആരുടേയും ആത്മാവല്ല അവരെ തേടിയെത്തിയതെന്ന്. കാരണം തങ്ങൾക്കുണ്ടായ അനുഭവങ്ങൾ വച്ചു നോക്കുമ്പോൾ അവിടെയുള്ളതൊന്നും നല്ല ആത്മാക്കളായി അവർക്ക് തോന്നിയില്ല. അവരുടെ ചിന്തകൾ അവസാനിക്കും മുമ്പേ വിശ്വം അടുത്ത ചോദ്യം ചോദിച്ചു.

'സ്ത്രീയോ പുരുഷനോ?'

അതിന് മറുപടിയായി സ്ത്രീയെ ലക്ഷ്യമാക്കി നാണയം നീങ്ങി. അപ്പോൾ എല്ലാവരും അതിശയിച്ചുപോയി.

'എങ്ങിനെയാണ് നിൻറെ ശരീരം നഷ്ടപ്പെട്ടത്?'

നാണയം നീങ്ങി കൊലപാതകത്തെ സൂചിപ്പിക്കുന്ന അക്ഷരങ്ങളിലൂടെ സഞ്ചരിച്ചു. ബാക്കിയുള്ളവർ ഇതൊക്കെക്കണ്ട് ആകാംക്ഷയോടെ അടുത്ത ചോദ്യങ്ങൾക്കും മറുപടികൾക്കുമായി കാത്തിരിക്കുകയായിരുന്നു.

'എവിടെവച്ചാണ് കൊല്ലപ്പെട്ടത്?'

അതിന് മറുപടിയായി നാണയം ഓരോ അക്ഷരങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടേയിരുന്നു. ഓരോരുത്തരുടെയും നെറ്റികളിൽ ചുളിവുകൾ പ്രത്യക്ഷപ്പെട്ടു. ഒടുവിൽ വിശ്വം അത് കൂട്ടിവായിച്ചു.

അത് കേട്ടപ്പോൾ എല്ലാവരും നടുങ്ങിപ്പോയി. കാരണം ആ മരണവും നടന്നത് അവർ താമസിക്കുന്ന അതേ വീട്ടിൽ വച്ചായിരുന്നു. അടുത്തതായി വിശ്വം ചോദിച്ച ചോദ്യം എല്ലാവരും ആഗ്രഹിച്ചതുതന്നെയായിരുന്നു...

'നിൻറെ പേരെന്താണ്?'

നാണയം നീങ്ങി മാറിയ അക്ഷരങ്ങൾ തിടുക്കത്തിലവർ കൂട്ടിവായിച്ചു.

'സോഫി.'



## പതിനേഴ്

ആ പേര് കേട്ടയുടനേ എല്ലാവരും ഞെട്ടിത്തിരിഞ്ഞ് സോഫിയെ നോക്കി. അവർക്കാർക്കും തങ്ങൾ കേട്ടത് സത്യമാണെന്ന് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. സോഫി അനക്കമില്ലാതെ ഇരുന്നിടത്തുതന്നെ ഇരിക്കുകയാണ്. മറ്റുള്ളവർ കണ്ടാൽ പേടിക്കുന്ന രീതിയിൽ കണ്ണുകൾ അവൾ മിഴിച്ചുപിടിച്ചിരുന്നു. ഐഷയും നീതുവും ഇതുകണ്ട് അവളുടെ അടുത്തുനിന്നും പെട്ടെന്ന് തന്നെ മാറി.

പ്രതീക്ഷിക്കാത്ത സംഭവങ്ങൾ കണ്ട് സണ്ണി ഇടിവെട്ടേറ്റതുപോലെ ഇരിക്കുകയായിരുന്നു. അവന് ശബ്ദിക്കാനായില്ല, അവൻറെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. ഇതുകണ്ട് അലക്സ് തലയിൽ കൈവച്ചുപോയി.

വിശ്വം ബോർഡിൽ നിന്നും ശ്രദ്ധ സോഫിയിലേക്ക് തിരിച്ചു. സണ്ണിയുടെ തേങ്ങൽ ആ മുറിയിൽ നിറഞ്ഞു.

ബാക്കിയുള്ളവർ ഞെട്ടൽ മാറാതെ സ്തംഭിച്ചിരിക്കുകയായിരുന്നു. അലക്സ് വിശ്വത്തെ നോക്കി. വിശ്വത്തിൻറെ മുഖത്ത് യാതൊരുവിധ ഭാവവ്യത്യാസങ്ങളുമുണ്ടായില്ല.

അയാൾ വീണ്ടും അടുത്ത ചോദ്യം ചോദിച്ചു.

'അപ്പോൾ ഞങ്ങളുടെ കൂടെയുള്ളത് ആരാണ്?'

'ലോറൻസ്.'

ഓജോ ബോർഡിൽ മറുപടി പ്രതീക്ഷിച്ചിരുന്ന അവർക്ക് സോഫിയുടെ നാവിൽനിന്നും ആ മറുപടി ലഭിച്ചു. പക്ഷേ അവരെയൊക്കെ ഞെട്ടിച്ചത്

മറ്റൊന്നായിരുന്നു. സോഫിയുടെ മറുപടിക്ക് ഗാംഭീര്യമുള്ള പുരുഷശബ്ദം!

'ലോറൻസ്!'

വീണ്ടും അവൾ ഉയർന്ന ശബ്ദത്തിൽ വിളിച്ചുപറഞ്ഞു.

'അതേ, ഞാൻ തേടിയത് നിന്നെയാണ്. നിന്നെമാത്രം.' വിശ്വം ശബ്ദം താഴ്ത്തി കടുപ്പിച്ച് പറഞ്ഞു.

സോഫിയുടെ രൂപത്തിലും കാര്യമായ മാറ്റങ്ങൾ വരാൻ തുടങ്ങിയിരുന്നു. കൈകൾ തറയിൽ കുത്തിപ്പിടിച്ച് മുന്നോട്ടും പിന്നോട്ടും ആടാൻ തുടങ്ങി. അവളുടെ കണ്ണിൻറെ കൃഷ്ണമണികൾ അപ്രത്യക്ഷമായിപ്പോയിരുന്നു. പല്ലുകൾ കൂട്ടിക്കടിച്ചുപിടിച്ചാണ് അവൾ സംസാരിച്ചത്.

സണ്ണിക്ക് അത് താങ്ങാൻ പറ്റുന്ന ഒരു കാഴ്ച അല്ലായിരുന്നു. അവൻ ബിനോയിയുടെ നെഞ്ചിലേക്ക് വീണു.

'ബിനോയീ, എൻറെ സോഫി. ഞാൻ എൻറെ അമ്മച്ചിയോട് എന്ത് സമാധാനം പറയുമെടാ...'

സണ്ണിയുടെ കരച്ചിൽ കേട്ട് ബിനോയിയുടെയും കണ്ണിൽ നിന്നും കണ്ണീർ ഇറ്റുവീണു. അവൻ സണ്ണിയെ എന്തുപറഞ്ഞ് ആശ്വസിപ്പിക്കണമെന്നറിയാതെ കുഴങ്ങി.

നീതുവും ഐഷയും സോഫിയെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. സോഫി മുറിയിൽ നിന്നും പോന്നപ്പോൾ ആരും കാണാതെ കയ്യിൽ കരുതിയിരുന്ന സ്നാക്സിൻറെ പൊതി അവളുടെ സമീപത്ത് ചിതറിക്കിടക്കുന്നത് കണ്ടപ്പോൾ നീതുവിനും സഹിക്കാനായില്ല. അവളും പൊട്ടിക്കരയാൻ തുടങ്ങി.

'ശ്ശ്, നിർത്ത്. ആരുടെയും ശബ്ദം പുറത്ത് കേൾക്കരുത്.' വിശ്വം അവരെ നോക്കിപ്പറഞ്ഞു.

ഇരമ്പിവന്ന രോഷം സണ്ണി പിടിച്ചുനിർത്തി.

'എടാ, എൻറെ സോഫി....' ബിനോയി സണ്ണിയുടെ വായ പൊത്തിപ്പിടിച്ചു.

വിശ്വം വീണ്ടും സോഫിയിലേക്ക് തിരിഞ്ഞു......

'ലോറൻസിനെ ഇവിടെയാർക്കുമറിയില്ല. നീ ആരാണ്?'

ചോദ്യം ചോദിച്ച് നിമിഷങ്ങൾ കഴിഞ്ഞിട്ടും സോഫിയിൽനിന്നും മറുപടിയൊന്നുമുണ്ടായില്ല. അവൾ കൈവെള്ളകൾ തമ്മിൽ കൂട്ടിയുരസിക്കൊണ്ടിരുന്നു.

'ഞാൻ ചോദിച്ചത് കേട്ടില്ലേ? ഞങ്ങളാരും നിങ്ങളെ ഉപദ്രവിക്കാനായി വന്നതല്ല. നേരേമറിച്ച് നിങ്ങളെല്ലാം കൂടിയാണ് ഞങ്ങളെ ഉപദ്രവിക്കുന്നത്. നിങ്ങൾക്ക് വേണ്ടത് എന്താണ്. നിങ്ങളോട് ഒരു തെറ്റും ചെയ്യാത്തവരോട് നിങ്ങളെന്തിനാ ഇങ്ങനെ പ്രതികാരം ചെയ്യുന്നത്?'

വിശ്വത്തിൻറെ ചോദ്യങ്ങൾ കേട്ടപ്പോൾ സോഫി വിശ്വത്തെ രൂക്ഷമായി നോക്കി. അവളുടെ കണ്ണിൽ വെള്ളനിറം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

'എൻറെ വീട്ടിൽ എൻറെ അനുവാദമില്ലാതെ വന്ന് താമസിക്കാൻ നിനക്കൊക്കെ എങ്ങിനെ ധൈര്യം വന്നു.'

അവളുടെ പുരുഷശബ്ദം അന്തരീക്ഷത്തിലാകെ പ്രകമ്പനംകൊണ്ടു.

'അപ്പോൾ ഞങ്ങൾ ഇവിടെനിന്നും മാറിത്തരണമെന്നാണോ?'

'അതേ, ഹ്ഹാ...'

'ലോറൻസ് എന്ന വ്യക്തി ഈ ഭൂമിയിൽ ജീവനോടെയിരുന്നപ്പോൾ ഞങ്ങളാരും നിനക്ക് ഒരു ഉപദ്രവവും ചെയ്തിട്ടില്ല. പക്ഷേ നിൻറെ ഇപ്പോഴത്തെ ഈ അവസ്ഥക്ക് കാരണമായവരെ കൂടെക്കൂട്ടി നീ കാണിച്ചുകൂട്ടുന്നതിൽ എന്തെങ്കിലും ന്യായമുണ്ടോ?'

വിശ്വത്തിൻറെ ചോദ്യം കേട്ട് സോഫി അട്ടഹസിച്ചു.

'ഞങ്ങളുടെ ലോകത്തിൽ ശരികളില്ല. തെറ്റുകൾ മാത്രം...'

'ഓഹോ, അപ്പോൾ നീ ചെയ്ത തെറ്റുമൂലം ചങ്കുപൊട്ടി മരിച്ച നിൻറെ അച്ഛൻ നിനക്ക് തെറ്റല്ല അല്ലേ? നീ മൂലം മരിച്ച നിൻറെ സഹപാഠികളും നിനക്ക് തെറ്റല്ല? എൻറെ ഭാര്യ നിനക്ക് തെറ്റല്ല? അവളുടെ വയറ്റിൽ വളർന്നിരുന്ന ഞങ്ങളുടെ കുഞ്ഞും നിനക്ക് തെറ്റല്ല, അല്ലേ?

വിശ്വം പരിസരം മറന്ന് അലറി. അതുകേട്ട് എല്ലാവരും നിശ്ചലമായി. അവരെല്ലാവരും വിശ്വത്തെ ഞെട്ടലോടുകൂടി നോക്കി. സണ്ണി കരച്ചിൽ നിർത്തി എഴുന്നേറ്റിരുന്നു. ഐഷയും നീതുവും മുഖത്തോടുമുഖം നോക്കി.

'നിർത്ത്, മതിയാക്ക് നിൻറെ പ്രസംഗം.'

സോഫി കൈകൾ ഉയർത്തിമുരണ്ടു.

'പ്രസംഗിച്ചതല്ല, ദൈവം പോലും കൈവിട്ട നിൻറെയൊക്കെ കാട്ടിക്കൂട്ടലുകൾ സഹിക്കാൻ കഴിയാതെ പറഞ്ഞതാണ്. പാവം എൻറെ ഭാര്യ എന്ത് തെറ്റാടാ ദ്രോഹീ, നിന്നോടൊക്കെ ചെയ്തത്. എന്തെല്ലാം പ്രതീക്ഷകളോടെയാടാ ഞങ്ങളീ വീട്ടിലേക്ക് താമസിക്കാൻ വന്നത്. എൻറെ ഇന്നത്തെ ഈ അവസ്ഥക്ക് കാരണം നീയൊക്കെയല്ലേടാ. ഇതിനൊക്കെ നീ മറുപടി പറഞ്ഞേ മതിയാകൂ. നിന്നെക്കൊണ്ട് ഞാനത് പറയിക്കും. അല്ലാതെ ഞങ്ങൾ ആരും ഇവിടെ നിന്നും പോകില്ല.'

പെട്ടെന്ന് സോഫിയുടെ മുരളൽ കൂടിക്കൂടി വന്നു.

'നിന്നെയൊക്കെ ഇവിടെ നിന്നും ഓടിക്കാൻ ഞങ്ങൾക്കറിയാം.'

അതും പറഞ്ഞിട്ട് സോഫി താഴേക്കുചരിഞ്ഞു. അവൾ താഴെ വീഴും മുമ്പേ വിശ്വം ഓടിച്ചെന്ന് അവളെ പിടിച്ചുയർത്തി. ഓജോ ബോർഡിൻറെ സമീപം വച്ചിരുന്ന നിലക്കണ്ണാടി സോഫിയുടെ നെറ്റിയോട് ചേർത്തുവച്ചു. എന്നിട്ട് ഓജോ ബോർഡിലേക്ക് നോക്കി.

'സോഫീ, നിൻറെ വഴിയിതാണ്. തിരിച്ചുവരൂ. നിന്നിലേക്ക് തന്നെ തിരിച്ചുവരൂ.' അതും പറഞ്ഞുകൊണ്ട് വിശ്വം സോഫിയുടെ കവിളിൽ ശക്തിയായി അടിച്ചു.

'ആ...' അവളിൽനിന്നും ഒരു ആർത്തനാദമുയർന്നു.

വിശ്വം ഗ്ലാസിൽ ഉണ്ടായിരുന്ന വെള്ളം അവളുടെ മുഖത്ത് ശക്തിയായി തളിച്ചു. അപ്പോൾ പുറത്ത് ക്ലോക്കിൽ മണി അഞ്ചടിച്ച ശബ്ദം ഭിത്തിയിൽ തട്ടി പ്രതിധ്വനിച്ചു. എല്ലാവരും ചുറ്റും നടക്കുന്നത് എന്താണെന്നറിയാതെ അന്തംവിട്ടിരുന്നു.

സോഫി കണ്ണുകൾ തുറക്കുന്നതുകണ്ടപ്പോൾ സണ്ണി ഓടിച്ചെന്ന് അവളെ കെട്ടിപ്പിടിച്ചു.

'എൻറെ മോളേ, നീ എന്നെ തീ തീറ്റിച്ചു. കർത്താവ് നിന്നെ രക്ഷിച്ചു.'

അതും പറഞ്ഞുകൊണ്ട് അവൻ സോഫിയുടെ നെറുകയിൽ ചുംബിച്ചു. എന്നിട്ട് വിശ്വത്തിന് നേർക്ക് തിരിഞ്ഞു.

'വിശ്വം, എന്താണിവിടെ സംഭവിച്ചത്. എൻറെ സോഫി കൊല്ലപ്പെട്ടെന്ന് ഓജോ ബോർഡിൽ!!!'

സണ്ണിയെ മുഴുവൻ പറയാൻ വിശ്വം അനുവദിച്ചില്ല.

'സണ്ണീ, നിങ്ങളുടെയൊക്കെ ജീവൻ സംരക്ഷിക്കേണ്ടത് എൻറെയും കൂടി ചുമതലയാണ്. നിങ്ങളോട് തുടക്കത്തിൽ തന്നെ ഞാൻ ഒരു കാര്യം പറഞ്ഞതാണ്. ഇവിടെ സംഭവിക്കുന്നതൊക്കെ വെറും മിഥ്യ മാത്രമാണെന്ന്. ഓജോ ബോർഡിന് പരിമിതികളുണ്ട്. നമ്മൾ വിളിച്ചത് ഗുഡ് സ്പിരിറ്റിനെയാണ്. അവ മാത്രമേ നമ്മെ സഹായിക്കൂ. നേരേ മറിച്ച് ഞാൻ ബാഡ് സ്പിരിറ്റിനെയാണ് വിളിച്ചിരുന്നതെങ്കിൽ ഇവിടെയുള്ള ആരും തന്നെ ഇപ്പോൾ ജീവനോടെയുണ്ടാവില്ലായിരുന്നു. കുറച്ചുമുമ്പ് പുറത്തെ കോലാഹലങ്ങൾ അടങ്ങിയപ്പോൾ നിങ്ങളോർത്തത് നമ്മുടെ പ്രാർത്ഥനകൾ അവരെ തുരത്തിയെന്നാണോ, എങ്കിൽ അല്ല. സോഫിയുടെ ആത്മാവിനെ പുറത്താക്കി ലോറൻസെന്ന ദുരാത്മാവ് അവൾക്കുള്ളിൽ കയറിക്കൂടി. സോഫിയിൽ വന്ന മാറ്റങ്ങൾ എനിക്ക് അപ്പോഴേ മനസ്സിലായി. നമ്മൾ ഇന്നുതന്നെ ഈ ഓജോബോർഡ് ചെയ്യില്ലായിരുന്നുവെങ്കിൽ സോഫിയുടെ രൂപത്തിൽ ആ ദുരാത്മാവ് നമ്മളെയെല്ലാം വകവരുത്തുമായിരുന്നു. നമ്മൾ രക്ഷപ്പെട്ടിരുന്നുവെങ്കിൽത്തന്നെ സോഫിയെ നമുക്ക് എന്നെന്നേക്കുമായി നഷ്ടമാകുമായിരുന്നു. അതുകൊണ്ട് നമ്മൾ ഗുഡ് സ്പിരിറ്റിനെ വിളിച്ചപ്പോൾ പുറത്താക്കപ്പെട്ട് അലഞ്ഞ സോഫിയുടെ ആത്മാവ് കണ്ടുപിടിച്ച ഉപായമാണ് ഓജോ ബോർഡിൽ കടന്നുകൂടി നമ്മളെ അത് അറിയിക്കുകയെന്നത്.'

'അപ്പോൾ കൊല്ലപ്പെട്ടുവെന്ന് പറഞ്ഞതോ?'

വിശ്വം പറഞ്ഞത് കേട്ട് ഐഷ ചോദിച്ചു.

'അതേ, സോഫി കൊല്ലപ്പെട്ടതാണ്. ഇനി ഞാൻ പറയുന്ന കാര്യങ്ങൾ പണ്ടേ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഒരാളുടെ ആത്മാവ് ശരീരത്തിൽ നിന്നും വേർപെട്ടാൽ പിന്നെ അയാൾ ജീവനോടെയില്ല. അതുതന്നെയാണ് സോഫിയിലും സംഭവിച്ചത്. സോഫിയുടെ ശരീരം മാത്രമായിരുന്നു ഇത്രയും നേരം നമ്മുടെ മുന്നിലിരുന്നത്. പക്ഷേ ലോറൻസിൻറെ ആത്മാവ് പുറത്തുപോയ അതേ നിമിഷത്തിൽ സോഫിക്ക് ശരീരം വീണ്ടെടുക്കാൻ സാധിച്ചു. നിങ്ങൾ കണ്ടിട്ടില്ലേ ബാധ കയറിയ ആളുകൾ മറ്റൊരാളായി മാറുന്നത്. അവർക്ക് സംഭവിക്കുന്നതും ഇതുതന്നെയാണ്. ദുരാത്മാക്കൾ എപ്പോഴും യോജിച്ച ശരീരം തേടിയുള്ള യാത്രയിലായിരിക്കും. ആ യാത്രക്കിടയിൽ അവർ പലരുടേയും ആത്മാക്കളെ പുറംതള്ളി അവരുടെ ശരീരത്തിൽ കടന്നുകൂടും. പുറത്താക്കപ്പെട്ട ശരീരത്തിൻറെ യഥാർത്ഥ ആത്മാവിന്

പിന്നീട് ശരീരം നഷ്ടമാകുകയും ചെയ്യും. ഇതും അതിനൊരുദാഹരണം മാത്രമാണ്. നമുക്ക് സോഫിയെ തിരിച്ചുപിടിക്കാൻ സഹായമായത് ഈ ഓജോ ബോർഡാണ്. നമ്മൾ ഇനിയുള്ള നിമിഷങ്ങൾ കൂടുതൽ കരുതലോടുകൂടിയിരിക്കണം. സമയം പുലർച്ചെ അഞ്ചുകഴിഞ്ഞു. ഇനി പേടിക്കേണ്ട ആവശ്യമില്ല, നമുക്കെല്ലാവർക്കും മുറികളിലേക്ക് പോകാം.'

അതും പറഞ്ഞ് വിശ്വം ഓജോ ബോർഡ് മടക്കി.

പെട്ടെന്ന് അലക്സ് വിശ്വത്തിൻറെ തോളിൽ പിടിച്ചു.

'അതിന് മുമ്പ് എനിക്കറിയണം, നിങ്ങൾക്കീ നശിച്ച വീടുമായുള്ള ബന്ധം എന്താണെന്ന്?'

അലക്സ് ചോദിച്ചത് കേട്ട് വിശ്വത്തിൻറെ കയ്യിൽനിന്നും നിലക്കണ്ണാടി താഴെവീണ് പൊട്ടി.



## പതിനെട്ട്

വിശ്വം അൽപംസമയം ഒന്നും മിണ്ടിയില്ല. സോഫി കവിളും തിരുമ്മിക്കൊണ്ട് എല്ലാവരെയും കണ്ണുമിഴിച്ച് നോക്കുന്നുണ്ടായിരുന്നു.

'എന്താ വിശ്വം, എന്താ ഒന്നും മിണ്ടാത്തത്?'

നീതു അത് ചോദിച്ചപ്പോൾ വിശ്വം ഒന്ന് പകച്ചു. അയാൾ എതൊക്കെയോ ഓർമകളിലൂടെ സഞ്ചരിക്കുകയായിരുന്നു അപ്പോൾ.

'നിങ്ങൾക്കൊക്കെ എന്താ ഇപ്പോൾ അറിയേണ്ടത്? ഞാനും ഈ വീടുമായി ബന്ധം എന്താണെന്നോ? എങ്കിൽ അത് വിശദമായി പറയാം.'

അവർക്കെല്ലാവർക്കും അതൊരു പുതിയ അദ്ധ്യായമായിരുന്നു. വിശ്വം അയാളുടെ കഥ പറഞ്ഞുതുടങ്ങി.

'എൻറെ മുഴുവൻ പേര് വിശ്വനാഥൻ എന്നാണ്. ഈ വീട് ഇപ്പോൾ എൻറെ പേരിലാണുള്ളത്.'

അത് കേട്ടപ്പോൾ എല്ലാവരിലും ഒരു ഉൾക്കിടിലമുണ്ടായി. അതോടൊപ്പം പല സംശയങ്ങളും അവരുടെ മനസ്സിൽ ഉയർന്നുവന്നു.

'ഇപ്പോൾ നിങ്ങളെല്ലാവരും എന്നെ സംശയിക്കുന്നുണ്ടാവും. സാരമില്ല, ഈ വീട് എനിക്ക് തന്നത് എൻറെ അച്ഛനാണ്. വർഷങ്ങൾ ഒരുപാട് പിന്നോട്ടുപോകണം. ഈ വീടിൻറെ ഉടമ കടംകേറി ഇത് വിറ്റതുവരെയുള്ള കഥയേ ഞാൻ നിങ്ങളോടുപറഞ്ഞുള്ളൂ. പക്ഷേ ഇനിയുമുണ്ട് ബാക്കി പറയാൻ. അയാൾ ഈ വീട്

വിറ്റത് എൻറെ അച്ഛനാണ്. സത്യത്തിൽ അയാളുടെ അന്നത്തെ അവസ്ഥ മുതലെടുത്ത് എൻറെ അച്ഛൻ ഈ വീട് ചുളുവിലക്ക് വാങ്ങിയതാണ്. അൽപകാലം കഴിഞ്ഞപ്പോൾ അച്ഛൻ തളർച്ച ബാധിച്ച് കിടപ്പിലായി. പിന്നീടങ്ങോട്ട് ഞങ്ങളുടെ കുടുംബം തകർച്ചയുടെ വക്കിലായി. ഞങ്ങൾ മൂന്ന് ആൺമക്കൾ ആയിരുന്നു. വീട്ടിൽ ഏറ്റവും ഇളയത് ഞാനും. അതുകൊണ്ടാവണം അച്ഛന് ഒരു പ്രത്യേക വാത്സല്യവും എന്നോടുണ്ടായിരുന്നു. ഒരു ചേട്ടൻ കല്യാണം കഴിച്ച് അമേരിക്കയിൽ സെറ്റിലായി. മറ്റൊരു ചേട്ടനായിരുന്നു കുടുംബം നോക്കിയിരുന്നത്. പണത്തിന് ആവശ്യം വന്നപ്പോൾ ഈ വീട് വാടകയ്ക്ക് കൊടുത്തു. അപ്പോഴാണ് ആ പയ്യനും കൂട്ടുകാരും കൂടി ഇവിടെവന്ന് താമസിച്ചത്. അതിനുശേഷം ആ സംഭവങ്ങളൊക്കെ നടന്നു. അപ്പോൾ ഞാൻ ഇവിടെയില്ലായിരുന്നു. പുറത്ത് പഠിക്കാൻ പോയിരിക്കുകയായിരുന്നു. അവിടെവെച്ചുതന്നെ എനിക്ക് ഒരു പെൺകുട്ടിയുമായി അടുപ്പമുണ്ടായിരുന്നു, ‘ദിവ്യ’. വൈകാതെ എൻറെ പഠനമൊക്കെ കഴിഞ്ഞപ്പോൾ അവളുമായി എൻറെ വിവാഹവും നടന്നു. പക്ഷേ എനിക്ക് പ്രതീക്ഷിച്ച രീതിയിൽ ജോലി കിട്ടിയില്ല. ചേട്ടൻ ഭരിക്കുന്ന വീട്ടിലെ അന്നത്തെ അന്തരീക്ഷത്തിൽ അവിടെ നിന്നും അവളുമായി മാറിത്താമസിക്കാൻ ഞാൻ ആഗ്രഹിച്ചു. അക്കാലം എനിക്ക് ബിനോയിയുടെ ഇപ്പോഴത്തെ അവസ്ഥ തന്നെയായിരുന്നു. എങ്ങോട്ട് പോകണമെന്നറിയാതെ ഞാൻ കുഴങ്ങി. പോകുകയാണെങ്കിൽ അച്ഛനെയും കൂടെ കൊണ്ടുപോകാൻ ഞാൻ തീരുമാനിച്ചു. പക്ഷേ അച്ഛൻ വീട്ടിൽനിന്നും വിട്ടുനിൽക്കാൻ ആഗ്രഹിച്ചില്ല. പ്രതീക്ഷിക്കാത്ത സമയത്തായിരുന്നു അച്ഛൻറെ മരണവും. പിന്നീട് എനിക്ക് ചെറിയൊരു ജോലിയായി വാടകവീട് അന്വേഷിക്കുന്ന സമയത്താണ് ഈ വീട് അച്ഛൻ എൻറെ പേരിലാണ് വാങ്ങിയിരുന്നതെന്ന് ഞാൻ അറിഞ്ഞത്. പലരും പലതും പറഞ്ഞെങ്കിലും ഞങ്ങൾ അതൊന്നും കാര്യമായെടുത്തില്ല. സത്യത്തിൽ ഞാനന്ന് ഒരു നിരീശ്വരവാദിയായിരുന്നു. അങ്ങനെ ഞങ്ങൾ ഈ വീട്ടിൽ താമസം ആരംഭിച്ചു. ഈ വീട്ടിൽ വന്ന അന്ന് ഞാൻ അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങാൻ പുറത്ത് പോയിരിക്കുകയായിരുന്നു. തിരികെയെത്തിയപ്പോൾ ദിവ്യ മുറ്റത്ത് ബോധമില്ലാതെ കിടക്കുന്നു. ഉടൻ തന്നെ അവളെ ആശുപത്രിയിലെത്തിച്ചു. അപ്പോഴാണ് ഞാനാ സന്തോഷവാർത്ത അറിഞ്ഞത്. അതേ, ഞാനൊരു അച്ഛനാകാൻ പോകുന്നു! രണ്ടുദിവസം ആശുപത്രിയിലായിരുന്നു ഞങ്ങൾ. അവിടെവെച്ച് ഇവിടെ താമസിക്കാൻ ചെറിയ പേടിയുണ്ടായിരുന്ന അവളെ ഈ വീട് ഞങ്ങൾക്ക് ഐശ്വര്യമാണെന്ന് ഞാൻ പറഞ്ഞ് മനസ്സിലാക്കി. എന്നിട്ട് വീണ്ടും ഇവിടേക്കുതന്നെ അവളെ കൂട്ടിക്കൊണ്ടുവന്നു.

വിശ്വം ഒരു നിമിഷം നിർത്തി ഒരു ദീർഘശ്വാസം എടുത്തു. എന്നിട്ടയാൾ തുടർന്നു.

‘വീട്ടിൽ വന്ന ആദ്യ ദിനംതന്നെ രാത്രിയിൽ അവൾ എന്തോ കണ്ട് പേടിച്ച് അലറിവിളിച്ചു. പക്ഷേ എല്ലാം അവളുടെ തോന്നൽ മാത്രമാണെന്ന് ഞാൻ വിശ്വസിച്ചു. അങ്ങനെ അന്ന് രാത്രി അവൾ എന്നെ ഉറക്കിയില്ല. പിറ്റേന്ന് ഞാൻ ഓഫീസിലേക്ക് പോയി. അവൾ വീട്ടിൽ തനിച്ചായിരുന്നു. ചേട്ടൻറെ മകൾക്ക്

അപ്പോൾ സ്കൂൾ അവധിയായിരുന്നതിനാൽ ദിവ്യക്ക് കൂട്ടിനായി ഞാൻ അവളെ വിളിച്ചു. അവൾ വരുന്നതിന് മുമ്പേ ഞാൻ ഇറങ്ങി. ഓഫീസിൽ ഇരിക്കുമ്പോഴാണ് എനിക്ക് ദിവ്യയുടെ ഫോൺ വന്നത്. അവൾ വല്ലാതെ പരിഭ്രമിച്ചിരുന്നു. ഞാൻ കാര്യം തിരക്കിയപ്പോൾ ചേട്ടൻറെ കുട്ടി മുകളിലത്തെ നിലയിലെ ഏതോ ഒരു മുറിയിൽ കയറി വാതിലടച്ചിട്ട് തുറക്കുന്നില്ല എന്ന് പറഞ്ഞു. എന്ത് പറയണമെന്നറിയാതെ ഞാനുടനേ വീട്ടിലേക്ക് തിരിച്ചു. വഴിക്ക് വെച്ച് ദിവ്യ വീണ്ടും വിളിച്ചു. അപ്പോൾ അവിടെ എന്തൊക്കയോ തട്ടിമറിഞ്ഞുവീഴുന്ന ശബ്ദം കേട്ടു. ഒരുവിധത്തിൽ ഞാൻ വീട്ടിലെത്തി മുൻവശത്തെ വാതിൽ തുറന്നപ്പോൾ അകത്ത് അനക്കം ഒന്നും കേട്ടില്ല. ഈ വീട് മുഴുവൻ അവരെ തിരഞ്ഞിട്ടും എനിക്കവരെ കണ്ടെത്താനായില്ല. ഒടുവിൽ ഞാൻ ചേട്ടൻറെ വീട്ടിലെത്തി അപ്പോൾ ചേട്ടൻറെ മകൾ ഉമ്മറത്തിരുന്ന് പഠിക്കുന്നത് കണ്ടു. ദിവ്യയെ തിരക്കിയപ്പോൾ അവൾ കൈമലർത്തി. പഠിച്ചുകഴിഞ്ഞ് അവൾ അങ്ങോട്ട് വരാനിരിക്കുകയായിരുന്നു എന്ന് പറഞ്ഞപ്പോൾ എൻറെ ചങ്കിൽ ഇടിത്തീ വീണു. അപ്പോൾ ദിവ്യക്കൊപ്പം വീട്ടിലുണ്ടായിരുന്നത് ആരായിരുന്നു! എൻറെ ചങ്കിൽ തീയാളി. അവിടെനിന്ന് ഞാൻ ഓടി. പിന്നാലെ ചേട്ടനും ഓടിയെത്തി. പലയിടങ്ങളിലും തട്ടിമറിഞ്ഞുവീണിട്ടും അതിവേഗം ഞാൻ വീട്ടിലെത്തി. അവൾ പറഞ്ഞ വാക്കുകൾ എൻറെ കാതിൽ മുഴങ്ങി, “വിശ്വേട്ടാ....അവൾ മുകളിലത്തെ മുറിയിൽ കയറി വാതിലടച്ചിട്ട് തുറക്കുന്നില്ല...” ഞാൻ ഓടി മുകളിലത്തെ മുറികൾ ഓരോന്നായി തുറന്നു. അപ്പോഴേക്കും ചേട്ടനും വന്നു. അപ്പോഴാണ് ഒരു മുറി മാത്രം പൂട്ടിയിരിക്കുന്നത് കണ്ടത്. ഏറെ പണിപ്പെട്ട് ഞാനും ചേട്ടനും കൂടി ആ മുറിയുടെ പൂട്ട് തകർത്തു. അത് തുറന്നയുടൻ എനിക്ക് താങ്ങാൻ പറ്റാത്ത കാഴ്ചയായിരുന്നു അവിടെ കണ്ടത്. ഒരു തുണ്ടുകയറിൽ ദിവ്യ തൂങ്ങിയാടുന്നു. അതോടെ മാനസികമായി ഞാൻ തകർന്നു. സ്വാഭാവികമായ മരണം അല്ലാതിരുന്നതിനാൽ പൊലീസ് കേസെടുത്തു. പിന്നീട് കുറേക്കാലം ആ വീട് പൂട്ടിക്കിടന്നു. ദിനംപ്രതി ഞാനൊരു മാനസിക രോഗിയായി മാറി. ഒരുപാടുകാലം സെല്ലിൽ കിടന്നു. അവിടെവെച്ചാണ് എന്നെപ്പോലെ തന്നെ അവിടത്തെ അന്തേവാസിയായ ഒരാളെ ഞാൻ പരിചയപ്പെട്ടത്. അയാൾ എനിക്ക് പലതും പഠിപ്പിച്ചുതന്നു. പിന്നീട് ആശുപത്രിയിൽനിന്നും വീട്ടിലെത്തിയ ഞാൻ കുറേക്കാലം പലയിടങ്ങളിലും അലഞ്ഞു. അതുവഴി പല അനുഭവങ്ങളും സമ്പാദിച്ചു. അതിലൊന്നായിരുന്നു ഓജോ ബോർഡ്. അതെനിക്ക് മറ്റൊരു ലോകം കാട്ടിത്തന്നു. ഓജോ ബോർഡിലൂടെ ഞാൻ പല ആത്മാക്കളുമായി സംസാരിച്ചു. ആത്മാക്കളുടെ ഇഷ്ട്ടാനിഷ്ട്ടങ്ങൾ പലതും മനസ്സിലാക്കി. അങ്ങനെ ജീവിതം തുടരുമ്പോഴയിരുന്നു നിങ്ങളുടെ വരവ്. ഈ നശിച്ച വീട്ടിലല്ലായിരുന്നു നിങ്ങൾ താമസിച്ചിരുന്നുവെങ്കിൽ ഞാൻ നിങ്ങളെ ഇതിനും മുമ്പേ സഹായിക്കുമായിരുന്നു. എന്നിട്ടും ദൈവഹിതം, ഞാനിവിടെയെത്തി. പക്ഷേ ഒരാളെ മാത്രം എനിക്ക് കണ്ടെത്താനായില്ല. എൻറെ ദിവ്യയെ. അവൾ എങ്ങനെ മരിച്ചുവെന്ന് എനിക്ക് കണ്ടെത്തണം.’

പുറത്ത് മണി എഴടിച്ച ശബ്ദം കേട്ടപ്പോഴാണ് മറ്റൊരു ലോകത്തിലായിരുന്ന ബാക്കിയുള്ളവർ യാഥാർത്ഥ്യത്തിലേക്ക് ഇറങ്ങിവന്നത്.

സോഫി തളർന്ന കണ്ണുകളോടെ വിശ്വത്തെ കാരുണ്യപൂർവ്വം നോക്കുന്നുണ്ടായിരുന്നു.

അധികം വൈകാതെ അവരെല്ലാവരും മുറിക്ക് പുറത്തെത്തി. പെൺകുട്ടികൾ അതിവേഗം അടുക്കളയിൽ കയറി ഭക്ഷണമുണ്ടാക്കി. സോഫിക്ക് നല്ല ക്ഷീണമുള്ളതിനാൽ അവൾ മുറിയിൽ വിശ്രമിക്കാനായി പോയി. പുറത്ത് വെയിലിന് കട്ടികൂടി വരുന്നതേ ഉണ്ടായിരുന്നുള്ളൂ. ജനൽപാളിയിൽ പുറത്തേക്കും നോക്കിയിരുന്ന സോഫിയുടെ മനസ്സിൽ പല ചിന്തകളായിരുന്നു. അവൾ എഴുന്നേറ്റ് കണ്ണാടിയുടെ മുന്നിൽ പോയി നിന്നു. തനിക്കെന്തോ മാറ്റങ്ങൾ വന്നതായി അവൾക്കുതോന്നി. പതിവില്ലാതെ നേരിയ രീതിയിൽ ഭയവും അവളുടെയുള്ളിൽ കടന്നുകൂടിയിരുന്നു.

‘ഞാൻ സോഫി തന്നെയാണോ?’

അവൾ കണ്ണാടിയിൽ നോക്കിക്കൊണ്ട് സ്വയം ചോദിച്ചു.

‘അല്ല.’

ഗംഭീര്യമുള്ള ആ മറുപടി കേട്ട് അവൾ ഞെട്ടിപ്പോയി.



## പത്തൊമ്പത്

അവൾ തിരിഞ്ഞുനോക്കിയപ്പോൾ പിന്നിൽ വിശ്വം നിൽക്കുന്നത് കണ്ടു.

'എന്താ സോഫീ? നീ ഇത്ര പേടിയുള്ള ആളാണെന്നല്ല ഞാൻ കരുതിയിരുന്നത്. ഞങ്ങൾ ഇത്രയും പേർ ഇവിടെയുള്ളപ്പോൾ പിന്നെ നീ എന്തിനാ ഇങ്ങനെ പേടിക്കുന്നത്.'

അവൾ ഒന്നും മിണ്ടാതെ തലകുനിച്ച് നിന്നതേയുള്ളൂ. വിശ്വം നടന്ന് അവൾക്കരികിലെത്തി.

'ഞാൻ ഇവിടെയുള്ളപ്പോൾ നിങ്ങൾ ആരും പേടിക്കണ്ട ആവശ്യമില്ല.'

'മം...'

'എന്തായിത്, കൂട്ടത്തിൽ ഏറ്റവും സാമർത്ഥ്യമുള്ള താൻ തന്നെ ഇങ്ങനെയായാൽ ബാക്കിയുള്ളവരുടെയൊക്കെ അവസ്ഥ എന്താകും?'

പെട്ടെന്ന് സോഫി വിശ്വത്തെക്കയറി കെട്ടിപ്പിടിച്ചു. വിശ്വത്തിന് എന്ത് ചെയ്യണമെന്നറിയാതെ നിന്നു.

'സോഫീ, സാരമില്ല. ഒന്നുറങ്ങി എഴുന്നേൽക്കുമ്പോൾ നിൻറെ പേടിയൊക്കെ പമ്പ കടക്കും. പിന്നേയും ഇവിടെ നിൽക്കാൻ പേടിയാണെങ്കിൽ സോഫി വീട്ടിലേക്ക് പൊയ്ക്കോളൂ, സാരമില്ല.'

അവളുടെ പിടി വിട്ടുവിച്ചുകൊണ്ട് വിശ്വം പറഞ്ഞു.

'വിശ്വം, എനിക്ക് വിശ്വം കൂടെയുള്ളപ്പോൾ എന്തോ ധൈര്യം വന്നതുപോലെ.'

അപ്പോഴാണ് സോഫിയുടെ തുടുത്ത കവിളത്ത് തൻറെ കൈവിരലുകളുടെ പാട് കരിനീലച്ചുകിടക്കുന്നത് വിശ്വം ശ്രദ്ധിച്ചത്. അയാൾ തൻറെ കൈവിരലുകൾ

അവളുടെ കവിളിലൂടെയൊന്നോടിച്ചു.

'സോഫീ, ഐ ആം വെരി സോറി.'

'സോറിയൊന്നും പറയണ്ട. എൻറെ ജീവൻ തിരിച്ചുപിടിക്കാൻ വേണ്ടി അടിച്ചതല്ലേ. സാരമില്ല,'

അതുപറഞ്ഞിട്ട് അവൾ ഒരു ദീർഘനിശ്വാസം വിട്ടു. എന്നിട്ട് മുടികൾ പിന്നിലേക്ക് മാടിയൊതുക്കി.

'ദാ, ഞാൻ ഇപ്പോൾ പഴയ സോഫിയായി, എന്താ പോരേ?'

അവളുടെ പെട്ടെന്നുള്ള മാറ്റം കണ്ടപ്പോൾ വിശ്വത്തിന് അവളോട് എന്തുപറയണമെന്നുപോലും അറിയാതായി.

'താങ്ക്സ്, സോഫീ. നീ പഴയ കുട്ടിയായതിന്!'

'ഓക്കേ, ആ താങ്ക്സ് ഞാൻ സ്വീകരിച്ചിരിക്കുന്നു. പക്ഷേ ഈ താടിയും മുടിയുമൊക്കെ ഇന്നുതന്നെ വെട്ടിമാറ്റി വിശ്വം പണ്ടത്തെപ്പോലെയാകണം.'

'അത് വേണ്ട സോഫീ, എനിക്ക് ഇങ്ങനെ നടക്കാനാണിഷ്ടം. ഇനിയുള്ള എൻറെ ജീവിതവും ഇങ്ങനെ തന്നെയാണ്. എന്നിൽ...'

'മതി, നിർത്ത് വിശ്വം. ദിവ്യ ഇന്ന് ജീവനോടെയുണ്ടായിരുന്നെങ്കിൽ വിശ്വത്തെ ഇങ്ങനെ കാണാൻ അവൾ ആഗ്രഹിക്കുമോ. ഇല്ല, ഒരിക്കലുമില്ല. വിശ്വത്തിനും അറിയാം. ദിവ്യയ്ക്ക് വിശ്വത്ത എത്രത്തോളം ഇഷ്ടമായിരുന്നുവെന്ന്. ഇന്നില്ലെങ്കിലും മറ്റേതോ ലോകത്തിരുന്ന് അവൾ ഇപ്പോൾ ഇതൊക്കെ കണ്ട് സങ്കടപ്പെട്ടും, തീർച്ച. അതോർത്തിട്ടുണ്ടോ?'

വിശ്വം അതിന് മറുപടിയായി ഒന്നും മിണ്ടിയില്ല.

'മം...'

ഒന്നമർത്തി മൂളിയശേഷം അയാൾ ആ മുറിയിൽനിന്നും നടന്നുപോയി. അപ്പോഴേക്കും ഭക്ഷണം പാകമായിരുന്നു. എല്ലാവരും ഭക്ഷണം കഴിച്ചതിനുശേഷം മുറികളിലേക്ക് തിരിച്ചുപോയി. എല്ലാവർക്കും നല്ല ഉറക്കക്ഷീണമുണ്ടായിരുന്നു. സമയം കടന്നുപോയിക്കൊണ്ടിരുന്നു. നാലുമണിയോടെ ഓരോരുത്തരായി എഴുന്നേറ്റ് ബാൽക്കണിയിൽ ഒത്തുകൂടി. സോഫി പോയി ഓരോരുത്തർക്കും ചായയുണ്ടാക്കി കൊണ്ടുവന്നു കൊടുത്തു.

'എവിടേ വിശ്വം?' അവൾ ചോദിച്ചു

'ഞങ്ങൾ ഇങ്ങോട്ടുപോന്നപ്പോൾ കുളിക്കുകയായിരുന്നു. ഇപ്പോൾ വരുമായിരിക്കും,' അലക്സ് പറഞ്ഞു.

അവർ ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ വിശ്വം അവിടേക്ക് വന്നു. വിശ്വത്തെ കണ്ടപാടെ എല്ലാവരും ഇരുന്നിടത്തുനിന്നും എഴുന്നേറ്റു. അവർക്കാർക്കും വിശ്വസിക്കാൻ പറ്റുന്ന കാഴ്ച അല്ലായിരുന്നു അപ്പോൾ കണ്ടത്.

'എന്താ എല്ലാവരും സൂക്ഷിച്ചുനോക്കുന്നത്. എന്നെ ആദ്യമായി കാണുന്നതുപോലെ,' വിശ്വം ഒരു പരുങ്ങലോടെ ചോദിച്ചു.

'പിന്നല്ലാതെ. ഇങ്ങനെയൊരു കാഴ്ച ഞങ്ങൾക്ക് കാണാൻ സാധിക്കുമെന്ന് ഒരിക്കലും കരുതിയില്ല.'

നീതു അത്ഭുതത്തോടെ പറഞ്ഞു.

സോഫിക്ക് മനസ്സിലപ്പോൾ പലപല വികാരങ്ങളായിരുന്നു. താടിയും മുടിയുമൊക്കെ വെട്ടിയപ്പോൾ വിശ്വം താൻ പ്രതീക്ഷിച്ചതിലും സുന്ദരനാണെന്നവൾക്ക് തോന്നി. അവളുടെ മുഖത്ത് സന്തോഷം നിറഞ്ഞു.

'എന്തായാലും വിശ്വം സത്യത്തിൽ ഞങ്ങളെയൊക്കെ ഞെട്ടിച്ചു കളഞ്ഞു. ഇത്രയും ലുക്ക് ഉണ്ടായിരുന്ന ആളാണല്ലോ ആ കോലത്തിൽ നടന്നിരുന്നത്, ഹോ.'

ബിനോയ് നെടുവീർപ്പിട്ടു.

'മതി, മതി. ഇങ്ങനെയങ്ങ് പുകഴ്ത്താതെ. സോഫീ, ഒരു ചായ ഇങ്ങുതന്നേ.'

അത്രയും പറഞ്ഞിട്ട് വിശ്വം അലക്സിൻറെ അടുത്തിരുന്നു. അത് കേൾക്കേണ്ട താമസം സോഫി ചായ വിശ്വത്തിൻറെ കയ്യിലേക്ക് കൊടുത്തു. അബദ്ധത്തിൽ കപ്പ് ചരിഞ്ഞ് വിശ്വത്തിൻറെ ദേഹത്തേക്ക് കുറച്ച് ചായ വീണു.

'അയ്യോ, സോറി വിശ്വം, സോറി.'

'ഹേയ്, സാരമില്ല..ഞാൻ ഇതൊന്ന് കഴുകിയിട്ട് വരാം.'

അതും പറഞ്ഞ് വിശ്വം മുറിയിലേക്ക് പോയി.

'നീയെന്താ നോക്കി നിൽക്കുന്നത് പോയി വിശ്വത്തിന് ഒരു തുണിയെടുത്ത് തുടക്കാൻ കൊടുക്ക്.'

സണ്ണി സോഫിയെ നോക്കി പറഞ്ഞു. അവൾ വിശ്വം പോയ പിന്നാലെ മുറിയിലേക്ക് പോയി. മുറിക്കുള്ളിൽ എത്തിയപ്പോൾ വിശ്വം വസ്ത്രത്തിൽ വീണ ചായ കഴുകിക്കളഞ്ഞ ശേഷം വരുന്നത് കണ്ടു.

'അപ്പോൾ ഞാൻ പറഞ്ഞാലും അനുസരിക്കുമല്ലേ?'

വിശ്വത്തിൻറെ മുന്നിലേക്ക് കയറി നിന്നുകൊണ്ട് അവൾ പറഞ്ഞു.

'താങ്ക്സ്.'

അയാൾ സോഫിയെ നോക്കാതെ പുറത്തേയ്ക്ക് നോക്കിപ്പറഞ്ഞു.

പെട്ടെന്ന് സോഫി അയാളുടെ വരിഞ്ഞുമുറിക്കി കെട്ടിപ്പിടിച്ച് ചുണ്ടിൽ അമർത്തി ചുംബിച്ചു. പെട്ടെന്നായതുകൊണ്ട് വിശ്വത്തിന് പ്രതികരിക്കാനായില്ല.

'എനിക്ക് വിശ്വത്തെ ഒരുപാടിഷ്ടമാണ്. ഒരുപാടെന്നു വെച്ചാൽ ഒരുപാടൊരുപാട്. വിശ്വത്തിൻറെ എല്ലാ കാര്യങ്ങളും അറിഞ്ഞുകൊണ്ട് തന്നെയാണ്. എൻറെ അമ്മച്ചിയും അപ്പച്ചനും ഇച്ചായനും തീർച്ചയായും വിശ്വത്തെ ഇഷ്ടപ്പെടും.'

'ഛെ, നിർത്ത്. ഞാൻ ഇങ്ങനെയൊക്കെ ചെയ്തത് നിന്നോടുള്ള ഇഷ്ടം കൊണ്ടാണെന്ന് കരുതിയോ. എങ്കിൽ അല്ല. ഇത് എൻറെ ദിവ്യയ്ക്ക് വേണ്ടിയാണ്. നീയീ ചെയ്ത തോന്ന്യാസത്തിന് ഞാനിപ്പോൾ മറുപടിയൊന്നും പറയുന്നില്ല. ഇനിയിതാവർത്തിക്കരുത്. കേട്ടല്ലോ.'

‘ഓ, പിന്നേ. ഇയാളെ ഒന്ന് ഉമ്മവെച്ചെന്ന് കരുതി ആകാശം ഇടിഞ്ഞുവീഴാൻ പോകുവല്ലേ. എന്തായാലും എനിക്ക് തെറ്റായി ഒന്നും തന്നെ തോന്നുന്നില്ല. ഞാൻ പോട്ടേ, വിശ്വേട്ടാ!’

അതും പറഞ്ഞുകൊണ്ട് അവൾ പുറത്തേക്കോടിപ്പോയി.

വിശ്വം മുറിക്കുള്ളിൽ തനിച്ചുനിന്നു. സമയം വീണ്ടും കടന്നുപോയിക്കൊണ്ടിരുന്നു. സൂര്യൻ കടലിൽ താഴ്ന്നു. അന്തരീക്ഷത്തിലെ ഇരുട്ടിൻറെ കണങ്ങൾക്ക് കട്ടി കൂടിക്കൂടി വന്നു.

തലേ ദിവസത്തെ സംഭവം ആവർത്തിക്കാതിരിക്കാനായി അവരെല്ലാവരും നേരത്തെതന്നെ ആ വലിയ മുറിക്കുള്ളിൽ ഒത്തുകൂടിയിരുന്നു. വിശ്വം ഓജോ ബോർഡ് നിവർത്തിവച്ചു. അപ്പോഴേക്കും അലക്സ് ക്യാമറ ഓണാക്കി.

‘ഇന്ന് നമ്മൾ പുതിയൊരു വഴിയിലൂടെയാണ് ആത്മാവിനെ വിളിച്ചുവരുത്താൻ പോകുന്നത്. അതിനായി ഒരാളെ എനിക്ക് ആവശ്യമുണ്ട്. ആൺകുട്ടികളിൽ ആരെങ്കിലും ഈ കിടക്കുന്ന കസേരയിൽ വന്നിരിക്കു.’

വിശ്വം അങ്ങനെ പറഞ്ഞപ്പോൾ ചുറ്റുമിരുന്നവർ തമ്മിൽത്തമ്മിൽ നോക്കി.

‘ഞാൻ ഇരിക്കാം,’ ആദർശ് നടന്നുവന്ന് കസേരയിലിരുന്നു.

‘ഇനി ഞാൻ പറയുന്നത് എല്ലാവരും ശ്രദ്ധിച്ച് കേൾക്കണം. നമ്മൾ ഇന്ന് ലോറൻസിൻറെ ആത്മാവിനെയാണ് വിളിക്കാൻ പോകുന്നത്. അവൻറെ നിർദേശപ്രകാരമാണ് കൂടെയുള്ള ആത്മാക്കൾ നമ്മളെ ഉപദ്രവിക്കുന്നത്. അതുകൊണ്ട് അവനെത്തന്നെ നമുക്ക് വിളിക്കണം. പക്ഷേ ഒരു കാര്യം, അവൻ ദുരാത്മാവാണ് അപ്പോൾ നമ്മൾ ബാഡ് സ്പിരിറ്റിനെയാണ് വിളിക്കാൻ പോകുന്നത്.’

അത് കേട്ടപ്പോൾ എല്ലാവരിലും പലവിധത്തിൽ സംശയമുണ്ടായി. കാരണം ബാഡ് സ്പിരിറ്റിനെ വിളിച്ചാലുണ്ടാകുന്ന ഭവിഷത്തുകൾ അവർക്ക് വിശ്വം പറഞ്ഞുകൊടുത്തിരുന്നു.

‘എനിക്ക് പകരം ആദർശാണ് ബോർഡിൽ കോയിൻ വക്കുന്നതും വിളിക്കുന്നതും. തീർച്ചയായും ലോറൻസ് ആദർശിൽ കടന്നു കൂടാതിരിക്കില്ല. നമ്മൾ ആദർശിൻറെ ശരീരം കസേരയിൽ ബന്ധിക്കണം. അവനെ അനങ്ങാൻ അനുവദിക്കരുത്. പക്ഷേ അവന് കോയിനിൽ ചൂണ്ടുവിരൽ വെക്കാവുന്ന രീതിയിൽ വലതുകൈ മാത്രം കുറച്ച് അയച്ചുകെട്ടണം. ഇനി ആദർശിലൂടെയാണ് നമ്മൾ ലോറൻസിനെ അറിയാൻ പോകുന്നത്.’

വിശ്വം പറഞ്ഞു തീർന്നപ്പോൾ ആദർശ് അയാളെ ദയനീയമായി നോക്കി.

‘നീ പേടിക്കണ്ട ആദർശ്. നിനക്ക് ഒന്നും വരാതെ ഞാൻ നോക്കിക്കോളാം.’

വിശ്വം അവൻറെ കയ്യിൽ അമർത്തി. ആ സമയം ബാക്കിയുള്ളവരുടെ ചിന്തകൾ മുഴുവൻ തങ്ങൾക്കുമുന്നിൽ അരങ്ങേറുവാൻ പോകുന്ന ആകാംക്ഷ നിറഞ്ഞ നിമിഷങ്ങളെക്കുറിച്ചായിരുന്നു.



# ഇരുപത്

ആദർശിനെ കസേരയിൽ ബന്ധിച്ചശേഷം വിശ്വം അവൻറെ സമീപത്തുതന്നെ കസേരയിട്ടിരുന്നു.

‘ആദർശ്, നീ ഇനി ഒന്നും ആലോചിക്കരുത്. മനസ്സ് ശൂന്യമാക്കുക. ഞാൻ പറയുന്നത് ഇവരോടൊപ്പം ഏറ്റുപറയുക.’

വിശ്വം മെഴുകുതിരി കത്തിച്ചുവച്ചു. പൊട്ടിയ നിലക്കണ്ണാടിക്ക് പകരം മറ്റൊന്ന് കരുതിയിരുന്നു. ആ മുറിയിൽ മെഴുകുതിരിയുടെ വെളിച്ചം മാത്രമായി. എല്ലാവരും വളരെ നിശബ്ദരായിരുന്നു.

അകത്തേക്ക് ശ്വാസം നന്നായി വലിച്ച ശേഷം വിശ്വം ബോർഡിലേക്ക് അൽപ്പസമയം നോക്കി. എന്നിട്ട് ആദർശിൻറെ ചൂണ്ടുവിരൽ നാണയത്തിൻറെ മുകളിൽ പിടിച്ചുവച്ചു. അവൻറെ വിറയ്ക്കുന്ന കൈ നാണയത്തിൽ സ്പർശിച്ചപ്പോൾ ശരീരത്തിലേക്ക് വൈദ്യുതി പ്രവഹിക്കുന്നതായി അവന് തോന്നി. അതിൻറെ വിറയൽ അവസാനിക്കും മുമ്പുതന്നെ അവനെ വീണ്ടും ഞെട്ടിച്ചുകൊണ്ട് ആ വാക്കുകൾ അവൻറെ കാതിലേക്ക് എത്തി.

‘ബാഡ് സ്പിരിറ്റ് പ്ലീസ് കം. ബാഡ് സ്പിരിറ്റ് പ്ലീസ് കം. ബാഡ് സ്പിരിറ്റ് പ്ലീസ് കം.’

വിശ്വം അത് പറഞ്ഞപ്പോൾ അവ്യക്തമായി മറ്റുള്ളവരും അത് ഏറ്റുപറഞ്ഞു. അയാൾ എല്ലാവരെയും അത് പറഞ്ഞുകൊണ്ടുതന്നെ സൂക്ഷിച്ചുനോക്കിയപ്പോൾ എല്ലാവരുടേയും ശബ്ദത്തിന് കനംകൂടി. ആദർശും അതേറ്റുപറയുന്നുണ്ടായിരുന്നു.

‘ബാഡ് സ്പിരിറ്റ് പ്ലീസ് കം. ബാഡ് സ്പിരിറ്റ് പ്ലീസ് കം. ബാഡ് സ്പിരിറ്റ് പ്ലീസ് കം.’

ദൂരെനിന്നും നായ്ക്കളുടെ നീട്ടിയുള്ള ഓരിയിടൽ ആ കെട്ടിടത്തെയാകെ പിടിച്ചുകുലുക്കി. പുറത്ത് നല്ല മൂടൽമഞ്ഞുണ്ടായിരുന്നു. ഇരുട്ടിൽ നിന്നും നാല് രൂപങ്ങൾ ആ കെട്ടിടത്തെ ലക്ഷ്യമാക്കി നടന്നടുക്കുന്നുണ്ടായിരുന്നു.

ഗേറ്റ് കടന്ന് അവർ വീടിൻറെ മുന്നിലെത്തിയപ്പോൾ ചുറ്റും നായക്കൾ ഒരിയിടുന്നത് കേട്ട് സംശയിച്ച് അവിടെത്തന്നെ നിന്നു.

‘ചേട്ടായീ, ഇതെന്ത് സ്ഥലത്താ നമ്മുടെ നീളുട്ടിയെ അവന്മാര് കൊണ്ടുവന്ന് താമസിപ്പിച്ചേക്കുന്നത്!’

‘ശ്ശ്, മിണ്ടാതെടാ സന്തോഷേ. നമ്മൾ ബഹളമൊന്നും ഉണ്ടാക്കാൻ വന്നതല്ലല്ലോ. എന്തായാലും അവൾ നമ്മുടെ അനിയത്തിയായിപ്പോയില്ലേ. അതാണല്ലോ അവൾ ഇവിടെയുണ്ടെന്നറിഞ്ഞപ്പോൾ പകലെന്നോ രാത്രിയെന്നോ ഇല്ലാതെ അവളെക്കാണാൻ നമ്മൾ ചാടിപ്പുറപ്പെട്ടത്. ഇനിയെന്തായാലും ജാതിയൊന്നും നോക്കണ്ട. അവനേം അവളേം ഇപ്പോത്തന്നെ വീട്ടിലോട്ട് കൊണ്ടുപോകണം. ഒരു ഡോക്ടറെക്കൊണ്ട് അവളെ കെട്ടിക്കണമെന്നായിരുന്നു എൻറെ ആഗ്രഹം. ഇനി പറഞ്ഞിട്ട് കാര്യമില്ലല്ലോ.’

നീതുവിൻറെ നാല് ചേട്ടന്മാരിൽ ഏറ്റവും മൂത്തയാളായ ഗോപൻ നെടുവീർപ്പിട്ടു. ഗോപൻറെ ഇളയവരായ സന്തോഷും പ്രേമനും ഹരിയും ഒപ്പം തന്നെയുണ്ടായിരുന്നു.

‘പ്രേമാ, ഒരു വടി കയ്യിലെടുത്തോ. പട്ടിയ്യൊക്കെ എപ്പഴാ കടിക്കാൻ തോന്നുന്നതെന്ന് പറയാൻ പറ്റൂല്ല.’

പ്രേമൻ താഴെനിന്നും ഒരു ഉണക്കക്കമ്പെടുത്ത് കാണിച്ചപ്പോൾ നായ്ക്കൾ പിൻവാങ്ങി.

‘ഹോ, ഈ രാത്രി നമ്മൾ വരുമെന്ന് പിള്ളര് ഒരിക്കലും പ്രതീക്ഷിക്കില്ല. വീട് ഇതുതന്നെയല്ലേടാ ഹരീ?’

‘അതേ ചേട്ടാ.’

‘രാത്രി തന്നെ വന്നില്ലേൽ ചെലപ്പോൾ അവന്മാര് അവളേം കൊണ്ട് വല്ല ഊട്ടിക്കോ മറ്റോ പോയാൽ നമ്മൾ വലഞ്ഞുപോകില്ലേ.’

ഗോപൻ അത് പറഞ്ഞപ്പോൾ അവരും അതിനോട് യോജിച്ചു. അവർ നടന്ന് വീടിൻറെ പടിക്കലെത്തി.

‘ചേട്ടാ, വാതിലിൽ മുട്ടട്ടേ?’

‘നീ ധൈര്യമായി മുട്ടെടാ സന്തോഷേ, നമ്മള് അവളുടെ ആങ്ങളമാരല്ലേ. നീ മുട്ട്.’

ചേട്ടൻറെ വാക്ക് കേൾക്കേണ്ട താമസം സന്തോഷ് വാതിലിൽ ആഞ്ഞുമുട്ടി.....

കുറേനേരം വാതിലിൽ മുട്ടിയിട്ടും അകത്തുനിന്നും പ്രതികരണമൊന്നും കേൾക്കാതായപ്പോൾ അവർക്ക് വേവലാതിയായി.

‘ചേട്ടാ, അങ്ങോട്ട് നോക്കിക്കേ. അവിടെ ആരാണ്ട് നിൽക്കുന്നു.’

ഏറ്റവും ഇളയവനായ ഹരി ചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് എല്ലാവരും സൂക്ഷിച്ച് നോക്കി. മൂടൽമഞ്ഞായിരുന്നതിനാൽ അവർക്ക് ആളെ വ്യക്തമായില്ല.

'എടാ പ്രേമാ, നീയൊന്ന് പോയി നോക്കിക്കേ അത് ആരാന്ന്. ഇനി ഇവിടെയുള്ള വല്ലവനും ആണേൽ ആളറിയാതെ ചെയ്യേന്ന രീതിയിൽ രണ്ടെണ്ണം പൊട്ടിച്ചേക്ക്..അങ്ങനെ നിൻറെ കൈത്തരിപ്പ് ഒന്ന് മാറട്ടെ.'

അത് കേട്ട് സന്തോഷത്തോടെ പ്രേമൻ അവിടേക്ക് നടന്നു. ബാക്കിയുള്ളവർ അവൻ പോകുന്നതും നോക്കി നിന്നു.

'ചേട്ടാ...! ഓടിവാ...'

പ്രേമൻറെ ഉറക്കെയുള്ള വിളികേട്ട് മൂന്നുപേരും അവിടേക്ക് പാഞ്ഞു. അവിടെയെത്തിയപ്പോൾ പ്രേമൻ അവിടുത്തെ കിണറ്റിലേക്ക് ടോർച്ചടിക്കുന്നത് കണ്ടു.

'എന്താടാ? എന്തുപറ്റി?'

അവടെയെത്തിയപാടെ ഗോപൻ ചോദിച്ചു.

'ചേട്ടാ, ഇവിടെയൊരുത്തൻ നിൽപ്പുണ്ടായിരുന്നു. ഞാൻ ആരാന്ന് ചോദിച്ചപ്പോൾ കിണറ്റിലേക്ക് എടുത്തുചാടി.'

'എൻറീശ്വരാ, ഒരുത്തൻ കിണറ്റിൽ ചാടിയെന്നോ. നീയാ ടോർച്ച് ഇങ്ങുതന്നേ.'

ഗോപൻ ടോർച്ച് വാങ്ങി കിണറ്റിലേക്ക് അടിച്ചുനോക്കി.

'ഹേയ്, ഒന്നും കാണുന്നില്ലല്ലോ! നിനക്ക് തോന്നിയതായിരിക്കും.'

'അല്ല, സത്യമായിട്ടും ഞാൻ കണ്ടതാണ്. നിങ്ങളും കണ്ടതല്ലേ ഒരാള് ഇവിടെ നിൽക്കുന്നത്. അവൻ തന്നെയാ ചാടിയത്. ചേട്ടാ, എനിക്കെന്തോ പന്തികേട് തോന്നുന്നു. ഈ വശത്തെവിടെയോ ഒരു പ്രേതാലയം ഉണ്ടെന്ന് കേട്ടിട്ടുണ്ട്. ഇനി അതെങ്ങാനുമായിരിക്കുമോ ഇത്.'

'മിണ്ടാതിരിയെടാ, ഈ നട്ടപ്പാതിരായ്ക്ക് അവൻറെയൊരു പ്രേതവും പ്രേതാലയവും. നിങ്ങളിങ്ങ് പോര്. ആരെങ്കിലും ചാടിയാ അവൻ പോയി തുലയട്ടെ.'

അതും പറഞ്ഞുകൊണ്ട് ഗോപൻ തിരികെ നടന്നു. അനിയന്മാരും ചേട്ടനെ അനുഗമിച്ചു.

അവർ നടന്ന് വീടിൻറെ മുന്നിലെത്തിയപ്പോൾ വാതിൽ തുറന്നുകിടക്കുന്നത് കണ്ടു.

'ഇതെന്ത് മറിമായം. ദേ, വാതിൽ തുറന്നിട്ടിരിക്കുന്നു. ആരെയും കാണുന്നുമില്ല. നീതുമോളേ, എടീ നീതുമോളേ.'

അവർ എല്ലാവരും ചേർന്ന് വിളിച്ചിട്ടും അകത്തുനിന്നും മറുപടിയൊന്നും ലഭിച്ചില്ല.

'ചേട്ടാ, നമുക്ക് ഒന്ന് അകത്തുകയറി നോക്കിയാലോ?'

'ഇനി ഒന്നും നോക്കാനില്ല. എടാ സന്തോഷേ, പ്രേമാ, ഹരിക്കുട്ടാ, വാടാ പിള്ളരേ,' ഗോപൻ വീട്ടിനുള്ളിലേയ്ക്ക് കയറി.

അവർ അകത്ത് കയറിയപ്പോൾ പരസ്പരം കാണാനാവാത്ത രീതിയിൽ ചുറ്റും ഇരുട്ടായിരുന്നു. ടോർച്ച് തെളിച്ചുകൊണ്ട് അവർ ഹാളിലേക്ക് പ്രവേശിച്ചു.

'നീതു, മോളേ...' അവർ ഉറക്കെ വിളിച്ചു.

തങ്ങൾ ഇരിക്കുന്ന മുറിക്ക് വെളിയിൽനിന്നും തൻറെ ചേട്ടന്മാരുടെ ശബ്ദംകേട്ട് നീതു ഞെട്ടി. അവൾ എന്തുചെയ്യണമെന്നറിയാതെ ബിനോയിയെ നോക്കി. പക്ഷെ അപ്പോഴേക്കും ആദർശിൻറെ ശരീരത്തിൽ മാറ്റങ്ങൾ പ്രകടമായിരുന്നു. അപ്പോഴും അവരെല്ലാവരും ആ വാക്കുകൾ ഉരുവിട്ടുകൊണ്ടിരുന്നു.

'ബാഡ് സ്പിരിറ്റ് പ്ലീസ് കം. ബാഡ് സ്പിരിറ്റ് പ്ലീസ് കം. ബാഡ് സ്പിരിറ്റ് പ്ലീസ് കം...'

പെട്ടെന്ന് ആദർശിൻറെ കണ്ണുകൾ തുറക്കപ്പെട്ടു. തുറന്നപാടെ അവൻ ഉച്ചത്തിൽ അലറിവിളിച്ചു.

'ഹ്ാ...'

അവൻറെ ശബ്ദം ആ മുറിയിൽ മാത്രം ഒതുങ്ങിനിന്നില്ല. അത് കെട്ടിടത്തിലാകെ പ്രതിഫലിച്ചു.

പുറത്ത് നീതുവിനെ അന്വേഷിച്ച് മുന്നോട്ട് പോയിക്കൊണ്ടിരുന്ന അവളുടെ ചേട്ടന്മാർ ശബ്ദം കേട്ട് അവിടെത്തന്നെ നിന്നു.

'ഗോപേട്ടാ, ആരോ കരയുന്നുണ്ട്! ഇവിടെ എന്തൊക്കെയോ സംഭവിക്കുന്നുണ്ട്?' പേടിച്ചരണ്ട ശബ്ദത്തിൽ ഹരി പറഞ്ഞു.

'ആരും ഇനി മിണ്ടരുത്, നമുക്കുചുറ്റും നമ്മളറിയാതെ എന്തൊക്കയോ നടക്കുന്നുണ്ട്.'

ഗോപൻ തൻറെ അനുജന്മാരോട് സ്വകാര്യമായി പറഞ്ഞു.

അതേസമയം മുറിക്കുള്ളിൽ ആദർശ് കസേരയിലിരുന്ന് ബഹളമുണ്ടാക്കുകയായിരുന്നു. അവനെ ബന്ധിച്ചിരുന്ന കയർ പൊട്ടിക്കാനായി അവൻ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രാഹുലും സണ്ണിയും ചേർന്ന് അവനെ ബലമായി പിടിച്ചു. വിശ്വം മെഴുകുതിരി അവൻറെ മുഖത്തേക്ക് അടുപ്പിച്ചു.

'ലോറൻസ്, നീയൊടുവിൽ വരുമെന്ന് എനിക്കറിയാമായിരുന്നു. ഞാൻ വിളിച്ചാൽ നീയേ വരൂ. അതുമെനിക്കറിയാം.'

വിശ്വം അത് പറഞ്ഞുകൊണ്ടിരുന്നപ്പോൾ ആദർശ് അവൻറെ മുഖത്തോട് ചേർത്തുപിടിച്ചിരുന്ന മെഴുകുതിരി ഊതിക്കെടുത്തി. മുറിയിലാകെ ഇരുട്ട് വ്യാപിച്ചു.



## ഇരുപത്തിയൊന്ന്

ചുറ്റും ഇരുട്ടായപ്പോൾ പെൺകുട്ടികൾ പേടിച്ചുപോയി. പെട്ടെന്ന് കയർ വലിച്ചുപൊട്ടിക്കുന്ന ശബ്ദംകേട്ട് എല്ലാവരും ഞെട്ടിത്തരിച്ചു.

അപ്പോഴേക്കും ബിനോയി തീപ്പെട്ടിക്കൊള്ളി ഉരച്ചു. അതിൻറെ വെളിച്ചത്തിൽ ആദർശ് സണ്ണിയുടെ കഴുത്തിൽ കുത്തിപ്പിടിച്ചിരിക്കുന്നത് കണ്ടപ്പോൾ വിശ്വമൊഴികെ എല്ലാവരും ഭയന്ന് നിലവിളിച്ചു. പെട്ടെന്ന് വിശ്വം ചെന്ന് ആദർശിൻറെ കൈ ബലമായി പിടിച്ചുമാറ്റി സണ്ണിയെ വേർപെടുത്തി. ബിനോയി സമയം കളയാതെ മെഴുകുതിരി കത്തിച്ചു.

‘നിൻറെ പ്രതികാരം ഞങ്ങളോടാണോ? ഞങ്ങളാരും നിങ്ങളുടെ ശത്രുക്കളല്ലെന്ന് പറഞ്ഞില്ലേ. വീണ്ടും എന്തിനാണീ പരാക്രമം?’

വിശ്വം അത് ചോദിച്ചുകൊണ്ട് അവൻറെ വലതുകൈ വീണ്ടും കസേരയുമായി ബന്ധിച്ചു.

‘ലോറൻസ് നിന്നോടാണ് ചോദിക്കുന്നത്. നീ മറുപടി പറഞ്ഞ പറ്റൂ.’

ആദർശിൻറെ മുഖത്ത് പിടിച്ചുകൊണ്ട് അത് ചോദിച്ചപ്പോൾ ആദർശ് വിശ്വത്തെ അടിമുടി ചുഴിഞ്ഞു നോക്കി.

“നീയൊന്നും ഞങ്ങളെ ഒന്നും ചെയ്യാൻ പോകുന്നില്ല. ഹ... ഹ... ഹ...”

അതും പറഞ്ഞുകൊണ്ട് ആദർശ് ചിരിച്ചു.

‘നിർത്തെടാ, നിന്നെയൊക്കെ ഇവിടെനിന്ന് പറപ്പിക്കാൻ ഈ വീട് ഇടിച്ചുനിരത്തി ഇവിടെയൊരു ആരാധനാലയം പണിതാൽ മതി. അത് ചെയ്യാനുള്ള

അവകാശവുമുണ്ടെനിക്ക്. ഈ മണ്ണ് എൻറേതാണ്, എൻറേതുമാത്രം. എന്നെക്കൊണ്ട് അതൊന്നും ചെയ്യിക്കരുത്.'

"എൻറെ അച്ഛൻ എനിക്കായുണ്ടാക്കിയ വീട് പൊളിക്കാൻ നിനക്കെന്തധികാരം!!!"

ആദർശിൻറെ മുഖത്തെ ക്രൂരമായ ഭാവം കണ്ടപ്പോൾ എല്ലാവർക്കും പേടി തോന്നി.

"നിൻറെ അച്ഛനും നീയും ഇന്നീ ഭൂമുഖത്ത് ജീവനോടെയില്ല. മാത്രമല്ല ഈ വീട് ഇപ്പോൾ എൻറെ പേരിലാണ്. നിൻറെയൊക്കെ ശല്യം സഹിക്കാതെ വന്നാൽ ഞാൻ നേരത്തേ പറഞ്ഞത് അങ്ങ് ചെയ്യും. പിന്നെ നിനക്കൊക്കെ ഭൂമിയിൽത്തന്നെ ഒരിടവുമില്ലാതാകും. എന്തേ ഞാനത് ചെയ്യണോ. അതോ ഞാൻ പറയുന്നത് ക്ഷമയോടെ കേൾക്കുന്നോ?

ആദർശ് അതിന് മറുപടിയൊന്നും നൽകിയില്ല. അതിന് പകരം കയർ പൊട്ടിക്കാൻ വീണ്ടും ശ്രമിച്ചുകൊണ്ടിരുന്നു.

'നീ എങ്ങോട്ടാണ് ഈ ശരീരവുമായി രക്ഷപ്പെട്ടുപോകാൻ നോക്കുന്നത്. അത് സാധ്യമല്ല. പിന്നെ ഒരു കാര്യം. ഇത് ഞങ്ങളുടെ അവസാനത്തെ ശ്രമമാണ്. ഇന്നും നീ ഞങ്ങളോട് മര്യാദ കാട്ടിയില്ലെങ്കിൽ ഞാൻ നേരത്തേ പറഞ്ഞ തീരുമാനം നാളെത്തന്നെ നടപ്പിലാക്കും. ഇവിടെ ആരാധനാലയം പണിയണോ അതോ?'

"വേണ്ടാ... ഞങ്ങളെ ഞങ്ങളുടെ വഴിക്ക് വിട്ടേക്ക്..."

'ഇല്ലാ, ലോറൻസിനെ അങ്ങനെ വിടാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾക്കറിയണം എന്താണ് ഇതിൻറെയൊക്കെ പിന്നിലെന്ന്?'

ആദർശിൻറെ ശ്വാസോച്ഛ്വാസം ഉയർന്നു.

'നീ ഈ പയ്യൻറെ ശരീരത്തെ ഉപദ്രവിക്കാൻ ശ്രമിച്ചാൽ നിനക്കും അതുതന്നെ സംഭവിക്കും.' വിശ്വം കർക്കശമായി പറഞ്ഞു.

പെട്ടെന്ന് ആദർശ് ശാന്തനായി.

'ലോറൻസ്, ഞാൻ ആദ്യമേ പറഞ്ഞില്ലേ ഞങ്ങൾ ആരും നിൻറെ ശത്രുക്കൾ അല്ല. മറിച്ച് നിങ്ങളെ ചിലപ്പോൾ ഞങ്ങൾക്ക് സഹായിക്കാനാവും. ഇനിയെങ്കിലും നീ ഞങ്ങളോട് സഹകരിക്കു.'

ആദർശ് കണ്ണുകൾ ഇറുക്കിയടച്ചു. അവൻ എന്തോ ആലോചിക്കുകയാണെന്ന് എല്ലാവർക്കും മനസ്സിലായി.

ഈ സമയം കെട്ടിടത്തിനുള്ളിൽ കടന്നുകൂടിയ നീതുവിൻറെ ചേട്ടന്മാർ എന്തുചെയ്യണമെന്നറിയാതെ നിന്നു. ഇനിയും എന്തെങ്കിലും ശബ്ദം കേൾക്കുന്നുണ്ടോയെന്ന് കാതോർത്ത് നിൽക്കുകയായിരുന്നു അവർ.

'ഗോപൻ ചേട്ടാ, എവിടെനിന്നോ ചെറിയ സംസാരം കേൾക്കുന്നുണ്ടോ? അതോ എനിക്ക് തോന്നുന്നതാണോ.'

'അല്ലെടാ പ്രേമാ, എനിക്കും അങ്ങനെ തോന്നി. വടക്കുഭാഗത്തെ ഏതോ മുറിയിൽനിന്നാണെന്നാ തോന്നുന്നത്. ശബ്ദമുണ്ടാക്കാതെ നിങ്ങൾ പതുക്കെ വാ.'

അത് പറഞ്ഞിട്ട് ഗോപൻ പോക്കറ്റിൽ നിന്നും മൊബൈൽ ഫോൺ പുറത്തെടുത്തു. ഇനി ടോർച്ച് വേണ്ട, ഇതുമതി. അല്ലേൽ വെളിച്ചം കൂടി ആരെങ്കിലുമൊക്കെ നമ്മളെ കണ്ടുപിടിക്കും.'

'അതിന് ചേട്ടായീ, നമ്മള് കക്കാനും മോട്ടിക്കാനുമൊന്നും വന്നതല്ലല്ലോ?'

ഹരിയുടെ ആ ചോദ്യം കേട്ട് ഗോപൻ അവനെ കലിപ്പിച്ചൊരു നോട്ടം നോക്കി.

'നീയൊക്കെ ഞാൻ പറയുന്നത് കേട്ട് എൻറെ പുറകേ വന്നാൽ മതി. അല്ലാതെ അതുമിതും പറയേണ്ട.'

അവർ വടക്കുഭാഗത്തേക്ക് നടന്നു. നടന്ന് കുറച്ചെത്തിയപ്പോൾ ഗോപൻ നിന്നു. ഒപ്പം മറ്റുള്ളവരും. പെട്ടെന്ന് ഗോപൻ ചുണ്ടത്ത് വിരൽ വച്ചു.

'ശ്ശ്, ഇതിൽ ആരോ ഉണ്ട്. എന്തോ സംസാരം കേൾക്കുന്നുണ്ട്.'

പ്രേമൻ വാതിലിൻറെ വിടവിലൂടെ ഒളിഞ്ഞുനോക്കി.

'ചേട്ടാ, അകത്ത് നമ്മുടെ നീതുട്ടി ഉണ്ട്. വേറെയും കുറച്ച് പിള്ളേരുണ്ട്.'

'എന്തിയേ? ഞാനൊന്ന് നോക്കട്ടെ.'

പ്രേമനെ പിടിച്ച് മാറ്റിയിട്ട് ഗോപൻ വിടവിലൂടെ നോക്കി.

'ശരിയാടാ, അവരെല്ലാവരും കൂടി ഒരുത്തനെ കെട്ടിയിട്ടേക്കുവാ.'

'എവിടെ? ഞാനും ഒന്ന് നോക്കട്ടേ.'

അവരെ മാറ്റിയിട്ട് സന്തോഷും ഹരിയും മാറിമാറി നോക്കി.

'ചേട്ടാ, എനിക്ക് തോന്നുന്നത് അവരെല്ലാം കൂടി ആരെയോ തട്ടിക്കൊണ്ടുവന്നെന്നാ തോന്നുന്നേ. അവരുടെ കൂട്ടത്തിലുള്ളതാണെങ്കിൽ അവനെ ഇങ്ങനെ കെട്ടിയിടുമോ?'

ഹരി അത് പറഞ്ഞപ്പോൾ ബാക്കിയുള്ളവർ അന്യോന്യം ഒന്നും മനസ്സിലാകാത്ത വിധത്തിൽ നോക്കി.

'തട്ടിക്കൊണ്ടുവന്നെന്നോ. ദൈവമേ ഇവള് കുടുംബത്തിന് ഇനിയും ചീത്തപ്പേര് ഉണ്ടാക്കിവക്കും.'

'ഹോ, എൻറെ ഈശ്വരാ. ശരിയാ ചേട്ടാ, ഒരുത്തൻ അവനെ ചോദ്യം ചെയ്യുന്നുണ്ട്. നോക്കിക്കേ.'

വിടവിലൂടെ നോക്കിക്കൊണ്ടിരുന്ന പ്രേമൻ വിളിച്ചുപറഞ്ഞു.

'ഡാ, ചിലപ്പോൾ നമ്മൾ കരുതും പോലെ അല്ലെങ്കിലോ. വല്ല കള്ളന്മാരെയോ മറ്റോ ആണ് അവര് പിടിച്ച് കെട്ടിയിട്ടേക്കുന്നതെങ്കിലോ. നമ്മള് കണ്ടതല്ലേ ഇങ്ങോട്ട് വന്നപ്പോൾ ഒരുത്തൻ കിണറ്റിൽ ചാടി രക്ഷപ്പെട്ടത്. ഒരു കാര്യം ചെയ്യാം നമുക്ക് അവര് എന്തോന്നാ സംസാരിക്കുന്നതെന്ന് ശ്രദ്ധിക്കാം. പ്രശ്നമാണെങ്കിൽ വാതില് ചവിട്ടിപ്പൊളിക്കാം.'

ആ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. താമസിയാതെ അവർ നാലുപേരും വാതിലിൻറെ ഓരോ വിടവിലും കാതുകൾ കൂർപ്പിച്ചുവച്ചു. അകത്തെ അവസ്ഥ അപ്പോൾ വിചിത്രമായിരുന്നു. ലോറൻസിൻറെ ആത്മാവിനെ വിശ്വം വാക്കുകൾകൊണ്ട് കടിഞ്ഞാണിട്ടു. വിശ്വം ഓരോന്നായി അവനോട് ചോദിച്ചുതുടങ്ങി.

‘എൻറെ ഭാര്യയെ കൊന്നതെന്തിനാണ്?’

“നിങ്ങളുടെ ഭാര്യയെ ഞങ്ങളാരും കൊന്നിട്ടില്ല.”

ആ മറുപടി കേട്ടപ്പോൾ അവിടെയിരുന്നവരെല്ലാം വിശ്വാസം വരാത്തതുപോലെ പരസ്പരം നോക്കി. വിശ്വത്തിന് വിശ്വസിക്കാനാവുന്നതിലുമപ്പുറമായിരുന്നു ആ മറുപടി.

‘എന്നോട് നീ കള്ളം പറയരുത്.’

പല്ലുകൾ കടിച്ചുപിടിച്ചുകൊണ്ട് അയാൾ പ്രതികരിച്ചു.

“ഞാനെന്തിന് നിങ്ങളോട് കള്ളം പറയണം. ആത്മാക്കൾ ആരും ഒരിക്കലും ഒരു ഗർഭിണിയെ ഉപദ്രവിക്കില്ല. കാരണം അവൾ ആത്മാവില്ലാത്ത ഒരു ശരീരത്തെ അവളുടെ വയറ്റിൽ ചുമക്കുന്നുണ്ട്. ഒരുപക്ഷേ ഒരിക്കൽ ഞങ്ങളിൽ ചിലരെങ്കിലും ആ കുഞ്ഞു ശരീരത്തിൽ അഭയം പ്രാപിക്കേണ്ടവരാണ്. ഞങ്ങളാരും നിങ്ങളുടെ ഭാര്യയെ ഉപദ്രിവിച്ചിട്ടില്ല.”

അത് കേട്ടപ്പോൾ വിശ്വത്തിൻറെ ഞരമ്പുകളിലൂടെ രക്തയോട്ടം കൂടി. അയാളുടെ ഞരമ്പുകൾ വലിഞ്ഞുമുറുകി. ദീർഘമായി ശ്വാസമെടുത്തുകൊണ്ട് അയാൾ ആദർശിനെ തന്നെ നോക്കിനിന്നു. അൽപ്പസമയത്തെ നിശബ്ദതയ്ക്കുശേഷം അയാൾ വീണ്ടും തുടർന്നു.

‘പിന്നെ എന്താണ് അന്നത്തെ ദിവസം സംഭവിച്ചത്? എനിക്കതറിയണം? എൻറെ ദിവ്യയ്ക്ക് എന്താണ് സംഭവിച്ചത്? അവൾ എങ്ങിനെയാണ് മരിച്ചത്? എല്ലാം അറിയുന്നവരല്ലേ നിങ്ങൾ? പറയൂ, അന്ന് എന്താണ് സംഭവിച്ചത്?’

ലോറൻസിൻറെ മറുപടിക്കായി അവർ കാത്തുനിന്നു.

“അന്ന് നിങ്ങൾ ഭാര്യയെ ഇവിടെ തനിച്ചാക്കി ഓഫീസിൽ പോയതിനുശേഷം നിങ്ങളുടെ സഹോദരൻറെ മകൾ ഇവിടെ എത്തിയിരുന്നു. കുട്ടിയ്ക്ക് പിന്നാലെ നിങ്ങളുടെ സഹോദരനും ഇവിടെയെത്തി. പക്ഷേ അയാൾ വന്നതും പോയതും ആരുമറിഞ്ഞില്ല. അയാൾ വീടിൻറെ ഒരുഭാഗത്ത് മറഞ്ഞുനിന്നിരുന്നു. കുട്ടിയെ നേരത്തേ പറഞ്ഞുപഠിപ്പിച്ചത് പോലെ തന്നെ അത് മുകളിലത്തെ മുറിക്കുള്ളിൽ കയറി വാതിലടച്ചു. അപ്പോഴാണ് നിങ്ങളുടെ ഭാര്യ നിങ്ങളെ വിളിച്ചത്. നിങ്ങളുടെ സഹോദരൻ ആഗ്രഹിച്ചത് നടന്നു. കാരണം അയാൾക്ക് നിങ്ങളുടെ ഭാര്യയുടെ മരണവും ഞങ്ങളുടെ മേൽ ചുമത്താനായിക്കഴിഞ്ഞു. നിങ്ങളുടെ ഭാര്യ അവളുടെയും കുഞ്ഞിൻറെയും ജീവനുവേണ്ടി അയാളുടെ കാലുപിടിച്ച് യാചിച്ചു. പക്ഷേ,’

‘നിർത്ത്.’

ലോറൻസ് പറഞ്ഞത് കേട്ട് വിശ്വം തകർന്നുപോയി. അയാൾ വാവിട്ട് കരഞ്ഞു.

“എൻറെ ദിവ്യ... ദിവ്യേ... എൻറെ മോളേ...’

വിശ്വത്തിന് അവൻറെ വാക്കുകൾ മുഴുമിപ്പിക്കുവാൻ കഴിഞ്ഞില്ല. അയാൾ നെഞ്ചുതകർന്ന് പൊട്ടിക്കരഞ്ഞു. ചുറ്റുമിരുന്നവർ ഇതൊക്കെക്കേട്ട് തലയ്ക്ക് കൈവച്ചുപോയി. വിശ്വം കരയുന്നതുകണ്ടപ്പോൾ എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞു. പുറത്ത് നിന്നിരുന്ന നീരുവിൻറെ ചേട്ടന്മാർ കഥയറിയാതെ പരസ്പരം നോക്കി.

‘എന്താ ചേട്ടാ ഈ കേൾക്കുന്നതൊക്കെ,’ സന്തോഷ് ഗോപനെ നോക്കി ചോദിച്ചു. ഗോപൻ കൈമലർത്തി.

അപ്പോഴേക്കും അകത്ത് വിശ്വത്തിൻറെ കരച്ചിൽ തേങ്ങലായി നേർത്തുവന്നു. അയാൾ യാഥാർത്ഥ്യത്തിലേക്ക് മടങ്ങിയെത്തി. അയാളുടെ കണ്ണുകൾ എരിഞ്ഞു. അയാൾ കൂടുതൽ രൗദ്രഭാവത്തിൽ ആദർശിനെ നോക്കി.

‘അപ്പോൾ പെട്ടെന്നുള്ള എൻറെ അച്ഛൻറെ മരണത്തിനും കാരണക്കാരൻ അയാൾ തന്നെയായിരുന്നോ. പറയൂ, എനിക്കതറിയണം?’

അതിൻറെ മറുപടി കേൾക്കുവാനുള്ള ജിജ്ഞാസയിൽ പുറത്തുനിന്നിരുന്നവരും ശ്വാസമടക്കിപ്പിടിച്ച് നിന്നു.

‘‘നിങ്ങളുടെ അച്ഛനെ കൊന്നത് നിങ്ങൾ തന്നെയാണ്.’’

ആ മറുപടി കേട്ട് അകത്തും പുറത്തുമുള്ളവർ ഞെട്ടിപ്പോയി. അവസാനത്തെ ലോറൻസിൻറെ വെളിപ്പെടുത്തൽ അകത്തിരുന്നവരെയാകെ പിടിച്ചുലച്ചു. എല്ലാവരും വിശ്വത്തെ ഉറ്റുനോക്കി!



## ഇരുപത്തിരണ്ട്

വിശ്വമാകട്ടെ അവരെയാരെയും ശ്രദ്ധിക്കാതെ ആദർശിനെ ദയനീയമായി നോക്കി.

'എന്താ നീ പറഞ്ഞത്? ഞാൻ എൻറെ അച്ഛനെ കൊന്നെന്നോ?' അത് ചോദിക്കുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞുകവിഞ്ഞിരുന്നു.

"അതേ, നിങ്ങളുടെ അച്ഛൻറെ മരുന്ന് മാറ്റി കൊടും വിഷം പകരം വച്ച് നിങ്ങളെക്കൊണ്ടുതന്നെ നിങ്ങളുടെ അച്ഛനെ കൊല്ലിച്ചു നിങ്ങളുടെ സഹോദരൻ."

വിശ്വം അപ്പോഴേക്കും പഴയകാര്യങ്ങൾ മനസ്സിലോർത്തു. ദിവസവും കഴിക്കുന്ന മരുന്നല്ല എന്നറിഞ്ഞിട്ടും കൊടുത്ത മരുന്ന് സ്നേഹത്തോടെ വാങ്ങി കഴിച്ചപ്പോൾ തൻറെ അച്ഛൻ അറിഞ്ഞിരുന്നുവോ താൻ കൊടുക്കുന്നത് വിഷമാണെന്ന്. അതൊക്കെയോർത്തപ്പോൾ വിശ്വം തകർന്നുപോയി.

'ദിവ്യയെ അയാൾ കൊന്നത് ഈ വീട് സ്വന്തമാക്കാനായിരിക്കാം. പക്ഷേ അച്ഛനെ എന്തിനാണയാൾ കൊന്നത്?'

വിശ്വത്തിൻറെ മുഖം കലികൊണ്ട് ചുവന്നു തുടുത്തു. ആ മുഖം കണ്ടപ്പോൾ ആർക്കും ഒന്നും മിണ്ടാൻ തോന്നിയില്ല.

"നിങ്ങളുടെ വിവാഹത്തിന് ശേഷം വാടക വീടിനായി നെട്ടോട്ടമോടിക്കൊണ്ടിരുന്ന നിങ്ങളെ സഹായിക്കാൻ നിങ്ങളുടെ അച്ഛ തീരുമാനിച്ചു. പ്രശ്നങ്ങൾ നിറഞ്ഞ ഈ വീട്ടിലേക്ക് നിങ്ങളേയും ഭാര്യയേയും വിടാൻ ഒട്ടും ഇഷ്ടമല്ലാതിരുന്നതിനാൽ അന്ന് സഹോദരനുമൊത്ത് നിങ്ങൾ താമസിച്ചിരുന്ന വീട് നാട്ടുമുറ പ്രകാരം ഇളയമകനായ

നിങ്ങളുടെ പേരിൽ എഴുതാൻ അച്ഛൻ തീരുമാനിച്ചു. ഇതറിഞ്ഞ നിങ്ങളുടെ സഹോദരൻ വെറുതെയിരുന്നില്ല. ഒടുവിൽ മരിച്ചുകിടന്ന സ്വന്തം അച്ഛൻറെ വിരലടയാളം മുദ്രപ്പത്രത്തിൽ പതിച്ച് ആ വസ്തുവും അയാൾ തന്നെ കൈക്കലാക്കി. പക്ഷേ ഇതൊന്നും നിങ്ങൾ അറിഞ്ഞില്ല.''

ലോറൻസ് വെളിപ്പെടുത്തിയ സത്യങ്ങൾ പെട്ടെന്ന് ഉൾക്കൊള്ളാൻ വിശ്വത്തിന് സാധിച്ചില്ല. അലക്സ് നടന്ന് വിശ്വത്തിനടുത്തെത്തി. അയാളുടെ അപ്പോഴത്തെ മാനസികാവസ്ഥ മനസ്സിലാക്കി വിശ്വത്തെ അവിടെനിന്നും അൽപ്പസമയം മാറ്റിനിർത്താൻ അയാൾ ആഗ്രഹിച്ചു.

'വിശ്വം, എനിക്ക് ലോറൻസിനോട് കുറച്ച് ചോദ്യങ്ങൾ ചോദിക്കാൻ അവസരം തരുമോ?'

കലങ്ങിയ കണ്ണുകൾ കൂട്ടിയടച്ചുകൊണ്ട് അയാൾ തലകുലുക്കി. വിശ്വത്തിൻറെ സമീപം അലക്സ് കസേരയിട്ടിരുന്നു. തനിക്ക് കിട്ടിയ അവസരം പരമാവധി മുതലെടുക്കാൻ അലക്സ് തീരുമാനിച്ചു.

'ലോറൻസ് ആത്മഹത്യ ചെയ്യാൻ കാരണക്കാരായ കൂട്ടുകാരെയെല്ലാം ഇല്ലാതാക്കിയിട്ടും ലോറൻസിൻറെ പ്രതികാരം അവസാനിച്ചില്ല അതിൻറെ കാരണം?'

മറുപടി പറയുന്നതിന് പകരം ആദർശ് ഉച്ചത്തിൽ ചിരിച്ചു.

'ചിരിക്കാനും മാത്രം ഞാൻ എന്താണ് പറഞ്ഞത്.'

''താങ്കളുടെ വിഡ്ഢി ചോദ്യം കേട്ടാൽ പിന്നെ ചിരിക്കാതെ എന്ത് ചെയ്യും.''

'ഞാൻ ഇല്ലാത്ത കാര്യമൊന്നും ചോദിച്ചിട്ടില്ല. പറഞ്ഞതിലെന്താ തെറ്റ്?'

''നിങ്ങൾ പറയുന്നതെല്ലാം ശരിയായിക്കൊള്ളണമെന്ന് നിർബന്ധമുണ്ടോ? ഞാൻ ആരെയും കൊന്നിട്ടില്ല. ഇനി കൊല്ലുകയുമില്ല. ഞങ്ങളുടെ മുന്നിൽ തടസ്സമായി വരുന്നവരെ മാത്രമാണ് ഞങ്ങൾ ഉപദ്രവിക്കുന്നതും പേടിപ്പിച്ച് ഓടിക്കുന്നതും. അത് തന്നെയാണ് ഇന്നലെ നിങ്ങൾക്കും സംഭവിച്ചത്.''

'അപ്പോൾ പിന്നെ ഞങ്ങൾ അറിഞ്ഞതും കേട്ടതുമായ കഥകളൊക്കെ തെറ്റാണെന്നാണോ ലോറൻസ് നീ പറഞ്ഞുവരുന്നത്.'

''അതേ, നിങ്ങൾ കേട്ടതെല്ലാം പച്ചക്കള്ളങ്ങളാണ്. ഞാൻ ആത്മഹത്യ ചെയ്തിട്ടുമില്ല. ഞാൻ ആരെയും കൊന്നിട്ടുമില്ല.''

അത് കേട്ട് മറ്റെന്തൊക്കെയോ ചിന്തിച്ചിരുന്ന വിശ്വം ലോറൻസിലേക്ക് തിരിച്ചുവന്നു. ബാക്കിയുള്ളവർ ചുരുളഴിഞ്ഞുകൊണ്ടിരുന്ന ഓരോ സംഭവങ്ങളും ഉൾക്കൊള്ളാൻ കഴിയാതെ വിഷമിക്കുകയായിരുന്നു.

ഇതുവരെ തങ്ങൾ വിശ്വസിച്ചിരുന്ന പല കാര്യങ്ങളും പൊള്ളയായിരുന്നുവെന്ന് ലോറൻസിൻറെ പുതിയ വെളിപ്പെടുത്തലോടെ അവർക്ക് വ്യക്തമായി.

പുറത്തുനിന്നിരുന്നവർക്ക് കാര്യങ്ങൾ മുഴുവൻ മനസ്സിലായില്ലെങ്കിലും തങ്ങൾക്ക് മുന്നിൽ നടക്കുന്ന സംഭവങ്ങൾക്കൊക്കെ നന്മയുടെ ഉദ്ദേശമുണ്ടെന്ന് മനസ്സിലായി.

വിശ്വം അലക്സിനോട് തുടർന്നോളൂ എന്ന രീതിയിൽ കൈകൊണ്ട് ആഗ്യംകാട്ടി. ബാക്കിയുള്ളവർ ചുരുളഴിയാൻ തുടങ്ങുന്ന യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാൻ അവരുടെ മനസ്സിനെ പാകപ്പെടുത്തി.

'സത്യത്തിൽ എന്താണ് നിനക്ക് സംഭവിച്ചത്? നീ തുറന്നുപറ. നിൻറെ കൂട്ടുകാർക്ക് എന്താണ് പറ്റിയത്? സംഭവിച്ച കാര്യങ്ങൾ മുഴുവൻ ഞങ്ങൾക്കറിയണം. അതും നിൻറെ നാവിൽ നിന്നുതന്നെ.'

എല്ലാവരും നിശബ്ദരായി. ആരുടെയും ശ്വാസം വിടുന്ന ശബ്ദം പോലും പുറത്തുവന്നില്ല. അത്രമേൽ ആകാംക്ഷാഭരിതരായിരുന്നു എല്ലാവരും. ആദർശ് ശ്വാസമെടുക്കുന്ന ശബ്ദം മാത്രം ഉയർന്നുകേട്ടു. അന്തരീക്ഷവും പുറത്തെ പ്രകൃതിയും നിശബ്ദമായി. ഒടുവിൽ ആ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ലോറൻസ് തൻറെ വെളിപ്പെടുത്തലിന് തുടക്കമിട്ടു.

''ആരെങ്കിലും കളിയാക്കിയെന്ന് കരുതി ഒരു കയറിൻറെ തുമ്പിൽ ജീവിതം അവസാനിപ്പിക്കുന്ന ഒരാൾ അല്ലായിരുന്നു ഞാൻ. എൻറെ അച്ഛൻ അത്രയ്ക്ക് കഷ്ടപ്പെട്ടാണ് എന്നെ വളർത്തിയത്. സമൂഹത്തിൻറെ മുന്നിൽ തോൽക്കാതിരിക്കാനായാണ് അച്ഛൻ എന്നെയും എടുത്ത് തെരുവിലേക്കിറങ്ങിയത്. ആ അച്ഛൻറെ മകനാണ് ഞാൻ. ആ ഞാൻ ഒരിക്കലും ജീവിതത്തിൽ ഭീരുത്വം കാട്ടില്ല.''

അത്രയും പറഞ്ഞ് ലോറൻസായി മാറിയ ആദർശ് തൻറെ സംസാരം കിതച്ചുകൊണ്ട് നിർത്തി. എല്ലാവരും ആകാംക്ഷയുടെ മുൾമുനയിലായി.

'ഇനി ബാക്കി പറയൂ, എന്താണ് ലോറൻസിന് സംഭവിച്ചത്?' ഉദ്വേഗം അടക്കാനാകാതെ വാതിലിന് പുറത്ത് നിന്നിരുന്ന ഗോപൻ ഉറക്കെ ചോദിച്ചു. തൻറെ ചോദ്യത്തിന് അൽപം ശബ്ദം കൂടിപ്പോയെന്ന് പിന്നീടാണയാൾക്ക് മനസ്സിലായത്.

പുറത്തെ ചോദ്യം കേട്ട് മുറിയിലുള്ളവർ ഞെട്ടി. പുറത്തുനിന്നും കേട്ട ശബ്ദം തൻറെ മൂത്ത ചേട്ടൻറെയാണെന്ന് നീതുവിന് മനസ്സിലായി. മുറിക്കുള്ളിൽ ഉണ്ടായിരുന്നവരെല്ലാം വാതിലിലേക്ക് ശ്രദ്ധിച്ചു. നീതു ബിനോയിയെ ദയനീയമായി നോക്കി. അവൾ അവൻറെ ചെവിയിലെന്തോ പറഞ്ഞു. ബിനോയി പെട്ടെന്നുചെന്ന് അലക്സിനോട് രഹസ്യമായി ചിലത് പറഞ്ഞു. ഒന്ന് മൂളിയ ശേഷം അലക്സ് വീണ്ടും ആദർശിലേക്ക് തിരിഞ്ഞു. വിശ്വം അതൊന്നും ശ്രദ്ധിക്കാതെ ആദർശിൽത്തന്നെ ശ്രദ്ധിക്കുകയായിരുന്നു.

'പിന്നെ ലോറൻസിന് സംഭവിച്ചതെന്താണ്? പറയൂ.'

അലക്സ് ചോദിക്കാൻ താമസിച്ചപ്പോൾ വിശ്വം കയറിച്ചോദിച്ചു.



## ഇരുപത്തിമൂന്ന്

എല്ലാവരും ലോറൻസിൻറെ വെളിപ്പെടുത്തലുകൾ കേൾക്കാനായി കാതോർത്തു.

"പുറംലോകം കരുതുംപോലെ എൻറെ അമ്മ ഒരു ചീത്ത സ്ത്രീ ആയിരുന്നില്ല. നിങ്ങളൊക്കെ അറിഞ്ഞതും പറഞ്ഞതുമെല്ലാം കള്ളക്കഥകൾ മാത്രമാണ്. ഒരുപാട് വർഷം പിന്നിലേക്ക് പോകണം. എൻറെ അച്ഛൻ ഡെന്നീസ് എന്ന വ്യക്തിയുമായി ചേർന്ന് ചിട്ടിക്കമ്പനി നടത്തുന്ന കാലം. അന്ന് ഞങ്ങളുടെ കുടുംബത്തിൽ സന്തോഷം നിറഞ്ഞുനിന്നിരുന്നു. ഞാൻ അയാളെ സ്നേഹത്തോടെ 'ഡാഡ' എന്നായിരുന്നു വിളിച്ചിരുന്നത്. എന്നാൽ പെട്ടെന്നൊരു ദിവസമായിരുന്നു അതൊക്കെ അവസാനിപ്പിച്ച് അമ്മ ഡാഡയുമായി നാട്ടുവിട്ടത്. ഉണ്ടായിരുന്ന സ്വത്തും മുതലും നഷ്ടപ്പെട്ടു. ഞാനും എൻറെ അച്ഛനും ജീവിക്കാനായി ഒരുപാട് കഷ്ടപ്പെട്ടു. അങ്ങനെ ഞാൻ ഹോസ്റ്റലിൽ താമസിച്ച് പോളി ടെക്നിക്കിൽ പഠിക്കുന്ന സമയത്ത് ഒരു ദിവസം ഹോസ്റ്റൽ നമ്പറിലേക്ക് എനിക്ക് ഒരു ഫോൺ വന്നു. ഞാൻ എടുത്തപ്പോൾ എൻറെ അമ്മയാണെന്ന് പറഞ്ഞു. ഞാൻ ഫോൺ വച്ചു. പിന്നീടും പല തവണയായി അവർ വിളിച്ചു. പക്ഷേ ഞാൻ സംസാരിച്ചില്ല. അങ്ങനെയിരിക്കെയാണ് ഞാൻ ഈ വീട്ടിലേക്ക് കൂട്ടുകാരുമായി താമസം മാറുന്നത്. എനിക്കപ്പോൾ അരുൺ എന്ന് പേരുള്ള ഒരേയൊരു അടുത്ത കൂട്ടുകാരനേ ഉണ്ടായിരുന്നുള്ളൂ. അവൻ നല്ല ചുറ്റുപാടുള്ള കുടുംബത്തിലെ ഏക ആൺതരിയായിരുന്നു. അവനോട് വീട്ടുകാർക്ക് സംസാരിക്കുവാനായി ഇവിടെ അടുത്ത ദിവസം തന്നെ ഫോൺ കണക്ഷനും എടുത്തു. ഞങ്ങളുടെകൂടെ

താമസിച്ചിരുന്നവരൊക്കെ കൂടുതലായും അവൻറെ കമ്പനിക്കാർ ആയിരുന്നു. അവന് ഒരുവിധം എൻറെ കാര്യങ്ങളൊക്കെ അറിയാമായിരുന്നെങ്കിലും അമ്മയുടെ കാര്യം മാത്രം ഞാൻ അവനിൽ നിന്നുപോലും ഒളിച്ചുവച്ചു. ഹോസ്റ്റൽ നമ്പറിൽ വീണ്ടും വീണ്ടും കോൾ വന്നപ്പോൾ അവർ ഇവിടുത്തെ ഫോൺ നമ്പർ പറഞ്ഞുകൊടുത്തു അന്നേ ദിവസമാണ് എൻറെ ജീവിതത്തെ മാറ്റി മറിച്ച സംഭവങ്ങൾ ഉണ്ടായത്. അന്ന് അരുൺ ക്ലാസ്സിന് വരാതെ ഇവിടെത്തന്നെയിരുന്നു. വൈകിട്ട് ഞാൻ ക്ലാസ്സ് കഴിഞ്ഞ് ഇവിടെയെത്തിയപ്പോൾ അവൻ എന്നെയും കൂട്ടി ബീച്ചിലേക്ക് പോയി. അവിടെവച്ച് വർഷങ്ങൾക്കുശേഷം വീണ്ടും ഞാൻ എൻറെ അമ്മയെ ഒരു വീൽചെയറിൽ കണ്ടു. അവരുടെ അപ്പോഴത്തെ അവസ്ഥ കണ്ടപ്പോൾ ഞാൻ അതിയായി സന്തോഷിച്ചു എങ്കിലും കണ്ടമാത്രയിൽ ഞാൻ മുഖം തിരിച്ച് നടന്നു. പക്ഷേ അരുൺ എന്നെ തടഞ്ഞു. അരുണിൻറെ സഹായത്തോടെയാണ് ഞാൻ എൻറെ അമ്മയെ തിരിച്ചറിഞ്ഞത്. അമ്മ പറഞ്ഞ സത്യങ്ങൾ ശരിക്കും എന്നെ ഞെട്ടിച്ചുകളഞ്ഞു. ഡാഡ എന്ന് ഞാൻ വിളിച്ചിരുന്ന ഡെന്നീസ് എന്ന വ്യക്തിയുമായി അമ്മക്ക് ഒരുതരത്തിലുള്ള ബന്ധവുമില്ലായിരുന്നു. ഞങ്ങളുടെ വീട്ടിൽ പൂർണ്ണ സ്വാതന്ത്രമുണ്ടായിരുന്ന അയാൾ ഞങ്ങളുടെ സ്വത്ത് തട്ടിയെടുക്കാൻ ആ സ്വാതന്ത്ര്യം നന്നായി വിനിയോഗിച്ചു. വീട്ടിലെ ലോക്കറിൽ വച്ചിരുന്ന പണത്തിനൊന്നും നികുതി അടച്ചിട്ടില്ലാത്തതിനാൽ അച്ഛനെ പോലീസുകാർ പിടിച്ചുകൊണ്ടുപോയെന്നും വീട്ടിലെ പണം മുഴുവൻ ഉടൻ തന്നെ മാറ്റിയില്ലെങ്കിൽ അച്ഛൻ ആജീവനാന്തം ജയിലിൽ കിടക്കുമെന്നും അയാൾ അമ്മയെ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചു. കമ്പനിയിലെ കാര്യങ്ങളൊന്നും അറിയാത്ത അമ്മ അയാളെ വിശ്വസിച്ച് അയാൾക്കൊപ്പം പോയി. പിന്നീട് പുറംലോകം അറിഞ്ഞത് എൻറെ അമ്മ അയാൾക്കൊപ്പം നാടുവിട്ടെന്നാണ്. ഒരു ഒളിച്ചോടൽ കഥ കെട്ടിച്ചമച്ചാൽ നാണക്കേട് കാരണം അച്ഛൻ കേസ് കൊടുക്കില്ലെന്ന് അയാൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു അതിനാൽ പുറംലോകം അമ്മയിലൂടെ സത്യങ്ങൾ അറിയാതിരിക്കാനായി അമ്മയെ അയാൾ കുറച്ചുകാലം പൂട്ടിയിട്ടു. അതിനുശേഷം ഒരു രാത്രിയിൽ അയാൾ അമ്മയെ കൊല്ലാനായി അയാളുടെ ആളുകളെ ഏൽപ്പിച്ച് വിദേശത്തേക്ക് കടന്നു. അവർ അമ്മയെ ഒരുപാടുപദ്രവിച്ച് അൽപം ജീവൻ മാത്രം ബാക്കിവച്ച് കടലിൽ എറിഞ്ഞു. പക്ഷേ ഈ സത്യങ്ങൾ എന്നെ അറിയിക്കാനായി അമ്മയെ ദൈവം പിന്നെയും ബാക്കിവച്ചു. ഏതോ തീരത്ത് അടിഞ്ഞ അമ്മയെ അവിടത്തുകാർ ആശുപത്രിയിലെത്തിച്ചു. ശരീരം പൂർണ്ണമായി തളർന്നുപോയ പോയ അമ്മ ആശുപത്രിയിൽ അച്ഛൻറെ പേരും സ്ഥലവുമൊക്കെ പറഞ്ഞുകൊടുത്തു. പക്ഷേ അച്ഛൻ അമ്മയെ കാണണോ മിണ്ടാനോ ഒരുക്കമല്ലായിരുന്നു. എന്നിട്ടും അമ്മയുടെ ചികിത്സക്കാവശ്യമായ പണം മാസാ മാസം അച്ഛൻ അയച്ചുകൊടുത്തു. വർഷങ്ങൾ എടുത്തു അമ്മയ്ക്ക് ചലനശേഷി കുറച്ചെങ്കിലും തിരിച്ചുകിട്ടാൻ. അതിനുശേഷം അച്ഛനെ കാണാനായി അമ്മ പലതവണ ശ്രമിച്ചു. പക്ഷേ, അച്ഛൻ അമ്മയ്ക്ക് മുഖം കൊടുത്തില്ല. വാശിയോടെ എനിക്ക് വേണ്ടി അച്ഛൻ ജീവിച്ചു. എന്നോട് അമ്മയുടെ കാര്യവും

മറച്ചുവച്ചു. പക്ഷേ എന്നെയെങ്കിലും സത്യങ്ങൾ പറഞ്ഞ് മനസ്സിലാക്കണമെന്ന അമ്മയുടെ ആഗ്രഹം ആ കടൽത്തീരത്ത് വച്ച് സഫലമായി. ഞാൻ എൻറെ അമ്മയെ സ്നേഹത്തോടെ കെട്ടിപ്പിടിച്ചു. അധികം വൈകാതെ പഴയതുപോലെ ഈ വീട്ടിൽ അച്ഛനെയും അമ്മയേയും കൊണ്ടെത്തിക്കുമെന്ന് ഞാൻ അമ്മക്ക് വാക്കുകൊടുത്തു. അതോടെ എൻറെ ലക്ഷ്യങ്ങളും മാറ്റിക്കുറിക്കപ്പെട്ടു. ഡെന്നീസ് എന്ന വ്യക്തിയെ അങ്ങനെ വിടാൻ ഞാൻ ഉദ്ദേശിച്ചില്ല. അയാളെപ്പറ്റി ഞാനും അരുണും പലയിടങ്ങളിലും അന്വേഷിച്ചു. അപ്പോഴാണ് അയാൾ ഒരുപാട് വളർന്നുകഴിഞ്ഞുവെന്ന് ഞങ്ങൾ മനസ്സിലാക്കിയത്. മാത്രമല്ല അരുണിൻറെ അച്ഛൻ മാനേജറായി ജോലി ചെയ്യുന്ന പ്രമുഖ കമ്പനിയും അയാളുടെ ഉടമസ്ഥതയിലായിരുന്നു. അയാൾ മാസത്തിലൊരിക്കൽ വിദേശത്തുനിന്നും നാട്ടിലെ സ്ഥാപനങ്ങൾ സന്ദർശിക്കാനായി വരുമെന്നും അരുണിൻറെ അച്ഛനിലൂടെ ഞങ്ങൾ മനസ്സിലാക്കി. അങ്ങനെ അയാളെ തകർക്കുവാനായി രാത്രിയെന്നോ പകലെന്നോ ഇല്ലാതെ ഞങ്ങൾ പ്ലാനുകൾ തയ്യാറാക്കി.'' ലോറൻസ് സംസാരം പെട്ടെന്ന് നിർത്തി. പിന്നീട് പതിയെ അയാൾ പറഞ്ഞു, ''എനിക്ക് പോകാൻ സമയമായി.''

അത് കേട്ട് എല്ലാവരും നെറ്റിചുളിച്ചു. പെട്ടെന്ന് ആദർശിൽ വിറയൽ വർദ്ധിച്ചു. അവൻ നിലത്തേക്ക് വീഴാൻ തുടങ്ങിയപ്പോൾ വിശ്വം അവൻറെ ചൂണ്ടുവിരൽ നാണയത്തിന് മുകളിൽ വച്ച് ബാഡ് സ്പിരിറ്റ് പ്ലീസ് ഗോ എന്ന് കുറച്ചുതവണ ആവർത്തിച്ച് പറഞ്ഞു. ബാക്കിയുള്ളവരും അത് ഏറ്റുപറഞ്ഞു.

ആദർശിൻറെ കണ്ണുകൾ മെല്ലെ അടഞ്ഞു. അവൻ തളർന്ന് വിശ്വത്തിൻറെ നെഞ്ചിലേക്ക് വീണു. അപ്പോൾ പുറത്തെ ക്ലോക്കിൽ മണി അഞ്ചടിച്ചു. ആ ശബ്ദം അവിടയാകെ നിറഞ്ഞുനിന്നു. നീതുവിൻറെ നെഞ്ചിലപ്പോൾ പെരുമ്പറ മുഴങ്ങുകയായിരുന്നു.



## ഇരുപത്തിനാല്

രാഹുൽ ചെന്ന് വാതിൽ തുറന്നപ്പോൾ പുറത്തുനിൽക്കുന്നവരെ കണ്ട് അവൻ നീതുവിനെ നോക്കി. നീതുവപ്പോൾ ബിനോയിയെ നോക്കി നിൽക്കുകയായിരുന്നു.

'നീതു...' ഗോപൻ പതിഞ്ഞ ശബ്ദത്തിൽ വിളിച്ചു.

'ഏട്ടാ...'

വിളികേട്ടുകൊണ്ടവൾ തൻറെ സഹോദരന്മാരുടെ അടുത്തേക്ക് ചെന്നു. ചെന്നപാടെ അവൾ ഗോപൻറെ കാൽക്കൽ വീണു. 'ഏട്ടാ, എന്നോട് ക്ഷമിക്കണം. ഇഷ്ടമില്ലാത്ത കല്യാണത്തിന് എന്നെ നിർബന്ധിച്ചപ്പോൾ.... എൻറെ അവസ്ഥ കാരണമാണ് ഞാൻ ഏട്ടന്മാരെ വിഷമിപ്പിച്ചത്.'

ബാക്കിയുള്ളവരും അപ്പോഴേക്കും അവിടേക്ക് ചെന്നു.

'എവിടേ നിൻറെ....'

'ഞാനാണ്... ബിനോയ്,' ഗോപൻ ചോദിക്കും മുമ്പേ ബിനോയി കയറിപ്പറഞ്ഞു.

ഹരി അപ്പോൾ അലക്സിനെത്തന്നെ സൂക്ഷിച്ച് നോക്കുകയായിരുന്നു. ഹരിയെക്കണ്ടപ്പോൾ മുതൽ അലക്സും ഒന്ന് ഞെട്ടിയിരുന്നു.

'എടാ, അലക്സ്സേ!'

'ഹരീ, നീ...'

അവർ അടുത്തെത്തി കെട്ടിപ്പിടിച്ചു. അപ്പോൾ ഞെട്ടിയത് നീതുവും ബിനോയിയുമായിരുന്നു. അവർ ആകെ അന്ധാളിച്ചുനിന്നു. ഗോപൻ ബിനോയിയെ തൻറെ അടുത്തേക്ക് ചേർത്തുനിർത്തി.

‘സാരമില്ലെടാ, കഴിഞ്ഞതൊക്കെ പോട്ടെ, നിന്നെയും നീരുവിനെയും വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകാനാ ഞങ്ങൾ വന്നത്.’

അതുകേട്ടപ്പോൾ നീരുവിൻറെ കണ്ണുകൾ മിഴിച്ചുപോയി. അവൾ ഗോപനെ കെട്ടിപ്പിടിച്ചു.

‘വല്യേട്ടാ, ഇതാരാണെന്ന് മനസ്സിലായോ. ഞാൻ പറഞ്ഞിട്ടില്ലേ കാനഡയിലേക്ക് നാടുവിട്ട എൻറെ ഒരു കൂട്ടുകാരനെപ്പറ്റി. അവനാ ഇത്, അലക്സ്. ഞങ്ങളുടെ കോളേജ് പ്രിൻസിപ്പൽ കോഴ വാങ്ങുന്നത് ഒളിച്ചിരുന്ന് പിടിച്ച് ന്യൂസ് ബ്യൂറോയ്ക്ക് കൊടുത്ത അലക്സ്. ഒടുവിൽ കേസും വക്കാണവുമൊക്കെയായപ്പോൾ വീട്ടുകാരുമൊത്ത് നാടുവിടുകയായിരുന്നു ഇവൻ.’

‘ഓ, ഓർക്കുന്നുണ്ട്, പക്ഷേ ഇയാളെന്താ ഇപ്പോൾ ഇവിടെ?’

ഗോപൻ അലക്സിനെ നോക്കി ചോദിച്ചു.

‘എല്ലാം പറയാം. നിങ്ങൾ ഇവിടെ നടന്നതൊക്കെ കണ്ടിരിക്കുമല്ലോ. അതൊക്കെത്തന്നെയാണ് ഇപ്പോ എൻറെ പണി. തൽക്കാലം നമുക്ക് മുകളിലത്തെ മുറിയിലേയ്ക്കിരിക്കാം. എന്നിട്ട് വിശദമായി കാര്യങ്ങളൊക്കെ പറയാം. വരൂ.’

അവരെല്ലാവരും മുകളിലത്തെ മുറിയിലേക്ക് നടന്നു. പക്ഷേ വിശ്വം മാത്രം ആ മുറിയിൽത്തന്നെ ഇരുന്നു. അയാൾ എന്തൊക്കെയോ മനസ്സിൽ കരുതിയിരുന്നു.

മുറിയിലെത്തിയപ്പോൾ അലക്സ് എല്ലാ കാര്യങ്ങളും നീരുവിൻറെ ചേട്ടന്മാരോട് വിശദമായി പറഞ്ഞു. സോഫിയും ഐഷയും കൂടി ചായ ഉണ്ടാക്കിക്കൊണ്ടുവന്ന് എല്ലാവർക്കും കൊടുത്തു. അപ്പോഴാണ് വിശ്വം അവിടെയില്ലെന്ന് എല്ലാവരും ശ്രദ്ധിച്ചത്. രാഹുലും സോഫിയും കൂടി താഴത്തെ മുറിയിലേക്ക് ചെന്നു. അപ്പോൾ വിശ്വം അവിടെത്തന്നെ ഇരിക്കുന്നത് കണ്ടു.

‘വിശ്വം, എന്തായിത്? വരൂ, അവിടെയെല്ലാവരും വിശ്വത്തെ അന്വേഷിക്കുന്നുണ്ട്.’

സോഫി അയാളുടെ തോളിൽ കൈവച്ചപ്പോൾ അയാൾ അവളെ നോക്കി. അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

‘എന്തുപറ്റി വിശ്വം? എന്തായിത് കൊച്ചുകുട്ടികളെപ്പോലെ. ദാ, മുകളിൽ അവരൊക്കെ...’

പെട്ടെന്ന് അവൾ സംസാരം നിർത്തി. അവൾക്ക് വിശ്വത്തിൻറെ അപ്പോഴത്തെ മാനസികാവസ്ഥ മനസ്സിലായി.

‘വിശ്വം, എനിക്ക് പറയാൻ അർഹതയില്ലെങ്കിലും പറയുകയാണ്. കഴിഞ്ഞതൊക്കെ കഴിഞ്ഞില്ലേ. ഇനി അതിൻറെ പേരിൽ ഉള്ള ജീവിതം കരഞ്ഞും വിഷമിച്ചും നശിപ്പിക്കണോ?’

‘ഛ്ഛാ, നിർത്തെടീ. നീ ഇനി എൻറെ കാര്യത്തിൽ ഇടപെടാൻ വന്നാൽ... പെണ്ണാണെന്നൊന്നും ഞാൻ നോക്കില്ല, പറഞ്ഞേക്കാം.’

ദേഷ്യപ്പെട്ട് വിശ്വം മുറിക്ക് പുറത്തേക്ക് നടന്നു. സോഫി ചമ്മലോടെ രാഹുലിനെ നോക്കി. അവൻ അവളെ തിരിച്ചൊന്ന് നോക്കിയതല്ലാതെ ഒന്നും മിണ്ടിയില്ല.

അപ്പോഴേക്കും നേരം വെളുത്തുതുടങ്ങിയിരുന്നു. വിശ്വം പുറത്തുള്ള കിണറിൻറെ കൈവരിയിൽ കയറിയിരിക്കുന്നത് കണ്ടാണ് അലക്സ് അവിടേക്ക് ചെന്നത്.

'വിശ്വം, എനിക്ക് നിന്നെ മനസ്സിലാകും. സ്വന്തം സഹോദരൻ സ്വത്തിന് വേണ്ടി ഇത്രയും ക്രൂരതകൾ ചെയ്തത് ഒരിക്കലും ഒരു അനിയന് സഹിക്കാനാവില്ല. നിനക്ക് നഷ്ടപ്പെട്ടതൊന്നും വീണ്ടെടുക്കാനുമാകില്ല. ഞാൻ ഒരു കാര്യം പറയട്ടേ. വിശ്വം, ദേ, എന്നെ നോക്ക്.'

അലക്സ് വീണ്ടും കുലുക്കി വിളിച്ചപ്പോൾ അയാൾ തലയുയർത്തി നോക്കി.

'ഹം, പറയൂ.'

'ഓക്കേ, നമ്മൾ ഇവിടെ വന്നത് എൻറെ പ്രോജക്റ്റ് ചെയ്യാനായാണ്. പക്ഷേ ഇപ്പോൾ പല സത്യങ്ങളും നമ്മൾ അറിഞ്ഞുകഴിഞ്ഞു. എന്തായാലും ഇനി നമ്മളെ ഇവിടെയുള്ള ആത്മാക്കൾ ഉപദ്രവിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ കാര്യങ്ങളൊക്കെ നീതുവിൻറെ ചേട്ടന്മാരോടും സംസാരിച്ചു. ഇനി നമ്മുടെ ഏത് ആവശ്യങ്ങൾക്കും അവരും കൂടെ ഉണ്ടാകും. അതുകൊണ്ട് നമ്മൾ അറിഞ്ഞതൊക്കെവെച്ച് ഒരു അന്വേഷണം നടത്തിയാലോ? കൂട്ടത്തിൽ നമുക്ക് വിശ്വത്തിൻറെ ചേട്ടൻറെ വീട്ടിലും പോകാം.'

പെട്ടെന്ന് വിശ്വം ദേഷ്യത്തോടെ അലക്സിനെ നോക്കി.

'പോകും, അവനെ കൊല്ലാൻ. എൻറെ ജീവിതം നശിപ്പിച്ച അവനെ ഞാൻ വെറുതേ വിടില്ല.'

'അതേ, വെറുതെ വിടരുത്. പക്ഷേ നമ്മൾ നേരിട്ട് ഒന്നും ചെയ്യരുത്. ഇന്ന് രാത്രി കൂടി കഴിഞ്ഞാൽ കാര്യങ്ങൾക്ക് നമുക്കൊരു തീരുമാനത്തിലെത്താം. നീതുവിൻറെ ചേട്ടന്മാർ ലോറൻസിൻറെ ബാക്കി കഥ കേട്ടിട്ടേ തിരിച്ചുപോകുന്നുള്ളൂ എന്ന് പറഞ്ഞു. അവർകൂടി ആ മുറിയിൽ കൂടുന്നതിന് എന്തെങ്കിലും കുഴപ്പമുണ്ടോ? ഒന്നുമില്ലെങ്കിലും നമ്മുടെ ബിനോയിക്കെങ്കിലും അവരെ കയ്യിലെടുക്കാൻ ഒരു അവസരം കിട്ടുമല്ലോ.'

വിശ്വം ദൂരേക്ക് നോക്കി ഇരുന്നു.

'കഥ കേൾക്കാനോ? ഇതെന്താ നമ്മൾ കളിക്ക് ആളെ കൂട്ടുകയാണോ? ഇതിനെ വെറും സാധാരണ രീതിയിൽ അലക്സ് കാണുന്നത് കൊണ്ടാണ് അവരെയും കൂട്ടാമോ എന്ന് ചോദിക്കുന്നത്. ഇന്നലെ വരെ നമ്മുടെയൊപ്പം ഉണ്ടായിരുന്നവർ ഏകദേശം ഈ കാര്യങ്ങളോട് താൽപ്പര്യം ഉള്ളവരാണ്. എന്നാൽ ഇവർ...'

വിശ്വം പറഞ്ഞുനിർത്തിയപ്പോൾ അലക്സ് ഒന്നും മിണ്ടിയില്ല.

'സോറി വിശ്വം, അതൊക്കെ പോട്ടേ. നമുക്ക് ഇന്നൊരിടം വരെ പോയാലോ?'

'എവിടേക്ക്?'

'ലോറൻസിൻറെ കൂട്ടുകാരൻ അരുണിൻറെ വീടുവരെ!'

'അതിന് അലക്സിന് അവൻറെ വീട് അറിയാമോ?'

'ഇല്ല, പക്ഷേ കണ്ടെത്താൻ വല്യ പ്രയാസമില്ലല്ലോ.'

പെട്ടെന്ന് നീതു ഓടിവരുന്നത് കണ്ട് വിശ്വം ചാടി നിലത്തിറങ്ങി.

‘വിശ്വം, ഒന്ന് വേഗം വാ. സോഫി മുകളിലത്തെ ആ പൂട്ടിയിട്ടിരുന്ന മുറിയിൽ കയറി വാതിലടച്ചു. വിളിച്ചിട്ട് തുറക്കുന്നുമില്ല. അവൾ എന്തെങ്കിലും കുഴപ്പം കാണിക്കുമോന്നാ എൻറെ പേടി!’



## ഇരുപത്തഞ്ച്

വിശ്വം അവർക്ക് മുമ്പേതന്നെ ആ മുറിയുടെ മുന്നിലേക്ക് ഓടിയെത്തി. വിശ്വത്തെ കണ്ടയുടനെ സണ്ണി അയാളുടെ അടുത്തേക്ക് ഓടിയടുത്തു.

'വിശ്വം, സോഫി താഴത്തെ മുറിയിലിരുന്ന ഓജോ ബോർഡുമായിട്ടാ ഇതിനകത്ത് കയറിയത്.'

അത് കേട്ടപ്പോൾ വിശ്വം പരിഭ്രമിച്ചു. അയാളുടെ മുഖത്ത് അത് കാണാമായിരുന്നു.

'സോഫീ...'

അയാൾ ശബ്ദമുയർത്തി വിളിച്ചുകൊണ്ട് വാതിൽ തള്ളിത്തുറക്കാനായി ശ്രമിച്ചു.

'സോഫീ, വാതില് തുറക്ക്. ഞാനാ പറയുന്നത്. പ്ലീസ്, വേണ്ടാത്തതൊന്നും ചെയ്യരുത്.'

പെട്ടെന്ന് രാഹുൽ വാതിൽ ചാവിട്ടിപ്പൊളിക്കാനൊരുങ്ങിയപ്പോൾ അയാൾ തടഞ്ഞു.

'വേണ്ട, രാഹുൽ. അവൾ ഇപ്പോൾ ഓജോ ബോർഡ് ചെയ്തിട്ടുണ്ടെങ്കിൽ നീയിപ്പോൾ ചെയ്യുന്നത് അവൾക്കുതന്നെ ദോഷമായി വരും.'

'വിശ്വം, നോക്കി നിൽക്കാതെ എന്തെങ്കിലും വേഗം ചെയ്യൂ,' നീതു ശബ്ദമുയർത്തി.

എല്ലാവരും അപ്പോൾ പകച്ചുനിൽക്കുകയായിരുന്നു.

വിശ്വം എന്ത് ചെയ്യണമെന്നറിയാതെ അലക്സിനെ നോക്കി. അലക്സും വിശ്വത്തെ നിസ്സഹായമായി നോക്കിനിൽക്കുകയായിരുന്നു.

'വിശ്വം ഞങ്ങൾ മുമ്പൊരുദിവസം ഇതിനുള്ളിൽ കയറിയതാണ്. അന്ന് നടന്ന സംഭവങ്ങൾ ഓർക്കാൻ തന്നെ ഇപ്പോൾ പേടിയാകുന്നു. അതിനുള്ളിൽ മുഴുവൻ പൊടി പിടിച്ച് ആകെ വൃത്തികേടായിക്കിടക്കുകയാണ്.' അലക്സ് പറഞ്ഞു.

'ബിനോയീ താഴെപ്പോയി എന്തെങ്കിലും പരന്ന കമ്പിയോ മറ്റോ കിട്ടുമോന്ന് നോക്ക്, വേഗം.'

വിശ്വം അത് പറഞ്ഞയുടൻ ബിനോയി താഴേക്കോടി. നീതുവിൻറെ ചേട്ടന്മാരും ഇതെല്ലാം കണ്ട് എന്ത് ചെയ്യണമെന്നറിയാതെ നിൽക്കുകയായിരുന്നു.

ബിനോയിക്ക് പിന്നാലെ നീതുവും താഴേക്കോടി.

അൽപ്പസമയത്തിനകം അവർ കയ്യിൽ കിട്ടിയ കുറച്ച് പണി ആയുധങ്ങളും കമ്പിയുമൊക്കെയായി ഓടിയെത്തി.

ഐഷ അപ്പോൾ സോഫിയെ ഉറക്കെ വിളിക്കുന്നുണ്ടായിരുന്നു. പക്ഷേ അകത്തുനിന്നും സോഫിയുടെ ഒരുവിധ പ്രതികരണവുമുണ്ടായില്ല.

വിശ്വം പരന്ന ഒരു കമ്പിക്കഷണമുപയോഗിച്ച് വാതിലിൻറെ കൊളുത്ത് ഉയർത്താനായി ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ ആ കനമുള്ള കൊളുത്ത് ഉയർത്താൻ ആ ലോഹക്കഷണത്തിനായില്ല.

'ബിനോയീ, നീ പോയി ഒരു ചുറ്റിക എടുത്തുകൊണ്ടുവാ.'

'ഇതാ ചുറ്റിക.'

നീതു അവളുടെ കയ്യിൽ കരുതിയിരുന്ന ചുറ്റിക വിശ്വത്തിന് കൈമാറി.

വിശ്വം കൂട്ടത്തിൽ നീളമുള്ള ഒരു കമ്പിക്കഷണം അടിച്ചുപരത്തി. എന്നിട്ട് വാതിലിൻറെ വിടവിലൂടെ കൊളുത്ത് ഉയർത്താനായി ശ്രമിച്ചു. ഒടുവിൽ അയാൾ വിജയിച്ചു. ആദ്യം വിശ്വം മുറിയിലേക്ക് കയറി. അവിടമാകെ ഇരുട്ടായിരുന്നു.

അയാൾ ഐഷയെ കൈകൊണ്ട് എന്തോ ആംഗ്യം കാട്ടിയപ്പോൾ അവൾ മുറിയിൽപ്പോയി ടോർച്ചുമായി ഓടിയെത്തി.

വിശ്വം മുന്നിൽ നടന്നപ്പോൾ പിന്നാലെ ബാക്കിയുള്ളവരും നടന്നു. മുറിയിൽ കയറിയപ്പോൾ വിശ്വം ആദ്യം നോക്കിയത് ദിവ്യ തൂങ്ങിക്കിടന്ന ഭാഗത്തേക്കായിരുന്നു. പെട്ടെന്ന് അയാൾ അവിടെ നിന്നും നോട്ടം പിൻവലിച്ചു. മുറിയിലാകെ നോക്കി. അതിനുള്ളിൽ മുഴുവൻ ഇരുട്ട് വ്യാപിച്ചിരുന്നു. പുറത്തുനിന്നും വന്നുകൊണ്ടിരുന്ന വെളിച്ചത്തിൽ അവർ നടന്നു. ടോർച്ച് ആവശ്യമുണ്ടെങ്കിൽ മാത്രം തെളിച്ചാൽ മതിയെന്ന് ഐഷയോട് വിശ്വം പറഞ്ഞിരുന്നു.

ആ മുറി പല ഭാഗങ്ങളായി വേർപെട്ടിരുന്നതിനാൽ സോഫിയെ കണ്ടെത്തുന്നത് പ്രയാസകരമായി അവർക്ക് തോന്നി. എല്ലാവരുടെയും കണ്ണുകൾ പല ദിക്കുകളിലേക്ക് സഞ്ചരിച്ചുകൊണ്ടേയിരുന്നു. അവിടെയൊന്നും സോഫിയെ കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല.

'ഐഷ, ആ ടോർച്ച് ഇങ്ങുതരു.'

വിശ്വം അവളുടെ കയ്യിൽനിന്നും ടോർച്ച് വാങ്ങി തെളിച്ചു. ബാക്കിയുണ്ടായിരുന്ന ടോർച്ചിൽ ഒരെണ്ണം അലക്സും വാങ്ങി. ഒരെണ്ണം നീതുവും. അവർ മൂന്ന് സംഘങ്ങളായി തിരിഞ്ഞ് വിശാലമായ ആ മുറിയുടെ മൂന്ന് ഭാഗങ്ങളിലേക്ക് പോയി. ആ കെട്ടിടത്തിൻറെ വലിപ്പത്തിൽ ഭൂരിഭാഗവും ആ മുറിയുടേതാണെന്നവർക്ക് തോന്നി.

നീതുവിനോപ്പം ബിനോയിയും അവളുടെ ചേട്ടന്മാരും ഉണ്ടായിരുന്നു. അലക്സിനൊപ്പം ഐഷയും അമീറും രാഹുലും. വിശ്വത്തിനോടൊപ്പം ആദർശും സണ്ണിയും വിവേകും പോയി. പെട്ടെന്ന് മുറിയുടെ വടക്കുഭാഗത്തുനിന്നും നീതു വിളിച്ചുകൂവി.

എല്ലാവരും ശബ്ദം കേട്ട ഭാഗത്തേക്ക് ഓടിയടുത്തു.

വിശ്വം അവിടെയെത്തിയപ്പോൾ സോഫി നിലത്ത് വീണ് കിടക്കുകയായിരുന്നു. അവളുടെ അടുത്തുതന്നെ ഓജോ ബോർഡും കിടപ്പുണ്ടായിരുന്നു. അയാൾ അവളുടെ കയ്യിലെ പൾസ് നോക്കി.

'കുഴപ്പമൊന്നുമില്ല, പേടിക്കേണ്ട.'

അയാൾ അവളെ കൈകളിൽ കോരിയെടുത്ത് മുറിക്കുള്ളിലെത്തിച്ചു. ഓജോ ബോർഡുമായി അലക്സ് പിന്നാലെയെത്തി..നീതു അടുക്കളയിൽനിന്നും വെള്ളം കൊണ്ടുവന്ന് സോഫിയുടെ മുഖത്ത് തളിച്ചു. അവൾ കണ്ണ് തുറന്നില്ല. എത്ര ശ്രമിച്ചിട്ടും അവൾ കണ്ണ് തുറക്കാത്തത് കണ്ടപ്പോൾ സണ്ണിയുടെ നെഞ്ചിടിപ്പ് കൂടി.

വിശ്വം വീണ്ടും അവളുടെ പൾസ് നോക്കിയപ്പോൾ അത് കുറഞ്ഞുവരുന്നതായി മനസ്സിലായി.

'ബിനോയീ, വേഗം ജീപ്പെടുക്ക്. സോഫിയെ ഉടനേ ഏതെങ്കിലും ആശുപത്രിയിലെത്തിക്കണം.'

വിശ്വം പറഞ്ഞയുടൻ ബിനോയി ഓടിപ്പോയി ജീപ്പ് സ്റ്റാർട്ടാക്കി. നീതുവും ബിനോയിയും സണ്ണിയും നീതുവിൻറെ ചേട്ടന്മാരും വിശ്വത്തിൻറെയൊപ്പം ആശുപത്രിയിലേക്ക് പോയി. ബാക്കിയുള്ളവർ ഗേറ്റ് വരെ അവരെ അനുഗമിച്ചു.

ആശുപത്രിയിലെത്തിച്ചപ്പോൾ സോഫിയുടെ അവസ്ഥ വളരെ മോശപ്പെട്ടിരുന്നു. ഡോക്ടർമാർ അവളെ പരിശോധിച്ച ശേഷം വേഗം തന്നെ ഐ സി യുവിലേക്ക് മാറ്റി. അൽപ്പം സമയം കഴിഞ്ഞപ്പോൾ ഒരു നഴ്സ് വന്ന് ഒരാൾ അകത്തേക്ക് ചെല്ലാൻ പറഞ്ഞു.

വിശ്വം സണ്ണിയെ ഒന്ന് നോക്കിയശേഷം അകത്തേക്ക് പോയി. അകത്തെത്തിയപ്പോൾ സോഫിക്ക് കൃത്രിമമായി ശ്വാസം കൊടുത്തിരിക്കുന്നത് കണ്ട് അയാൾ തകർന്നുപോയി. അവളുടെ ഈ അവസ്ഥയ്ക്ക് താനാണ് ഉത്തരവാദി എന്നയാളുടെ മനസ്സ് പറഞ്ഞു.

'നിങ്ങൾ ഈ കുട്ടിയുടെ ആരാണ്?'

ചോദ്യം കേട്ട് വിശ്വമൊന്ന് ഞെട്ടി.

'അത്, ഞാൻ...'

'സത്യത്തിൽ എന്താണ് ഈ കുട്ടിക്ക് സംഭവിച്ചത്?'

‘എന്താ സംഭവിച്ചതെന്ന് അറിയില്ല ഡോക്ടർ. പെട്ടെന്ന് കുഴഞ്ഞുവീണു. ഇന്നലെ ഉറങ്ങാൻ കുറച്ച് വൈകിയിരുന്നു.’

‘ശരി, ഈ കുട്ടിക്ക് നല്ല റസ്റ്റ് വേണം. ബോധം തെളിയുമ്പോൾ ഒബ്സർവേഷനിലേക്ക് മാറ്റാം. കുറവുണ്ടെങ്കിൽ ഇന്നുതന്നെ ഡിസ്ചാർജ് ചെയ്യാം.’

‘താങ്ക്യു ഡോക്ടർ,’

വിശ്വം പുറത്ത് വന്നപ്പോൾ സണ്ണി അയാളുടെ അടുത്തേക്ക് ചെന്നു.

‘വിശ്വം, അവൾക്ക്?’

‘കുഴപ്പമൊന്നുമില്ല. പിന്നെ ഒരു കാര്യം. സോഫിയെ ഇവിടെനിന്നും ഡിസ്ചാർജ്ജ് ചെയ്തിട്ട് നിങ്ങൾ രണ്ടും നിങ്ങളുടെ വീട്ടിലേക്ക് പൊയ്ക്കോളൂ. നിങ്ങൾ മാത്രമല്ല നീതുവും ബിനോയിയും ചേട്ടന്മാരുടെയൊപ്പം വീട്ടിലേക്ക് പോകണം. ഇനി ആ വീട്ടിൽ നിങ്ങൾ ആരും വേണ്ട.’

‘വിശ്വം!’

പരിചയമുള്ള ആ വിളികേട്ട് അയാൾ തിരിഞ്ഞുനോക്കി. ശബ്ദത്തിൻറെ ഉടമയെ കണ്ടപ്പോൾ വിശ്വത്തിൻറെ പെരുവിരൽ മുതൽ ക്രോധം തരിച്ചുകയറി.

‘ഏട്ടൻ!’

വിശ്വത്തിൻറെ നാവിൽ നിന്നും പുറത്തുവന്ന പേര് കേട്ട് കൂടെയുണ്ടായിരുന്നവർ പകച്ചുനിന്നു.



# ഇരുപത്തിയാറ്

അവർക്കെല്ലാവർക്കും അയാളെപ്പറ്റി കേട്ടുപരിചയമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും അവരുടെയുള്ളിലും രോഷം ഇരഞ്ഞുപൊങ്ങി.

'വിശ്വം, നീയെന്താടാ ഇവിടെ? മുടിയും താടിയുമൊക്കെ മുറിച്ച് ഊരുതെണ്ടൽ അവസാനിപ്പിച്ചോ നീ?'

'ആഹ്, രവിയേട്ടാ, ഏട്ടനെന്താ ഇവിടെ?' അകത്ത് ഇരമ്പിവന്ന രോഷം പിടിച്ചു നിർത്തിക്കൊണ്ട് വിശ്വം ചോദിച്ചു.

'എന്ത് പറയാനാ, നമ്മുടെ സീതക്കുട്ടിയുടെ ഡെലിവറി ആയിരുന്നു. പക്ഷേ കുട്ടി,'

'എന്ത്, നമ്മുടെ സീതക്കുട്ടിയോ? അവളുടെ വിവാഹം കഴിഞ്ഞോ? അവളുടെ കുട്ടിക്ക് എന്തുപറ്റി?'

'അതേ, അവളുടെ കല്യാണം നടന്നപ്പോൾ നിന്നെ ഞങ്ങൾ അന്വേഷിച്ചതാണ്. പക്ഷേ നിനക്ക് ഞങ്ങളെയൊന്നും വേണ്ടല്ലോ.'

‘ആര് പറഞ്ഞു വേണ്ടാന്ന്. ഞാൻ ഇനി പഴയതുപോലെയാകാൻ തീരുമാനിച്ചുകഴിഞ്ഞു. അച്ഛൻ എൻറെ പേർക്ക് എഴുതിത്തന്ന ആ വീട്ടിൽ നിന്നുതന്നെ ഞാൻ പുതിയ ജീവിതം തുടങ്ങും. അവളുടെ കുട്ടിക്ക് എന്തുപറ്റിയെന്നാ പറഞ്ഞത്?’

‘കുട്ടിയെ രക്ഷിക്കാനായില്ല, അവൾക്കാണേൽ ബോധം തെളിഞ്ഞിട്ടുമില്ല.’

വിശ്വത്തിൻറെ ഏട്ടൻ രവി സങ്കടപ്പെട്ടു.

“എങ്ങനെ ആ കുഞ്ഞിനെ കിട്ടും. ദിവ്യയെയും അവളുടെ വയറ്റിലുണ്ടായിരുന്ന എൻറെ കുഞ്ഞിനെയും കൊല്ലാൻ കൂട്ടുനിന്നവളല്ലേ അവൾ.”

വിശ്വം പല്ലുഞെരിച്ച് ഉള്ളിൻറെയുള്ളിൽ പറഞ്ഞു.

‘എന്താ നീ ആലോചിക്കുന്നത്. നീയെന്താ നേരത്തേ പറഞ്ഞത്! ആ വീട്ടിലേക്ക് വീണ്ടും താമസത്തിന് പോകുകയാണെന്നോ?’

‘അതേയേട്ടാ, എന്താ എന്തെങ്കിലും കുഴപ്പമുണ്ടോ.’

‘അതെന്താടാ വിശ്വം നീ അങ്ങനെ ചോദിച്ചത്. നിനക്ക് അറിയാവുന്നതല്ലേ അവിടത്തെ കുഴപ്പങ്ങളൊക്കെ.’

‘അറിയാം. പലതുമറിയാം. എനിക്കറിയാവുന്നതും അറിയാത്തതുമായി പലതുമുണ്ട്, പലതും. എന്തായാലും ഞാൻ അവിടെത്തന്നെ താമസിക്കാൻ തീരുമാനിച്ചുകഴിഞ്ഞു. അതെൻറെ വീടാണല്ലോ!’

‘ശരി, പക്ഷേ ആ വീടിപ്പോൾ ഒരു കൂട്ടർക്ക് വാടകയ്ക്ക് കൊടുത്തിരിക്കുകയാണ്. ഒരു കാനഡക്കാരൻ. അയാൾ ഈ ഒരു മാസം കഴിഞ്ഞേ വീട് ഒഴിഞ്ഞുതരൂ.’

‘അതിനെന്താ ഞാൻ അയാളോട് സംസാരിക്കാം. മുകളിലത്തെ നിലയിൽ ഒരുമുറി മാത്രം മതി എനിക്ക്. അത്രയും വലിയ വീട് മുഴുവൻ അയാൾക്ക് വേണ്ടിവരില്ലല്ലോ? എട്ടന് ഇപ്പോൾ എന്താ പരിപാടി. ഏട്ടൻ കാറ് കൊണ്ടുവന്നിട്ടില്ല. നമുക്ക് ഇപ്പോൾത്തന്നെ അവിടേയ്ക്ക് പോയി അയാളെ കണ്ട് വിവരങ്ങൾ പറയാം. എന്തായാലും രവിയേട്ടനെ ഇവിടെ വച്ച് കണ്ടത് നന്നായി.’

‘അല്ല, ഇവിടെ... സീതക്കുട്ടി...’

‘ഏട്ടത്തി ഇവിടെയുണ്ടല്ലോ? സീത ഒബ്സർവേഷനിലല്ലേ. നമുക്ക് പോയി പെട്ടെന്ന് തിരിച്ചുവന്നിട്ട് അവളെ കാണാം. രവിയേട്ടൻ വാ.’

‘അല്ലാ, നീയെന്താ ഇവിടെ ആശുപത്രിയിൽ വന്നതെന്ന് പറഞ്ഞില്ല?’

‘അത്, പിന്നെ എന്നെ നേരത്തെ ഭ്രാന്തിന് ചികിത്സിച്ച ഒരു ഡോക്ടറിനെ കാണാൻ വന്നതാ.’

അത് പറഞ്ഞിട്ട് വിശ്വം നീതുവിനെയും ബിനോയിയേയും കണ്ണിറുക്കിക്കാണിച്ചു. അവരെല്ലാവരും വിശ്വത്തിൻറെ ഉദ്ദേശ്യം മനസ്സിലാവാതെ കുഴങ്ങി. വിശ്വം രവിയെ നിർബന്ധിച്ച് കൂടെ കൊണ്ടുപോയി. അവരിരുവരും കാർ പാർക്ക് ചെയ്തിരുന്ന ഭാഗത്തേക്ക് നടന്നു. ബിനോയി അപ്പോൾത്തന്നെ അലക്സിൻറെ ഫോണിലേക്ക് വിളിച്ച് കാര്യങ്ങൾ ധരിപ്പിച്ചു.

ഗേറ്റ് കടന്ന് കാർ ആ കെട്ടിടത്തിൻറെ മുന്നിലെത്തിയപ്പോൾ അലക്സ് പുറത്തുനിന്ന് ക്യാമറ സ്റ്റാൻഡിൽ വച്ചുകൊണ്ട് ചുറ്റുപാടുമുള്ള വസ്തുക്കളുടെ ഫോട്ടോയെടുക്കുകയായിരുന്നു.

'ഹലോ, മിസ്റ്റർ അലക്സ്.'

'ഹലോ, സർ, നിങ്ങൾ ആരാണെന്ന് എനിക്ക് മനസ്സിലായില്ല.'

'ഹാ, ഞാൻ രവി. ഇത് വിശ്വം. എൻറെ സഹോദരനാണ്. പിന്നെ ഞങ്ങളുടേതാണ് ഈ വീട്.'

'ഓ, യെസ് യെസ്. വീട് വാടകയ്ക്ക് തന്ന ചാക്കോച്ചേട്ടൻ നിങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. നമ്മൾ തമ്മിൽ നേരിട്ട് കാണാത്തതിനാലാണ് ആളെ മനസ്സിലാകാഞ്ഞത്. വരൂ, പ്ലീസ് അകത്തേക്ക് വരൂ.'

രവി ആ വീടിൻറെ പടിക്കെട്ടുകൾ കയറുമ്പോൾ ആകാശത്ത് മേഘങ്ങൾ ഗർജ്ജിച്ചു. അന്തരീക്ഷം തെളിമ നഷ്ടപ്പെട്ട് കരുവാളിക്കാൻ തുടങ്ങി.

'ഹോ, മഴ പെയ്യാൻ പോകുകയാണെന്ന് തോന്നുന്നു. എന്തായാലും ഞങ്ങൾ വന്ന കാര്യം പറയാം. അലക്സ് എന്തായാലും ഇവിടെ ഒറ്റയ്ക്കാണല്ലോ താമസിക്കുന്നത്. അലക്സിന് വിരോധമില്ലെങ്കിൽ എൻറെ അനിയൻ വിശ്വത്തെക്കൂടി ഇവിടെ അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കുമോ?'

'അയ്യോ, എന്തൊരു ചോദ്യമാ എത്. ഞാൻ വെറും വാടകക്കാരൻ. വിശ്വം ഇവിടെ താമസിക്കുന്നതിന് എനിക്ക് ഒരു വിരോധവുമില്ല. കൂടെ ഒരാൾ ഉണ്ടെങ്കിൽ എനിക്കൊരു കൂട്ടുമാകുമല്ലോ.'

അലക്സ് എളിമയോടെ പറഞ്ഞു.

വീട്ടിൽ ബാക്കിയുണ്ടായിരുന്നവർ താഴെ നടക്കുന്ന സംസാരങ്ങൾ മുകളിലത്തെ നിലയിൽ ഒളിച്ചിരുന്ന് കേൾക്കുന്നുണ്ടായിരുന്നു.

'അപ്പോൾ ശരി അലക്സ്. ഞാൻ ആശുപത്രിയിൽ പോയി അവിടെക്കിടക്കുന്ന രവിയേട്ടൻറെ മോളെ ഒന്ന് കണ്ടിട്ട് തിരിച്ചു വരാം.' വിശ്വം അലക്സിൻറെ കൈപിടിച്ച് കുലുക്കി യാത്ര ചോദിച്ചു. ഇതിനിടെ രവി കാണാതെ ഇരുവരും കണ്ണിറുക്കി.

അവർ യാത്ര പറഞ്ഞിറങ്ങി. കാർ ഗേറ്റ് കടന്നുപോയിക്കഴിഞ്ഞപ്പോൾ മുകളിലുണ്ടായിരുന്നവർ താഴേക്കൊടിയെത്തി.

'എന്താ വിശ്വത്തിൻറെ ഉദ്ദേശ്യം?'

അമീർ അലക്സിനോട് ചോദിച്ചു.

'ആ, എന്തോ. എനിക്കറിയില്ല. പക്ഷേ അയാൾ എന്തോ ഒന്ന് തീരുമാനിച്ചുറപ്പിച്ചിട്ടുണ്ട്.'

രവിയും വിശ്വവും തിരിച്ച് ആശുപത്രിയിൽ എത്തിയപ്പോൾ മുൻവശത്ത് ബിനോയിയും നീതുവും നിൽക്കുന്നത് കണ്ടു. കാർ നിർത്തിയ ഉടൻ വിശ്വം അവരുടെ അടുത്തേക്ക് നടന്നു.

'ഹേയ്, വിശ്വം. ഇങ്ങോട്ട്, ഇങ്ങോട്ടാണ് നമുക്ക് പോകേണ്ടത്.'

‘ഏട്ടാ, ഇപ്പോൾ വരാം. എനിക്ക് പരിചയമുള്ളവരാ ആ നിൽക്കുന്നവർ. ഒന്ന് കണ്ട് സംസാരിച്ചിട്ട് വരാം. ഒരു മിനിറ്റ്, പ്ലീസ്.’

വിശ്വം നടന്നുപോകുന്നത് രവി നോക്കിനിന്നു.

വിശ്വം അടുത്തെത്തിയപ്പോൾ നീതുവും ബിനോയിയും പരിചിതഭാവത്തിൽ അയാളെ നോക്കി പുഞ്ചിരിച്ചു.

‘നിങ്ങൾ ഞാൻ പറയുന്നത് ശ്രദ്ധിച്ച് കേൾക്കണം. നിങ്ങൾ ആരും എങ്ങും പോകുന്നില്ല. സോഫിയെ ഡിസ്ചാർജ്ജ് ചെയ്ത് നമ്മൾ താമസിക്കുന്നിടത്തേക്ക് തന്നെ കൊണ്ടുപൊയ്ക്കോളൂ. പിന്നെ നീതുവിൻറെ ചേട്ടന്മാർ തൽക്കാലം അവരുടെ വീട്ടിലേക്ക് പൊയ്ക്കോട്ടേ. പക്ഷേ വൈകുന്നേരം നമ്മുടെ അടുത്തേക്ക് വരണമെന്ന് പറയണം. ഇനി മുന്നോട്ടു പോകണമെങ്കിൽ അവരുടെയും കൂടി സഹായം ആവശ്യമാണ്.’

അത്രയും പറഞ്ഞിട്ട് ബിനോയിക്ക് കൈകൊടുത്തിട്ട് വിശ്വം രവിയുടെ അടുത്തേക്ക് ചെന്നു.

‘വരൂ ഏട്ടാ, സീതക്കുട്ടിയുടെ അടുത്തേയ്ക്ക് പോകാം.’



## ഇരുപത്തിയേഴ്

രവിയും വിശ്വവും വാർഡിലേക്ക് വരുന്നതുകണ്ട് സീതക്കുട്ടി കട്ടിലിൽ നിന്ന് എഴുന്നേൽക്കുവാൻ ശ്രമിച്ചു. വിശ്വത്തെ നോക്കി അവൾ നെഞ്ചുപൊട്ടിക്കരഞ്ഞു. ഇത് കണ്ട് വിശ്വം അവളെ തടഞ്ഞു.

'വേണ്ട മോളേ, കരയല്ലേ. നീ വിഷമിക്കാതെ.'

'കൊച്ചച്ചാ, എൻറെ കുഞ്ഞ്... ഇതൊക്കെ ദൈവശിക്ഷയാ. ഞാൻ കൊച്ചച്ചനോട് ചെയ്ത തെറ്റ്. എൻറെ കുഞ്ഞ് പോയി...'

അവൾ വിശ്വത്തിൻറെ കയ്യിൽ പിടിച്ച് തേങ്ങിക്കരഞ്ഞു.

'എടീ ലതേ, മോളെ പിടിച്ചുകിടത്ത്.'

സമനില കൈവിട്ട് പഴയത് വല്ലതും തൻറെ മകൾ വിളിച്ചുപറയുമോ എന്ന പേടിയായിരുന്നു രവിക്ക്.

'വിശ്വം, വരൂ. അവൾ വിശ്രമിക്കട്ടെ. ഞാൻ നിന്നെ അവിടെക്കൊണ്ടാക്കാം. ഇനിയും ഇവിടെ നിന്നാൽ സീതക്കുട്ടി ചിലപ്പോൾ കരഞ്ഞ് വല്ലതും വരുത്തിവയ്ക്കും. വാ നമുക്ക് പോകാം.' അയാൾ ധൃതി കൂട്ടി.

വിശ്വം വാത്സല്യത്തോടെ സീതയുടെ നെറുകയിൽ കൈവച്ചു.

'കൊച്ചച്ചന് നീ ഇപ്പോഴും ചെറിയ കുട്ടി തന്നെയാ മോളേ, നി വിഷമിക്കാതിരി.'

അത് പറഞ്ഞിട്ട് വിശ്വം പുറത്തേക്ക് നടന്നുപോയി. രവി സീതക്കുട്ടിയെ ഒന്ന് ചുഴിഞ്ഞുനോക്കിയ ശേഷം വിശ്വം പോയ ഭാഗത്തേക്ക് പാഞ്ഞു. അയാൾ പുറത്തെത്തിയപ്പോൾ വിശ്വം നേരത്തേ കണ്ട യുവാവുമായി സംസാരിച്ചുകൊണ്ട് നിൽക്കുന്നത് കണ്ടു.

വിശ്വത്തിൻറെ മുഖത്തെ പരിഭ്രമം കണ്ടപ്പോൾ അയാൾ അവിടേക്ക് ഓടിച്ചെന്നു.

'എന്താ? എന്താ പ്രശ്നം?'

രവിയെ പിന്നിൽ കണ്ടപ്പോൾ ബിനോയി ഒന്നും മിണ്ടാതെ വിശ്വത്തിൻറെ മുഖത്ത് നോക്കി നിന്നു.

'എന്താ വിശ്വം? എന്തുപറ്റി? എന്താ നിങ്ങളൊന്നും മിണ്ടാത്തത്?'

'ഏയ്, ഒരു കുഴപ്പവുമില്ല. രവിയേട്ടാ ഇത് ബിനോയി. എൻറെ കൂടെ ആശുപത്രിയിൽ കുറച്ചുനാൾ ഉണ്ടായിരുന്നു. ഞങ്ങൾ അവിടെ ഉണ്ടായ ഒരു സംഭവം പറഞ്ഞ് നിന്നതാ. ശരി, വാ നമുക്ക് പോകാം.'

വിശ്വം രവിയെ പിടിച്ചുവലിച്ചു.

രവി ബിനോയിയെ സംശയത്തോടെ നോക്കിയ ശേഷം വിശ്വത്തിൻറെയൊപ്പം പോയി. കാറിലിരിക്കുമ്പോൾ വിശ്വത്തിൻറെ ചിന്തകൾ മുഴുവൻ സോഫിയെപ്പറ്റിയായിരുന്നു. ആശുപത്രിക്കിടക്കയിൽ നിന്നും അവളെ കാണാതായെന്ന് അയാൾക്ക് വിശ്വസിക്കാനായില്ല. അതും ഇത്രയും ആളുകൾ പുറത്ത് ഉണ്ടായിരിന്നിട്ടും.

'ഏട്ടൻ ഇപ്പോൾ എങ്ങോട്ടാ പോകുന്നത്?'

'ഇതെന്ത് ചോദ്യമാണ്. നിന്നെ ആ വീട്ടിലാക്കിയിട്ട് തിരികെ ഞാൻ എൻറെ വീട്ടിലേക്ക് പോകും. ഒന്ന് കുളിച്ച് വേഷമൊക്കെ മാറണം. ആകെ മുഷിഞ്ഞു.'

'ഓഹോ, എങ്കിൽ ഏട്ടൻ വീട്ടിലേക്ക് പൊയ്ക്കോളൂ. എനിക്ക് ഒന്നുരണ്ട് സാധനങ്ങൾ വാങ്ങാനുണ്ട്. കാർ ഇവിടെ ഒതുക്കിയാൽ മതി. ഞാൻ പൊയ്ക്കോളാം.'

'വേണമെങ്കിൽ ഞാനും വരാമെടാ.'

'വേണ്ടേട്ടാ, ഏട്ടൻ പൊയ്ക്കൊള്ളൂ.'

അത് കേട്ടപ്പോൾ രവി റോഡ് സൈഡിൽ കാർ നിർത്തി.

വിശ്വത്തെ പുറത്തിറക്കിയ ശേഷം മുൻവശത്തെ കണ്ണാടിയിലൂടെ രവി വിശ്വത്തെ ക്രൂരമായി നോക്കി. എന്നിട്ടയാൾ വേഗത്തിൽ കാറോടിച്ച് പോയി.

വിശ്വം അവിടെ നിന്നും ഓട്ടോയിൽ ആശുപത്രിയിലേക്ക് തിരികെ പുറപ്പെട്ടു. അവിടെയെത്തിയപ്പോൾ സണ്ണി ഡോക്ടറോട് കയർത്ത് സംസാരിക്കുന്നത് കണ്ട് വിശ്വം ഓടിച്ചെന്നു.

'സണ്ണീ, എന്താടാ ഇത്. സോറി ഡോക്ടർ.'

ഡോക്ടർ പോയപ്പോൾ സണ്ണി വിശ്വത്തെ ദയനീയമായി നോക്കി.

'വിശ്വം അവള്?'

'അവളെ കാണാത്തതിന് നീ ഡോക്ടറോട് ചൂടായിട്ട് എന്ത് കാര്യം. അവൾ സ്വന്തം ഇഷ്ടപ്രകാരമല്ലേ പോയത്. വാ നമുക്ക് പോയി നോക്കാം. നീതുവിൻറെ

ചേട്ടന്മാർ എവിടെ?'

'വിശ്വം പറഞ്ഞതുകൊണ്ട് അവർ വീട്ടിലേക്ക് പോയി. വൈകുന്നേരം വരാമെന്ന് പറഞ്ഞു,' നീതു പറഞ്ഞു

'ചിലപ്പോൾ നമ്മൾ വഴക്കുപറയുമെന്നോർത്ത് സോഫി സ്വന്തം വീട്ടിലേക്ക് പോയിട്ടുണ്ടെങ്കിലോ?' ബിനോയി സംശയത്തോടെ പറഞ്ഞു.

'അതും ശരിയാണ്. വാ സണ്ണീ, നമുക്ക് നിങ്ങളുടെ വീട്ടിലേക്കൊന്ന് പോകാം. അവൾ അവിടെത്തന്നെ കാണും.'

സണ്ണി ഒന്നും മിണ്ടിയില്ല. അവരെ അനുഗമിക്കുക മാത്രം ചെയ്തു.

അവർ ജീപ്പ് സ്റ്റാർട്ട് ചെയ്ത് മുന്നോട്ട് പോയി. ആശുപത്രിയുടെ മുന്നിലത്തെ ഗേറ്റ് കടന്നപ്പോൾ ബിനോയിയുടെ ഫോണിലേക്ക് ഒരു കോൾ വന്നു.

'ബിനോയീ, ഞാനാ അമീർ. നിങ്ങൾ ഇങ്ങ് വേഗം വാ. സോഫി ഇവിടെ വന്നിട്ടുണ്ട്. ഞങ്ങൾ ചോദിച്ചിട്ട് ഒന്നും മിണ്ടുന്നില്ല.'

ഫോൺ കട്ട് ചെയ്ത ശേഷം ബിനോയി അവിടേക്ക് ജീപ്പ് പായിച്ചു. അമീർ പറഞ്ഞത് കൂടെയുള്ളവരോട് പറഞ്ഞപ്പോൾ എല്ലാവരുടേയും മനസ്സിൽ പലപല ചിന്തകൾ കടന്നുകൂടി.

'സോഫി എന്തായിരിക്കും ആശുപത്രിയിൽ നിന്നും ചാടിപ്പോയത്?' നീതു ബിനോയിയോട് ചോദിച്ചു.

ആ, നമുക്ക് ചെന്നിട്ട് അവളോട് തന്നെ ചോദിക്കാം.'

പെട്ടെന്നുതന്നെ അവർ വീട്ടിൽ എത്തിച്ചേർന്നു. ജീപ്പ് നിർത്തിയതും വിശ്വം ചാടിയിറങ്ങി. അയാൾ നേരേ ഹാളിലേക്ക് കയറിച്ചെന്നു. അവിടെ എല്ലാവരും അവരെയും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. വിശ്വത്തെ കണ്ടപാടെ അവർ ഇരുന്നിടത്തുനിന്നും എഴുന്നേറ്റു.

'എവിടെ, സോഫി എവിടെ?'

'അവൾ വന്നപാടേ അടുക്കളയിൽ കയറി എന്തൊക്കയോ ഉണ്ടാക്കുകയാണ്. ഞങ്ങൾ ചോദിച്ചിട്ട് ഒന്നും പറഞ്ഞില്ല.'

അലക്സ് പറഞ്ഞത് കേട്ട് വിശ്വം അടുക്കളയിലേക്ക് പാഞ്ഞു.

'സോഫീ....'

വിശ്വത്തിൻറെ പെട്ടെന്നുള്ള വിളി കേട്ട് സോഫിയുടെ കയ്യിൽ നിന്നും ഒരു കുപ്പിപ്പാത്രം വീണുപൊട്ടി.

'ഹായ്, വിശ്വേട്ടാ...'

അവൾ വിശ്വത്തെ കണ്ട മാത്രയിൽ സ്നേഹത്തോടെ വിളിച്ചു. അപ്പോഴേക്കും എല്ലാവരും അടുക്കളയിലേക്ക് എത്തിയിരുന്നു.

'ഇവരൊക്കെ ആരാ വിശ്വേട്ടാ. ഞാൻ വന്നപ്പോൾ ഇവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ ചോദിച്ചിട്ട് ഇവരാരും എന്നോട് ഒന്നും മിണ്ടിയില്ല. വിശ്വേട്ടൻറെ ഫ്രണ്ട്സ് ആയിരുന്നു അല്ലേ. ഫ്രണ്ട്സിനെ വീട്ടിലേക്ക് വിളിക്കുമെങ്കിൽ പറയണ്ടേ? ഞാൻ എന്തെങ്കിലും ഉണ്ടാക്കിവെക്കില്ലേ.'

എല്ലാവരും സോഫി പറയുന്നതൊക്കെ കേട്ട് കണ്ണുതള്ളി നിന്നു.

'സോഫീ, മതിയാക്ക് നിൻറെ അഭിനയം. എനിക്ക് കലി കയറിയാൽ എന്താ ചെയ്യുകയെന്ന് എനിക്ക് പോലും പറയാനാകില്ല.'

'എന്താ വിശ്വേട്ടാ എന്നെ വിളിച്ചത്. സോഫിയെന്നോ? അതാരാ?' വിശ്വം പല്ലുകൾ കടിച്ചുപിടിച്ച് അലക്സിനെ നോക്കി.

'സോഫീ, നീ എന്തൊക്കെയാണ് ഈ പറയുന്നത്. എന്നെ നിനക്ക് അറിയില്ലേ. ഞാൻ പോട്ടേ നിൻറെ ചേട്ടൻ സണ്ണിയെ നോക്ക്. ഇവനെയും നിനക്ക് അറിയില്ലേ.' അലക്സ് പരിഭ്രമത്തോടെ ചോദിച്ചു.

'വിശ്വേട്ടാ, ഇവര് എന്തൊക്കയാ ഈ പറയുന്നത്. ഞാൻ വിശ്വേട്ടൻറെ ദിവ്യയാണെന്ന് ഇവരോട് പറ വിശ്വേട്ടാ...'

അവൾ പറഞ്ഞത് കേട്ടതും എല്ലാവരും ഒരുപോലെ ഞെട്ടി. ആരും പരസ്പരം ഒന്നും മിണ്ടിയില്ല. എല്ലാവരും വിശ്വത്തിൻറെ പ്രതികരണമറിയാൻ അയാളെ നോക്കി. അയാൾ അൽപ്പസമയം സോഫിയെ സൂക്ഷിച്ചുനോക്കി.

'ശരി, നീ എൻറെ ദിവ്യയാണ്. ഞാൻ സമ്മതിച്ചു. പക്ഷേ ഞാൻ ചോദിക്കുന്നതിനൊക്കെ നീ കൃത്യമായി മറുപടി തരണം.'

'എന്താ വിശ്വേട്ടാ, എല്ലാവരുംകൂടി എന്നെ പറ്റിക്കുകയാണോ?'

'അല്ല, നീ പറ. നമ്മുടെ കല്യാണം നടന്നത് എന്നാണ്?'

സോഫി ചുറ്റും നിന്നവരെ ഒന്ന് കണ്ണോടിച്ച് നോക്കി. എല്ലാവരും ആകാംക്ഷയോടെ അവളുടെ മറുപടിക്കായി കാത്തുനിൽക്കുകയാണെന്ന് അവൾക്ക് മനസ്സിലായി.

'ശരി, എല്ലാവരുടെയും സമാധാനത്തിനായി വേണമെങ്കിൽ അതും പറയാം. നമ്മുടെ കല്യാണം നടന്നത് രണ്ടായിരത്തിരണ്ട് ജനുവരി മാസം പതിനാറാം തീയതി. സ്ഥലം ഞങ്ങളുടെ കുടുംബക്ഷേത്രം.'

സോഫി പറഞ്ഞത് കേട്ട് വിശ്വം ഉൾപ്പെടെ എല്ലാവരും വാ പൊളിച്ചുപോയി.

'ഇനി എന്താ എല്ലാവർക്കും അറിയേണ്ടത്?'

വിശ്വം ഒന്ന് നിശ്വസിച്ച ശേഷം വീണ്ടും സോഫിയിലേക്ക് തിരിഞ്ഞു.

'ഞാൻ നിന്നെ ഇഷ്ടമാണെന്ന് പറഞ്ഞ സാഹചര്യം?'

'ഹ...ഹ...ഹ... വിശ്വേട്ടനെന്താ ആളെ കളിയാക്കുന്നോ. അന്ന് ഞാൻ സെക്കൻറ് ഇയർ പഠിക്കുന്നു. വാലൻറയിൻസ് ഡേയുടെ അന്ന് എൻറെ ക്ലാസ്സിൽ കയറി വന്ന് ടീച്ചറിൻറെ മുന്നിൽ വച്ച് എനിക്ക് പൂവ് തന്ന് ഇഷ്ടമാണെന്ന് പറഞ്ഞത് വിശ്വേട്ടൻ ഓർക്കുന്നുണ്ടാവില്ല. എന്നാൽ അതിൻറെ പേരിൽ വിശ്വേട്ടനെ പ്രിൻസിപ്പാൾ ഒരാഴ്ചത്തേക്ക് സസ്പെൻറ് ചെയ്തത് എന്തായാലും ഓർക്കുന്നുണ്ടാകുമല്ലോ? അതിൻറെ അടുത്തയാഴ്ച ലൈബ്രറിയിൽ വച്ച് ഞാൻ തിരിച്ചും ഇഷ്ടമാണെന്ന് പറഞ്ഞു.'

അതും കൂടി കേട്ടപ്പോൾ വിശ്വം ശ്വാസം കിട്ടാത്തവനെപ്പോലെ നിന്ന് പുളഞ്ഞു.

'ദിവ്യേ...!'

അയാൾ പതറിയ ശബ്ദത്തിൽ നീട്ടിവിളിച്ചു.




## ഇരുപത്തിയെട്ട്

ആരുമാരും പരസ്പരം ഒന്നും മിണ്ടിയില്ല. എല്ലാവരും അടുക്കളയിൽനിന്നും വീടിൻറെ പല ഭാഗങ്ങളിലേക്കും പോയി. ആർക്കും ഒന്നും തന്നെ ശരിക്കും വ്യക്തമായില്ല.

വിശ്വം മാത്രം അടുക്കളയിൽത്തന്നെ സോഫി ചെയ്യുന്നതൊക്കെ നോക്കി നിന്നു. അയാൾക്ക് തന്നിൽനിന്നും അകന്നുപോയ തൻറെ ഭാര്യയോട് ഒരുവട്ടംകൂടി സംസാരിക്കാൻ കഴിഞ്ഞതിൽ സന്തോഷം തോന്നിയെങ്കിലും സോഫിയെക്കുറിച്ച് ചിന്തിച്ചപ്പോൾ ആ സന്തോഷമപ്പാടെ ഇല്ലാതായതുപോലെ തോന്നി. അയാൾ നടന്ന് മുറിയിൽ കയറി വാതിലടച്ചു. എന്നിട്ട് തലയിണയുടെ അടിയിൽ നിന്നും ഒരു ഫോട്ടോ എടുത്ത് നോക്കി. ദിവ്യയുടെ ചിരിച്ച മുഖത്തിൽ വിശ്വത്തിൻറെ കണ്ണീർത്തുള്ളികൾ ഇറ്റുവീണു.

കതകിൽ ആരോ തട്ടിയപ്പോഴാണ് കണ്ണുകൾ തുടച്ച് വിശ്വം പുറത്തേക്ക് ചെന്നത്. നോക്കുമ്പോൾ വാതിൽക്കൽ സണ്ണി നിൽക്കുന്നു. വിശ്വത്തെ കണ്ടപ്പോൾ അവൻ അയാളെ കെട്ടിപ്പിടിച്ചുകൊണ്ട് പൊട്ടിക്കരഞ്ഞു.

'വിശ്വം, അവളെ നമുക്കിനി തിരിച്ചുകിട്ടുമോ. ഞാൻ എൻറെ അമ്മച്ചിയോട് ഇതിനൊക്കെ എന്ത് സമാധാനം പറയും, എൻറെ കർത്താവേ,' സണ്ണി വിങ്ങിപ്പൊട്ടി.

വിശ്വം അവനെ ആശ്വസിപ്പിക്കുന്ന രീതിയിൽ അവൻറെ ചുമലിൽ കൈ അമർത്തി.

'സണ്ണീ, ഞാൻ ചോദിക്കാൻ പോകുന്നത് ശരിയല്ലയെന്നറിയാം. എങ്കിലും ചോദിക്കാൻ തോന്നുന്നു. സോഫിയെ എനിക്ക് വിവാഹം ചെയ്ത് തരാൻ പറ്റുമോ?'

'നടക്കില്ല വിശ്വം, എൻറെ വീട്ടിൽ പ്രണയമോ മതമോ ഒന്നും ഒരു പ്രശ്നവുമില്ല. പക്ഷേ,'

'ഓ, ഞാൻ ഒരു രണ്ടാം കെട്ടുകാരൻ ആണല്ലോ. അതുമല്ല എനിക്ക് എന്താണുള്ളത് അല്ലേ.'

'അതൊന്നുമല്ല. കാരണം, വിശ്വം ഇപ്പോൾ സോഫിയെ ആഗ്രഹിക്കുന്നത് വിശ്വത്തിന് അവളോടുള്ള സ്നേഹം കൊണ്ടല്ലെന്ന് എനിക്കറിയാം. എൻറെ സോഫിയിലൂടെ നിങ്ങൾക്ക് നിങ്ങളുടെ ഭാര്യയെ വീണ്ടെടുക്കണം, അതല്ലേ സത്യം?'

വിശ്വം ഒരു മറുപടിയും പറഞ്ഞില്ല. അയാൾ പതിയെ നടന്ന് ജനലിനടുത്ത് ചെന്ന് നിന്നു. പുറത്ത് രാഹുലും അമീറും ചേർന്ന് ജീപ്പ് കഴുകുന്നുണ്ടായിരുന്നു.

വിശ്വം അവരെയും നോക്കി നിന്നു.

'അവളെ എനിക്ക് തിരിച്ച് വേണം, എൻറെ പഴയ സോഫിയായി.' പിന്നിൽ നിന്നും സണ്ണിയുടെ ശബ്ദം കേട്ട് വിശ്വം വീണ്ടും സണ്ണിയുടെ നേർക്ക് തിരിഞ്ഞു.

'ഞാൻ മുമ്പ് പറഞ്ഞത് സണ്ണി ഓർക്കുന്നുണ്ടോ? ഒരാളുടെ ശരീരത്തിൽ ഒരേ സമയം ഒരു ആത്മാവിന് മാത്രമേ നിലകൊള്ളാൻ കഴിയൂ. ഇപ്പോൾ സോഫിയിലും അതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്. സോഫിലുള്ളത് ദിവ്യയുടെ ആത്മാവാണ്. അവൾ ആ മുറിയിൽ കയറി ഓജോ ബോർഡ് ചെയ്തപ്പോൾ ദിവ്യയുടെ ആത്മാവായിരിക്കണം വന്നിട്ടുള്ളത്. വിളിച്ച ആത്മാവിനെ പറഞ്ഞുവിട്ടില്ലെങ്കിൽ ആ ആത്മാവ് നമ്മോടൊപ്പംതന്നെ നിലകൊള്ളും. എനിക്കിപ്പോൾ സംശയം സോഫി അവളുടെ സ്വന്തം ഇഷ്ടപ്രകാരം തന്നെ ദിവ്യയെ അവൾക്കുള്ളിൽ കയറാൻ അനുവദിച്ചുവെന്നാണ്. ജീവിച്ച് കൊതിതീരാത്ത ആത്മാവിന് ഒരാളുടെ ശരീരത്തിൽ കടന്നുകൂടാനുള്ള ആസക്തിയും അധികമാണ്. അതുതന്നെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്.'

അത്രയും പറഞ്ഞിട്ട് വിശ്വം ഒരു ദീർഘനിശ്വാസം വിട്ടു.

'നമ്മൾ ഇപ്പോൾ എന്താ ചെയ്യുക?'

'നമുക്ക് ഇപ്പോൾ ഒന്നേ ചെയ്യാനാകൂ. സോഫിയെക്കൊണ്ട് ഓജോ ബോർഡ് വീണ്ടും ചെയ്യിക്കുക. പക്ഷേ അതും പ്രശ്നമാണ്. സോഫി ഓജോ ബോർഡ്

ചെയ്യുമ്പോൾ അവളുടെ ആത്മാവ് തന്നെ വരണമെന്നില്ല. ഈ കെട്ടിടത്തിൽ അലഞ്ഞുനടക്കുന്ന ആത്മാക്കളിൽ മറ്റാരെങ്കിലും വന്നുപെടാം. അങ്ങനെ മറ്റൊരു ആത്മാവ് ആ ശരീരത്തിൽ കടന്നുകൂടിയാൽ അത് സോഫിയുടെ ജീവന് തന്നെ അപകടമായേക്കും.'

അത് കേട്ടപ്പോൾ സണ്ണി തലയ്ക്ക് കൈവച്ച് കുറച്ചുസമയം താഴേക്ക് നോക്കിയിരുന്നു. അവൻ എന്തൊക്കയോ ചിന്തിച്ചു. ഒടുവിൽ പ്രതീക്ഷയോടെ വീണ്ടും വിശ്വത്തെ നോക്കി.

'വിശ്വം നമുക്ക് ഈ കെട്ടിടത്തിൽ കുടുങ്ങിക്കിടക്കുന്ന മറ്റ് ആത്മാക്കളെയൊക്കെ സ്വതന്ത്രരാക്കാൻ കഴിഞ്ഞാൽ സോഫിയെ തിരികെക്കൊണ്ടുവരാൻ സാധിക്കില്ലേ?'

'തീർച്ചയായും, സണ്ണീ അത് നല്ലൊരു ഉപായമാണ്. നല്ല ഉപായമല്ല, മറിച്ച് ഇപ്പോൾ അതുമാത്രമാണ് ഏക മാർഗ്ഗം. അത് ഫലിച്ചാൽ ഇപ്പോൾ സ്വന്തം ശരീരത്തിൽ നിന്നും വിട്ടുനിൽക്കുന്ന സോഫിയുടെ ആത്മാവിനെ ഈ കെട്ടിടത്തിനുള്ളിൽ നമുക്ക് ഒറ്റയ്ക്ക് കിട്ടും. അപ്പോൾ ഓജോ ബോർഡ് ചെയ്ത് ദിവ്യയുടെ ആത്മാവിനെ വെളിയിലെത്തിച്ച് സോഫിയുടെ ആത്മാവിനെ നമുക്ക് വീണ്ടെടുക്കാം.'

അത് കേട്ടപ്പോൾ സണ്ണിയുടെ മുഖത്ത് ഒരു തെളിച്ചം വന്നു.

'അപ്പോൾ അതുവരെ അവൾ ദിവ്യയായി തുടരുമല്ലേ?'

'അതേ,'

'അപ്പോൾ നമ്മുടെ അടുത്ത പ്ലാൻ എന്താണ് വിശ്വം?'

'ഇന്ന് രാത്രി നമ്മൾ വീണ്ടും ഓജോ ബോർഡ് ചെയ്യാൻ പോകുന്നു. എന്നിട്ട് ഇവിടെ കുടുങ്ങിക്കിടക്കുന്ന ആത്മാക്കൾക്ക് ആവശ്യമായത് എന്താണോ അവ നമ്മൾ അവർക്ക് നേടിക്കൊടുക്കണം. അതോടൊപ്പം അവയെ ഇവിടെനിന്നും സ്വതന്ത്രമാക്കുകയും വേണം.'

'എന്നുവച്ചാൽ അവർ ആവശ്യപ്പെടുന്നതെന്തും നമ്മൾ ചെയ്യണമോ?'

'അതേ, അവരുടെ ആവശ്യങ്ങളെല്ലാം നമ്മൾ നിറവേറ്റിക്കൊടുത്താലേ അവർ ഭൂമിയിൽനിന്നും അവരുടെ ലോകത്തേക്ക് പോകൂ.'

'എങ്കിൽ ശരി, ഞാൻ എല്ലാവരേയും ഇക്കാര്യമൊക്കെ അറിയിക്കട്ടെ. അവർ എല്ലാവരും ഇപ്പോൾ ഇവിടെ നടക്കുന്നതൊക്കെ എന്താണെന്നറിയാതെ വിഷമിച്ചിരിക്കുകയാണ്.'

സണ്ണി മുറിയിൽനിന്നും പോയപ്പോൾ വിശ്വം ചിന്തയിലാണ്ടു.

സമയം കടന്നുപോയിക്കൊണ്ടിരുന്നു.

രാതിയിൽ ഭക്ഷണം കഴിക്കാൻ സമയമായപ്പോൾ സോഫി എല്ലാവരേയും മുറിയിൽ ചെന്നുവിളിച്ചു. നീതുവിനെയും ഐഷയെയും അവൾ ആ ദിവസം അടുക്കളയിൽ കയറാൻ സമ്മതിച്ചില്ല. അവർക്കെല്ലാവർക്കുമുള്ള ഭക്ഷണം അവൾ തന്നെയുണ്ടാക്കി.

അതിഥികളെ സൽക്കരിക്കും പോലെ സോഫി എല്ലാവർക്കും ഭക്ഷണം വിളമ്പി. അവസാനം വിശ്വത്തിനൊപ്പം അവളും ഇരുന്ന് ഭക്ഷണം കഴിച്ചു. സോഫി

പലതരത്തിലുള്ള ആഹാരങ്ങൾ ഉണ്ടാക്കി വിളമ്പുന്നത് കണ്ട് സണ്ണി ഞെട്ടി. വീട്ടിൽ ഒരു ചായ പോലും ഉണ്ടാക്കാൻ മടിക്കുന്നവൾ അത്രയും വിഭവങ്ങൾ ഉണ്ടാക്കിയത് സണ്ണിക്ക് അത്ഭുതമായി തോന്നി.

ഭക്ഷണശേഷം നീതുവിനെ വിശ്വം മുറിയിലേക്ക് വിളിച്ചു.

'നിങ്ങൾ പെൺകുട്ടികൾ ഇന്ന് ആ മുറിയിലേക്ക് വരണ്ടാ. നിങ്ങൾ രണ്ടുപേരും സോഫിയെ നോക്കി മുറിയിലിരുന്നാൽ മതി. അവളിൽ എപ്പോഴും ഒരു ശ്രദ്ധ വേണം. കാരണം ദിവ്യക്ക് എൻറെ ചേട്ടനോടാണ് പക. അവൾ ആ പക തീർത്താൽ തൊട്ടടുത്ത നിമിഷം സോഫിയുടെ ശരീരം ഉപേക്ഷിക്കും. അങ്ങനെ സംഭവിച്ചാൽ സോഫിക്ക് നിശ്ചയമായും മരണം സംഭവിക്കും. അതുകൊണ്ട് സോഫി ഉറക്കത്തിൽ എങ്ങും പോകാതിരിക്കാൻ നിങ്ങൾ ശ്രദ്ധിച്ച് കാവലിരിക്കണം. ഞാൻ പറഞ്ഞത് നിങ്ങൾക്ക് മനസ്സിലായല്ലോ?'

'വിശ്വം അതോർത്ത് വിഷമിക്കേണ്ട. ഞങ്ങൾ രണ്ടുപേരും സോഫിക്കൊപ്പം എപ്പോഴും കാണും. പിന്നെ എൻറെ ചേട്ടന്മാരോട് രാത്രിയിൽ ഇങ്ങോട്ടേക്ക് വരാൻ പറഞ്ഞതിൻരെ ഉദ്ദേശ്യം എന്താണെന്ന് എനിക്ക് മനസ്സിലായില്ല!'

'അതിന് വ്യക്തമായ ഉദ്ദേശ്യങ്ങൾ ഉണ്ട്. ഇനി മുന്നോട്ട് പോകണമെങ്കിൽ ഈ സ്ഥലങ്ങളൊക്കെ നന്നായി അറിയാവുന്നവർ നമ്മുടെ കൂടെ ഉണ്ടായേ തീരൂ. മാത്രമല്ല അവർക്ക് പുറത്ത് ഒരുപാടുപേരെ പരിചയവുമുണ്ട്. എന്താവശ്യം വന്നാലും അവർക്ക് നമ്മെ സഹായിക്കാനാകും.'

'ഓ, അത് ശരിയാണ്. പക്ഷേ അവിടെ നടക്കുന്ന സംഭവങ്ങൾ ഞങ്ങളെയും അറിയിക്കണം. ലോറൻസിൻറെ ബാക്കി കഥയറിയാൻ ഞങ്ങളും കാത്തിരിക്കുകയാണ്.'

'തീർച്ചയായും, നിങ്ങൾ അറിയാത്ത ഒന്നും തന്നെ ഞങ്ങളുമറിയില്ല. പോരേ?'

ഒന്ന് പുഞ്ചിരിച്ചശേഷം നീതു മുറിയിൽനിന്നും പുറത്തേക്ക് പോയി. വൈകുന്നേരമായപ്പോഴേക്കും നീതുവിൻറെ ചേട്ടന്മാരും എത്തിച്ചേർന്നിരുന്നു. ആണുങ്ങൾ എല്ലാവരും ബാൽക്കണിയിലേക്ക് ചെന്നിരുന്നു. വിശ്വം അവർക്കുള്ള നിർദ്ദേശങ്ങൾ കൊടുത്തു. അൽപസമയത്തിന് ശേഷം ആണുങ്ങളുടെ സംഘം ആ ഒറ്റപ്പെട്ട മുറിയിലേക്ക് പോയി. നീതു അവർ പോകുന്നതും നോക്കി വാതിലിനടുത്ത് ചെന്നുനിന്നു. സോഫി അപ്പോഴേക്കും ഉറക്കം പിടിച്ചിരുന്നു.

അവർ മുറിയിലെത്തിയപ്പോൾ ആ കെട്ടിടമാകെ ഇരുട്ടിൽ മൂടപ്പെട്ടിരുന്നു. പെൺകുട്ടികളുടെ മുറിയിൽ നിന്നും മാത്രം നേരിയ വെട്ടം പുറത്തേക്ക് അരിച്ചിറങ്ങി. മുറിയിലെത്തിയ ഉടൻ ആദർശ് മടിയൊന്നും കൂടാതെ കസേരയിൽ ചെന്നിരുന്നു.

അലക്സ് അവനെയൊന്ന് നോക്കിയശേഷം അവൻറെ കൈകൾ കസേരയോട് ചേർത്തുകെട്ടി. വലതുകൈ പതിവുപോലെ അയച്ചിട്ടു. ഗോപനും പ്രേമനും സന്തോഷിനും ഹരിക്കും വേണ്ട നിർദ്ദേശങ്ങൾ വിശ്വം കൊടുത്തെങ്കിലും അവിടെ നടക്കാൻ പോകുന്നത് അവർക്കപ്പോൾ പുതുമയുള്ളതായി തോന്നി. മെഴുകുതിരിയുടെ വെളിച്ചത്തിൽ വിശ്വം ആദർശിൻറെ ചൂണ്ടുവിരൽ ബോർഡിലെ

നാണയത്തിനുമുകളിൽ പിടിച്ചുവച്ചു. ആദർശ് സാവധാനത്തിൽ അവൻറെ കണ്ണുകളടച്ചു. വിശ്വം ഒന്നുകൂടി എല്ലാവരെയും നോക്കിയശേഷം ആ വാക്കുകൾ ഉരുവിട്ടുതുടങ്ങി.

'ബാഡ് സ്പിരിറ്റ് പ്ലീസ് കം. ബാഡ് സ്പിരിറ്റ് പ്ലീസ് കം. ബാഡ് സ്പിരിറ്റ് പ്ലീസ് കം...'

എല്ലാവരുംകൂടി ആ വാക്കുകൾ ഏറ്റുപറഞ്ഞപ്പോൾ ചുമരുകൾ വിറക്കുന്നതുപോലെ എല്ലാവർക്കുമനുഭവപ്പെട്ടു. എങ്കിലും ആരും ഏറ്റുപറച്ചിൽ അവസാനിപ്പിച്ചില്ല. അവർ അത് തുടർന്നുകൊണ്ടേയിരുന്നു. മെഴുകുതിരിയുടെ നാളങ്ങൾ ആടിയുലഞ്ഞു. ഗ്ലാസ്സിലെ വെള്ളത്തിൽ തരംഗങ്ങളുണ്ടായി. അതോടൊപ്പം ആദർശ് ഒന്ന് പിടഞ്ഞു. പെട്ടെന്ന് തന്നെ അയഞ്ഞുകിടന്നിരുന്ന അവൻറെ വലതുകൈ ബിനോയി മുറുകെക്കെട്ടി.

'ലോറൻസ്, ലോറൻസ്.' വിശ്വം പതിഞ്ഞ ശബ്ദത്തിൽ വിളിച്ചു.

മുറിയിലാകെ നിശബ്ദത താളംകെട്ടി. കുറച്ച് നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആദർശ് കണ്ണുകൾ തുറന്നു. ആ കണ്ണുകൾ നീതുവിൻറെ ചേട്ടന്മാരുടെ മേലിൽ ചെന്നുപതിഞ്ഞു. പിന്നീടാണ് ആദർശ് സൂക്ഷിച്ചുനോക്കുന്നത് ഹാരിയെയാണെന്ന് എല്ലാവർക്കും മനസ്സിലായത്.

'ലോറൻസ്,' വിശ്വം വീണ്ടും വിളിച്ചു.

'മം...' ആദർശ് മൂളി.

'ഞങ്ങൾക്ക് നിൻറെ ബാക്കി ജീവിതം കേൾക്കണം. അത് കേട്ടിട്ട് വേണം ഞങ്ങളെക്കൊണ്ടാവുന്ന സഹായം ഞങ്ങൾക്കും ചെയ്യാൻ.

വിശ്വം അത് പറഞ്ഞപ്പോൾ ആദർശിൻറെ കണ്ണുകൾ വികസിക്കുന്നത് എല്ലാവരും കണ്ടു. അവൻറെ മുഖത്തുണ്ടായ ക്രൂരഭാവം കണ്ടപ്പോൾ താൻ പറഞ്ഞത് ഏറ്റെന്ന് വിശ്വത്തിന് ബോധ്യമായി.

'പറയൂ ലോറൻസ്, നിൻറെ കുടുംബം നശിപ്പിച്ച ഡെന്നീസിനെ കുടുക്കാനായി നീയും നിൻറെ കൂട്ടുകാരൻ അരുണും ചേർന്ന് പ്ലാനുകൾ തയ്യാറാക്കി. അതിനുശേഷം എന്താണ് സംഭവിച്ചത്?'

ആദർശ് ഹരിയെ ഒന്നുകൂടി നോക്കിയതിന് ശേഷം പറയുവാൻ തുടങ്ങി.



## ഇരുപത്തൊമ്പത്

“ഞങ്ങൾ രണ്ടും കൂടി മാത്രം ശ്രമിച്ചാൽ അയാളെ കുടുക്കുന്നത് അത്ര എളുപ്പമല്ലെന്ന് ഉറപ്പായിരുന്നു. അതിനായി ഞങ്ങൾ കൂടെയുണ്ടായിരുന്ന ഞങ്ങളുടെ സുഹൃത്തുക്കളുടെ സഹായം ഞങ്ങൾ തേടി. അവരും കൂടി ഞങ്ങൾക്കൊപ്പം ചേർന്നപ്പോൾ ആത്മവിശ്വാസം ഇരട്ടിച്ചു. ഡെന്നീസിൻറെ നാട്ടിലേക്കുള്ള വരവിനായി ദിവസങ്ങളെണ്ണി ഞങ്ങൾ എല്ലാവരും ഒരുപോലെ കാത്തിരുന്നു. ‘അരുണിൻറെ അച്ഛൻ വഴി ഞങ്ങൾ അയാളെപ്പറ്റി അന്വേഷിച്ചുകൊണ്ടിരുന്നു. അവൻറെ അച്ഛന് സംശയമെന്തെങ്കിലും തോന്നിയാൽ പറയാനുള്ള മറുപടിയും ഞങ്ങൾ കണ്ടെത്തിയിരുന്നു. പോളി ടെക്നിക്കിൽനിന്നും ഇടയ്ക്കിടെ കമ്പനികൾ സന്ദർശിക്കാനായി വിദ്യാർത്ഥികൾ പോകുമായിരുന്നു. അതോടൊപ്പം അതിൻറെ ഉടമയോട് പലതും ചോദിച്ച് മനസ്സിലാക്കുന്നതും പതിവായിരുന്നു. ഡെന്നിസിൻറെ അടുത്ത വരവിൽ അയാളിൽ നിന്നും ചിലതൊക്കെ ചോദിച്ചറിയുക എന്ന വ്യാജേന ഞങ്ങൾ അയാൾ നാട്ടിലെത്തുന്ന ദിവസം മനസ്സിലാക്കി. എല്ലാ മാസവും പത്താം തീയതിയാണ് അയാൾ നാട്ടിലെ കമ്പനികളിൽ സന്ദർശനം നടത്തുക. വന്നാൽ താമസിക്കുന്നത് കുട്ടനാട്ടിലെ അയാളുടെ റിസോർട്ടിലും. ആ ആഴ്ചയിൽ ഞങ്ങൾ എട്ടുപേരിൽ ആരും തന്നെ കോളേജിൽ പോയില്ല. ബാക്കിയുള്ളവരും ഇത് അവരവരുടെ സ്വന്തം കാര്യം പോലെ തന്നെ ഏറ്റെടുത്തുകഴിഞ്ഞിരുന്നു. ആ സമയങ്ങളിലാണ് ഞാൻ സൗഹൃദം എന്താണെന്ന് മനസ്സിലാക്കുന്നത്. ഡെന്നീസ് നാട്ടിൽ കാലുകുത്തുന്നതുമുതൽ ഞങ്ങളുടെ വലയിൽ കുടുക്കുന്നതുവരെ നാലുഘട്ടമായി

ഞങ്ങൾ വേർതിരിച്ചു. ഡെന്നീസിനെ കുടുക്കാനുള്ള നാലുഘട്ടങ്ങളിൽ ഞങ്ങൾ നാല് ഗ്രൂപ്പുകളായി തിരിഞ്ഞു. അവസാനഘട്ടത്തിൽ ഞാനും അരുണും മാത്രം...''

അത് പറഞ്ഞപ്പോൾ ആദർശിൻറെ കണ്ണുകൾ വികസിച്ചു. ശ്വാസം വലിച്ചെടുത്ത് വീണ്ടും അവൻ പറഞ്ഞുതുടങ്ങി.

''പദ്ധതിയുടെ അവസാന ഘട്ടം മാത്രം ഞാനും അരുണും ആരോടും പറഞ്ഞില്ല. ബാക്കിയുള്ള പദ്ധതികളെല്ലാം കൂടെയുണ്ടായിരുന്നവർക്ക് വിട്ടുകൊടുത്തു. അങ്ങനെ ഒമ്പതാം തീയതി തന്നെ ബൈക്കും അത്യാവശ്യം വേണ്ട സാമഗ്രികളും ഞങ്ങൾ സംഘടിപ്പിച്ചു. വെളുപ്പിന് ആറുമണിക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വരുന്ന അയാളെയും കാത്ത് അയാളുടെ ഡ്രൈവർ രാമചന്ദ്രൻ അവിടെത്തന്നെയുണ്ടാകും. ഫ്ളൈറ്റ് വരുന്നതിന് ഒരു മണിക്കൂർ മുമ്പുതന്നെ അയാൾ അവിടെ വന്നു നിൽക്കുകയാണ് പതിവ്. ഇതെല്ലാം ഞങ്ങൾ ചോദിച്ച് മനസിലാക്കിയിരുന്നു. അങ്ങനെ അന്നുരാത്രിയും ഇഴഞ്ഞുനീങ്ങി. പുലരുന്നതിന് മുമ്പുതന്നെ ആദ്യത്ത ഇരുവർ സംഘം എയർപോർട്ടിലെത്തി. ഡെന്നീസിൻറെ കാർ അവർ പെട്ടെന്നുതന്നെ കണ്ടുപിടിച്ചു. അതിനടുത്തുതന്നെ ഡ്രൈവർ രാമചന്ദ്രൻ സിഗരറ്റും പുകച്ചുകൊണ്ട് നിൽക്കുന്നുണ്ടായിരുന്നു. അയാളെ സൂത്രത്തിൽ മാറ്റിനിർത്തി കയ്യിൽ കരുതിയിരുന്ന ക്ലോറോഫോം മണപ്പിച്ച് മയക്കിക്കെടുത്തി. എന്നിട്ട് കാറിൻറെ ഡിക്കിയിൽ ഒളിപ്പിച്ചു. പോയവരിൽ ഒരുത്തന് കാർ ഓടിക്കാനറിയാമായിരുന്നു. ഡെന്നീസ് എന്നെഴുതിയ ബോർഡും പിടിച്ചുകൊണ്ട് അവർ ഇരുവരും എയർപോർട്ടിൻറെ ആഗമന ഭാഗത്ത് ചെന്നു നിന്നു. ഡെന്നീസ് ശ്രദ്ധിക്കുവാനായി അയാളുടെ കമ്പനിയുടെ പേരും ബോർഡിൽ എഴുതിയിരുന്നു. സമയം കടന്നുപോയിക്കൊണ്ടിരുന്നു. ആറുമണിക്ക് തന്നെ ഫ്ളൈറ്റ് വന്നിറങ്ങി. ചെക്കിങ്ങൊക്കെ കഴിഞ്ഞ് യാത്രക്കാർ പുറത്തേക്ക് വന്നുതുടങ്ങി. ബോർഡ് കണ്ടിട്ടെന്നവണ്ണം കോട്ടും സ്യൂട്ടുമൊക്കെയിട്ട ഒരാൾ അവരെ തറപ്പിച്ചു നോക്കിക്കൊണ്ട് നടന്നുവന്നു. അവർക്ക് അപ്പോൾത്തന്നെ ആളെ മനസ്സിലായിരുന്നു. മുഖത്ത് ചെറിയ പുഞ്ചിരിയോടെ അവർ ഇരുവരും തങ്ങളുടെ അടുത്തേക്ക് നടന്നുവരുന്ന ആ ഇരയെ നോക്കി നിന്നു.

''നിങ്ങൾ?''

''ഞാൻ രാമചന്ദ്രൻ നായരുടെ മകനാണ് രഞ്ജിത്ത്. അച്ഛന് പുലർച്ചെ സുഖമില്ലാതായി. അതുകൊണ്ട് എന്നെയാണ് ഈ ബോർഡും തന്ന് പറഞ്ഞുവിട്ടത്.''

''ഓ, വെരിഗുഡ്. അപ്പോൾ ഇത്?''

''ഇത് എൻറെ അനിയൻ സുജിത്ത്. ഞങ്ങൾ തമ്മിൽ ഒരു വയസിൻറെ വ്യത്യാസമേയുള്ളൂ. അവനും എയർപോർട്ട് ഒന്ന് കാണണമെന്ന് പറഞ്ഞു. പിന്നെ ഇവൻ സാറിനെ ഒരുതവണ കണ്ടിട്ടുമുണ്ട്. അതുകൊണ്ട് കൂടെക്കൂട്ടിയതാണ്.''

''ഓകെ, ഓകെ. വേഗം വണ്ടിയെടുക്ക്. എനിക്ക് നിൻറെ കഥയൊന്നും കേൾക്കാൻ സമയമില്ല. വേഗം ആലപ്പുഴയിലെത്തണം.''

രഞ്ജിത്ത് വേഗം കാറെടുത്തു. ഒന്നാം ഘട്ടം വിജയിച്ച സന്തോഷത്തിലായിരുന്നു അവർ ഇരുവരും. ഏകദേശം ഏഴര കഴിഞ്ഞപ്പോൾ അവർ ആലപ്പുഴയിലെത്താറായി. പെട്ടെന്ന് രഞ്ജിത്ത് കാർ നിർത്തി.

"എന്താ? എന്തുപറ്റി?"

മുഖത്ത് വച്ചിരുന്ന കൂളിംഗ് ഗ്ലാസ്സ് ഉയർത്തിക്കൊണ്ട് ഗൗരവത്തിൽ ഡെന്നീസ് ചോദിച്ചു.

"സോറി സർ, കാറിന്... കാറിന് എന്തോ പ്രശ്നം ഉണ്ടെന്ന് തോന്നുന്നു.. ഞാൻ ഒന്ന് നോക്കട്ടേ സാർ."

അവൻ പുറത്തിറങ്ങി നോക്കിയിട്ട് ഡെന്നീസിൻറെ അടുത്തേക്ക് ചെന്നു.

"സാർ, വണ്ടിക്ക് ചെറിയൊരു കുഴപ്പം."

"ബ്ലഡി ഫൂൾ, ഇതൊക്കെ നോക്കാതെയാണോടാ വണ്ടിയുമായി വരുന്നത്,"

"സോറി സർ, ഞങ്ങൾ പോന്നപ്പോൾ വണ്ടിക്ക് കുഴപ്പമൊന്നുമുണ്ടായിരുന്നില്ല."

"യു ബ്ലഡി ബിച്ച്. നിനക്കൊക്കെ ഞെളിഞ്ഞിരിക്കാനല്ല ഞാൻ കാറ് വാങ്ങി ഇവിടെയിട്ടിരിക്കുന്നത്. എൻറെ ആവശ്യത്തിന് കൃത്യമായി വണ്ടി ഓടിയിരിക്കണം." അയാൾ ഉറക്കെ അലറി.

"ദേ, നിങ്ങൾ മര്യാദക്ക് സംസാരിക്കണം. ബ്ലഡിയെന്നും ബിച്ചെന്നുമൊക്കെ നിങ്ങളുടെ കാല് നക്കുന്ന പട്ടികളെ വിളിച്ചാൽ മതി."

"ബാസ്റ്റാർഡ്, എന്താടാ നീ പറഞ്ഞത്. അതേടാ നീയൊക്കെ എൻറെ എച്ചിൽപ്പട്ടികളാണ്. എൻറെ കാശുകൊണ്ടാണ് നിൻറെയൊക്കെ കുടുംബത്ത് അടുപ്പ് പുകയുന്നത്. ബ്ലഡി യൂസ്‌ലെസ്."

"ഇനി താൻ തന്നത്താനങ്ങ് പോയാൽ മതി." രഞ്ജിത്ത് കാറിൻറെ കീ കയ്യിലിട്ട് കറക്കിക്കൊണ്ട് പറഞ്ഞു. അവൻ സുജിത്തിനെക്കൂട്ടി വേഗത്തിൽ മുന്നോട്ട് നടന്നുപോയി. ഡെന്നീസ് ആദ്യം തരിച്ചിരുന്നുപോയി. ദേഷ്യംകൊണ്ട് കണ്ണുകാണാതിരുന്ന അയാൾ അമറി.

"ഹേയ്... ഡാ, നിൽക്കെടാ...ബ്ലഡി നോൺസെൻസ്. പന്നീടെ മക്കൾ. നിനക്കൊക്കെ ഞാൻ വച്ചിട്ടുണ്ട്... നിൻറെയൊക്കെ തന്തയ്ക്കിട്ടും ഞാൻ വെച്ചിട്ടുണ്ട്. ഡാ, ഡാ, മര്യാദയ്ക്ക് അവിടെ നിൽക്കടാ..."

ഡെന്നീസ് ഉറക്കെ വിളിച്ചിട്ടും അവർ കേൾക്കാത്ത മട്ടിൽ നടന്നു പോയി. അവർ പോയതിൻറെ പിന്നാലെ ഒരു ടാക്സി ഡെന്നീസിൻറെ അടുത്ത് കൊണ്ടുവന്ന് ചവിട്ടി. അവിടെയാണ് ഞങ്ങളുടെ രണ്ടാംഘട്ടം സ്റ്റാർട്ട് ചെയ്തത്.

വേറെ നിവർത്തിയില്ലാതത്തിനാൽ ഡെന്നീസ് ആ ടാക്സിയിൽ കയറി.

"ഡാ, വണ്ടി നേരെ ഏതെങ്കിലും ഫോൺ ബൂത്തിലേക്ക് വിട്."

"ശരി സർ."

വണ്ടി ഡെന്നീസുമായി പാഞ്ഞു.

"സർ ശവക്കൊട്ട പാലത്തിൻറെ പടിഞ്ഞാറുവശം കുറച്ച് ഉള്ളിലേക്ക് പോയാൽ ഒരു ബൂത്ത് ഉണ്ട്..അത് അതിരാവിലേ തുറക്കും."

“എവിടെയായാലും വേഗം പോ... നാശം പിടിക്കാൻ.”

കാർ പാഞ്ഞുപോയി. അത് ചെന്ന് നിന്നത് ബീച്ചിൻറെ സമീപമുള്ള ഒരു പൊളിഞ്ഞ കെട്ടിടത്തിൻറെ മുന്നിലായിരുന്നു.

“ങേ, എന്താ ഇവിടെ?”

“സർ, ദാ ആ കാണുന്നതാണ് ബൂത്ത്. പോയി ഫോൺ വിളിച്ചോളൂ.”

“ഏത്? ആ പൊളിഞ്ഞ മുറിയോ?”

“അതേ, ഇവിടെ ഇതൊക്കെയേ ഈ സമയത്ത് കാണൂ സാറെ.”

ഡെന്നീസ് കാറിൽ നിന്നിറങ്ങി. ആ കെട്ടിടത്തിന് മുന്നിൽ STD, ISD എന്ന് എഴുതിവച്ചിരുന്ന ബോർഡ് സ്ഥാപിച്ചിരുന്നു. ഡെന്നീസ് സംശയത്തിൽ അകത്തേക്ക് നോക്കി. അവിടെ ഒരു പയ്യൻ ഫോണിൻറെ സമീപത്തിരുന്ന് ഉറങ്ങുന്നുണ്ടായിരുന്നു. അയാൾ അകത്തേക്ക് കയറിച്ചെന്നു. എന്നിട്ട് ഡെസ്കിൽ തട്ടി. അപ്പോഴേക്കും ഉറക്കച്ചടവോടെ പയ്യൻ എഴുന്നേറ്റു.

“ഒന്ന് ഫോൺ ചെയ്യണം.”

പയ്യൻ ഡെന്നീസിൻറെ അടുത്തേക്ക് ഫോൺ നീക്കിവച്ചുകൊടുത്തു. അയാൾ ധൃതിയിൽ നമ്പർ ഡയൽ ചെയ്തു. അടുത്ത നിമിഷം ആ മുറിക്കുള്ളിൽ എന്തോ വീണുപൊട്ടി. മുറിയിലാകെ പുക നിറഞ്ഞു. ഡെന്നീസ് പയ്യനെ നോക്കിയപ്പോൾ അവിടെയാരെയും കണ്ടില്ല. നിമിഷങ്ങൾക്കകം അയാൾ നിലംപതിച്ചു. അതോടെ ഞങ്ങൾ കണക്കുകൂട്ടിയതുപോലെ രണ്ടാം ഘട്ടവും വിജയിച്ചു.

ഡെന്നീസ് കണ്ണുകൾ തുറക്കുമ്പോൾ അയാൾ വൃത്തിഹീനമായ ഒരു വലിയ പട്ടിക്കൂട്ടിലായിരുന്നു. അടുത്ത് നല്ല വലിപ്പത്തിൽ രണ്ട് പട്ടികളും കിടപ്പുണ്ടായിരുന്നു. അയാൾ നിലത്തുതന്നെ എണീറ്റിരുന്നു. തനിക്ക് സംഭവിച്ചതെന്താണെന്ന് ഓർത്തെടുക്കാനായി അയാൾ പണിപ്പെട്ടു.

അതിന് സാധിക്കാതെ വന്നപ്പോൾ അയാൾ പുറത്തേക്ക് നോക്കി. പുറത്ത് ആരെയും കണ്ടില്ല. പട്ടിക്കൂട് പൂട്ടിയിരുന്നില്ല. അയാൾ അതിൻറെ ചെറിയ വാതിലിലൂടെ നിരങ്ങി നീങ്ങി. എന്നിട്ട് മുന്നിൽ കണ്ട വഴിയിലൂടെ ഇറങ്ങിയോടി. അയാൾക്ക് ആ സ്ഥലം പിടികിട്ടിയില്ല. എങ്കിലും മുന്നിൽ കണ്ട വഴിയിലൂടെ ഡെന്നീസ് തിരിഞ്ഞു നോക്കാതെ ഓടിക്കൊണ്ടിരുന്നു. കുറച്ച് ദൂരം ചെന്നപ്പോൾ ആൾത്തിരക്കുള്ള ഒരു റോഡിലേക്ക് അയാൾ എത്തിച്ചേർന്നു. ഒരു വാഹനത്തിനായി ചുറ്റും തിരയുമ്പോഴാണ് ഡെന്നീസ് ഒരുകാര്യം ശ്രദ്ധിച്ചത്. തന്നെ കാണുന്നവരൊക്കെ തന്നെത്തന്നെ നോക്കി ചിരിച്ചുകൊണ്ട് നിൽക്കുന്നു. അതൊന്നും കണക്കിലെടുക്കാതെ അയാൾ വീണ്ടും മുന്നോട്ടുപോയി. അപ്പോൾ മാത്രമാണ് താൻ ഇട്ടിരിക്കുന്ന വേഷം ഡെന്നീസ് ശ്രദ്ധിക്കുന്നത്.

കടുംചുവപ്പ് നിറത്തിലുള്ള ഒരു ചുരിദാർ! അയാൾ പെട്ടെന്ന് തന്നെ നടത്തമവസാനിപ്പിച്ചു. എന്നിട്ട് ദേഷ്യത്തിൽ ആ വസ്ത്രം ശരീരത്തിൽനിന്നും പറിച്ചുകീറി എറിഞ്ഞു. പക്ഷേ അപ്പോഴേക്കും അയാളെ പരിഹസിച്ചുകൊണ്ട് ആളുകളൊക്കെ ചുറ്റും കൂടിയിരുന്നു.

"ദേ, പ്രാന്തൻ വരുന്നു. ഹ..ഹ..ഹ..."

ആൾക്കാരുടെ പരിഹാസം സഹിക്കാനാകാതെ അവരെയെല്ലാം വകഞ്ഞുമാറ്റി അർദ്ധനഗ്നനായ അയാൾ മുന്നോട്ടോടി. കുറച്ച് കുട്ടികൾ കൂവിക്കൊണ്ട് അയാളുടെ പിന്നാലെ കൂടിയിരുന്നു. ഇതിലും ഭേദം താൻ മരിക്കുന്നതാണ് എന്നയാൾ ചിന്തിച്ചു. പെട്ടെന്ന് ഒരു ആംബുലൻസ് അയാളുടെ മുന്നിൽ വന്നുനിന്നു. അതിൽനിന്നും വെളുത്ത വസ്ത്രം ധരിച്ച രണ്ടുപേർ പുറത്തേക്ക് വന്ന് അയാളെ പിടിച്ചുകെട്ടാൻ ശ്രമിച്ചു. അയാൾ വിസമ്മതിച്ചപ്പോൾ നാട്ടുകാരും അവരോടൊപ്പം കൂടി അയാളുടെ കൈകൾ കൂട്ടിക്കെട്ടി ആംബുലൻസിൽ കയറ്റി. അയാളെയും കൊണ്ട് ആംബുലൻസ് പാഞ്ഞുപോയി.


ആംബുലൻസിൽ വച്ച് അവർ ഇരുവരും അയാളുടെ മുഖമടച്ച് രണ്ട് അടികൊടുത്തു.

'ഇപ്പോൾ മനസ്സിലായോടാ, നാട്ടുകാർ പരിഹസിക്കുന്നതിൻറെ ഊത്തൽ. അത് നീയുമൊന്ന് അനുഭവിക്കണമായിരുന്നു. അതിനാടാ ഈ മൂന്നാം ഘട്ടം.'

വെളുത്ത വസ്ത്രം ധരിച്ചിരുന്നത്തിൽ ഒരുവൻ പറഞ്ഞു. ആംബുലൻസ് ചെന്ന് നിന്നത് ഈ വീടിൻറെ മുന്നിലായിരുന്നു. കൈയ്യും കാലും കൂട്ടിക്കെട്ടിയ നിലയിലായിരുന്നു ഡെന്നീസ്. വണ്ടിയിൽ ഉണ്ടായിരുന്നവർ അയാളെ അകത്തേക്ക് എടുത്തുകൊണ്ടുവന്ന് മുകളിലത്തെ മുറിയിലാക്കി കതകടച്ചു. അതോടെ ഞങ്ങളുടെ മൂന്നാം ഘട്ടവും വിജയിച്ചു.

അടുത്തത് നാലാം ഘട്ടം. എൻറെയും അരുണിൻറെയും ഊഴം. സമയം പാഴാക്കാതെ ഞങ്ങൾ മുറിയിലേക്ക് കയറി വാതിലടച്ചു. മുറിയിലെ ലൈറ്റ് ഓണാക്കിയതും ഞങ്ങൾ ഇരുവരും ഞെട്ടിപ്പോയി.

'അച്ഛൻ!' അരുൺ അറിയാതെ വിളിച്ചുപോയി.



## മുപ്പത്

ഒരിക്കലും പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു അപ്പോൾ ആ മുറിയിൽ സംഭവിച്ചത്. അരുണും ഞാനും മുറിയിലാകെ ഡെന്നീസിനെ നോക്കി. പക്ഷേ അയാളെ അവിടെയെങ്ങും കണ്ടില്ല. പെട്ടെന്ന് മുറിക്ക് പുറത്തുനിന്നും ഞങ്ങളുടെ കൂട്ടുകാരെ കൈകൾ കെട്ടിയ രീതിയിൽ മുറിക്കുള്ളിലേക്ക് ആരൊക്കെയോ ചേർന്ന് പിടിച്ചുകൊണ്ടുവന്നു.

അരുണിൻറെ അച്ഛൻ ഞങ്ങളുടെ നേർക്ക് നടന്നുവന്നു. എന്നിട്ട് അരുണിൻറെ തോളിൽ ബലമായി പിടിച്ച് പുറത്തേക്ക് കൊണ്ടുപോകാനായി തള്ളി.

'അച്ഛാ! എന്താ ഇതൊക്കെ?'

അരുൺ പതറിയ ശബ്ദത്തിൽ ചോദിച്ചു.

ഞാനും അപ്പോൾ ഷോക്കേറ്റതുപോലെ നിൽക്കുകയായിരുന്നു. എനിക്ക് ഒന്നും മനസ്സിലായില്ല. അരുൺ അവൻറെ അച്ഛൻറെ പിടിവിടുവിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

‘അച്ഛാ, ഞാൻ അച്ഛനോടുള്ള വിശ്വാസം കൊണ്ടല്ലേ ഇന്നലെ ഞങ്ങളുടെ പദ്ധതിയെക്കുറിച്ച് പറഞ്ഞത്. എന്തൊരു ചതിയാണച്ഛാ നിങ്ങൾ ചെയ്തത്. അച്ഛാ, എന്നെ വിട് പ്ലീസ്.’

അരുൺ പറഞ്ഞ ആ വാക്കുകൾ എനിക്ക് താങ്ങാവുന്നതിലുമപ്പുറം ഞെട്ടലാണ് സമ്മാനിച്ചത്. ഞാൻ അരുണിനെ ഒന്ന് നോക്കി. അവൻ എന്നെ ദയനീയമായി നോക്കുന്നുണ്ടായിരുന്നു. ആ കണ്ണുകളിലൂടെ അവൻറെ നിസ്സഹായത ഞാൻ മനസ്സിലാക്കി. അപ്പോഴേക്കും മുറിക്കുള്ളിലേക്ക് വീണ്ടും ഒന്നുരണ്ടുപേർ കൂടി വന്നിരുന്നു. എല്ലാവരും നല്ല തടിമാടന്മാർ ആയിരുന്നു.

അതിന് പിന്നാലെ ഡെന്നീസും മുറിയിലേക്ക് കടന്നുവന്നു. അപ്പോഴേക്കും അയാൾ വേഷമൊക്കെ മാറ്റിയിരുന്നു. ഡെന്നീസ് വന്നയുടൻ അരുണിൻറെ അച്ഛന് കൈകൊടുത്ത ശേഷം എൻറെയടുത്തേക്ക് നടന്നടുത്തു. ആ സമയത്ത് അരുൺ എന്തൊക്കയോ പറഞ്ഞ് ഉറക്കെ അലറുന്നുണ്ടായിരുന്നു. അവനെ അധികം സമയം അവിടെ നിർത്തുന്നത് ശരിയല്ലയെന്ന് മനസ്സിലാക്കിയ അവൻറെ അച്ഛൻ അവനെ പുറത്തേക്ക് ബലമായി പിടിച്ചുകൊണ്ടുപോയി. വാതിൽ മറയുന്നതുവരെ അവൻ എൻറെ പേര് വിളിച്ച് ഉറക്കെ മാപ്പുപറയുന്നുണ്ടായിരുന്നു. ഞാൻ എൻറെ കൂട്ടുകാരെ നോക്കി. അവരുടെയെല്ലാം മുഖത്ത് ഭയം വ്യക്തമായിരുന്നു. എനിക്കെന്ത് സംഭവിച്ചാലും എൻറെ കൂട്ടുകാർക്ക് ഒന്നും സംഭവിക്കാതിരിക്കാനുള്ള ഉത്തരവാദിത്വം എനിക്കുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഡെന്നീസ് എൻറെ മുന്നിൽ വന്നിട്ടും ഞാൻ ഒന്നുംതന്നെ പ്രതികരിച്ചില്ല. അയാൾ എൻറെ മുഖത്ത് നോക്കി ഉറക്കെ അട്ടഹസിച്ചു. ഞാൻ അയാളുടെ കണ്ണുകളിൽ മാത്രം നോക്കിനിന്നു. അയാൾ അയാളുടെ പരുക്കമായ കൈകൾ കൊണ്ട് എൻറെ മുഖത്തടിച്ചു. ഞാൻ വേദന കടിച്ചുപിടിച്ച് നിന്നു.

“എടാ പീറച്ചെറുക്കാ, നീ എന്നെപ്പറ്റി എന്താടാ കരുതിയത്. നിൻറെയൊക്കെ ഉമ്മാക്കി കളിയിൽ ഞാൻ വീഴുമെന്നോ. നിൻറെ അമ്മ എൻറെ കൂടെ ഇറങ്ങിപ്പോന്നതിന് എന്നോടല്ല, നിൻറെ തള്ളയോട് പോയി പകരം ചോദിക്ക്. പിന്നെ ആ തേവിടിശ്ശിയോട് ചോദിച്ചിട്ട് എന്ത് കാര്യം. അവൾ എൻറെ കയ്യിലും നിന്നില്ല. വേറെ ഒരു കാശുകാരനെ കണ്ടപ്പോൾ അവൻറെ കൂടെയങ്ങ് വീണ്ടും ഒളിച്ചോടി.”

“പഫാ, നായേ. എൻറെ അമ്മയെക്കുറിച്ച് തോന്ന്യവാസം പറയുന്നോടാ എരപ്പാളീ. എൻറെയമ്മ എന്നോട് എല്ലാം പറഞ്ഞെടാ, നിൻറെ എല്ലാ തട്ടിപ്പുകളും എന്നോട് നേരിട്ട് അമ്മ പറഞ്ഞെടാ പന്നീ...”

അത്രയും താങ്ങാനുള്ള ശേഷിയേ എനിക്ക് ഉണ്ടായിരുന്നുള്ളൂ. അയാളുടെ നാഭി നോക്കി ഞാൻ ചവിട്ടി. അപ്പോഴേക്കും എൻറെ കൂട്ടുകാരും കെട്ടിയ കൈകൾ ഉപയോഗിച്ച് അവിടെ നിന്നവരെയും ആക്രമിച്ചു..ഞങ്ങൾ ഒരുവിധത്തിൽ എല്ലാവരെയും തള്ളിനീക്കി പുറത്തേക്കോടി. പക്ഷേ ഞങ്ങളുടെ കൂട്ടത്തിലുള്ള രണ്ടുപേരെ അവർ പിടികൂടി. ഒടുവിൽ അവരെ രക്ഷിക്കാൻ ശ്രമിച്ച ഞങ്ങളും

അവരുടെ പിടിയിലായി. ഞങ്ങളെ അവർ മുകളിലത്തെ ആ വലിയ മുറിയിലേക്ക് വലിച്ചിഴച്ച കൊണ്ടുപോയി. മുറിയിലെത്തിയതും എന്നെ തലങ്ങും വിലങ്ങും ഡെന്നീസ് ചവിട്ടിക്കൂട്ടി.

"അപ്പോൾ അവൾ ചത്തില്ല അല്ലേ, ഹം... ഇനിയും അവൾ ചത്തില്ലെങ്കിൽ എൻറെ നിലനിൽപ്പിനുതന്നെ അത് ഭീഷണിയാകും. അവളും നിൻറെ തന്തയും കൂടി കോടതിയിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്താൽ മതി എൻറെ ജീവിതം നശിക്കാൻ. ഇല്ലാ, അങ്ങനെ എല്ലാം ഇല്ലാതാകാൻ ഞാൻ സമ്മതിക്കില്ല."

ഡെന്നീസ് ഒരു ഭ്രാന്തനെപ്പോലെ സംസാരിക്കുന്നത് കണ്ട് ഞാനും ഭയന്നുപോയി.

"പറയെടാ, ...മോനേ, എവിടെയാ നിൻറെ തള്ള."

അയാൾ എൻറെ കഴുത്തിൽ കുത്തിപ്പിടിച്ച ചോദിച്ചു.

"എന്നെ കൊന്നാലും ഞാൻ പറയില്ല. നാട്ടുകാരുടെ മുന്നിൽ നാണംകെട്ടുനിന്ന എൻറെ അച്ഛൻറെ മുഖം ഇപ്പോഴും എൻറെ മനസ്സിലുണ്ട്. ഞാൻ ചത്താലും നീ രക്ഷപെടില്ല. ഡെന്നീസ്."

"ഓഹോ, അപ്പോൾ നീ പറയില്ല. സാരമില്ലെടാ കുട്ടാ, അവളെ ഇവിടെ വരുത്താൻ എനിക്കറിയാം. നിന്നെ ഒരുപാട് ഒക്കത്തുവച്ച് നടന്നതല്ലേ ഈ ഡാഡ. ഒരുവട്ടം കൂടി എൻറെ ലോറൻസ് മോനെയൊന്ന് ഞാൻ ഒക്കത്തെടുക്കാം. നോക്കി നിൽക്കാതെ ഇവൻറെ കയ്യും കാലുമെല്ലാം കൂട്ടിക്കെട്ടെടാ."

അയാൾ പറഞ്ഞതുപോലെതന്നെ അയാളുടെ കൂട്ടാളികൾ എന്നെ ബന്ധിച്ചു. ഞാൻ രക്ഷപ്പെടാൻ അവസാനത്തെ ശ്രമം കൂടി നോക്കി.

"ഡാഡ, എനിക്കും അമ്മയ്ക്കും മാത്രമേ ഇതൊക്കെ അറിയൂ. ഞങ്ങൾക്ക് ഒന്നും വേണ്ട. ഞങ്ങൾ ആർക്കും പരാതിയും കൊടുക്കില്ലാ. ഞങ്ങൾ എവിടെയെങ്കിലും പോയി ജീവിച്ചുകൊള്ളാം. എന്നെ ഉപദ്രവിക്കരുത്, പ്ലീസ്."

"ഇല്ല മോനു, ലോറൻസ് കുട്ടനെ ഡാഡ ഒന്നും ചെയ്യില്ല. നോക്കി നിൽക്കാതെ കെട്ടിത്തൂക്കെടാ ഈ പന്നീടെ മോനെ."

അവിടെയുള്ള തടിമാടന്മാർ ആ മുറിയിലെ ഒരു കൊളുത്തിൽ കുരുക്കിട്ടു. അതിൻറെ ഒരറ്റം എൻറെ കഴുത്തിലും. ഡെന്നീസ് ഇടയ്ക്കിടയ്ക്ക് എന്നെനോക്കി പല്ലുകൾ കൂട്ടിക്കടിച്ച് എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു. ഒടുവിൽ അയാൾ എന്നെ താങ്ങിപ്പിടിച്ചുനിന്നു. അയാളുടെ കൈകളിലായിരുന്നു അപ്പോൾ എൻറെ ജീവൻ.

ഞാൻ അയാളുടെ കണ്ണുകളിലേക്ക് പ്രതീക്ഷയോടെ നോക്കി എന്നിട്ട് എൻറെ കൂട്ടുകാരെയും. അവരെല്ലാം വായ മൂടിക്കെട്ടിയ അവസ്ഥയിൽ എന്നെ നോക്കിക്കൊണ്ട് നിലത്തുകിടന്ന് ഞരങ്ങുന്നുണ്ടായിരുന്നു.

"നിന്നെ ഞാനൊരു പ്രേതമാക്കാൻ പോകുവാടാ. പ്രതികാരം ചെയ്യാൻ അലഞ്ഞുനടക്കുന്ന പ്രേതം. ഹ...ഹ..ഹ... ഇനി ലോകം നിന്നെ അങ്ങനെ കണ്ടാൽ മതി."

അയാൾ പറഞ്ഞതൊന്നും എനിക്ക് മനസ്സിലായില്ല. വൈകാതെ അയാൾ എന്നെ താങ്ങിപ്പിടിച്ചിരുന്ന കൈകൾ സാവധാനത്തിൽ അയച്ചു. ഞാൻ അന്തരീക്ഷത്തിലേക്ക് ഊർന്നുവീണു. ആ കുരുക്കിൽ കിടന്നു പിടയുമ്പോഴും അയാളുടെ അട്ടഹാസം എൻറെ ചെവിയിൽ അലയടിച്ചു. ശ്വാസംമുട്ടി കണ്ണുകൾ തുറിയ്ക്കാൻ തുടങ്ങിയ അവസാനനിമിഷത്തിൽ എൻറെ അച്ഛൻറെയും എന്നെ പ്രതീക്ഷിച്ചിരിക്കുന്ന അമ്മയുടെയും മുഖമായിരുന്നു മനസ്സുനിറയെ.

അതും പറഞ്ഞ് ആദർശ് പൊട്ടിക്കരഞ്ഞു. ബാക്കിയുള്ളവർക്കും ലോറൻസിൻറെ കഥ കേട്ടപ്പോൾ സങ്കടമായി.

'ലോറൻസ്, ഹേയ് ലോറൻസ്. പിന്നീടെന്തുണ്ടായി, പറയൂ. ഞങ്ങൾക്ക് അതും കൂടി അറിയണം.' വിശ്വം ആദർശിൻറെ കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് ചോദിച്ചു.

അൽപ്പം സമയത്തെ ഏങ്ങലടിക്ക് ശേഷം ആദർശ് വീണ്ടും സംസാരം തുടർന്നു.

"അവിടെ നടന്നത് പുറത്തുപറയാതിരിക്കാനായി എൻറെ കൂട്ടുകാരെ അയാൾ ഭീഷണിപ്പെടുത്തി. അവരെ അയാൾ മറ്റൊരിടത്ത് കൊണ്ടുപോയി പൂട്ടിയിട്ടു. പൊലീസും അവൻറെ സ്വാധീനത്തിന് വഴങ്ങി. അമ്മ ഒളിച്ചോടിയ കാര്യം പറഞ്ഞ് കളിയാക്കിയതിൽ മനംനൊന്ത് ഞാൻ ആത്മഹത്യ ചെയ്തെന്ന് നാട്ടിലാകെ പരത്തുകയും ചെയ്തു. ആ വാർത്ത കേട്ടാണ് എൻറെ അച്ഛൻ ഹൃദയം പൊട്ടി മരിച്ചത്. പക്ഷേ അമ്മ ഇതൊക്കെ അറിഞ്ഞത് വളരെ വൈകിയാണ്. അതുകൊണ്ട് എൻറെ സംസ്കാരത്തിന് അമ്മ വരുമെന്ന ഡെന്നീസിൻറെ കണക്കുകൂട്ടലുകൾ പിഴച്ചു. അച്ഛനെയും എന്നെയും അടുത്തടുത്ത കുഴികളിൽ അടക്കി. അടുത്തദിവസം കോളേജിലെ യുവജന സംഘടനകൾ എന്നെ കളിയാക്കിയ കൂട്ടുകാർക്കെതിരെ ആത്മഹത്യാ പ്രേരണക്കെതിരേ കേസ് എടുക്കണമെന്നും പറഞ്ഞ് പൊലീസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തി. അത് മുൻകൂട്ടി മനസ്സിലാക്കിയിരുന്ന ഡെന്നീസ് ഓരോ ദിവസവും ഓരോ കൂട്ടുകാരെയും തൂക്കിലേറ്റി. തങ്ങളുടെ മക്കളെ കാണാനില്ല എന്ന പരാതിയുമായി വന്ന അവരുടെ വീട്ടുകാരെ എൻറെ പേരും പറഞ്ഞ് പൊലീസുകാർ വിരട്ടിവിട്ടു. പക്ഷേ വീട്ടുതടങ്കലിലായിരുന്ന അരുൺ അന്ന് രാത്രി രക്ഷപെട്ട് എൻറെ കുഴിമാടത്തിലെത്തി. അവൻ അവിടെയിരുന്ന് ഉറക്കെക്കരഞ്ഞു. എന്നോട് മാപ്പുപറഞ്ഞു. അരുണിനെ കാണാതായത് മനസ്സിലാക്കിയ അവൻറെ അച്ഛൻ ഡെന്നീസിനെ ഈ വിവരം അറിയിച്ചു. അതോടെ അവനെ അന്വേഷിച്ചുള്ള പാച്ചിൽ ആയിരുന്നു എല്ലാവരും. വൈകാതെ സെമിത്തേരിയിൽ നിന്നും ഡെന്നീസിൻറെ ആൾക്കാർ അവനെയും പിടികൂടി. അങ്ങനെ ഞാൻ മരിച്ച് എട്ടാം ദിവസം അരുണിൻറെ ജീവനും ഈ വീടിനുള്ളിൽത്തന്നെ അവസാനിച്ചു. അതോടെ പുറംലോകത്ത് വീണ്ടും മറ്റൊരു കഥ പരന്നു. അതാണ് നിങ്ങളൊക്കെ ഇതുവരെ അറിഞ്ഞതും വിശ്വസിച്ചതുമായ കഥ. യഥാർത്ഥ കഥ മറ്റാരുമറിയാതിരിക്കാനായി ഡെന്നീസ് അരുണിൻറെ അച്ഛനെ ഭീഷണിപ്പെടുത്തുകയും രഹസ്യം സൂക്ഷിക്കാൻ വൻ തുക നൽകുകയും ചെയ്തു. വൈകാതെ കഥകളൊക്കെ അറിയാവുന്ന അവൻറെ അച്ഛനും മനോവിഷമം സഹിക്കാനാവാതെ ആത്മഹത്യ ചെയ്തു."

അത്രയും കേട്ടുകഴിഞ്ഞപ്പോൾ വിശ്വം ആദർശിൻറെ കയ്യിലെ കെട്ടുകൾ അഴിച്ചുമാറ്റി.

'ലോറൻസ്, നിനക്ക് നിൻറെ അമ്മയെ കാണണ്ടേ?'

ആദർശ് തലകുലുക്കി.

'ഞങ്ങൾ നിന്നെ സഹായിക്കാം. അല്ല, നിങ്ങളെ എല്ലാവരെയും സഹായിക്കാം.'

'ഹാ...'

ആദർശിൻറെ മുഖം വികസിക്കുകയും അവൻ പല്ലുകൾ കൂട്ടിക്കടിക്കുകയും ചെയ്യുന്നത് കണ്ട് നീതുവിൻറെ ചേട്ടന്മാർ ഭയന്നു.

'ലോറൻസ്, നിങ്ങളുടെ പാളിപ്പോയ നാലാം ഘട്ടം ഞങ്ങൾ ഏറ്റെടുക്കട്ടേ?'

മറുപടിയായി ആദർശ് വിശ്വത്തിന് മുന്നിൽ തൻറെ വിറയ്ക്കുന്ന കൈകൾ കൂപ്പി. വിശ്വം ഒരു ദീർഘനിശ്വാസം വിട്ടു. എന്നിട്ട് ആദർശിൻറെ ചൂണ്ടുവിരൽ നാണയത്തിന് മുകളിൽ വച്ച് മന്ത്രിച്ചു. മറ്റുള്ളവരും അത് ഏറ്റുപറഞ്ഞു.

'ബാഡ് സ്പിരിറ്റ് പ്ലീസ് ഗോ. ബാഡ് സ്പിരിറ്റ് പ്ലീസ് ഗോ. ബാഡ് സ്പിരിറ്റ് പ്ലീസ് ഗോ.'

ദുരാത്മാക്കൾ നല്ലവരാകാൻ പോകുന്നു. യഥാർത്ഥ കളി തുടങ്ങാൻ സമയമായി, വിശ്വം മനസ്സിലോർത്തു.



## മുപ്പത്തിയൊന്ന്

പിറ്റേന്ന് പകൽ എല്ലാവരും ബാൽക്കണിയിൽ ഒത്തുകൂടി. ആ സമയം സോഫി അടുക്കളയിൽ തിരക്കിട്ട പാചകത്തിലായിരുന്നു.

'വിശ്വം, നിങ്ങൾ പറഞ്ഞതുവച്ച് നോക്കിയാൽ ലോറൻസ് ഉൾപ്പെടെയുള്ള എട്ട് ആത്മാകൾ ഇവിടെ കുടുങ്ങിക്കിടക്കുകയാണ്.'

മുറിയിൽ നടന്ന സംഭവങ്ങൾ മുഴുവൻ കേട്ട ശേഷം നീതു പറഞ്ഞു.

'എട്ടല്ല, ദിവ്യയും ചേർത്ത് ഒമ്പത്.'

'അതേ, നമ്മൾ ആ എട്ട് കുട്ടുകാരെ സഹായിക്കാൻ പോകുന്നു. അതല്ലേ സത്യം!'

'അതേ, നമ്മൾ കൂടി കൈവിട്ടാൽ ഒരു പക്ഷെ അവർ എന്നെന്നേക്കുമായി...'

'മനസ്സിലായി വിശ്വം, എന്തിനും ഞാൻ തയ്യാറാണ്. എല്ലാവരുടേയും അഭിപ്രായം കൂടി ചോദിച്ചിട്ട് വിശ്വം തന്നെ ഒരു തീരുമാനത്തിലെത്ത്.'

നീതു അവളുടെ ചേട്ടന്മാരുടെ നേർക്ക് തിരിഞ്ഞു.

'ഏട്ടന്മാരുടെ അഭിപ്രായമെന്താ?'

'ഒരു പക്ഷേ ഇന്ന് നല്ല രീതിയിൽ നമ്മളെപ്പോലെ തന്നെ ഈ ലോകത്ത് ജീവിക്കേണ്ടിയിരുന്ന എട്ട് ചെറുപ്പക്കാരെയല്ലേ ആ നീചൻ തൊട്ടപ്പുറത്തെ ആ മുറിയിൽ കെട്ടിത്തൂക്കിയത്. മരിച്ചവൻ തന്നെ നേരിട്ടുവന്ന് കഥ പറഞ്ഞിട്ടും നമ്മളെക്കൊണ്ട് ഒന്നും ചെയ്യാൻ സാധിച്ചില്ലെങ്കിൽ നമ്മളൊക്കെ മനുഷ്യരാണെന്നും പറഞ്ഞു നടക്കുന്നത് എന്തിനാണ്. നിങ്ങൾക്കൊപ്പം നിൽക്കാൻ ഞങ്ങൾ നാലുപേരും തയ്യാറാണ്. നമ്മൾ എല്ലാവരുംകൂടി ഒത്തുനിന്നാൽ നമുക്കും ചിലതൊക്കെ ചെയ്യാൻ കഴിയും. എന്താ ആർക്കെങ്കിലും എതിരഭിപ്രായമുണ്ടോ?'

അലക്സ് എഴുന്നേറ്റുനിന്ന് കയ്യടിച്ചു. തൊട്ടുപിന്നാലെ ബാക്കിയുള്ളവരും.

'ഇതെന്താ, ഇവിടെ വല്ല മത്സരവും നടന്നോ?'

എല്ലാവർക്കും കുടിക്കാനായി വെള്ളവുമായി വന്ന സോഫി ചിരിച്ചുകൊണ്ട് ചോദിച്ചു. അത് കേട്ടപ്പോൾ സണ്ണിയൊഴികെ ബാക്കിയെല്ലാവരും ചിരിച്ചു.

'അതേ, ഒരു മത്സരം നടക്കാൻ പോകുന്നതിൻറെ മുന്നോടിയായിട്ടാണ് ഈ കയ്യടി.' വിശ്വം മറുപടി പറഞ്ഞു.

അവൾ വെള്ളം കൊണ്ടുവന്നുവച്ചിട്ട് എല്ലാവരെയും നോക്കി ചിരിച്ചു.

'അതേ, ഇന്ന് പച്ചക്കറി മാത്രമേയുള്ളൂ കേട്ടോ. മീൻകാരൻ ഇന്ന് വന്നില്ല. നിങ്ങളൊക്കെക്കൂടി എന്തോ ചർച്ചയിലല്ലായിരുന്നോ. അതാ വിശ്വേട്ടനെ ഞാൻ ശല്യം ചെയ്യാതിരുന്നത്. സാരമില്ല, നല്ല ഒന്നാന്തരം കറികളാണ് ഉണ്ടാക്കുന്നത്. ഊണ് റെഡിയാകുമ്പോൾ ഞാൻ വന്ന് വിളിക്കാം.'

അത് പറഞ്ഞിട്ട് അവൾ താഴേക്കുള്ള പടികളിറങ്ങിപ്പോയി. സണ്ണി വിശ്വത്തെ ദയനീയമായി ഒന്ന് നോക്കി.

'വിശ്വം, സോഫിയെ തിരികെക്കൊണ്ടുവരാൻ സാധിക്കുമോ?' ഐഷ ചോദിച്ചു.

'കഴിയും, കഴിയണം.' വീണ്ടും എല്ലാവരും ലോറൻസിൻറെയും കൂട്ടുകാരുടെയും കാര്യത്തിലേക്ക് തിരിച്ചുവന്നു.

'ഹേ, ഗോപൻ.'

'എന്താ വിശ്വം?'

'ഈ ഡെന്നീസിനെ നിങ്ങൾക്കാർക്കെങ്കിലും അറിയാമോ?'

'ഇല്ല.' ഗോപൻ നിരാശയോടെ മറുപടി പറഞ്ഞു.

'എനിക്കറിയാം, അയാളെ എനിക്ക് നന്നായി അറിയാം.' നീതുവിൻറെ സഹോദരന്മാരിൽ ഏറ്റവും ഇളയവനായ ഹരി പറഞ്ഞു. അത് കേട്ടപ്പോൾ എല്ലാവരും ഹരിയെ ഉറ്റുനോക്കി.

'ലോറൻസ് പറഞ്ഞ കഥയുമായി കൂട്ടിവായിക്കുമ്പോൾ ഞാൻ ഇപ്പോൾ അയാളുടെ പണം പറ്റുന്ന ഒരു ജോലിക്കാരനാണ്. എൻറെ ബോസാണ് ചേട്ടാ അയാൾ.'

'എന്ത്, നീ കാര്യം തെളിച്ച് പറയ്.' ഗോപൻ ആകാംക്ഷയോടെ ചോദിച്ചു.

'അതേ, അയാളെ നമ്മൾ വിചാരിച്ചാൽ ഒന്നും ചെയ്യാൻ പറ്റുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം നമ്മളൊക്കെ ചിന്തിക്കുന്നതിലുമപ്പുറമാണ് അയാളുടെ ലോകം. ഞാൻ ഇപ്പോൾ അയാളുടെ ആലപ്പുഴയിലെ കമ്പനിയിൽ മാനേജരാണ്. പക്ഷേ ഇപ്പോൾ രണ്ടുതവണയായി അയാളുടെ മകനാണ് കമ്പനിയിലേക്ക് വരുന്നത്. അയാൾക്ക് ഇപ്പോൾ വിദേശങ്ങളിലുള്ള കമ്പനികൾ സന്ദർശിക്കാൻ തന്നെ സമയമില്ല പോലും. അയാളുടെ മകന് വലിയ പ്രായമൊന്നുമില്ല. ഡെന്നീസ് സർ, അല്ല... ഡെന്നീസ് ഇനി ഉടനെയൊന്നും കേരളത്തിലേക്ക് വരുമെന്ന് തോന്നുന്നില്ല. തന്നെയുമല്ല ഇപ്പോൾ ഒരുപാട് യാത്രകൾ നടത്താനുള്ള പ്രായവുമല്ലല്ലോ അയാൾക്ക്.'

‘ഓഹോ, അപ്പോൾ അങ്ങനെയാണ് കാര്യങ്ങൾ അല്ലേ. അതെന്തായാലും നന്നായി. അപ്പോൾ അയാളുടെ മകനാണ് ഇപ്പോൾ കേരളത്തിലെ കമ്പനികൾ നോക്കി നടത്തുന്നത്. ഇനിയെന്നാണ് അവൻ വരുന്നതെന്ന് ഹരിക്കറിയാമോ?’

വിശ്വം ചോദിച്ചു.

‘അറിയാം, ഇനി ഈ മാസം പത്തിന് വരും.’

‘ഇന്നെത്രയാ ഡേറ്റ്.’

‘ഏഴ്.’

‘അപ്പോൾ ഇനി മൂന്നുദിവസം കൂടി കഴിഞ്ഞാൽ അവൻ വരും, അല്ലേ?’

‘അതേ വിശ്വം.’

‘അപ്പോൾ നമ്മുടെ പുതിയ പദ്ധതിയുടെ തുടക്കം പണ്ടത്തേതുപോലെ എയർപോർട്ടിൽ നിന്നുതന്നെയാകട്ടെ.’

‘പദ്ധതിയോ?’ അലക്സ് സംശയത്തോടെ വിശ്വത്തോട് ചോദിച്ചു.

‘അതേ, നമ്മുടെ പദ്ധതിക്കും നാല് ഘട്ടങ്ങളുണ്ട്. നമ്മളും നാല് ഗ്രൂപ്പുകളായി തിരിയുന്നു. ഓരോ ഘട്ടവും വിജയിപ്പിക്കേണ്ടത് നമ്മൾ ഓരോരുത്തരുടേയും ഉത്തരവാദിത്തമാണ്. അന്ന് ലോറൻസും അരുണും ചേർന്ന് തയ്യാറാക്കിയതുപോലെ ഡെന്നീസിൻറെ മകൻ ഇവിടെയെത്തുന്നത് മുതൽ ഡെന്നീസിനെ നാട്ടിൽ എത്തിക്കുന്നതുവരെയുള്ള നാല് ഘട്ടങ്ങൾ.’

വിശ്വം അത് പറഞ്ഞുനിർത്തിയപ്പോൾ ബാക്കിയുള്ളവരുടെയൊക്കെ മുഖത്ത് ഒരു അങ്കത്തിന് പുറപ്പെടാൻ പോകുന്ന പ്രതീതിയായിരുന്നു.

‘ആദ്യത്തെ ഗ്രൂപ്പിൽ ആദർശ്, സണ്ണി, വിവേക്, രാഹുൽ. രണ്ടാം ഗ്രൂപ്പിൽ അമീർ, ഐഷ, നീതു, ബിനോയി. മൂന്നാം ഗ്രൂപ്പിൽ നീതുവിൻറെ നാല് ചേട്ടന്മാർ. നാലാം ഗ്രൂപ്പിൽ ഞാൻ, അലക്സ്, പിന്നെ സോഫിയും...’

‘ങേ, സോഫിയോ?’

എല്ലാവരും ഒരേ സ്വരത്തിൽ ചോദിച്ചു.

‘അതേ, അവളും നമ്മൾ കളിക്കാൻ പോകുന്ന ഈ കളിയിൽ ഒരംഗമാണ്.’

പിന്നെ ആരും ഒന്നും മിണ്ടിയില്ല.

‘പണ്ട് ലോറൻസും കൂട്ടരും കളിച്ചതുപോലെ തന്നെ ഇന്ന് നമ്മൾ ഈ കളിക്കാൻ പോകുന്ന കളിയും നമ്മുടെയൊക്കെ ജീവൻ വച്ചു തന്നെയാണ്. അതുകൊണ്ട് ആർക്കും സംശയം തോന്നാത്തവിധം വേണം കാര്യങ്ങൾ നീക്കാൻ. ആദ്യമായി നമുക്ക് കുറച്ചധികം സാധനസാമഗ്രികൾ ഒപ്പിക്കണം. മാത്രമല്ല നമ്മുടെയെല്ലാം രൂപത്തിൽപ്പോലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.’

എല്ലാവരും വിശ്വം പറയുന്നത് ശ്രദ്ധിച്ചുകേട്ടിരുന്നു.


‘പിന്നെ, ഞാൻ ഒന്നും മറച്ചുവക്കുന്നില്ല. നിങ്ങൾ പ്രതീക്ഷിക്കാത്ത ഒരാൾ കൂടി നമ്മുടെ അവസാനഘട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.’

അത് കേട്ടപ്പോൾ എല്ലാവരും സംശയത്തോടെ പരസ്പരം നോക്കി

‘അതാരാ?’

ബാക്കിയുള്ളവർ ഒന്നിച്ച് തന്നെ പെട്ടെന്ന് ചോദിച്ചു. അൽപസമയത്തെ നിശബ്ദതക്ക് ശേഷം വിശ്വം തുടർന്നു.

‘എൻറെ ജേഷ്ഠൻ, രവിയേട്ടൻ!’



## മുപ്പത്തിരണ്ട്

വിശ്വത്തിൻറെ ചേട്ടനും അവരുടെ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടെന്നറിഞ്ഞപ്പോൾ എല്ലാവരിലും ഒരു നിരുത്സാഹമുണ്ടായെങ്കിലും എന്തെങ്കിലുമൊക്കെ മനസ്സിൽ കാണാതെയും ആലോചിക്കാതെയും വിശ്വം അങ്ങനെ പറയില്ലയെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. പിന്നീടങ്ങോട്ടുള്ള അവരുടെ ദിവസങ്ങൾ തിരക്കുപിടിച്ചതായിരുന്നു. പലരും പദ്ധതിയുടെ പലപല ആവശ്യങ്ങൾക്കായി നഗരത്തിൻറെ നാനാഭാഗങ്ങളിലേക്കും പോയി. ആവശ്യമായ വിവരങ്ങൾ അന്വേഷിക്കാനായി ഐഷയെയും നീതുവിനെയുമായിരുന്നു ഏർപ്പെടുത്തിയിരുന്നത്. പെൺകുട്ടികളാകുമ്പോൾ അധികമാർക്കും സംശയമുണ്ടാകില്ലെന്ന് വിശ്വത്തിന് തോന്നി. സോഫി ഒറ്റയ്ക്കാകാതിരിക്കാനായി പെൺകുട്ടികൾ അവളെയും കൂടെക്കൂട്ടി. രവിയേട്ടൻ കണ്മുന്നിൽ വന്നുപെടാതിരിക്കുവാനായി അവർ കരുതലോടുകൂടിയാണ് സഞ്ചരിച്ചത്.

ആർക്കുമാർക്കും ഒന്നിരിക്കാൻപോലും സമയം കിട്ടിയില്ല. രാത്രിയിൽ അവരെല്ലാവരും ഒത്തുകൂടി അന്നന്ന് ചെയ്ത കാര്യങ്ങൾ പങ്കുവച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിലെ രാത്രികളിൽ പ്രകൃതിപോലും അവരെ ശല്യം ചെയ്തില്ല. അങ്ങനെ ഒമ്പതാം തീയതിയായ്. രണ്ടുദിവസങ്ങൾ കൊണ്ട് ചെയ്ത് തീർക്കാനുള്ള കാര്യങ്ങളത്രയും അവർ പൂർത്തിയാക്കിയിരുന്നു.

അന്ന് രാത്രിയായപ്പോൾ ആദർശിനെയും കൂട്ടി വിശ്വം ആ മുറിയിലേക്ക് പോയി. ബാക്കിയുള്ളവർ വിശ്വം വരാനായി പുറത്തുതന്നെ കാത്തിരുന്നു. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വിശ്വം പുറത്തെത്തി. അയാളെ കണ്ടപ്പോൾ അലക്സ് അടുത്തേക്ക് ചെന്നു.

'എന്താ വിശ്വം? എന്തെങ്കിലും കുഴപ്പമുണ്ടോ?'

'ഹേയ്, ഒന്നുമില്ല. ഒന്നുകൂടി ലോറൻസിൽ നിന്നും ഒരു ഉറപ്പ് വാങ്ങിയതാണ്. ഒടുവിൽ എല്ലാം കഴിഞ്ഞ് അവർ ഇവിടെനിന്നും വിട്ടുപോയില്ലെങ്കിൽ സോഫിയെ പിന്നീടൊരിക്കലും നമുക്ക് തിരികെ കൊണ്ടുവരാൻ സാധിക്കില്ല. പക്ഷേ നമുക്ക് ലോറൻസിനെ വിശ്വസിക്കാം. എനിക്ക് അവൻ വാക്കുതന്നിട്ടുണ്ട്. എന്തായാലും നിങ്ങളൊക്കെ പോയി കിടക്കാൻ നോക്ക്. പുലർച്ചെ തന്നെ നമ്മുടെ ജോലികൾ തുടങ്ങേണ്ടതല്ലേ. ഞാൻ പറഞ്ഞതൊക്കെ എല്ലാവർക്കും ഓർമ്മയുണ്ടല്ലോ അല്ലേ. നമ്മുടെയൊക്കെ ജീവൻ പണയം വച്ചിട്ടുള്ള കളിയാണിത്. ഇടയ്ക്ക് ഒന്ന് പാളിയാൽ പിന്നെ നമ്മളെല്ലാവരും ശരിക്കും പെട്ടുപോകും. അപ്പോൾ എന്താ എല്ലാവരും റെഡിയല്ലേ.?'

'ഓ, റെഡി.' ആവേശത്തോടെ അവരെല്ലാം ഒരുമിച്ച് മറുപടി പറഞ്ഞു.

'അയ്യോ, പതിയെ. ശബ്ദമുണ്ടാക്കി സോഫിയെ ഉണർത്തല്ലേ.'

നീതു താഴ്ന്ന ശബ്ദത്തിൽ പറഞ്ഞു.

പരസ്പരം കൈകൾ കൊടുത്ത ശേഷം എല്ലാവരും അവരവരുടെ മുറികളിലേക്ക് പോയി. അന്നത്തെ രാത്രിയിൽ അവർക്കാർക്കും ശരിക്ക് ഉറങ്ങാൻ കഴിയില്ലെന്ന് എല്ലാവർക്കും ബോധ്യമുണ്ടായിരുന്നു. വിശ്വവും അലക്സും ഓരോന്നും സംസാരിച്ചിരുന്നതിനാൽ വളരെ വൈകിയാണ് കിടന്നത്. മണിക്കൂറുകൾ വീണ്ടും കടന്നുപോയിക്കൊണ്ടിരുന്നു. അതോടൊപ്പം അവരെല്ലാവരും ആകാംക്ഷയോടെ കാത്തിരുന്ന പത്താം തീയതിയുടെ ആരംഭമായി.

ഒന്നാം ഗ്രൂപ്പ് പുലർച്ചെ തന്നെ യാത്രതിരിച്ച് എയർപോർട്ട് പരിസരത്തെത്തി താവളമടിച്ചു. ഏഴുമണിക്ക് ഫ്ളൈറ്റ് വരുമെന്ന അറിയിപ്പ് ഇടയ്ക്കിടെ മുഴങ്ങിക്കേൾക്കുന്നുണ്ടായിരുന്നു. ആ സമയം രാഹുൽ വാച്ചിൽ സമയം നോക്കിക്കൊണ്ട് നിൽക്കുകയായിരുന്നു.

'ആറുമണിക്ക് ഇനി പത്തുമിനിറ്റ്.' അവൻ ആരോടെന്നില്ലാതെ പറഞ്ഞു.

അതുകേട്ട് തൊട്ടടുത്ത് നിന്നിരുന്ന ഒരാൾ രാഹുലിനെ അടിമുടിയൊന്ന് നോക്കി. രാഹുലും അയാളെ ശ്രദ്ധിച്ചു.

'ഹായ്.'

അവൻ അയാളെ നോക്കി കൈകാട്ടി

'ഹായ്!'

'ചേട്ടാ ഒരു ഗ്ലാസ് ചായ കിട്ടാനെന്താ വഴി?'

'ദാ, അവിടെ കാൻറീൻ ഉണ്ട്.'

'എവിടെ?'

‘ആ വടക്കുഭാഗത്ത്.’

‘ഓ, ചേട്ടൻ വരുന്നോ ഒരു കമ്പനിക്ക്. നല്ല തണുപ്പല്ലേ.’

‘ഇല്ല, നിങ്ങൾ പൊയ്ക്കോളൂ.’

‘നിങ്ങളല്ല, പ്ലീസ് കോൾ മീ രാഹുൽ.’

‘ഓക്കേ, എങ്കിൽ രാഹുൽ പോയി കുടിച്ചോളൂ.’

‘അല്ല, ചേട്ടൻറെ പേര് പറഞ്ഞില്ല.’

‘ഹാ, ഞാൻ മണിനാഥൻ.’

‘ഓക്കേ ചേട്ടാ, പരിചയപ്പെട്ടതിൽ വളരെ സന്തോഷം. ഈ തണുപ്പത്ത് കടുപ്പത്തിൽ ഒരു ചായ കുടിക്കുന്ന ഒരു സുഖം അതൊന്ന് വേറെ തന്നെയാണ്.’

അത് പറഞ്ഞിട്ട് രാഹുൽ നടന്നുപോയി. കാഴ്ചയിൽ മണിക്ക് ഒരു മുപ്പതുവയസ്സ് തോന്നിക്കുമായിരുന്നു.

‘രാഹുലേ...’

അവൻ തിരിഞ്ഞുനോക്കിയപ്പോൾ മണി നടന്നുവരുന്നത് കണ്ടു.

‘എന്തേയ്, ചായ വേണ്ടായെന്ന് പറഞ്ഞിട്ട്.’

‘ഓ, കൊച്ചുമുതലാളി വരാൻ ഇനിയുമുണ്ട് സമയം. രാവിലെ ചായ കുടിച്ചില്ലേൽ ഒരു ഉഷാർ ഉണ്ടാവില്ല.’

‘ഹ...ഹ...ഹ... അത് കറക്റ്റ്. അതുപോട്ടേ ആരാ ഈ പഴഞ്ചൻ കൊച്ചുമുതലാളി.’

‘അയ്യോ, കൊച്ചുമുതലാളി പഴഞ്ചനൊന്നുമല്ല. വല്യ മുതലാളിയെ വിളിച്ചു ശീലിച്ചുകൊണ്ട് മുതലാളിയുടെ മകനെയും മുതലാളിയെന്ന് തന്നെയേ നാവിൽ വരൂ. അതുകൊണ്ട് ഞാൻ കൊച്ചുമുതലാളിയെന്നാ വിളിക്കുന്നത്. ഞാൻ അവരുടെ ഡ്രൈവറാണ്. എൻറെ ഇരുപത്തിയൊന്നാം വയസ്സിൽ അവരുടെ കൂടെ ഞാൻ ഈ ജോലിക്ക് കയറിയതാ.’

‘കൊള്ളാമല്ലോ, അപ്പോൾ വല്യ മുതലാളി രംഗമൊഴിഞ്ഞോ?’

‘ഏയ്, ഇല്ലില്ല..ഞാൻ രണ്ടുമാസമായി ലീവായിരുന്നു. തിരിച്ച് വന്നപ്പോഴാ അറിഞ്ഞത് ഇപ്പോൾ വല്യമുതലാളിയുടെ മകനാണ് ഇവിടുള്ള കമ്പനികൾ നോക്കുന്നതെന്ന്.’

‘അപ്പോൾ മണിച്ചേട്ടനെങ്ങനെ ചേട്ടൻറെ കൊച്ചുമുതലാളിയെ തിരിച്ചറിയും?’

‘എൻറെ കയ്യിൽ മുതലാളിയുടെ പേര് ഒട്ടിച്ച ബോർഡുണ്ട്. പിന്നെ എൻറെ ഫോൺ നമ്പറും കൊച്ചുമുതലാളിയുടെ കയ്യിലുണ്ട്.’

‘ഓ, ചേട്ടൻ വല്യ ബുദ്ധിമാൻ ആണല്ലോ.’

അവർ ഇരുവരും നടന്ന് കാൻറീനിലെത്തി. അധികമാരും അവിടെയുണ്ടായിരുന്നില്ല. രണ്ട് ചായ ഓർഡർ ചെയ്ത ശേഷം മണി രാഹുലിനെ നോക്കി.

‘അല്ല, ഇയാളെന്താ ഇവിടെ. ആരെയെങ്കിലും വിളിക്കാൻ വന്നതാണോ?’

‘അതേ, എൻറെയും മുതലാളി വരുന്നുണ്ട്. ഏഴുമണിക്കാ ഫ്ളൈറ്റ്.’

'ഓ, അപ്പോൾ എൻറെ കൊച്ചുമുതലാളിയുടെ അതേ വിമാനത്തിൽ തന്നെയാകും രാഹുലിൻറെ മുതലാളിയും... ഹി...ഹി...ഹി...'

മണി തനിയേ ചിരിച്ചു. അപ്പോഴേക്കും ചായയുമായി ഒരാൾ വന്നു.

'ആഹാ, സൂപ്പർ ചായ.' ചൂടുചായ ഊതിക്കുടിച്ചുകൊണ്ട് മണി പറഞ്ഞു.

'അതേയതെ.' രാഹുലും അയാളെ പിന്താങ്ങി.

രണ്ടുപേരും ചായ കുടിച്ച കാശ് രാഹുൽ തന്നെ കൊടുത്തു.

വീണ്ടും അവർ പഴയ സ്ഥലത്തുതന്നെ തിരിച്ചെത്തി.

'രാഹുലേ, ടോയ്‌ലറ്റ് എവിടെയാ?'

'ദാ, ആ കാണുന്നതാണ്. എന്താ മണിച്ചേട്ടാ?'

'ഏയ് ഒന്നുമില്ല, ചൂടുചായ കുഴപ്പമാക്കിയെന്നാ തോന്നുന്നത്. ഞാനൊന്ന് പോയിട്ട് വേഗം വരാം.'

മണി വേഗത്തിൽ അവിടേക്ക് പാഞ്ഞു.

ആറരയായിട്ടും മണിയെ കാണാതിരുന്നപ്പോൾ രാഹുൽ ടോയ്‌ലറ്റിൻറെ ഭാഗത്തേക്ക് ചെന്നു. വാതുൽക്കൽ ഇരിക്കുന്ന ആളോട് മണിയുടെ അടയാളം പറഞ്ഞപ്പോൾ അയാൾ ഒരു വാതിൽ ചൂണ്ടിക്കാണിച്ചു.

'മണിച്ചേട്ടാ! ഏയ്, മണിച്ചേട്ടാ?'

രാഹുൽ പുറത്തുനിന്നുകൊണ്ട് വിളിച്ചു. ഏതാനും നിമിഷങ്ങൾക്കകം മണി പകുതി വാതിൽ തുറന്നു.

'അയ്യോ, രാഹുലേ. പണികിട്ടി. അയ്യോ, എനിക്ക് വയ്യായേ...'

'എന്തുപറ്റി ചേട്ടാ?'

'അറിയില്ല, എൻറെ വയറ്. അയ്യോ,' അയാൾ വീണ്ടും വാതിലടച്ചു.

'ചേട്ടാ, ഫ്ളൈറ്റ് വരാൻ സമയമായി.

അത് കേട്ടപ്പോൾ മണി വീണ്ടും വാതിൽ തുറന്നു....

'എൻറീശ്വരാ, ഞാനിനി എന്താ ചെയ്യുക?'

'വയറുവേദനയൊക്കെ മാറിക്കോളും. ചേട്ടൻ വാ'

'അയ്യോ, ഇല്ലില്ല. ഞാൻ വരുന്നില്ല. വന്നാൽ കുഴപ്പമാ.'

അയാൾ വീണ്ടും വാതിലടച്ചു.

'എങ്കിൽ ശരി ചേട്ടാ, ഞാൻ പോകുന്നു. മുതലാളി വരുമ്പോൾ എന്നെ കണ്ടില്ലേൽ പണി പോകും.'

'അനിയാ പോകല്ലേ. പ്ലീസ് ഒന്ന് നിക്ക്. ഞാനിതാ വരുന്നു.'

താമസിയാതെ മണി പുറത്തിറങ്ങി.

'രാഹുലേ, എനിക്ക് തീരെ സുഖമില്ല. എനിക്കാണേൽ ഇവിടെ പരിചയക്കാർ ആരുമില്ല. ആകപ്പാടെയുള്ളത് നീയാ.'

'ഞാനിപ്പോൾ എന്താ ചെയ്യുക ചേട്ടാ. ഒരു കാര്യം ചെയ്യാം. എൻറെയൊരു ഫ്രണ്ട് എയർപോർട്ടിൽ ടാക്സി ഓടുന്നുണ്ട്. അവനോട് പറയട്ടെ ചേട്ടനെ ആശുപത്രിയിലെത്തിക്കാൻ.'

'അതൊന്നും വേണ്ടാ. നീ ഒരു സഹായം ചെയ്താൽ മതി. ആ കൂട്ടുകാരനോട് എൻറെ കൊച്ചുമുതലാളിയെ ഒന്ന് ആലപ്പുഴയിലെത്തിക്കാൻ പറ. അപ്പോഴേക്കും ഞാനും അങ്ങെത്തിക്കോളാം.'

'മണിച്ചേട്ടാ അവൻറെ വണ്ടി പഴയ അംബാസിഡർ ആണ്. അതിലൊക്കെ ചേട്ടൻറെ കൊച്ചുമുതലാളി കേറുമോ?'

'അയ്യയ്യോ, അതുവേണ്ട..ഇതാ കാറിൻറെ ചാവി. നമ്മൾ നിന്നിടത്ത് കിടന്ന ബെൻസ് കാർ. നിൻറെ കൂട്ടുകാരനെ വിശ്വസിക്കാമല്ലോ അല്ലേ?'

'പിന്നേ, എന്നേക്കാളും വിശ്വസിക്കാം. ആലപ്പുഴയിൽ എവിടെയാ കൊണ്ടുപോയി ആക്കേണ്ടത്?'

മണി ഒരു കാർഡ് പേഴ്സിൽ നിന്നും എടുത്തുകൊടുത്തു.

'എങ്കിൽ ശരി, ഞാൻ ചെല്ലട്ടേ. ഫ്ളൈറ്റ് വരാൻ സമയമായി. ചേട്ടൻ പേടിക്കണ്ടാ. ചേട്ടൻ അവിടെ വന്നിട്ടേ അവൻ തിരിച്ചിങ്ങ് പോരുള്ളൂ.'

രാഹുൽ എളിമയോടെ പറഞ്ഞു.

'ഒരുപാട് നന്ദിയുണ്ട് രാഹുലേ. നമുക്ക് ഇനിയും കാണാം. പിന്നെ ഒരു കാര്യം മറന്നു. ഇതാ എൻറെ ഫോൺ. ഇതും നിൻറെ കൂട്ടുകാരന് കൊടുത്തേക്ക്. ബോർഡ് മുതലാളിയുടെ കണ്ണിൽ പെട്ടില്ലെങ്കിൽ ഇതിലേക്ക് വിളിക്കും. വല്യ ദേഷ്യക്കാരനാണെന്നാ കേട്ടത്. പിന്നെ എന്തെങ്കിലും ആവശ്യമുണ്ടേൽ ഞാൻ ഈ നമ്പറിലേക്ക് വിളിച്ചോളാം.'

രാഹുൽ ഫോണും വാങ്ങി ചെറുവിരലിൽ ബെൻസിൻറെ ചാവിയും കറക്കിക്കൊണ്ട് പുറത്തേക്കിറങ്ങി. മണി വീണ്ടും ടോയ്‌ലറ്റിലേക്ക് കയറി. രാഹുലിനെയും കാത്ത് ആദർശും വിവേകും സണ്ണിയും അവിടവിടെയായി ചുറ്റിപ്പറ്റി നിൽക്കുന്നുണ്ടായിരുന്നു. രാഹുൽ പുറത്തെത്തിയതും കാറിൻറെ ചാവി പൊക്കിക്കാണിച്ചു. അത് കണ്ടപ്പോൾ എല്ലാവരുടെയും മുഖം പ്രകാശിച്ചു.

കൃത്യം ഏഴുമണിക്ക് തന്നെ ഫ്ളൈറ്റ് ലാൻറ് ചെയ്തു. ചെക്കിംഗ് കഴിഞ്ഞ് ആളുകൾ പുറത്തേക്ക് വന്നുതുടങ്ങി. ഡേവിസ് എന്ന് ഇംഗ്ലീഷിൽ എഴുതിയ ബോർഡും പിടിച്ചുകൊണ്ട് സണ്ണി മുൻവശത്ത് തന്നെ നിൽക്കുന്നുണ്ടായിരുന്നു. യാത്രക്കാർക്കൊപ്പം പുറത്തെത്തിയ സുന്ദരനായ ഒരു യുവാവ് സ്റ്റൈലിൽ നടന്ന് സണ്ണിയുടെ അടുത്തെത്തി.

'യേസ്, ഐ ആം ഡേവിസ്. കം,'

'ഓ, വെൽകം സർ. ദി ബെൻസ് കാർ ഈസ് വെയിറ്റിംഗ്.'

സണ്ണി ഡേവിസിൻറെ കയ്യിൽ നിന്നും പെട്ടി വാങ്ങി മുന്നിൽ നടന്നു. എന്നിട്ട് കാറിൻറെ ഡോർ തുറന്നുകൊടുത്തു. വൈകാതെ എയർപോർട്ടിൽ നിന്നും ആ ബെൻസ് കാർ പ്രധാന റോഡിലേക്ക് പാഞ്ഞുപോയി.

'ഐ ഫോർഗോട്ടെൻ, വാട്ട്സ് യുവർ നെയിം?'

'മണി.'

'ഓ, മനി.'

‘നോട്ട് മനി സർ, മണീ.’

‘ഓക്കേയ്, ഓക്കേയ്.’

കാർ വളരെ വേഗത്തിൽ മുന്നോട്ടുപോയിക്കൊണ്ടിരുന്നു.

അൽപ്പം സമയം കഴിഞ്ഞപ്പോൾ ഡേവിസ് ഉച്ചത്തിൽ കരയാൻ തുടങ്ങി.

‘ഓ മൈ ഗോഡ്. സ്നേക്ക്... സ്നേക്ക്...’

സണ്ണി റോഡിൻറെ അരികിൽ വണ്ടിനിർത്തിയതും ഡേവിസ് ചാടിയിറങ്ങി.

‘വാട്ട് ഹാപ്പെൻറ് സർ?’

‘അയ്യോ, മണീ ഒരു സ്നേക്ക് എന്നെ ബൈറ്റ് ചെയ്തു. ഐ തിങ്ക് ഇറ്റ്സ് എ കോബ്രാ. മൈ ഗോഡ്... എൻറെ മമ്മാ...’

സണ്ണി അകത്തേക്ക് നോക്കിയപ്പോൾ സീറ്റിൽ പത്തി വിടർത്തിയിരിക്കുന്ന മൂർഖനെ കണ്ടു.

‘അയ്യോ സർ, പാമ്പ് എവിടെയൊക്കെ കടിച്ചു?

‘ദാ, എൻറെ ഹാൻഡിൽ.’

സണ്ണി ഉടനെതന്നെ കാറിൽ കിടന്നിരുന്ന ഒരു തുണി ഡേവിസിൻറെ കയ്യിൽ എടുത്തുകെട്ടി.

‘സർ, ഇനി പേടിക്കണ്ടാ. മുകളിലേക്ക് വിഷം കയറില്ല. പക്ഷേ ഉടനേ ആശുപത്രിയിലെത്തണം. ഇല്ലെങ്കിൽ പ്രോബ്ലമാകും.’

‘ഓ ഗോഡ്, ബട്ട് പാമ്പ് അതിനുള്ളിൽ തന്നെയല്ലേ. നമ്മളെങ്ങനെ പോകും.’

‘അത് ശരിയാണല്ലോ. ഞാൻ കമ്പനിയിൽ വിളിച്ച് പറയാം കാർ അയക്കാൻ.’

‘അപ്പോഴേക്കും ടൈം ഒരുപാടാകും മണീ. വേഗം എന്തെങ്കിലും ചെയ്യ്.’

‘സർ ഞാൻ ലിഫ്റ്റ് നോക്കട്ടെ.’

‘യാ, ഡൂ ഇറ്റ് ഫാസ്റ്റ്.’

ഉടനെ സണ്ണി പിന്നലെ വന്ന ഒരു കാറിന് കൈ കാണിച്ചു. അത് അൽപ്പം മുന്നോട്ടുപോയി നിർത്തി. കാറിൽ നിന്നും ഒരാൾ തല പുറത്തേക്കിട്ടുനോക്കി. സണ്ണി ഓടിച്ചെന്ന് അവരോട് കാര്യം പറഞ്ഞു. എന്നിട്ട് തിരികെയോടിയെത്തി.

‘സർ, ഒരു വണ്ടി നിർത്തിയിട്ടുണ്ട്. നമ്മുടെ കാർ ഇവിടെക്കിടക്കട്ടെ. ഞാനും കൂടെ വരാം. വേഗം വരൂ സർ,’

ഡേവിസും സണ്ണിയും പെട്ടെന്നുതന്നെ മുന്നിൽ കിടന്ന വണ്ടിയിൽ കയറി. കാർ പാഞ്ഞുപോയി.

കാറിലപ്പോൾ അവരെക്കൂടാതെ രണ്ടുപേർ ഉണ്ടായിരുന്നു ഡേവിസ് അവരെയാകെ ഒന്നുനോക്കി. രണ്ടുപേരും അവൻറെ ഏകദേശം പ്രായത്തിലുള്ളവരാണെന്ന് അവന് തോന്നി. വിവേകായിരുന്നു വണ്ടിയോടിച്ചിരുന്നത്. മുൻവശത്തെ സീറ്റിൽ രാഹുൽ പുറത്തെ കാഴ്ചകളും നോക്കിയിരിക്കുകയായിരുന്നു.

‘ഹേയ്, വെയർ ഈസ് ദിസ് പ്ലെയ്സ്? അടുത്തെവിടെയാ ഹോസ്പിറ്റലുള്ളത്?’

രാഹുലിൻറെ തോളിൽ തട്ടിക്കൊണ്ട് ഡേവിസ് ചോദിച്ചു.

‘കുറച്ച് പോകണം. കൈ കെട്ടിയിട്ടില്ലേ പിന്നെന്തിനാ പേടിക്കുന്നത്?’

അലസമായി വണ്ടിയോടിച്ചുകൊണ്ടിരുന്ന വിവേക് പറഞ്ഞു.

ഡേവിസ് ഒന്നും മിണ്ടാതെ സണ്ണിയെ നോക്കി. സണ്ണി ആരുടെയോ ഫോൺനമ്പർ ഡയൽ ചെയ്യുകയായിരുന്നു.

‘മണീ, വിളിക്കുന്നത് പപ്പയെയാണെങ്കിൽ വേണ്ടാ. പപ്പയിപ്പോൾ യോഗ ചെയ്യുകയാവും. ഫോൺ എടുക്കില്ല.’

‘ഞാനാരെയും വിളിക്കുകയല്ല സാറേ. ഞാനൊന്ന് ഫോണിലെ ബാലൻസ് ചെക്ക് ചെയ്തതാ.’

അതുകേട്ടപ്പോൾ വിവേകും രാഹുലും ഉച്ചത്തിൽ ചിരിച്ചു.

‘മണീ, ഐ ഡോണ്ട് ലൈക് ദിസ് പീപ്പിൾ. ദേ ആർ കൾച്ചർലെസ്സ്.’

‘ഓഹോ, പാമ്പ് കടിച്ച് ചാകാൻ നേരത്തും അവൻറെയൊരു കൾച്ചർ. മര്യാദക്ക് മലയാളം പറയെടാ പോർക്കേ.’

‘നോൺസെൻസ്, മണീ... നമുക്ക് ടാക്സിയിൽ പോകാം. ഇവരോട് വണ്ടി നിർത്താൻ പറ.’

‘വണ്ടി നിർത്ത്.’

‘ഇല്ലെങ്കിൽ?’

മുന്നിലിരുന്ന രാഹുൽ മണിയായി അഭിനയിക്കുന്ന സണ്ണിയെ നോക്കി പല്ലുകടിച്ചു.

‘നിർത്തെടാ പട്ടികളേ വണ്ടി.’

‘മണീ, പ്ലീസ്. പ്രശ്നം വേണ്ട.’

‘സാറ് മിണ്ടാതിരിക്ക്. ഇവന്മാരോട് മര്യാദകാണിച്ചിട്ട് കാര്യമില്ല.’

അതും പറഞ്ഞിട്ട് സണ്ണി വിവേകിൻറെ കഴുത്തിൽ കയറിപ്പിടിച്ചു. വിവേക് വണ്ടി ഏതോ ഇടവഴിയിലേക്ക് ഓടിച്ചുകയറ്റി. കാർ നിന്നപ്പോൾ സണ്ണി ഡോർ തുറന്ന് പുറത്തിറങ്ങി വിവേകിനിട്ട് ഒന്ന് പൊട്ടിച്ചു. അപ്പോഴേക്കും രാഹുലും പുറത്തിറങ്ങി അവനെ കൈകാര്യം ചെയ്യാൻ തുടങ്ങി.

ഡേവിസ് ഇതൊക്കെ കണ്ട് പേടിച്ച് പുറത്തിറങ്ങിയോടാൻ ശ്രമിച്ചപ്പോൾ മണി ഉറക്കെക്കരഞ്ഞു.

‘ഡേവിസ് സാറേ, എന്നെ ഇട്ടിട്ട് പോകല്ലേ. എന്നെ ഇവന്മാരുടെ കയ്യീന്ന് എങ്ങനെയെങ്കിലും രക്ഷിക്കോ...’

പക്ഷേ ഡേവിസ് പാമ്പ് കടിച്ച കയ്യും ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടോടി.

‘നിൽക്കെടാ അവിടെ. നീ അങ്ങനെ രക്ഷപെടണ്ട.’

രാഹുൽ ഡേവിസിൻറെ മുന്നിൽ കയറിനിന്നു. അപ്പോഴേക്കും വിവേക് ഓടിവന്ന് ഡേവിസിനെ ബലമായി പിടിച്ചു. എന്നിട്ട് കയ്യിൽ കെട്ടിയിരുന്ന തുണി അഴിക്കാൻ ശ്രമിച്ചു.

‘ലീവ് മീ, പ്ലീസ്. അയ്യോ ആരെങ്കിലും രക്ഷിക്കണേ...’

അവൻ അവരിൽ നിന്നും കുതറി മാറിക്കൊണ്ട് പറഞ്ഞു. അപ്പോഴേക്കും മണി ഓടിയെത്തി വിവേകിനെ ചവിട്ടിയിട്ടു.

ഇതേ സമയം കാറിൻറെ നാലുവശവും ഘടിപ്പിച്ചിരുന്ന ക്യാമറകളിലൂടെ അവിടെ നടക്കുന്ന സംഭവങ്ങളെല്ലാം വിശ്വവും അലക്സും ബാക്കിയുള്ളവരും വീട്ടിലിരുന്ന് കാണുന്നുണ്ടായിരുന്നു.

'ഹോ, സണ്ണിയുടെ കുറച്ച് ഓവർ ആക്ടിംഗ് ഒഴിച്ചാൽ അവന്മാരുടെ അഭിനയം കൊള്ളാം. കണ്ടിട്ട് ഒറിജിനൽ തല്ലാണെന്നേ തോന്നൂ.'

'അതെയതെ.'

നീതുവിൻറെ ചേട്ടൻ ഗോപൻ പറഞ്ഞതിനോട് എല്ലാവരും യോജിച്ചു.

'ആ മണ്ടൻ കൊച്ചുമുതലാളി അറിയുന്നുണ്ടോ അവനെ കടിച്ചത് പാമ്പാട്ടി സോമൻറെ പല്ലുപോയ പാമ്പാണെന്ന്. ഇനിയല്ലേ നമ്മുടെ ആദർശ് വരാൻ പോകുന്നത്. അവനും കൂടി വരട്ടെ. രംഗം നല്ലോണം കൊഴുക്കും.'

നീതു അത് പറഞ്ഞപ്പോൾ എല്ലാവരും ചിരിച്ചു.

'ഐഷാ നിന്നെ സമ്മതിച്ചിരിക്കുന്നു. ഇത്രയും സ്വാഭാവികമായി നീതുവിനെ ഈ രീതിയിൽ മാറ്റിയെടുക്കുമെന്ന് ഞങ്ങൾ ആരും കരുതിയില്ല. ഇപ്പോൾ ഇവളെ കണ്ടാൽ ഒരു നാൽപ്പത് വയസ്സെങ്കിലും തോന്നിക്കും.'

ബിനോയി അത്ഭുതത്തോടെ പറഞ്ഞു. അതുകേട്ടപ്പോൾ നീതു സ്വന്തം രൂപം കണ്ണാടിയിൽ ഒരു വട്ടംകൂടി നോക്കി പുഞ്ചിരിച്ചു.

'നീതു, ഐഷ, ബിനോയ്, അമീർ, അടുത്തത് നിങ്ങളുടെ ഊഴമാണ്. നിങ്ങൾ റെഡിയല്ലേ?' വിശ്വം തിരക്കി.

'ഞങ്ങൾ തയ്യാറാണ്.'

അവർ നാലുപേരും ആത്മവിശ്വാസത്തോടുകൂടി പറഞ്ഞു.



## മുപ്പത്തിമൂന്ന്

അതേസമയം കൊണ്ട് ഡേവിസിൻറെ കയ്യിലെ കെട്ടഴിക്കാനായി രാഹുലും വിവേകും കൂടി കിണഞ്ഞുശ്രമിക്കുകയായിരുന്നു.

'എന്നെ എന്തിനാ ഇങ്ങനെ ഉപദ്രവിക്കുന്നത്. ലീവ് മീ, പ്ലീസ്...'

അപ്പോഴേക്കും സണ്ണി വീണ്ടും അവരുടെമേൽ ചാടിവീണു. അവർ താഴെക്കിടന്ന് മൽപ്പിടുത്തം നടത്തി. ഡേവിസ് അതെല്ലാം നോക്കിനിന്നു. എന്നിട്ട് തക്കം കിട്ടിയപ്പോൾ രാഹുലിൻറെ അടിവയർ നോക്കി നല്ലൊരു തൊഴിയും കൊടുത്തു. പ്രതീക്ഷിക്കാതെ കിട്ടിയ തൊഴിയുടെ വേദനകൊണ്ട് അവൻ പുളഞ്ഞു.

'നിർത്തെടാ...'

ആ ശബ്ദം കേട്ട് എല്ലാവരും ഉരുണ്ടുപിരണ്ട് എഴുന്നേറ്റു. അവർ നോക്കിയപ്പോൾ അവർക്ക് മുന്നിലായി തോക്കും പിടിച്ചുകൊണ്ട് ആദർശ് നിൽക്കുന്നു.

'ഡോണ്ട് മൂവ്, ആരും അനങ്ങരുത്. ഡേവിസ് സർ, നിങ്ങൾ വരൂ.'

കയ്യിൽ തോക്കും പിടിച്ച് നിൽക്കുന്ന ആദർശിനെ ഡേവിസ് പകച്ചുനോക്കി. എങ്കിലും തനിക്ക് രക്ഷകനായി വന്നവനെ ചോദ്യം ചെയ്യാനായി ഡേവിസ് മുതിർന്നില്ല.

സണ്ണി കാറിനുള്ളിൽ കയറി കാർ സ്റ്റാർട്ട് ചെയ്തു. രാഹുലും വിവേകും അപ്പോഴും അനങ്ങാതെ നിൽക്കുകയായിരുന്നു.

'ഞങ്ങളുടെ കാർ...'

'മിണ്ടിപ്പോകരുത്, പാമ്പ് കടിച്ച ഒരാളെ ഇത്രയും നേരം തടഞ്ഞുവച്ചിട്ട് കാർ വേണം പോലും. ഛ്ഛാ...'

ആദർശ് ഡേവിസിന് കയറാനായി ഡോർ തുറന്നുകൊടുത്തു.

അപ്പോഴേക്കും രാഹുൽ ആദർശിനെ പിന്നിൽനിന്നും ചവിട്ടി. ആ ആഘാതത്തിൽ അവൻ താഴെവീണു. അവൻറെ കയ്യിൽ നിന്നും തോക്ക് തെറിച്ച് ഡേവിസിൻറെ അടുത്തേക്ക് വീണു.

'സർ, ആ തോക്ക് ഇങ്ങെടുത്ത് താ.'

ആദർശ് ഡേവിസിനെ നോക്കി വിളിച്ചുപറഞ്ഞു. ഡേവിസാകട്ടെ ഇതെല്ലാം ഏതോ സിനിമാ സംഘട്ടനം കാണുന്ന രീതിയിൽ നിൽക്കുകയായിരുന്നു.

'സർ, ഗൺ. തോക്ക്...തോക്ക്...'

ഒടുവിൽ അവരുടെ ഉദ്ദേശ്യം തന്നെ നടന്നു. ഡേവിസ് കുനിഞ്ഞ് തോക്കെടുത്ത് ആദർശിന് എറിഞ്ഞുകൊടുക്കാൻ പോയ അതേ നിമിഷത്തിൽ വിവേക് ഓടിച്ചെന്ന് തോക്ക് തട്ടിപ്പറിക്കാൻ ശ്രമിച്ചു. അവൻ ബലം പ്രയോഗിച്ച് തോക്ക് രാഹുലിൻറെയും ആദർശിൻറെയും നേരെയാക്കി. എന്നിട്ട് കാഞ്ചി വലിച്ചു.

'...ഠോ...'

വെടിപൊട്ടി. അതോടൊപ്പം വിവേക് തോക്കിൽനിന്നും പിടിവിട്ടു. അപ്പോൾ തോക്ക് ഡേവിസിൻറെ കയ്യിൽ ആയിരുന്നു. രാഹുൽ താഴെവീണ് പിടഞ്ഞു.

'അയ്യോ, സർ. സാർ എന്തിനാ ഷൂട്ട് ചെയ്തത്. ഞാൻ ഇവരെ വെറുതേ പേടിപ്പിക്കാനായി തോക്ക് കാണിച്ചതാണ്.'

ആദർശ് പരിഭ്രമത്തോടെ പറഞ്ഞു. അപ്പോഴേക്കും രാഹുലിൻറെ പിടച്ചിൽ അവസാനിച്ചിരുന്നു. അവൻറെ നെഞ്ചിൻറെ ഭാഗത്ത് ചോര പടർന്നിരുന്നു.

'നിന്നെയൊന്നും വെറുതേ വിടില്ലെടാ...'

അതും പറഞ്ഞ് വിവേക് ദൂരേക്ക് ഓടിമറഞ്ഞു.

'സർ ആ തോക്ക് വലിച്ചെറിഞ്ഞ് കളയൂ.'

വിറയ്ക്കുന്ന കൈകളിൽ തോക്കുമായി നിന്നിരുന്ന ഡേവിസ് അത് കേട്ടയുടൻ തോക്ക് താഴെയിട്ടു.

'അയ്യോ, മണീ. അവൻ മരിച്ചു. നമ്മൾ ഇപ്പോൾ എന്താ ചെയ്യുക?'

തന്നെ പാമ്പ് കടിച്ചത് പോലും മറന്നുപോയ രീതിയിൽ ഡേവിസ് തലയിൽ കയ്യും വെച്ച് നിലത്തിരുന്നു.

'സർ നമ്മൾ ഇനിയും ഇവിടെ നിക്കണ്ടാ.'

ആദർശ് ഡേവിസിൻറെ തോളിൽത്തട്ടി.

'ഹേയ്, നിങ്ങൾ ആരാണ്? ഞങ്ങൾ ഇവിടെയുള്ളത് നിങ്ങളെങ്ങനെയറിഞ്ഞു.

‘സാറിൻറെ പപ്പ നിയോഗിച്ചിട്ടുള്ള ഒരു ഫോളോവർ ആണ് ഞാൻ. സാറിന് ഒന്നും വരാതെ നോക്കേണ്ടത് എൻറെ ഡ്യൂട്ടിയാണ്. സംസാരിച്ച് നിൽക്കാൻ നമുക്ക് സമയമില്ല. ഓടിപ്പോയവൻ പൊലീസുമായി വന്നാൽ പിന്നെ സാറിന് ഉടനെയെങ്ങും തിരിച്ചുപോകാൻ പറ്റില്ല. സാറിപ്പോൾ അറിയാതെയാണെങ്കിലും ഒരു കൊല ചെയ്തിരിക്കുകയാണ്. അല്ലേൽത്തന്നെ ഇപ്പോൾ കേരളത്തിലെ ചാനലുകൾക്ക് എന്തെങ്കിലും വാർത്ത കിട്ടാനായി കാത്തിരിക്കുകയാണ്. നമ്മൾ പിടിക്കപ്പെട്ടാൽ സംഗതി പ്രശ്നമാകും. മണീ, വേഗം വണ്ടിയെടുക്ക്. വേഗം ഏതെങ്കിലും ആശുപത്രിയിലെത്തണം.’

അപ്പോൾ ആദർശിനെ വിശ്വസിക്കുകയേ ഡേവിസിന് നിവൃത്തിയുണ്ടായിരുന്നുള്ളൂ.

ആ കാർ അവിടെനിന്നും പാഞ്ഞുപോയി. അത് ചെന്ന് നിന്നത് ഒരു ഇരുനിലക്കെട്ടിടത്തിൻറെ മുന്നിലായിരുന്നു.

‘ഇതേതാ സ്ഥലം?’

‘ആശുപത്രിയിൽ ഇപ്പോൾ പോകുന്നത് മണ്ടത്തരമാണ്. സർ വരൂ.’

ആദർശ് ഡോർ തുറന്നുകൊടുത്തു. ചുറ്റുപാടും ഒന്ന് ശ്രദ്ധിച്ചശേഷം ഡേവിസും അവനെ അനുഗമിച്ചു.

‘എനിക്ക് പപ്പയോട് സംസാരിക്കണം.. എൻറെ ഫോണും ലാപ്ടോപ്പുമെല്ലാം കാറിലാണ്. എത്രയും പെട്ടെന്ന് അത് ഇവിടെയെത്തിക്കാൻ വേണ്ട അറേഞ്ച്മെൻറ്സ് ചെയ്യണം. നിങ്ങൾ എൻറെ പപ്പയുടെ നമ്പർ ഡയൽ ചെയ്ത് തരൂ. ബാക്കി കാര്യങ്ങൾ പപ്പ നോക്കിക്കോളും.’

അപ്പോഴേക്കും സണ്ണി പോയി വീടിൻറെ കോളിംഗ് ബെല്ലടിച്ചു. ഉടൻ തന്നെ സുന്ദരിയായ ഒരു യുവതി വന്ന് വാതിൽ തുറന്നു.

‘ആരാ?’

‘ഡോക്ടർ ഇല്ലേ?’

‘ഉണ്ടല്ലോ, അകത്തേക്ക് വരൂ.’

അതും പറഞ്ഞ് അവൾ അവർക്ക് കതക് തുറന്നുകൊടുത്തു.

‘സർ, ആദ്യം നമുക്ക് ഡോക്ടറെ കാണാം. എന്നിട്ടാകാം പപ്പയെ വിളിക്കുന്നത്.’

ആദർശ് സൗമ്യമായി പറഞ്ഞു. എന്നിട്ട് അകത്തേക്ക് കൈകാട്ടി. ഡേവിസ് പിന്നെ ഒന്നും മിണ്ടിയില്ല. അവരെ പിൻതുടർന്നു. അകത്തെത്തിയപ്പോൾ ഉള്ളിലെ മുറിയിൽ നിന്നും കണ്ണാടി വച്ച ഒരു മദ്ധ്യവയസ്കയായ സ്ത്രീ പുറത്തേക്ക് വന്നു.

‘എന്താ? എന്താ പറ്റിയത്?’

‘ഡോക്ടർ, ഇദ്ദേഹത്തെ പാമ്പ് കടിച്ചു. മൂർഖൻ. വിഷം മുകളിലേക്ക് കയറാതിരിക്കാനായി ഞാൻ കൈത്തണ്ടയിൽ കെട്ടിയിട്ടുണ്ട്.’

ഡോക്ടർ ഡേവിസിൻറെ കൈ പിടിച്ച് നോക്കി.

‘ഗുഡ്, നന്നായി. ഈ കെട്ട് ഇല്ലായിരുന്നെങ്കിൽ ഇയാൾ ഇപ്പോൾ ജീവനോടെ ഉണ്ടാകുമായിരുന്നില്ല. വരൂ നമുക്ക് ചെക്കിംഗ് റൂമിലേക്ക് പോകാം.’

അവർ മുന്നിൽ നടന്നുപോയി.

‘നഗരത്തിലെ ഏറ്റവും മിടുക്കിയായ വിഷകാരിയാണ് ഈ ഡോക്ടർ. ഇനി പേടിക്കാനില്ല.’

സണ്ണി ഡേവിസിൻറെ ചെവിയിൽ പറഞ്ഞു. ഡേവിസ് ഒന്ന് തലയാട്ടുകമാത്രം ചെയ്തു.

‘വന്ന് ഇവിടെ കിടക്കൂ. ഇത്രയും ഭാഗത്തെ രക്തം ഒഴുക്കിക്കളയണം. മയങ്ങാനുള്ള മരുന്ന് തരാം.’

‘അല്ല, എനിക്കൊരു ഫോൺ ചെയ്യണം.’

ഡേവിസ് ആദർശിനെയും സണ്ണിയെയും ഒന്ന് നോക്കി.

‘സർ കിടക്കൂ, ഞങ്ങൾ പപ്പയെ വിളിച്ച് കാര്യം പറഞ്ഞുകൊള്ളാം.’

ആദർശ് ഡേവിസിനെ കിടക്കാനായി സഹായിച്ചു. കിടന്നയുടൻ തന്നെ ഡോക്ടർ മയങ്ങാനുള്ള മരുന്ന് കുത്തിവച്ചു. ഡേവിസിൻറെ കണ്ണുകൾ മെല്ലെയടഞ്ഞു.

ഒന്നാം ഘട്ടം വിജയിച്ച സന്തോഷത്തിലായിരുന്നു വിശ്വം.

‘ഇതൊരു പഴഞ്ചൻ ഐഡിയ ആണെന്നാ ഞാനാദ്യം കരുതിയത്. പക്ഷേ സംഗതി വർക്ക് ഔട്ട് ആയല്ലോ വിശ്വം.’

അലക്സ് ആവേശത്തിൽ പറഞ്ഞു. വിശ്വം ഒന്ന് ചിരിക്കുക മാത്രം ചെയ്തു.

‘പുറംലോകവുമായുള്ള ബന്ധം നഷ്ട്ടപ്പെട്ടാൽ മനുഷ്യൻ വെറും പഴഞ്ചൻ തന്നെയാണ്. ഡേവിസിൻറെ കാര്യത്തിൽ അതൊരു ലാപ്ടോപ്പും മൊബൈൽഫോണുമായിരുന്നു. അതുപോയപ്പോൾ അവനും ഒരു സാധാരണക്കാരനായി.’

‘അതേ, അത് ശരിയാണ്. അപ്പോൾ രണ്ടാം ഘട്ടം?’

‘രണ്ടാം ഘട്ടം നമ്മുടെ നീതു ഡോക്ടറും ഐഷ മോളും കൂടി തുടങ്ങിക്കഴിഞ്ഞല്ലോ. ഇതും കൂടി വിജയിച്ചാൽ പിന്നെ നമ്മുടെ ഇര നമ്മളെത്തേടിയെത്തും. പിന്നെയാണ് യഥാർത്ഥ കളികൾ തുടങ്ങുന്നത്. ഇത് ചെറിയൊരു തുടക്കം മാത്രം.’ അത് പറഞ്ഞിട്ട് വിശ്വം ഗൂഢമായി ചിരിച്ചു.

എന്തോ വീണ് പൊട്ടുന്ന ശബ്ദംകേട്ടാണ് ഡേവിസ് ഞെട്ടിയുണർന്നത്. സ്വബോധം വീണ്ടുകിട്ടാൻ അവന് നിമിഷങ്ങൾ വേണ്ടിവന്നു. കയ്യിൽ എന്തൊക്കെയോ ചുറ്റിക്കെട്ടിയിട്ടുണ്ടായിരുന്നു. അവൻ കിടന്നിരുന്ന കട്ടിലിൽ നിന്ന് പതിയെ എഴുന്നേറ്റിരുന്നു.

‘അയ്യോ, സോറി. ഞാൻ നിങ്ങളെ ഉണർത്തിയല്ലോ.’

നിലത്തിരുന്ന് പൊട്ടിയ ഏതോ വസ്തു പെറുക്കുന്നതിനിടയിൽ ആ പെൺകുട്ടി പറഞ്ഞു. താൻ വന്നതുമുതൽ അവൾ തന്നെ ശ്രദ്ധിക്കുന്നത് ഡേവിസ് കണ്ടിരുന്നു.

‘നീ ആരാ?’

‘ഞാൻ ഡോക്ടറുടെ മകളാണ്.’

‘ഹ്മ്.....’

‘ഡേവിസ് സർ കിടന്നോളൂ, കൂടെയുള്ളവർ പോയി.’

‘വാട്ട്? അവർ എങ്ങോട്ട് പോയെന്ന്?’

'വക്കീലിനെയോ മറ്റോ കാണാനായി പോയതാണെന്ന് പറയുന്നത് കേട്ടു.'

'വക്കീലോ? എന്തിന്?'

'ഓ, ഒന്നും അറിയാത്തതുപോലെ.'

അവൾ ടേബിളിൽ ഇരുന്ന റിമോട്ട് എടുത്ത് ടിവി ഓൺ ചെയ്തു.

*"നഗരത്തിൽ പട്ടാപ്പകൽ നടന്ന ഈ കൊലപാതകത്തിൽ പ്രധാന പങ്കുള്ളവർ സഞ്ചരിച്ച കാർ ഏറണാകുളം ആലപ്പുഴ ദേശീയപാതയിൽ നിന്നും കണ്ടെത്തി..കാറിൽനിന്നും കണ്ടെടുത്ത ലാപ്ടോപ്പിലും മൊബൈൽഫോണിലും ഉള്ള അതേ വിരലടയാളം തന്നെയാണ് തോക്കിൽനിന്നും ലഭിച്ചതെന്ന് ഉന്നത പൊലീസ് ഉദ്യോഗസ്ഥർ മാധ്യമങ്ങളോട് പറഞ്ഞു. കൊല്ലപ്പെട്ടയാളുടെ കൂടെ സഞ്ചരിച്ചിരുന്ന സുഹൃത്ത് കൊടുത്ത വിവരങ്ങൾ വെച്ചാണ് കാറും തോക്കും കണ്ടെടുത്തത്. കുറ്റവാളിയെ കണ്ടെത്താൻ അധികം താമസമില്ലെന്നും പൊലീസ് ഉറപ്പനൽകിയിട്ടുണ്ട്."*

വാർത്ത കേട്ടുകൊണ്ടിരുന്ന ഡേവിസ് കട്ടിലിൽ നിന്നും ചാടിയെഴുന്നേറ്റു.

'ഓ... മൈ ഗോഡ്. നോ, ഞാൻ ആരെയും കൊന്നിട്ടില്ല.'

'അയ്യോ, ഞാനതിന് കൊന്നെന്ന് പറഞ്ഞോ. സാറിൻറെ കൂടെയുണ്ടായിരുന്നവർ കാര്യങ്ങൾ മുഴുവൻ അമ്മയോട് പറഞ്ഞിട്ടുണ്ട്. സ്വന്തം ജീവൻ രക്ഷിക്കുന്നതിനിടയിൽ അബദ്ധത്തിൽ പറ്റിയതല്ലേ. സാരമില്ലെന്നേ.'

പെൺകുട്ടി പറഞ്ഞു.

'എനിക്കൊന്ന് ഫോൺ ചെയ്യണം.'

'അതിനെന്താ, ദാ ഫോൺ അവിടെയുണ്ട്.'

'താങ്ക്സ്...'

ഡേവിസ് വേഗത്തിൽ ഫോണിൻറെ അടുത്തേക്കോടി. ധൃതിയിൽ തൻറെ അച്ഛൻറെ പേഴ്സണൽ നമ്പർ ഡയൽ ചെയ്തു. അവസാനത്തെ ബെല്ലിൽ ഡെന്നീസ് ഫോണെടുത്തു.

'ഹലോ...'

മറുവശത്ത് നിന്നും ഡെന്നീസിൻറെ ശബ്ദം കേട്ടപ്പോഴാണ് ഡേവിസിൻറെ ശ്വാസം നേരേ വീണത്.

'പപ്പാ, ഞാനിവിടെ കുടുങ്ങിപ്പോയി. പപ്പ വേഗം കേരളയ്ക്ക് വാ. ഇവിടത്തെ ന്യൂസ് ചാനലുകൾ മുഴുവൻ എൻറെ ന്യൂസ് ആണ്. ഞാൻ ഒരാളെ കൊന്നു പപ്പാ...'

'വാട്ട്? നീയിപ്പോൾ എവിടെയാണ് ഡേവിസ്?'

'അറിയില്ല പപ്പാ, ഹലോ... പപ്പാ... ഹലോ... ശ്ശേ...'

മറുവശത്തുനിന്നും മറുപടിയൊന്നും കിട്ടാതായപ്പോൾ ഡേവിസ് ഫോൺ താഴെ വച്ചു. എന്നിട്ട് പെൺകുട്ടിയെ നോക്കി.

'ഫോൺ ചിലപ്പോൾ അങ്ങനെയാണ്. നന്നാക്കാൻ വിളിച്ചുപറഞ്ഞിട്ടുണ്ട്.'

അവൾ നിരാശയോടെ ഡേവിസിനെ നോക്കി.

‘നീ നോക്കിക്കോ, എനിക്ക് ഒന്നും സംഭവിക്കില്ല. പപ്പ ഒന്നിങ്ങ് വരട്ടെ. ഒരാളെയല്ല നൂറുപേരെ വേണമെങ്കിലും ഞാൻ കൊല്ലും. ഐനോ വാട്ട് ഈസ് ഇന്ത്യൻ ജുഡീഷ്യറി. ക്യാഷ് ഇറക്കിയാൽ മതി ആർക്കും എന്തും ചെയ്യാം. ലോക്കൽ കണ്ട്രി.’

ഡേവിസ് അത് പറഞ്ഞ് സ്വയം സമാധാനിച്ചു.

ഇതേ സമയം മകൻ പറഞ്ഞത് കേട്ട് പരിഭ്രമിച്ച ഡെന്നീസ് മണിയുടെ ഫോണിലേക്ക് വിളിച്ചു.

ഡെന്നീസിൻറെ കോൾ വരുന്നതുകണ്ട് രാഹുലിൻറെ കയ്യിൽനിന്നും ഫോൺ സണ്ണി കൈക്കലാക്കി. എന്നിട്ട് കോൾ അറ്റൻഡ് ചെയ്തു.

‘ഹലോ...’

‘എടാ നായേ, എൻറെ മകന് എന്താടാ പറ്റിയത്? ഒരു മണിക്കൂറിനകം അവൻ തിരിച്ച് ഫ്ളൈറ്റ് കയറിയിരിക്കണം. കേട്ടല്ലോ.’ ഡെന്നീസ് അലറി.

‘സർ, എനിക്കൊന്നും അറിയില്ല. എന്നെ ഡേവിസ് സാർ ഓടിച്ചുവിട്ടതാണ്. പിന്നെ വാർത്ത കാണുമ്പോഴാ ഞാൻ അറിയുന്നത്. ആ പയ്യനെ ഡേവിസ് സാറ് കൊന്നെന്ന്.’

‘വാട്ട്? കൊന്നെന്നോ? ഏത് പയ്യനെ കൊന്നെന്ന്?’

‘സാർ, എയർപോർട്ടിൽ നിന്നും സാറിൻറെ മകൻറെയൊപ്പം എട്ട് പയ്യന്മാരും ഉണ്ടായിരുന്നു. അതിൽ ഒരു പൂച്ചക്കണ്ണൻ പയ്യൻ ഡേവിസ് സാറിൻറെയൊപ്പം നമ്മുടെ കാറിൽ കയറി. ബാക്കിയുള്ളവരെല്ലാം കൂടി ഒരു ജീപ്പിൽ കയറിപ്പോയി. ഡേവിസ് സർ പറഞ്ഞു ആ ജീപ്പിൻറെ പിന്നാലെ പോകാൻ. ഞാൻ അതിൻറെ പിന്നാലെ കാർ ഓടിച്ചു. അവസാനം ആലപ്പുഴ ബീച്ചിനടുത്തുള്ള ഏതോ ഒരു പഴയ വീട്ടിൽ ഞങ്ങളെത്തി. അവിടെയെത്തിയപ്പോൾ ഡേവിസ് സാറ് എന്നോട് പൊയ്ക്കോളാൻ പറഞ്ഞു. ഞാൻ പിന്നെയും നിന്നപ്പോൾ എന്നോട് ക്ഷോഭിച്ചു. പിന്നെ സാറ് ആ പയ്യനെ കൊന്നെന്നാ കേൾക്കുന്നത്.’

‘ഹോ, പയ്യൻ...പയ്യൻ...പയ്യൻ...ഏത് പയ്യൻ?’

കുപിതനായ അയാൾ അലറി.

‘ലോറൻസ്!’

ആ പേര് കേട്ടതും ഇടിവെട്ടേറ്റത് പോലെ ഡെന്നീസ് ഒരു നിമിഷം നിശബ്ദനായി.

‘സർ, ഹലോ... സർ, ലോറൻസെന്നാണ് ആ പയ്യൻറെ പേര്. സർ, കേൾക്കുന്നില്ലേ?’

‘ഇംപോസ്സിബിൾ.’

അയാൾ ആരോടെന്നില്ലാതെ പറഞ്ഞു. അതോടൊപ്പം പല വികാരങ്ങൾ അയാളുടെ മുഖത്ത് മിന്നിമറഞ്ഞു.

‘സത്യമാണ് സർ, ഞാനെന്തിനാണ് കള്ളം പറയുന്നത്. ആ പയ്യൻ മരിച്ചെന്ന് അറിഞ്ഞ് അവൻറെ അച്ഛനും കുഴഞ്ഞുവീണ് മരിച്ചു. അവർ ഇരുവരുടെയും ബോഡി പോസ്റ്റ്മോർട്ടം കഴിഞ്ഞ് ഇന്ന് വൈകിട്ട് അടക്കം ചെയ്തു.’

അത് കേട്ടതും ഡെന്നീസ് കണ്ണുകൾ ഇറുക്കിയടച്ച് സോഫയിലേക്കിരുന്നു. വർഷങ്ങൾക്കുമുൻപുള്ള പല ഓർമ്മകളിലേക്കും അയാൾ സഞ്ചരിച്ചുകൊണ്ടിരുന്നു. അൽപ്പസമയത്തിനുശേഷം എന്തോ തീരുമാനിച്ചുറപ്പിച്ചതുപോലെ ഫോണെടുത്ത് അയാൾ ചെവിയിലേക്ക് വച്ചു.

'ടെൽ മീ സർ.'

മറുവശത്തുനിന്നും അയാളുടെ അസിസ്റ്റൻറ് സൗമ്യമായി ചോദിച്ചു.

'എത്രയുംവേഗം കേരളത്തിലേക്ക് പോകുവാനുള്ള ഒരു ഫ്ളൈറ്റ് ടിക്കറ്റ് ബുക്ക് ചെയ്യൂ.'

'സർ നാളെ മീറ്റിംഗ് ഡേ ആണ്.'

'ഡൂ വാട്ട് ഐ സെഡ്.'

ഡെന്നീസ് കടുപ്പത്തിൽ പറഞ്ഞു.

കാര്യഗൗരവം മനസിലാക്കിയ അയാളുടെ അസിസ്റ്റൻറ് വേഗം തന്നെ കേരളത്തിലേക്കുള്ള ഫ്ളൈറ്റ് ടിക്കറ്റ് ബുക്ക് ചെയ്തു.



# മുപ്പത്തിനാല്

അതേ സമയം ഡോക്ടറുടെ മകൾ ഡേവിസിന് ഭക്ഷണം വിളമ്പിക്കൊടുക്കുകയായിരുന്നു.

'എന്താ ഇയാളുടെ പേര്?'

'റോസ്‌ലിൻ, മമ്മ റോസ് എന്ന് വിളിക്കും.'

'റോസിന് ഞാൻ ആരാണെന്ന് അറിയാമോ?'

'പിന്നേ, ഡെന്നീസ് സാർ മമ്മയുടെ ഫ്രണ്ടാണ്. സാറിൻറെ മകനാണെന്ന് മമ്മ പറഞ്ഞാണ് ഞാൻ അറിഞ്ഞത്. ഏതായാലും ഡെന്നീസ് സർ വരുന്നുണ്ടല്ലോ. അതുവരെ ഈ മുറിവിട്ട് ഡേവിസ് സർ പുറത്തിറങ്ങണ്ടാ. ഇല്ലെങ്കിൽ മമ്മയും കൂടി അകത്താകും.'

'പപ്പ വരുന്നുണ്ടെന്ന് ആര് പറഞ്ഞു?'

'മമ്മ ഡെന്നീസ് സാറിനോട് കാര്യങ്ങളൊക്കെ വിളിച്ചുപറഞ്ഞു. ഉടനെയെത്തുമെന്നാ പറഞ്ഞത്. ഡേവിസ് സർ പേടിക്കണ്ടാ.'

'ഞാൻ പേടിക്കാനോ? ഹ...ഹ...ഹ... പിന്നെ ഈ സർ വിളി വേണ്ട, കോൾ മീ ഡേവിസ്. ഐ ലൈക് ഇറ്റ്.'

'ഓക്കെ, ഞാൻ മമ്മയുടെ അടുത്തുവരെ പോയിട്ടുവരാം. പുറത്തൊന്നുമിറങ്ങരുത് കേട്ടോ.'

അവൾ പുഞ്ചിരിച്ചു.

റോസിൻറെ ചിരി കണ്ടപ്പോൾ ഡേവിസ് അവളെത്തന്നെ നോക്കിയിരുന്നു. ബാക്കിവന്ന ഭക്ഷണവുമായി അവൾ മുറിയിൽനിന്നും പോയി. കുറച്ചുസമയം കഴിഞ്ഞപ്പോൾ പിങ്ക് നിറത്തിലുള്ള വസ്ത്രമണിഞ്ഞ് അവൾ പുറത്തേക്ക് പോകുന്നത്

ജനലിലൂടെ ഡേവിസ് കണ്ടു. വൈകുന്നേരമായപ്പോഴാണ് അവൾ തിരികെയെത്തിയത്. അവൾ ആകെ വിയർത്തിരുന്നു ഒപ്പം കിതക്കുന്നുമുണ്ടായിരുന്നു. ഡേവിസ് ഇത് കണ്ടപ്പോൾ വല്ലാതെ പരിഭ്രമിച്ചു. അവൾ മുറിയിലേക്ക് പരിഭ്രമിച്ച് കയറിവന്നപ്പോൾ അവൻ അവളെയാകെ നോക്കി.

'എന്താ റോസ്? എന്തുപറ്റി?'

'പോലീസ്, നമ്മുടെ പിന്നാലെ പോലീസ്.'

'എന്ത്? പോലീസോ? അവരെങ്ങനെ ഇവിടെയെത്തി?'

ഡേവിസ് അടിമുടി വിറയ്ക്കാൻ തുടങ്ങി.

'നിങ്ങളുടെ കൂടെ വന്നവരെ പോലീസ് അറസ്റ്റ് ചെയ്തു. ഹോസ്പിറ്റലിൽ മമ്മയെ തിരക്കി പോലീസ് ചെന്നു. മമ്മയെന്നെ വിവരമറിയിച്ചപ്പോൾ ഞാൻ നേരെ ഇങ്ങോട്ടു പോന്നു. പക്ഷേ വഴിയിൽ പോലീസ്... പോലീസിനെ കണ്ടപ്പോൾ ഞാൻ ഭയന്നു. നമുക്ക് ഉടൻ ഇവിടെനിന്നും പോകണം. മമ്മ ഒരു സ്ഥലം പറഞ്ഞുതന്നിട്ടുണ്ട്. രാത്രി സാറിൻറെ പപ്പ അങ്ങോട്ട് എത്തിക്കോളും. വരൂ. നമുക്ക് പിൻവശത്തുകൂടി രക്ഷപ്പെടാം.'

അവൾ അതും പറഞ്ഞ് പിൻവശത്തേക്കോടി. ഡേവിസ് അവളുടെ പിന്നാലെയോടി. പിൻവശം എത്തിയപ്പോൾ ഒരു വീപ്പ മറിച്ചിട്ട് അതിൽ ചവിട്ടി അവൾ മതിലിന് മുകളിലേക്ക് കയറി. ഡേവിസും അതുപോലെ ചെയ്തു. അവൻ താഴേയ്ക്ക് ചാടിയശേഷം അവളെയും താഴെയിറക്കി. അപ്പോൾ മതിൽക്കെട്ടിനുള്ളിൽനിന്നും പോലീസിൻറെ വിസിലടി ശബ്ദം ഉയർന്നുകേട്ടു. അവൾ അവൻറെ കൈയ്യും പിടിച്ചുകൊണ്ട് പ്രധാന റോഡിലേക്കോടി. റോഡിലെത്തിയതും ആദ്യം കണ്ട ഒരു ഓട്ടോയ്ക്ക് കൈകാട്ടി അതിനുള്ളിലേക്ക് ചാടിക്കയറി. അവൾ വേഗം തന്നെ ഓട്ടോയുടെ ഇരുവശവും മറച്ചു. അവൾ പറഞ്ഞ വഴിയിലൂടെ അത് പാഞ്ഞുപോയി. ഓട്ടോയ്ക്കുള്ളിൽ വച്ച് അവൻ അവളുടെ കൈകളിൽ അമർത്തി എന്നിട്ട് കണ്ണുകളിലേക്ക് നോക്കി. അവൾ ഓട്ടോയുടെ ഡ്രൈവറെ ഒന്ന് നോക്കിയശേഷം അവൻറെ കൈ വിടുവിച്ചു.

അവൾ പറഞ്ഞ സ്ഥലത്ത് ഓട്ടോ നിർത്തിയപ്പോൾ അവർ ഇരുവരും പുറത്തിറങ്ങി. ഡേവിസ് ആ സ്ഥലമാകെ ഒന്ന് നിരീക്ഷിച്ചു. ഒരു പഴയ ഇരുനിലക്കെട്ടിടം.

'ആഹാ, കൊള്ളാമല്ലോ. ഇതേതോ സ്ഥലം റോസ്?'

'ഇങ്ങോട്ടാണ് ഡേവിസ് സാറിൻറെ പപ്പ വരുന്നത്.'

'ഹം, ഇവിടെ ആരുമില്ലേ?'

'ഇല്ല, ഞങ്ങൾ ഇത് വാങ്ങിയിട്ട് കുറച്ചുകാലമേ ആയിട്ടുള്ളൂ. ഇവിടെ അധികം നിൽക്കണ്ട. നമുക്ക് അകത്തേക്ക് പോകാം.'

അത് പറഞ്ഞിട്ട് റോസ് പൂട്ടിയിട്ടിരുന്ന വാതിൽ തുറന്നു. ഡേവിസ് ഉള്ളിലേക്ക് കയറിയപ്പോൾ അവൾ വാതിൽ അടച്ചു കുറ്റിയിട്ടു.

ഈ സമയം ഡെന്നീസ് ഫ്ളൈറ്റിനുള്ളിലായിരുന്നു. അയാൾ അകെ അസ്വസ്ഥനായിരുന്നു. ഇടയ്ക്ക് കേരളത്തിലെ മാധ്യമപ്രവർത്തകർ ആണെന്നും പറഞ്ഞുകൊണ്ട് ഡേവിസിനെ അന്വേഷിച്ച് വന്ന ഫോൺകോളുകൾ അയാളുടെ അസ്വസ്ഥതയുടെ ആക്കം കൂട്ടി. അതുകൊണ്ടുതന്നെ അയാളുടെ പെട്ടെന്നുള്ള ആ വരവ് എറണാകുളത്തെ മാനേജറെ ഒഴികെ മറ്റാരെയും അറിയിച്ചില്ല.

ഫ്ളൈറ്റ് ലാൻഡ് ചെയ്യുവാൻ പോകുന്നുവെന്ന അറിയിപ്പ് തുടരെത്തുടരെ മുഴങ്ങിക്കേട്ടുകൊണ്ടിരുന്നു. ഒടുവിൽ ഫ്ളൈറ്റ് ലാൻഡ് ചെയ്ത് കുറച്ചുസമയത്തിനകം അയാൾ ചെക്കിംഗ് കഴിഞ്ഞ് പുറത്തേക്കിറങ്ങി. അപ്പോഴേക്കും അയാളെയും കാത്ത് പുറത്തൊരു വണ്ടി കിടപ്പുണ്ടായിരുന്നു. അയാൾ പുറത്തിറങ്ങിയതും എറണാകുളത്തെ കമ്പനിയിലെ മാനേജർ അയാളുടെ അടുത്തേക്ക് ചെന്നു.

പെട്ടന്ന് എവിടെനിന്നോ ഒരു യുവതി നടന്നുവന്ന് അയാളുടെ കയ്യിൽ ഒരു കവർ കൊടുത്തു. എന്നിട്ട് ഒരു കാറിൽ കയറിപ്പോയി. അയാൾ അത് തുറന്നുനോക്കിയപ്പോൾ ഡേവിസ് ആ യുവതിയുടെ കയ്യും പിടിച്ച് റോഡിലൂടെ ഓടുന്ന കുറെ ഫോട്ടോകൾ!

അയാൾക്ക് അത് കണ്ടപ്പോൾ ഒന്നും തന്നെ മനസ്സിലായില്ല.

‘എടോ, വേഗം വണ്ടിയെടുക്ക്. എന്നിട്ട് ആ പെണ്ണ് പോയ കാറിൻറെ പിറകേ പോ, വേഗം’

‘സർ നമുക്ക് പോലീസിൽ അറിയിച്ചാലോ?’ മാനേജർ ചോദിച്ചു.

‘വേണ്ട, താൻ വണ്ടി വിട്.’

മാനേജർ വേഗം തന്നെ വണ്ടി സ്റ്റാർട്ട് ചെയ്തു. ഡെന്നീസ് കയറിയതും അയാൾ കത്തിച്ചുവിട്ടു. കുറേദൂരം ചെന്നപ്പോൾ അവൾ കയറിപ്പോയ ചുവന്ന സ്വിഫ്റ്റ് കാർ മുമ്പേ പാഞ്ഞുപോകുന്നതവർ കണ്ടു.

‘എടോ ഒന്ന് വേഗം വിട്. എന്നിട്ട് ആ പുന്നാര മോളുടെ വണ്ടിയിൽ കൊണ്ട് ഇടിപ്പിച്ചാണേലും നിർത്ത്.’

ഡെന്നീസ് പറയുന്നത് കേട്ട് സമനില തെറ്റിയവനെപ്പോലെ മാനേജർ കാർ പായിച്ചു. പെട്ടെന്ന് അവരെ ഓവർടേക്ക് ചെയ്തുകൊണ്ട് ഒരു സ്പോർട്സ് ബൈക്ക് കടന്നുപോയി. ആ ബൈക്ക് അവരെ മുമ്പോട്ടുപോകാൻ വഴികൊടുക്കാത്ത രീതിയിൽ അവരുടെ കാറിൻറെ മുന്നിൽ വട്ടമിട്ട് കളിച്ചുകൊണ്ടിരുന്നു.

‘ബ്ലഡി ബിച്ച്! അവന്മാരുടെ നെഞ്ചത്തേയ്ക്ക് വണ്ടികേറ്റ്. കുറേ നേരമായി മുന്നിൽകിടന്ന് കളിക്കുന്നു. ശവങ്ങൾ.’

കാറിലിരുന്ന് ഉച്ചത്തിൽ ബഹളമുണ്ടാക്കുന്ന ഡെന്നീസിന് ഭ്രാന്തായെന്നുപോലും മാനേജർക്ക് തോന്നിത്തുടങ്ങി. പെട്ടെന്ന് സ്പോർട്സ് ബൈക്ക് വേഗത കുറച്ച് ഡെന്നീസ് സഞ്ചരിച്ചുകൊണ്ടിരുന്ന കാറിന് സമാന്തരമായി വന്നു. എന്നിട്ട് കാറിനുള്ളിലേക്ക് ഒരു പാക്കറ്റ് എറിഞ്ഞുകൊടുത്തു. അയാൾ ഉടൻ തന്നെ അത് പൊട്ടിച്ചു നോക്കി. അതിൽ അയാളുടെ മകൻറെ സെൽഫോണായിരുന്നു.

അവർ അപ്പോഴേക്കും ആലപ്പുഴ എത്താറായിരുന്നു. അപ്പോഴും ആ സ്പോർട്സ് ബൈക്കും ചുവന്ന സ്വിഫ്റ്റ് കാറും അവരുടെ മുന്നിൽത്തന്നെയുണ്ടായിരുന്നു. അവർക്ക് ആ കാറിൻറെയോ ബൈക്കിൻറെയോ ഒപ്പമെത്താൻ കഴിഞ്ഞില്ല. ഡെന്നീസ് മാനേജരെ ചീത്ത വിളിച്ചുകൊണ്ടിരുന്നു.

പെട്ടെന്ന് അയാളുടെ മകൻറെ ഫോണിലേക്ക് ഒരു കോൾ വന്നു. അയാൾ അത് അറ്റൻഡ് ചെയ്ത് കാതിലേക്ക് വച്ചു.

'നിങ്ങൾ ഇപ്പോൾ സംസാരിക്കുന്ന ഫോൺകോൾ കട്ടായാൽ ഉടൻ ഈ ഫോൺ പൊട്ടിത്തെറിക്കും. അതോടൊപ്പം കാറിൻറെ ഡിക്കിയിലുള്ള സ്ഫോടകവസ്തുക്കളും. നിങ്ങൾക്ക് നിങ്ങളുടെയും മകൻറെയും ജീവൻ തിരികെ വേണമെങ്കിൽ ആ ചുവന്ന കാറിനെ പിൻതുടരണം. ഹോട്ടൽ പ്രിൻസിൻറെ മുന്നിൽ കറുത്ത വസ്ത്രമിട്ട ഒരു യുവാവ് നിൽപ്പുണ്ട്. അവൻ നിങ്ങളുടെ കാറിന് കൈ കാണിക്കും. അപ്പോൾ നിങ്ങളുടെ മാനേജരെ പുറത്തിറക്കിവിട്ട് വണ്ടി അവന് കൈമാറണം. പിന്നെ ഇനി ഫോൺ എറിഞ്ഞുകളയാമെന്നാണ് വിചാരിക്കുന്നതെങ്കിൽ അതും നടക്കില്ല. ഇപ്പോഴുള്ള ഫോണിൻറെ സ്ഥാനം മാറിയാൽ പോലും അത് പൊട്ടും. പിന്നെ ഇനി നിങ്ങൾ മറ്റൊന്നും സംസാരിക്കാൻ പാടില്ല. നിങ്ങൾ അടുത്ത നിമിഷം മുതൽ "ഐ ആം എ ബിച്ച്" എന്ന് നിർത്താതെ പറഞ്ഞുകൊണ്ടിരിക്കണം. ശരി, അപ്പോൾ തുടങ്ങിക്കോളൂ. ഞാൻ ഒന്ന് കേൾക്കട്ടേ.'

പലതും കരുതിക്കൂട്ടി വന്ന താൻ ആരുടെയോ വലയിൽ അകപ്പെട്ടെന്ന് ഡെന്നീസിന് മനസ്സിലായി. പഴയതൊക്കെ വീണ്ടും ആവർത്തിക്കുന്നതായി അയാൾക്ക് തോന്നിത്തുടങ്ങി. ഒരു നേഴ്സറിക്കുട്ടിയെ അനുസരിപ്പിക്കും പോലെ ആരൊക്കെയോ ചേർന്ന് തന്നെ നിസ്സാരമായ രീതിയിൽ തളച്ചുവെന്ന് അയാൾക്ക് മനസ്സിലായി.

'നീയാരാ? എൻറെ മകൻ എവിടെ?'

'ഹ... ഹ... ഹ... മകൻറെയടുത്തേക്കാണ് ഇപ്പോഴുള്ള നിൻറെ യാത്ര. പിന്നെ കൂടുതൽ ചോദ്യങ്ങളൊന്നും ഇങ്ങോട്ടേക്ക് വേണ്ട. ഞാൻ പറഞ്ഞത് കേട്ടാൽ മതി. മം... അപ്പോൾ ഡെന്നീസ് മുതലാളീ തുടങ്ങിക്കോളൂ.'

അത് കേട്ട് അയാൾ മാനേജരെ ഒന്ന് നോക്കി.

'മം... പറയെടോ...'

ഫോണിൽ നിന്നും ആജ്ഞാ സ്വരം ഉയർന്നു. പേടിച്ചുപോയ ഡെന്നീസ് സാവധാനത്തിൽ ആ വാക്കുകൾ പറഞ്ഞുതുടങ്ങി.

"ഐ ആം എ ബിച്ച്. ഐ ആം എ ബിച്ച്. ഐ ആം എ ബിച്ച്...'


മാനേജർക്ക് ഒന്നും മനസിലായില്ല. ഹോട്ടൽ പ്രിൻസ് അടുക്കാറായപ്പോൾ ദൂരെ നിന്നും അതിനുമുന്നിൽ കറുത്ത വസ്ത്രമണിഞ്ഞ ഒരു യുവാവ് കൈ പൊക്കിപ്പിടിച്ച് നിൽക്കുന്നത് അയാൾ കണ്ടു. മാനേജരോട് വണ്ടി നിർത്താനായി ഡെന്നീസ് ആംഗ്യം കാണിച്ചു.

അപ്പോഴും അയാൾ ആ വാക്കുകൾ ഉരുവിട്ടുകൊണ്ടിരുന്നു. വണ്ടിനിർത്തിയതും മാനേജരെ പുറത്താക്കി യുവാവ് വന്ന് വണ്ടിയിൽ കയറി. മാനേജർ ഒന്നും മനസ്സിലാകാതെ പുറത്തുനിന്നു. വണ്ടി വിട്ടുപോയി.. ഡെന്നീസ് പറഞ്ഞുകൊണ്ടിരിക്കുന്നത് കേട്ട് യുവാവ് ചിരിക്കുന്നുണ്ടായിരുന്നു.

കാർ അമിതവേഗത്തിൽ പാഞ്ഞുപോയി.

താൻ മറന്നുതുടങ്ങിയ വഴികളിലൂടെ ആ കാർ സഞ്ചരിക്കുന്നത് കണ്ട് അയാളുടെ നെഞ്ചിൽ പെരുമ്പറ മുഴങ്ങി. ഒടുവിൽ അത് ചെന്ന് നിന്നത് ആ പഴയ ഇരുനിലക്കെട്ടിടത്തിൻറെ മുന്നിലായിരുന്നു. കെട്ടിടത്തിൻറെ മുന്നിൽ ആ ചുവന്ന സ്വിഫ്റ്റ് കാറും സ്പോർട്സ് ബൈക്കും പാർക്ക് ചെയ്തിരുന്നു.

ആ വീട് കണ്ടതും ഡെന്നീസിൻറെ മുഖത്ത് രക്തമില്ലാതായി. അയാളുടെ മനസ്സിലെ നടുക്കം മുഖത്തും കാണാമായിരുന്നു. അയാൾക്ക് കണ്ണിൽ ഇരുട്ട് കയറുന്നതുപോലെ തോന്നി.



## മുപ്പത്തിയഞ്ച്

വിശ്വവും അലക്സും രണ്ടാം ഘട്ടവും വിജയകരമായി പൂർത്തിയായ സന്തോഷത്തിലായിരുന്നു. മാത്രമല്ല, ആ കെട്ടിടത്തിലെ തന്നെ ഒരു മുറിയിലിരുന്നുകൊണ്ട് പടിവാതിൽക്കൽ വന്നെത്തിയിരിക്കുന്ന തങ്ങളുടെ ഇരയെ അവർ നോക്കിക്കണ്ടു. സുബോധം നഷ്ടപ്പെട്ടവനെപ്പോലെ പഴയകാര്യങ്ങൾ മനസ്സിൽ ഓർത്തെടുകൊണ്ടിരുന്ന ഡെന്നീസിന് ഇറങ്ങാനായി കറുത്ത വസ്ത്രധാരിയായ യുവാവ് കാറിൻറെ ഡോർ തുറന്നുകൊടുത്തു.

അയാൾ അപ്പോഴും അവ്യക്തമായി “ഐ അം എ ബിച്ച്” എന്ന് പറഞ്ഞുകൊണ്ടിരുന്നു.

'മതി മതി. നിർത്ത്. ആ ഫോൺ ഇങ്ങ് താ. എന്നിട്ട് മകനെ വേണമെങ്കിൽ എൻറെ കൂടെ വാ.'

'വാട്ട്? ആർ യു ബ്ലാക്ക്മെയിലിംഗ് മീ?'

'ഫാ, നിർത്തെടാ പുല്ലേ നിൻറെ കുഞ്ഞമ്മേടെ ഇംഗ്ലീഷ്. നീ ആരാ സായിപ്പോ? മര്യാദക്ക് തൻറെ മോനെ വേണേൽ കൂടെ വാ'

'എന്താ ഈ സ്ഥലത്ത്? നിങ്ങൾക്ക് എന്താണ് വേണ്ടത്? പണം ആണെങ്കിൽ ഞാൻ ഇവിടെയെത്തിക്കാം. അകത്തേക്ക് ഞാൻ വരില്ല.'

'ശരി താൻ വരണ്ട, രണ്ടാം ഘട്ടം ഇതോടെ അവസാനിച്ചു. എൻറെ റോളും കഴിഞ്ഞു. താൻ ഇവിടെ നിന്നോ. ഞാൻ പോകുന്നു.'

അത് പറഞ്ഞിട്ട് കറുത്ത വസ്ത്രധാരിയായ അമീർ അകത്തേക്കു പോയി. അപ്പോഴേക്കും നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. താൻ പഴയതുപോലെ വീണ്ടും ആരുടെയൊക്കെയോ കെണിയിൽ അകപ്പെട്ടുവെന്ന് അയാൾക്ക് മനസ്സിലായി. പെട്ടെന്ന് പിന്നിൽ മറ്റൊരു കാർ വന്നുനിന്നു. അതിൽ നിന്നും മധ്യവയസ്കയായ ഒരു യുവതി പുറത്തിറങ്ങി. കഴുത്തിൽ സ്റ്റെതസ്കോപ്പ് തൂക്കിയിട്ടുണ്ടായിരുന്നു. കാഴ്ചയിൽ അവർ ഒരു ഡോക്ടർ ആണെന്ന് ഡെന്നീസിന് തോന്നി. അവർ ഡെന്നീസിനെ നോക്കാതെ ഉള്ളിലേക്ക് പോയി. തനിക്ക് ചുറ്റും സംഭവിക്കുന്നത് എന്താണെന്നറിയാതെ അയാൾ പകച്ചുനിന്നു. ഒടുവിൽ രണ്ടും കൽപ്പിച്ച് അയാൾ കാറിൽ വച്ചിരുന്ന തൻറെ മൊബൈൽ ഫോൺ എടുത്ത് പൊലീസിനെ വിവരം അറിയിക്കാൻ തുടങ്ങിയപ്പോഴാണ് ഡെന്നീസിൻറെ ഫോണിലേക്ക് മറ്റൊരു കോൾ വന്നത്.

പരിചയമില്ലാത്ത കേരളത്തിലെ നമ്പർ ആണ്. ആയാൾ ഒന്ന് ആലോചിച്ച ശേഷം ഫോൺ എടുത്തു.

'ഹലോ.'

'ഹലോ, ഇത് ഡെന്നീസ് സർ ആണോ.'

'അതേ, ആരാണ്?'

'സർ, ഞാൻ സാറിൻറെ ആലപ്പുഴയിലെ കമ്പനി മാനേജർ ഹരിയാണ്. ഏറണാകുളത്തെ കമ്പനി മാനേജർ എന്നെ വിളിച്ചിരുന്നു. സർ പ്രിൻസ് ഹോട്ടലിൻറെ മുന്നിൽവച്ച് അയാളെ മാറ്റി മറ്റൊരാൾക്ക് കാർ കൈമാറിയെന്ന് അയാൾ പറയുന്നു. എന്തെങ്കിലും കുഴപ്പമുണ്ടോ സർ?'

'ഹോ, താങ്ക് ഗോഡ്, ഹരീ, എത്രയും വേഗം നീ കുറച്ച് ആൾക്കാരുമായി ആലപ്പുഴ ബീച്ചിൻറെ വടക്കുഭാഗത്തെ റോഡിലൂടെ പോകുമ്പോൾ അവസാനം കാണുന്ന ഒറ്റപ്പെട്ട പഴയ ഇരുനിലക്കെട്ടിടത്തിൻറെ മുന്നിലെത്തണം. തൽക്കാലം ഈ വിവരം പുറത്ത് വിടണ്ടാ. എത്രയും പെട്ടെന്ന് ഇയാൾ ഇവിടെയെത്തണം.'

'ശരി സർ.'

ഫോൺ കട്ട് ചെയ്തപ്പോൾ അയാൾക്ക് നല്ല ആശ്വാസം തോന്നി. പൊലീസിൽ അറിയിക്കാതെ പ്രശ്നം ഒതുക്കാമെന്ന് അയാൾ ചിന്തിച്ചു. കുറച്ചുസമയം കഴിഞ്ഞപ്പോൾ

ഒരു കറുത്ത ജീപ്പിൽ നാലുപേർ ആ കെട്ടിടത്തിൻറെ മുന്നിൽ വന്നിറങ്ങി. ആ നാലുപേരിൽ ഒരാൾ ഹരിയാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ഡെന്നീസിന് നഷ്ടപ്പെട്ട ധൈര്യം തിരികെക്കിട്ടി.

'എന്താ സർ, എന്താ സർ പ്രശ്നം? എന്താ പെട്ടെന്ന് ഇവിടേയ്ക്ക് വരണമെന്ന് പറഞ്ഞത്?'

അത് ചോദിച്ചുകൊണ്ട് ഹരി ഡെന്നീസിൻറെ അടുത്തേക്ക് നടന്നു.

'എന്തൊക്കെയോ കുഴപ്പങ്ങളുണ്ട്. എന്നെ ആരൊക്കെയോ ചേർന്ന് ബലമായി ഇവിടെയെത്തിക്കുകയായിരുന്നു. ആദ്യം എൻറെ മകനെ അവർ ഇവിടേയ്ക്ക് കടത്തിക്കൊണ്ടുവന്നു. ഇപ്പോൾ എന്നേയും. സത്യത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. നിങ്ങൾ വന്നത് നന്നായി.'

'എന്ത്? സാറിനെ ഇങ്ങോട്ട് കടത്തിക്കൊണ്ടുവന്നെന്നോ? ആരാണവർ? എന്താണവരുടെ ഉദ്ദേശ്യം?'

'എന്തോ, അറിയില്ല, നമുക്ക് നോക്കാം.'

'സർ ഇതൊരു പ്രേതാലയമാണ്. മനുഷ്യരാരും ഇവിടെ വരാറില്ല.'

'പിന്നെ ഈ കിടക്കുന്ന വണ്ടികളൊക്കെ ആരുടേതാണ്?'

'അത് സർ, ഞാൻ പറഞ്ഞില്ലേ ഇതൊരു പ്രേതാലയമാണെന്ന്. ഇതിൻറെ ഉടമ ഇത് പലർക്കും വാടകയ്ക്ക് കൊടുത്തു. ഇവിടെ താമസിക്കുന്നവരിൽ ആരെങ്കിലും വൈകാതെ മരണപ്പെടും. അതാണ് ഈ വീടിൻറെ ഗതി. നാട്ടുകാർക്ക് പോലും ഈ വീട്ടിലേക്ക് കയറാൻ ഭയമാണ്. അവസാനം ഇവിടെ താമസിക്കാൻ വന്നത് ഇതിലൊന്നും വിശ്വാസമില്ലാത്ത എട്ട് കോളേജ് പിള്ളേരായിരുന്നു. അതിൽ ഒടുക്കം ഉണ്ടായിരുന്നവനും കൂടി ഇന്നലെ മരിച്ചു. അവൻറെ ബന്ധുക്കളോ മറ്റോ ആയിരിക്കും ഇപ്പോൾ ഇവിടെ വന്നിരിക്കുന്നവരൊക്കെ.'

ഹരി പറയുന്നതൊക്കെ കേട്ട് ഒന്നും മനസ്സിലാവാത്ത രീതിയിൽ ഡെന്നീസ് അൽപ്പസമയം നിന്നു. എന്നിട്ട് വീണ്ടും അവനെ നോക്കി.

'പക്ഷേ, എന്നെ ഇവിടെയെത്തിച്ച വണ്ടികളാണ് ഈ കിടക്കുന്നതെല്ലാം. ഇപ്പോൾ ഒരു ലേഡി ഡോക്ടർ അകത്തേക്കുപോയി. എനിക്ക് തോന്നുന്നു അവരും ആ സംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.'

'സർ, പക്ഷേ സാറിൻറെ മകനെ തട്ടിക്കൊണ്ട് വരണമെങ്കിൽത്തന്നെ എന്തിനാണ് ഈ മരണവീട്ടിലേക്ക് തന്നെ അവർ കൊണ്ടുവന്നത്? സർ ഇതിനുമുമ്പ് ഇവിടെ വന്നിട്ടുണ്ടോ?'

'നോ, നെവെർ.' അയാൾ തലകുടഞ്ഞുകൊണ്ട് പറഞ്ഞു.

'എന്തുതന്നെയായാലും സർ പേടിക്കണ്ടാ. ഇവർ നഗരത്തിലെ അറിയപ്പെടുന്ന ഗുണ്ടകളാണ്. ഇവരുടെ മുന്നിൽ ഒരുമാതിരിപ്പെട്ട ആരും പിടിച്ചുനിൽക്കില്ല.'

അത് പറഞ്ഞപ്പോൾ ഹരിയുടെ ചേട്ടന്മാർ ഒന്നുകൂടി നെഞ്ചുവിരിച്ചു നിന്നു.

'മിസ്റ്റർ ഹരീ, അവരുടെ ഗ്യാങ്ങിൽ പെണ്ണുങ്ങളുമുണ്ട്. എന്തിനാണ് അവർ ഇങ്ങനെയൊക്കെ ചെയ്യുന്നതെന്ന് മനസ്സിലാകുന്നില്ല. അവർ എന്തോ

കരുതിക്കൂട്ടിയുള്ള പുറപ്പാടാണ്. നമ്മൾ സൂക്ഷിക്കണം.'

'സർ, ധൈര്യത്തോടെ ഞങ്ങളോടൊപ്പം വരൂ. സാറിൻറെ മകൻ അകത്തുണ്ടെങ്കിൽ തീർച്ചയായും നമ്മൾ കണ്ടെത്തിയിരിക്കും.'

അത് പറഞ്ഞിട്ട് ഹരി മുന്നിൽ നടന്നു. ബാക്കിയുള്ള മൂന്നുപേരും ഹരിയെ അനുഗമിച്ചു. ഡെന്നീസ് അവരുടെ ഏറ്റവും പിന്നിലായി നടന്നു.

ഈ സമയത്ത് വിശ്വത്തിൻറെ ചേട്ടൻ രവിയുടെ വീട്ടിലെ ഫോണിലേക്ക് ഒരു കോൾ വന്നു. അയാള് തന്നെയാണ് ഫോൺ എടുത്തത്. കേട്ട വാർത്ത രവിയെ അതീവ സന്തുഷ്ടനാക്കി. ഫോൺ വച്ചിട്ട് അയാൾ നേരേ ഭാര്യയുടെ അടുത്തേക്ക് പാഞ്ഞു.

'എടിയേ, ഇനി നമ്മൾ വിശ്വത്തിനെ ഒതുക്കാൻ കൊട്ടേഷൻ ഒന്നും കൊടുക്കണ്ട. ആ പ്രേതാലയത്തിൽവച്ച് അവൻ തുങ്ങിച്ചത്തു. ഇനിയിപ്പോൾ നമ്മൾ കണക്കുകൂട്ടിയത് പോലെ തന്നെ അത് ആ തീയേറ്ററുകാർക്ക് മറിക്കാം. അവർ ആ കെട്ടിടമൊക്കെ ഇടിച്ചുനിരത്തി അവിടെ സിനിമാ തീയറ്റർ പണിയും. പിന്നെ അത് വിറ്റുകിട്ടുന്ന കോടികൾക്ക് നമ്മളാണ് ഏക അവകാശികൾ. ഹ..ഹ..ഹ...'

അയാൾ വിസ്തരിച്ച് ചിരിച്ചു.

'എന്തായാലും ഞാൻ അവിടെ വരെ ഒന്ന് പോയിട്ടുവരാം. ഇല്ലെങ്കിൽ ആളുകൾ സംശയിക്കും.' അത് പറഞ്ഞിട്ട് അയാൾ കാർ സ്റ്റാർട്ടുചെയ്ത് പോയി.

'എന്തിനാ അമ്മേ ചെറിയച്ഛനെ ചതിച്ച് നേടിയ ആ പണം നമുക്ക്. അച്ഛന് ഇനിയും പണത്തോടുള്ള ആർത്തി മാറിയില്ലേ?' സീതക്കുട്ടി നെടുവീർപ്പിട്ടു.

'മിണ്ടാതിരുന്നോണം. ഇന്നത്തെക്കാലത്ത് ബന്ധങ്ങൾക്ക് വിലയില്ല. പണമാണ് എല്ലാവർക്കും വലുത്. നിൻറെ അച്ഛനും അതുതന്നെ ചെയ്യുന്നു.' സീതക്കുട്ടിയുടെ ചോദ്യത്തിന് മറുപടിയായി അവർ പറഞ്ഞു.

ഇതേസമയം ഡെന്നീസും നീതുവിൻറെ ചേട്ടന്മാരും വീടിൻറെ അകത്തേക്ക് കടന്നിരുന്നു. ഹാളിൽ എത്തിയതും ഒമ്പത് ശവപ്പെട്ടികൾ അവിടെ നിരത്തിവച്ചിരുന്നു. അത് കണ്ടപ്പോൾ ഡെന്നീസ് ഒന്ന് ഞെട്ടിയെങ്കിലും അയാൾ വിറച്ചുപോയത് മറ്റൊന്ന് കണ്ടിട്ടാണ്. ഓരോ ശവപ്പെട്ടികളുടെയും മുകളിൽ മെഴുകുതിരി കത്തിച്ച് മാലയിട്ട് ഓരോരുത്തരുടെയും ഫോട്ടോ വച്ചിരുന്നു. അതിൽ എട്ട് ഫോട്ടോകൾ അയാൾ നിഷ്ക്കരുണം കഴുവിലേറ്റിയ ആ എട്ട് ചെറുപ്പക്കാരുടേതായിരുന്നു. ബാക്കിയുള്ള ഒരു ശവപ്പെട്ടിയിലെ ഫോട്ടോ അയാൾക്ക് പരിചിതമല്ലായിരുന്നു. അത് ഒരു പെൺകുട്ടിയുടേതായിരുന്നു. ശവപ്പെട്ടികളെല്ലാം മൂടിയിരുന്നു. ചുറ്റും ചില ആളുകൾ കൂടിനിന്നിരുന്നു.

ഡെന്നീസിന് അയാളുടെ മനസ്സിനെ നിയന്ത്രിക്കാൻ നന്നേ പാടുപെടേണ്ടിവന്നു. അയാളുടെ ഹൃദയം പടപടാ മിടിച്ചു.

കൂടിനിന്നിരുന്നവരിൽ തന്നെ അവിടേക്ക് കൂട്ടിക്കൊണ്ടുവന്ന ആരെങ്കിലുമുണ്ടോയെന്ന് അയാൾ സൂക്ഷിച്ചുനോക്കിയപ്പോൾ മുകളിലത്തെ നിലയിൽനിന്നും കുറേ പേപ്പറുകൾ അവരുടെ മുന്നിലേക്ക് ചിതറിവീണു. ഡെന്നീസ് ആ പേപ്പർ തുണ്ടുകളിലേക്ക് നോക്കിയപ്പോൾ അവയെല്ലാം ഏതോ ഫോട്ടോകൾ ആണെന്ന് അയാൾക്ക് മനസ്സിലായി. ഹരി അവയെല്ലാം പെറുക്കിയെടുത്ത് ഡെന്നീസിൻറെ കയ്യിലേക്ക് കൊടുത്തു. ആ ഫോട്ടോകൾ കണ്ടപ്പോൾ അയാൾക്ക് ശരീരം തളരുന്നതുപോലെ തോന്നി.



## മുപ്പത്തിയാറ്

അയാൾ കൊന്നുതള്ളിയ യുവാക്കളും കുടുംബവും ഒരുമിച്ചുള്ള സന്തോഷത്തിൻറെ ദിനങ്ങൾ ഓർമ്മപ്പെടുത്തുന്ന ചിത്രങ്ങളായിരുന്നു അതിൽ കൂടുതലും. അയാൾ ഞെട്ടാൻ കാരണം മറ്റൊന്നുകൂടിയായിരുന്നു. അതിൽ ഒരു ഫോട്ടോ ആ മരണമുറിയുടേതായിരുന്നു. ആ ഫോട്ടോയുടെ പിന്നിൽ ഡേവിസ് എന്ന് ചുവന്ന മഷികൊണ്ട് എഴുതി വട്ടമിട്ടിരുന്നു. അത് ധൃതിയിൽ തിരിച്ചു നോക്കിയപ്പോൾ അയാൾ ശരിക്കും തളർന്നു. ആ മുറിയിൽ ആരോ കസേരയിൽ ഇരിക്കുന്നു. തൊട്ടുമുകളിലായി ഒരു കുരുക്ക് തൂങ്ങിക്കിടക്കുന്നു. കുരുക്കിന് താഴെയുള്ള കസേരയിൽ ഇരുത്തിയിരിക്കുന്നത് തൻറെ മകൻ ഡേവിസിനെയാണെന്ന് അയാൾക്ക് തോന്നി.

'ഹരീ, ഇത് നോക്കു. ഏതോ ഒരു മുറിയുടെ ഫോട്ടോ കാണിച്ചിട്ട് എൻറെ മകൻറെ പേര് അതിൻറെ പുറത്ത് എഴുതിവച്ചിരിക്കുന്നു.'

ഹരി ഫോട്ടോ വാങ്ങി നോക്കിയശേഷം ചുറ്റും ഒന്ന് കണ്ണോടിച്ചു.

'സർ, അപ്പോൾ ഈ ഫോട്ടോയിൽ ഉള്ള ആളുകളെ അങ്ങേയ്ക്ക് അറിയാമോ?'

'ങേ, എനിക്കറിയില്ല, സത്യമായിട്ടും...'

ഡെന്നീസ് പെട്ടെന്ന് പറഞ്ഞു.

'ഉറപ്പാണോ?'

'അതേ ഹരീ, എനിക്ക് ഉറപ്പാണ്.' കള്ളം പറഞ്ഞപ്പോൾ അയാളുടെ മുഖത്തുണ്ടാകുന്ന ഭാവവ്യത്യാസം ഹരി ശ്രദ്ധിച്ചു.

'എന്തായാലും നമുക്ക് പോലീസിനെ വിളിക്കാം. ഇവരെയും ഈ ശവങ്ങളെയും പോലീസ് കസ്റ്റഡിയിൽ എടുത്ത് സത്യം തെളിയിക്കട്ടെ.'

ഹരി ഉറക്കെപ്പറഞ്ഞു. അത് കേട്ടിട്ടെന്നവണ്ണം ശവപ്പെട്ടിക്ക് മുന്നിൽ നിന്നിരുന്നവർ ഹരിയെ തറപ്പിച്ചുനോക്കി. അപ്പോഴാണ് ഡെന്നീസ് അവരിൽ പലരും തന്നെ

ഇവിടെ എത്തിച്ചവരാണെന്ന് മനസ്സിലായത്.

'ഹരീ, ദാ ആ നിൽക്കുന്ന പെണ്ണാണ് എനിക്ക് എയർപോർട്ടിൽ വച്ച് ആ ഫോട്ടോ കവർ കൊണ്ടുത്തന്നത്. ദേ, ആ നിൽക്കുന്നവരെല്ലാം എന്ന റോഡിൽ ഫോളോ ചെയ്തവരാണ്. ഈ നിൽക്കുന്ന കറുത്ത കോട്ടിട്ടവനാണ് എറണാകുളത്തെ മാനേജരെ വഴിയിലിറക്കി എന്നെ ഇവിടെയെത്തിച്ചത്. ചെല്ല് ഹരീ, ചെന്ന് അവരുടെയെല്ലാം തല തല്ലിപ്പൊളിക്ക്. ആരെയൊക്കെ കൊന്നിട്ടായാലും എനിക്കെൻറെ മകനെ തിരിച്ച് കിട്ടണം.'

അയാൾ അത് പറഞ്ഞ് തീർന്നപ്പോഴാണ് ഒരു ശവപ്പെട്ടിയുടെ മുന്നിൽ പുതച്ചുമൂടി നിന്നിരുന്ന ആ രൂപം തലയിൽ നിന്നും തുണി മാറ്റിയത്. അവരെ കണ്ട മാത്രയിൽ തന്നെ ഡെന്നീസ് നിന്നിടത്തുനിന്നും അറിയാതെ തുള്ളിപ്പോയി.

'മരിയ!' അയാൾ ആ പേര് വിളിക്കുന്നത് കേട്ടതും അവർ അയാളുടെ നേരേ നടന്നടുത്തു. അവർ മുന്നിലേക്ക് നടന്നടുക്കുംതോറും അയാൾ പിന്നിലേക്ക് പോയിക്കൊണ്ടിരുന്നു. അവസാനം ഭിത്തിയിൽ തട്ടി അയാൾ നിന്നു.

'മരിയ, നീ?'

'അതേ, ഓർമ്മയുണ്ടല്ലേ? അതേടാ ഞാൻ തന്നെ, മരിയ. നീ നാളുകളോളം പൂട്ടിയിട്ട് ഉപദ്രവിച്ച് അതേ മരിയ. നീ കൊന്നുകളഞ്ഞ ലോറൻസിൻറെ അമ്മ. നീ ചതിച്ച നിൻറെ കൂട്ടുകാരൻറെ ഭാര്യ. നീ കൊല്ലാൻ ഇട്ടുകൊടുത്തിട്ടും മരിക്കാത്തവൾ.'

ഡെന്നീസിൻറെ ശ്വാസോച്ഛ്വാസം ദ്രുതഗതിയിലായി.

'നീ എന്തുകരുതി ഡെന്നീസ്. ഞാനും മരിച്ചെന്നോ. ദൈവം എന്നെ അങ്ങനെയങ്ങ് കൊണ്ടുപോകുമോ. എൻറെ മകൻ ഉൾപ്പെടെ എട്ട് കുഞ്ഞുങ്ങളെ ഈ വീട്ടിൽ കെട്ടിത്തൂക്കിയ നീ ഇപ്പോൾ സർവ്വസുഖങ്ങളും അനുഭവിച്ച് ജീവിക്കുകയാണല്ലേ? പക്ഷേ ഒരു കാര്യം നീ അറിയാതെപോയി. ആ എട്ടുപേർ ഇന്നും ജീവിച്ചിരുപ്പുണ്ട്. മനുഷ്യരായിട്ടല്ല. ശരീരമില്ലാത്ത ആത്മാക്കളായിട്ട്, പ്രതികാര ദാഹികളായിട്ട്, നിൻറെ മരണം കാത്തിരിക്കുകയാണവർ.'

അത് കേട്ടപ്പോൾ ഡെന്നീസ് ഒന്നും മനസ്സിലാവാത്ത രീതിയിൽ മരിയയെ നോക്കി. അവർ തുടർന്നു;

'ഇന്നാണ് അവരുടെ യഥാർത്ഥ ശവമടക്ക്. അവരാരും ശരീരമില്ലാത്ത ജീവികളായിട്ട് ഇനി ഈ ഭൂമിയിൽ വേണ്ട. പക്ഷേ അപ്പോഴും നമ്മൾ തമ്മിൽ ഒരു കണക്ക് ബാക്കി നിൽക്കുകയല്ലേ. പേടിക്കണ്ട, അതിനും ഞാൻ ഒരു വഴികണ്ടിട്ടുണ്ട്. നിൻറെ കണ്മുന്നിൽ കിടന്ന് നിൻറെ മകനും പിടയണം. അപ്പോഴേ അതിൻറെ ആ ഒരു വേദന നിനക്കും മനസ്സിലാകൂ. ഹ...ഹ...ഹ...'

മരിയ ഒരു ഭ്രാന്തിയെപ്പോലെ ആർത്തുചിരിച്ചു.

'ഹരീ, നോക്കി നിൽക്കാതെ എൻറെ മകനെ രക്ഷിക്കൂ. മുകളിലത്തെ നിലയിലെ ഒരു മുറിയിൽ അവനെ ഇവർ പൂട്ടിയിട്ടിരിക്കുകയാണ്. വേഗം പോകൂ.'

അത് പറഞ്ഞുതീർന്നതും ഹരിയും ചേട്ടന്മാരും മുകളിലേക്കോടി. ഹാളിൽ ഡെന്നീസും മരിയയും ബാക്കിയുള്ളവരും ഒമ്പത് ശവപ്പെട്ടികളും ബാക്കിയായി. മരിയ

ഡെന്നീസിൻറെ കണ്ണുകളിലേക്കുതന്നെ തുറിച്ചുനോക്കിക്കൊണ്ട് നിന്നു.

'ഡെന്നീസ് സർ, ഒന്ന് മുകളിലേക്ക് വരൂ.'

ഹരി മുകളിൽ നിന്നും ഉറക്കെ വിളിച്ചുപറഞ്ഞു. ഇതുകേട്ട് ഡെന്നീസ് മുകളിലേക്ക് പാഞ്ഞു. അയാൾ അതിവേഗം പടിക്കെട്ടുകൾ ചാടിക്കയറി. മുകളിൽ എത്തിയപ്പോൾ ഒരു മുറിക്ക് മുന്നിൽ ഹരിയുടെ കൂടെയുണ്ടായിരുന്ന മൂന്നുപേർ അകത്തേക്കും നോക്കി നിൽക്കുന്നത് കണ്ട് അയാൾ അവിടേക്ക് ഓടിച്ചെന്നു.

'സർ അകത്തേക്ക് കയറല്ലേ, നോക്ക് മുറിയിലേക്ക് കടക്കാൻ നമുക്ക് പറ്റാത്ത രീതിയിൽ അവർ കമ്പികൾ ചുറ്റിക്കെട്ടിയിരിക്കുകയാണ്. ദാ, താഴേക്ക് നോക്ക്. ആ കമ്പികളിൽ കറണ്ടുണ്ട്, സൂക്ഷിക്കണം.'

ഹരിയുടെ മൂത്ത ചേട്ടൻ ഗോപൻ പറഞ്ഞു. ഗോപൻറെ ഇളയവരായ പ്രേമനും സന്തോഷും അപ്പോഴും മസ്സിലും പിടിച്ച് മിണ്ടാതെ നിൽക്കുകയായിരുന്നു.

'നോക്കി നിൽക്കാതെ പോയി മെയിൻ സ്വിച്ച് ഓഫ് ചെയ്യെടാ.'

ഡെന്നീസ് അവരുടെ നേരേ ഗർജ്ജിച്ചു. സന്തോഷ് മെയിൻ സ്വിച്ച് ഓഫ് ചെയ്യാനായി താഴേക്കോടി. നിമിഷങ്ങൾക്കകം ആ കെട്ടിടമാകെ ഇരുട്ട് വ്യാപിച്ചു. അപ്പോൾ താഴത്തെ മുറിയിൽനിന്നും ആ പഴയ ക്ലോക്ക് എട്ടുതവണ ശബ്ദിച്ചു. അതേ സമയത്തായിരുന്നു വിശ്വത്തിൻറെ ഏട്ടൻ രവിയുടെ വരവും. അയാൾ മതിൽക്കെട്ടിനുള്ളിൽ പ്രവേശിച്ച ശേഷമാണ് ആ കെട്ടിടമാകെ ഇരുട്ടിലായത്. അയാൾ കാർ നിർത്തി പുറത്തിറങ്ങി.

'ഹോ, ഈ നശിച്ച കറണ്ട് കട്ട്. ഇവിടെയുണ്ടായിരുന്ന ആ കാനഡക്കാരനും ചത്തോ ആവോ. എന്തായാലും അടുത്തയാഴ്ച തന്നെ ഇത് മൊത്തം ഇടിച്ചുനിരത്തി സ്ഥലം അവർക്ക് കൊടുക്കണം. എന്നിട്ട് വേണം എനിക്കും കാനഡയിലൊക്കെ ഒന്ന് കറങ്ങാൻ.'

രവി ഫോണിൻറെ ടോർച്ചും തെളിച്ചുകൊണ്ട് അകത്തേക്ക് കടന്നു. അകത്തേക്ക് കടന്നതും മുകളിലത്തെ നിലയിൽനിന്നും എന്തോ ഒന്ന് നിലത്തേക്ക് വന്നുവീണ ശബ്ദം കേട്ടു. അയാൾ ഞെട്ടിപ്പോയി. വേഗം തന്നെ ടോർച്ച് താഴേക്ക് തിരിച്ചുനോക്കി. താഴെക്കിടക്കുന്ന ദിവ്യയുടെ ഫ്രെയിം ചെയ്ത ഒരു ഫോട്ടോയായിരുന്നു അത്. അയാൾ അത് നിലത്തുനിന്നുമെടുത്തു. ചുറ്റും ടോർച്ച് തെളിച്ചുനോക്കി. പക്ഷേ ആരെയും കാണാൻ കഴിഞ്ഞില്ല.

'രവിയേട്ടാ...'

പിന്നിൽനിന്നും അടക്കം പറയുംപോലെയുള്ള ആ വിളി കേട്ടതും അയാൾ ഞെട്ടിത്തിരിഞ്ഞു. അത് തനിക്ക് തോന്നിയതാണോ എന്നറിയാനായി അയാൾ വീണ്ടും ടോർച്ച് തെളിച്ച് ചുറ്റും നോക്കി. അപ്പോഴും ആ വിളിയുടെ നേർത്ത അലയടികൾ ചുവരുകളിൽ തട്ടി പ്രതിഫലിച്ചുകൊണ്ടിരുന്നു. തൊട്ടടുത്ത നിമിഷം ഒരു ടോർച്ച് ഉരുണ്ട് ഹാളിൻറെ മദ്ധ്യത്തിൽ എത്തി അങ്ങോട്ടുമിങ്ങോട്ടും ആടി.

രവി തൻറെ കയ്യിൽ ഓൺ ചെയ്തുവച്ചിരുന്ന മൊബൈൽ ടോർച്ച് ഓഫാക്കിയ ശേഷം ശബ്ദമുണ്ടാക്കാതെ ആ ടോർച്ച് കിടക്കുന്ന ഭാഗത്തേക്ക് നടന്നു. ആ കെട്ടിടവും

അന്തരീക്ഷവും തികച്ചും നിശബ്ദമായിരുന്നു. ഹാളിൻറെ നടുവിൽ എത്തി ടോർച്ച് എടുക്കാനായി കുനിഞ്ഞപ്പോഴേക്കും ആ ടോർച്ച് പെട്ടെന്ന് അണഞ്ഞുപോയി.

അയാൾക്ക് ചുറ്റും വീണ്ടും ഇരുട്ട് കട്ടപിടിച്ചു. അൽപ്പസമയം അതേ നിലയിൽ തുടർന്ന ശേഷം രവി പുറത്തേക്കുള്ള വാതിലിനു നേർക്ക് തിരിഞ്ഞു.

പെട്ടെന്ന് അയാളുടെ കാലിൽ പിടി വീണു.

"രവിയേട്ടാ, എന്നെ കൊല്ലല്ലേ. ഞാൻ ഒന്നും വിശ്വേട്ടനോട് പറയില്ല. ഞങ്ങളുടെ കുഞ്ഞിനെ ഓർത്ത് എന്നെ ഒന്നും ചെയ്യല്ലേ ഏട്ടാ..."

തൻറെ കാൽക്കൽ നിന്നും കേട്ട യാചനയുടെ സ്ത്രീ ശബ്ദം തിരിച്ചറിഞ്ഞതും കാലിലെ പിടി വിടുവിച്ചുകൊണ്ട് രവി വാതിലിനു നേർക്ക് ഓടി. പെട്ടെന്ന് അയാളെ ആരോ ശക്തിയായി ചുറ്റിപ്പിടിച്ചു. അയാൾ ഉച്ചത്തിൽ അലറിവിളിച്ചു. ആ അലർച്ച കെട്ടിടത്തിലാകെ പ്രതിധ്വനിച്ചു. താഴെ നിന്നും കേട്ട അലർച്ചയും ബഹളവുമൊക്കെ ഡെന്നീസും ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

'ഹരീ, ഹരീ...'

അയാൾ പതിഞ്ഞ ശബ്ദത്തിൽ വിളിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഹരിയുടെ മറുപടിയൊന്നും കിട്ടാതെയായപ്പോൾ അയാൾ ആ മുറിയുടെ അകത്തേക്ക് കയറാനായി തീരുമാനിച്ചു. കമ്പികൾ ഉള്ളതുകൊണ്ട് വളരെ സൂക്ഷിച്ചാണ് അയാൾ മുന്നിലേക്ക് നടന്നത്. പക്ഷേ അപ്പോഴാണ് അയാൾക്ക് മറ്റൊരു കാര്യം മനസ്സിലായത്. കുറച്ചുമുൻപ് ആ മുറിയിൽ കയറുന്നതിന് തടസ്സമായി ചുറ്റിക്കെട്ടിയിരുന്ന കമ്പികൾ അപ്രത്യക്ഷമായിരിക്കുന്നു.

'ഡേവിസ്, മോനേ!'

മകനെ വിളിച്ചുകൊണ്ട് മുറിക്കുള്ളിലേക്ക് നീങ്ങിയ അയാളുടെ നെഞ്ചിൽ ആരോ ആഞ്ഞുചവിട്ടി. അയാൾ തെറിച്ച് നിലത്തേക്ക് വീണു. ആരൊക്കെയോ ചേർന്ന് അയാളെ നിലത്തുകൂടി വലിച്ചിഴച്ചുകൊണ്ടുപോയി. പിന്നീട് അയാൾക്ക് കാഴ്ചകൾ വ്യക്തമായത് ആ മുറിക്കുള്ളിൽ തെളിഞ്ഞ ഒൻപത് മെഴുകുതിരികളുടെ വെളിച്ചത്തിലാണ്. അപ്പോഴേക്കും മറ്റൊരാളോടൊപ്പം അയാളെ കൂട്ടിക്കെട്ടിയ നിലയിലായിരുന്നു.

ഒമ്പത് കസേരകൾ ആ മുറിയുടെ മദ്ധ്യത്തിലായി നിരത്തിയിട്ടിരുന്നു. ആ കസേരകൾക്ക് മുന്നിലായി ആ ഒമ്പത് മെഴുകുതിരികളും കത്തിച്ചുവച്ചിരുന്നു. മെഴുകുതിരി മാത്രമായിരുന്നില്ല. ഓരോ കസേരക്ക് മുന്നിലും ഓരോ ഓജോ ബോർഡുകളും.

ഡെന്നീസ് തൻറെയൊപ്പം കെട്ടിയിട്ടിരിക്കുന്ന രവിയെ നോക്കി. രവി ഒന്നും മനസ്സിലാകാതെ കണ്ണും മിഴിച്ചിരിക്കുകയായിരുന്നു. വിശ്വത്തെ മുന്നിൽ കണ്ടയുടൻ രവിയുടെ മുഖം വിളറി. വിശ്വം തൂങ്ങി മരിച്ചുകിടക്കുന്നത് കാണാൻ എത്തിയ അയാൾക്ക് വിശ്വത്തെ ജീവനോടെ കണ്ടപ്പോൾ ആകെ വെപ്രാളമായി. പെട്ടെന്ന് അയാൾ മുഖത്ത് കൃത്രിമമായി ഒരു പുഞ്ചിരി സൃഷ്ടിച്ചു.

‘മോനേ വിശ്വാ, എന്താ ഇതൊക്കെ. ഏട്ടനെ അഴിച്ചുവിടെടാ. ഏട്ടൻറെ കയ്യൊക്കെ വേദനിക്കുന്നു.’ അയാൾ നിഷ്കളങ്കമായ രീതിയിൽ പറഞ്ഞു.

‘ഹും, ഏട്ടൻ പോലും, ഏട്ടൻ. എൻറെ ദിവ്യയെ ഈ മുറിയിൽ കെട്ടിത്തൂക്കുമ്പോൾ നിങ്ങൾക്ക് ആ ചിന്ത ഉണ്ടായിരുന്നോ. എന്നിട്ടിപ്പോൾ ഏട്ടനാണ് പോലും.’

‘മോനേ നിന്നെ ആരൊക്കയോ ചേർന്ന് തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഞാൻ നിന്നോട് അങ്ങനെ ചെയ്യുമോ?’

‘ഫ്ഫാ, നിർത്തെടോ തൻറെ അഭിനയം. പഴയതൊക്കെ മറന്നെങ്കിൽ സ്വന്തം മകളോട് ചോദിച്ചാൽ മതി. എല്ലാം അവൾ പറഞ്ഞു തരും.’

രവിക്ക് പിന്നീട് ഒന്നും പറയാൻ സാധിച്ചില്ല. അയാൾ വിശ്വത്തെ ക്രൂരമായി നോക്കി പല്ലുകൾ കടിച്ചു. തനിക്കു ചുറ്റുമായി പരിചയമില്ലാത്ത ആരൊക്കയോ നിൽക്കുന്നത് കണ്ട് ഡെന്നീസ് ഓരോരുത്തരെയും സൂക്ഷിച്ചുനോക്കി. ആ കൂട്ടത്തിൽ അയാൾക്ക് രണ്ട് മുഖങ്ങൾ മാത്രമേ പരിചയമുണ്ടായിരുന്നുള്ളൂ. മരിയയും ഹരിയും. പക്ഷേ യാദൃശ്ചികമായി അയാളുടെ കണ്ണുകൾ മറ്റൊരാളിൽ ഉടക്കി നിന്നു. മെഴുകുതിരിയുടെ വെളിച്ചത്തിൽ വീണ്ടും വീണ്ടും അയാൾ ആ യുവാവിനെ സൂക്ഷ്മമായി നോക്കി.

‘ങേ, അലക്സ്!’ ഒരു ഞെട്ടലോടെ ഡെന്നീസ് വിളിച്ചു.

പക്ഷേ അപ്പോൾ ശരിക്കും ഞെട്ടിയത് ആ മുറിയിൽ നിന്നിരുന്ന ബാക്കിയുള്ളവർ ആയിരുന്നു. എല്ലാവരും സംശയത്തോടെ അലക്സിനെ നോക്കി.

‘അലക്സ്! ഐ വിൽ കിൽ യു ബാസ്റ്റാർഡ്. മര്യാദയ്ക്ക് എന്നെ അഴിച്ചുവിട്.’ ഡെന്നീസ് അലറി.

‘ഇല്ല ഡാഡീ, നിങ്ങൾ ഇതിന് ശരിക്കും അർഹനാണ്.’ അലക്സ് ശാന്തമായി പറഞ്ഞു.

അലക്സ് ഡെന്നീസിനെ ഡാഡി എന്ന് വിളിച്ചത് കേട്ടപ്പോൾ മരിയയാണ് കൂടുതൽ ഞെട്ടിയത്. അവർ അവനെ അൽപ്പസമയം ഉറ്റു നോക്കിയ ശേഷം അവൻറെ അരികിലേക്ക് ചെന്നു.

‘നീ?’

‘അതേ മരിയ ആൻറി, ആൻറിയുടെ ആ പഴയ അലക്സാണ് ഞാൻ. ലോറൻസ് ഇച്ചായൻറെ കൈപിടിച്ച് നടന്നിരുന്ന ആ ആറുവയസ്സുകാരൻ അലക്സ്! നിങ്ങളെയൊക്കെ ദ്രോഹിച്ചിട്ട് കടന്നുകളഞ്ഞ ഈ ഡെന്നീസിൻറെ ആദ്യ സന്തതി.

അത് കേട്ടതും മരിയ അലക്സിനെ കെട്ടിപ്പിടിച്ചു. അവർ ഇരുവരും പൊട്ടിക്കരഞ്ഞു. വിശ്വം ഒഴികെ ബാക്കിയുള്ളവർക്കെല്ലാം അതൊരു ഷോക്കായിരുന്നു. അൽപസമയത്തിനുശേഷം അലക്സ് എല്ലാവരുടെയും നേർക്ക് തിരിഞ്ഞു.

‘നിങ്ങളിൽ നിന്ന് ഇതൊക്കെ മറച്ചുവച്ചതിന് ക്ഷമിക്കണം. ഞാൻ പ്രൊജക്റ്റ് ചെയ്യാൻ വേണ്ടി തന്നെയാണ് കേരളത്തിലേക്ക് വന്നത്. താമസിക്കാൻ ഈ വീടുതന്നെ തിരഞ്ഞെടുത്തതും മനപ്പൂർവ്വം ആയിരുന്നു. പക്ഷേ ഈ വീട്ടിൽ നടന്നതൊന്നും ഞാൻ അറിഞ്ഞിരുന്നില്ല. ലോറൻസ് ഇച്ചായനും കുടുംബവും

ഇപ്പോഴും എവിടെയോ സുഖമായി ജീവിക്കുന്നുണ്ട് എന്നായിരുന്നു എൻറെ വിശ്വാസം. ചെറുപ്പത്തിൽ ഡാഡിയോടൊപ്പം ഈ നാട് വിടുമ്പോൾ അത് എന്തിനാണെന്നോ എന്തുകൊണ്ടാണെന്നോ ഞാൻ അറിഞ്ഞിരുന്നില്ല. കാനഡയിലേക്ക് എത്തപ്പെട്ടശേഷം പണം മാത്രമായിരുന്നു അയാളുടെ ചിന്ത. എൻറെ ആകെയുള്ള ആശ്വാസം മമ്മിയായിരുന്നു. അതിനിടയിൽ മറ്റൊരു സ്ത്രീ ഡാഡിയുടെ ജീവിതത്തിലേക്ക് കടന്നുവന്നു. അവർക്ക് സാമർത്ഥ്യത്തോടൊപ്പം ധാരാളം സ്വത്തുക്കളുമുണ്ടായിരുന്നു. ഡാഡിയെ വളരെപ്പെട്ടെന്ന് അവർ മാറ്റിയെടുത്തു. എൻറെയും മമ്മിയുടെയും മുന്നിൽ വച്ച് ഡാഡിയുമായി പല വഴിവിട്ട ബന്ധങ്ങൾക്കും മുതിരുന്നത് അവരുടെ ക്രൂരവിനോദമായിരുന്നു. ഞാനും മമ്മിയും ഒരുപാടുകാലം അതെല്ലാം സഹിച്ച് ജീവിച്ചു. പിന്നീടൊരു ദിവസം ഡാഡി ആ സ്ത്രീയെ ഞങ്ങളുടെ വീട്ടിലേക്ക് താമസത്തിന് കൂട്ടിക്കൊണ്ടുവന്നു. അന്ന് ഞാനും മമ്മിയും അവിടെനിന്നും പടിയിറങ്ങി. അവർ ഇരുവരുടെയും ഉദ്ദേശവും നടന്നു. അതിനുശേഷമാണ് അയാൾക്ക് ആ സ്ത്രീയിൽ മറ്റൊരു മകൻ ജനിക്കുന്നത്. അതും എല്ലാം തികഞ്ഞ ഒരു കോടീശ്വരനായുള്ള ജനനം. ആ സമയത്ത് എൻറെ പേരിൽ പാതി സ്വത്ത് ലഭിക്കണം എന്ന ആവശ്യം പറഞ്ഞ് മമ്മി ഡാഡിക്ക് എതിരെ കേസ് കൊടുത്തു. അതോടെ ഡാഡിയുടെയും ആ സ്ത്രീയുടെയും ഉപദ്രവങ്ങൾ മൂലം എനിക്കും മമ്മിക്കും കാനഡയിൽ ഒരുതരത്തിലും ജീവിക്കാൻ കഴിയാതെയായി. അങ്ങനെയാണ് ഡാഡി അറിയാതെ രഹസ്യമായി ഞങ്ങൾ കേരളത്തിലേക്ക് തിരികെപ്പോരുന്നത്. ഞാൻ വളർന്നു. മമ്മിയോട് ഡാഡി ചെയ്തതെല്ലാം അറിയാവുന്നത് കൊണ്ടാവണം ഒരു കാരണവശാലും പഴയ കാലം തേടി പോകരുതെന്ന് എന്നെ മമ്മി താക്കീത് ചെയ്തിരുന്നത്. എങ്കിലും ഞാൻ ഒരിക്കൽ ഈ ഇരുനിലവീട് തേടിപ്പിടിച്ച് എത്തി. അന്നും ഇവിടെ ആൾത്താമസം ഉണ്ടായിരുന്നില്ല. പക്ഷേ ഞാൻ ആരോടും ഒന്നും അന്വേഷിക്കാൻ പോയില്ല. പിന്നെ ഹരിക്കൊപ്പം കോളേജിൽ പഠിക്കുന്ന സമയത്ത് ഉണ്ടായ കോളേജിലെ ചില പ്രശ്നങ്ങൾ കാരണവും ഡാഡിയുമായുള്ള കേസ് ഒത്തുതീർപ്പാക്കാം എന്ന അയാളുടെ വാക്കിൻറെ പുറത്തും ഞങ്ങൾ തിരികെ കാനഡയിലേക്ക് തന്നെ പോയി. അപ്പോഴേക്കും കാനഡയിലും ഇന്ത്യയിലുമായി അയാൾ സ്വന്തമായി ഒരു സാമ്രാജ്യം തന്നെ കെട്ടിപ്പടുത്തിരുന്നു. ഞാൻ അനുഭവിക്കേണ്ട എല്ലാ സുഖങ്ങളും ഡാഡിയുടെ ലാളനയുമെല്ലാം മറ്റൊരു സ്ത്രീയിൽ ഉണ്ടായ ഒരുത്തൻ അനുഭവിക്കുന്നത് കണ്ട് ഞാൻ അസൂയപ്പെട്ടിട്ടുണ്ട്. എൻറെ മമ്മിയുമായുള്ള വിവാഹം ഇന്ത്യയിൽ വച്ച് നടന്നതായതുകൊണ്ട് കാനഡയിലെ ഞങ്ങളുടെ കേസ് തള്ളിപ്പോയി. മാത്രമല്ല അയാളുടെ കമ്പനികൾ എല്ലാം അയാളുടെ ജാരസന്തതിയുടെ പേർക്ക് ആയതിനാൽ ആ വഴിയും അടഞ്ഞു. അങ്ങനെ ഞാനും മമ്മിയും വീണ്ടും തെരുവിലായി. ജീവനിൽ ഭയം ഉള്ളതിനാൽ കാനഡയിൽ തന്നെ അയാൾ പെട്ടെന്ന് കണ്ടുപിടിക്കാൻ സാധ്യതയില്ലാത്ത മറ്റൊരിടത്തേക്ക് ഞങ്ങൾ സ്ഥലം മാറി. പിന്നീടങ്ങോട്ട് ഇരുവരും ഒരുപോലെ പാർട്ട് ടൈം ജോലികൾ ചെയ്ത് ജീവിതം മുന്നോട്ട് കൊണ്ടുപോയി. ഒരുപാട് കഷ്ടതകൾ

അനുഭവിച്ചിട്ടും ഒരിക്കൽപ്പോലും ഡെന്നീസ് എന്ന മനുഷ്യൻറെ അഭയം തേടാൻ ഞങ്ങൾ പോയില്ല. വീണ്ടും കാലം കടന്നുപോയി. എല്ലാത്തിനെയും അതിജീവിച്ച് ഞാൻ വാശിയോടെ പഠിച്ചു. ഒടുവിൽ കാനഡയിലെ ഏറ്റവും വലിയ വാർത്താചാനലിൽ എനിക്ക് ജോലിയും ലഭിച്ചു. അതിനൊക്കെ ശേഷമാണ് സ്വന്തമായി ഒരു വീടുപോലും ഞങ്ങൾ വാങ്ങിയത്. ബാക്കി കഥകളൊക്കെ ഞാൻ പറയാതെതന്നെ നിങ്ങൾക്കെല്ലാവർക്കും അറിയാം. കുട്ടിക്കാലത്തെ നല്ല കുറെ ഓർമ്മകൾ നിറഞ്ഞുനിൽക്കുന്ന ഇടമായതുകൊണ്ട് മാത്രമാണ് ഞാൻ ഈ വീട് തന്നെ താമസിക്കാനായി തിരഞ്ഞെടുത്തത്. ഇവിടെ വന്നതിനുശേഷമാണ് അറിയാതെ പോയ പല കഥകളും ഞാൻ തിരിച്ചറിഞ്ഞത്. ഇതെല്ലാം സംഭവിക്കേണ്ടിയിരുന്നത് തന്നെ ആയിരുന്നിരിക്കും. അല്ലെങ്കിൽ ഇങ്ങനെയൊന്നും ഉണ്ടാകുമായിരുന്നില്ല. ഒരു കാര്യം മാത്രമാണ് എനിക്ക് ഇപ്പോഴും മനസ്സിലാവാത്തത്. ഡെന്നീസിൻറെ ശമ്പളം പറ്റുന്ന ഹരിയെ ലോറൻസ് ഇച്ചായൻറെ ആത്മാവ് തിരിച്ചറിഞ്ഞു. എന്നിട്ടും ഡെന്നീസിൻറെ ചോരയായ എന്നെ എന്തുകൊണ്ട് ഇതുവരെ തിരിച്ചറിഞ്ഞില്ല?'

ആ ചോദ്യത്തോടുകൂടി അലക്സ് തൻറെ കഥ പറഞ്ഞുനിർത്തി. എല്ലാം കേട്ടുകൊണ്ട് നിന്നിരുന്ന വിശ്വം അവൻറെ അരികിലേക്ക് ചെന്നു. എന്നിട്ട് അലക്സിൻറെ തോളിൽ കൈ അമർത്തി.

'നീ ലോറൻസിന് പ്രിയപ്പെട്ടവൻ ആയതുകൊണ്ടും നിൻറെ മനസ്സ് വായിച്ചതുകൊണ്ടും തന്നെയാണ് നിന്നെ അവൻ ഇതുവരെയും ഉപദ്രവിക്കാതിരുന്നത്. ഇന്നലെ ഞാൻ ആദർശുമായി ഓജോ ബോർഡ് ചെയ്യാൻ കയറുമ്പോൾ മറ്റാരെയും കൂട്ടാതിരുന്നതും അതുകൊണ്ട് തന്നെയായിരുന്നു. ലോറൻസിന് എന്നോട് മാത്രമായി എന്തൊക്കയോ പറയാൻ ഉണ്ടെന്ന് എനിക്ക് തോന്നിയിരുന്നു. ഇന്നലെയാണ് അലക്സ് ആരാണെന്നും എന്താണെന്നും എല്ലാം ലോറൻസ് എന്നോട് പറയുന്നത്. മരണം എന്നത് ഒഴിച്ചാൽ ലോറൻസും അലക്സും അനുഭവിച്ചതൊക്കെ ഏകദേശം ഒന്നുതന്നെയല്ലേ.'

അതിന് മറുപടിയായി അലക്സ് ഡെന്നീസിനെ ഒന്ന് തറപ്പിച്ചു നോക്കി.

'നീയൊക്കെ എന്നെ ഒരു കോപ്പും ചെയ്യില്ലെടാ. ലോറൻസിൻറെ ആത്മാവും പ്രേതവുമെല്ലാം ഞാൻ ഉണ്ടാക്കിയ കഥയാണ്. എനിക്ക് രക്ഷപ്പെടാൻ വേണ്ടി. അതൊക്കെ എല്ലാവരും അങ്ങ് വിശ്വസിച്ചു. മരിച്ച് മണ്ണടിഞ്ഞവനൊക്കെ എന്നെ എന്ത് ചെയ്യാനാ എന്നൊന്ന് കാണണം. നീ നോക്കിക്കോ, നീ തിരിച്ച് കാനഡയ്ക്ക് ചെല്ലുമ്പോൾ നിൻറെ തള്ളയും ബാക്കിയുണ്ടാവില്ല.'

അലക്സിനെ നോക്കി അയാൾ അലറി. എന്നിട്ട് അയാൾ വീണ്ടും കെട്ട് പൊട്ടിക്കാൻ ശ്രമിച്ചു. പക്ഷെ കഴിഞ്ഞില്ല.

'ഇനി നിൻറെ ഭീഷണിയൊന്നും വിലപ്പോകില്ല ഡെന്നീസ്. അഗതി മന്ദിരത്തിൽ വന്ന് ഇവർ എന്നോട് കാര്യങ്ങൾ മുഴുവൻ പറഞ്ഞപ്പോൾ ദുരാത്മാവായി ഇപ്പോഴും അലയുന്ന എൻറെ മകൻ ഉൾപ്പെടെ ഒമ്പതുപേരെ രക്ഷിക്കാൻ ഞാനും

ഇറങ്ങിത്തിരിക്കുകയായിരുന്നു. അതിലൊന്നിന് മാത്രം നീ ഉത്തരവാദിയല്ല. അതിൻറെ ഉത്തരവാദിയാണ് ഇപ്പോൾ നിൻറെ കൂട്ടുപ്രതി. ഒമ്പതുപേരുടെയും പ്രതികാരം അടങ്ങിയാലേ അവർക്കെല്ലാവർക്കും ഒരു പുതുജന്മം ലഭിക്കുകയുള്ളൂ.' മരിയ ആക്രോശിച്ചു.

'അതിനുമുമ്പ് എല്ലാം നഷ്ടപ്പെട്ടവൻറെ വേദന നീയും അറിയണം. സകല തിന്മകളും ചെയ്ത് നീ ഇത്രയും കാലം കൊണ്ട് സമ്പാദിച്ചതെല്ലാം നിൻറെ ജാരസന്തതിയുടെ പേർക്കല്ലേ നി എഴുതിവച്ചത്.. ഞങ്ങൾ അവനെക്കൊണ്ട് ഒരു വിൽപ്പത്രം അങ്ങ് എഴുതിപ്പിച്ചു. നീ കൊന്ന എട്ടുപേരുടെ വീട്ടുകാർക്കും ഓരോ വിഹിതം. ബാക്കി മൊത്തം സർക്കാർ അനാഥമന്ദിരങ്ങൾക്ക്. പക്ഷേ ഇതൊക്കെ നടക്കണം എങ്കിൽ അവൻ ചാവണം. നിനക്കത് കാണണ്ടേ?'

'വിശ്വം നമുക്ക് സമയം കളയാനില്ല.' അലക്സ് അത് പറഞ്ഞപ്പോൾ വിശ്വം മുറിയുടെ ഒരുഭാഗത്തേക്ക് ടോർച്ചടിച്ചു. എല്ലാവരും ആ ഭാഗത്തേക്ക് നോക്കി. ഡെന്നീസ് ആ കാഴ്ച കണ്ടപ്പോൾത്തന്നെ കണ്ണുകൾ ഇറുക്കിയടച്ചു.

'എൻറെ മോനേ, പൊന്നുമോനേ, ഹോ... ഡേവിസേ... അയ്യോ, എൻറെ മോൻ.'

അയാൾ അലമുറയിട്ടുകരഞ്ഞു. വീണ്ടും ഒരിക്കൽക്കൂടി ഡേവിസിനെ കെട്ടിത്തൂക്കിയിട്ടിരുന്ന ഭാഗത്തേക്ക് നോക്കുവാൻ അയാൾക്ക് കഴിഞ്ഞില്ല. ഡേവിസിൻറെ തൂങ്ങിമരണത്തോടൊപ്പം തൻറെ സമ്പാദ്യങ്ങളെല്ലാം നഷ്ടമായത് അയാൾക്ക് ഒരിക്കലും ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. ഡെന്നീസ് അവ്യക്തമായി എന്തൊക്കയോ പുലമ്പിക്കൊണ്ടിരുന്നു. അത് കണ്ട് അലക്സ് പുച്ഛത്തോടെ അയാളെ നോക്കി.

'സ്വന്തം മകനെ മറന്ന നിനക്ക് ഇതൊക്കെ ഒരു വേദനയാണോ?' അവൻ അയാളുടെ നേർക്ക് കാർക്കിച്ച് തുപ്പി.

താമസിയാതെ എട്ട് കസേരകളിലും ആണങ്ങൾ ഓരോരുത്തരായി ഇരുന്നു. വിശ്വം നേരത്തെ പറഞ്ഞുവച്ചതിനാൽ എല്ലാവരും നിമിഷനേരം കൊണ്ട് തയ്യാറായി. അവർക്ക് മുന്നിൽ ആ എട്ട് ചെറുപ്പക്കാരുടെയും ഫോട്ടോയും വച്ചിരുന്നു. അവരുടെ കൈകൾ ബാക്കിയുള്ളവർ ചേർന്ന് ബന്ധിച്ചു. ഒരുകൈ മാത്രം അയച്ചുകെട്ടി. എന്നിട്ട് ഓരോരുത്തരുടെയും ചൂണ്ടുവിരൽ നാണയങ്ങൾക്ക് മുകളിൽ വച്ചു.

'ബിനോയീ, ആദർശ്, സണ്ണീ, വിവേക്, രാഹുൽ, അമീർ, സന്തോഷ്, ഹരി... ഞാൻ പറഞ്ഞതൊക്കെ നിങ്ങൾക്ക് ഓർമ്മയുണ്ടല്ലോ. ശരി തുടങ്ങിക്കോളൂ.'

വിശ്വം വിളിച്ചുപറഞ്ഞു. എല്ലാവരും ഓജോ ബോർഡിലേക്ക് തന്നെ നോക്കിയിരിക്കുകയായിരുന്നു അപ്പോൾ.

'ഗുഡ് സ്പിരിറ്റ് പ്ലീസ് കം. ഗുഡ് സ്പിരിറ്റ് പ്ലീസ് കം. ഗുഡ് സ്പിരിറ്റ് പ്ലീസ് കം.'

അവർ ഓരോരുത്തരും ആ വാക്കുകൾ ഒരുമിച്ച് ഉരുവിട്ടു. അവർ ചെയ്യുന്നതൊന്നും മനസ്സിലാകാതെ ഡെന്നീസും രവിയും അവരെ കെട്ടിയിരുന്ന കുരുക്ക് അഴിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഒരേ സമയം എട്ട് ഓജോ ബോർഡുകൾ എട്ട് ആത്മാക്കളെ വിളിച്ചുകൊണ്ടിരുന്നു. ഒരു കസേര മാത്രം ഒഴിഞ്ഞുകിടന്നു. അലക്സും വിശ്വവും നീതുവും ഐഷയും നീതുവിൻറെ ചേട്ടന്മാരായ ഗോപനും പ്രേമനും അവരുടെ തൊട്ടടുത്തുതന്നെ നിൽപ്പുണ്ടായിരുന്നു.

കുറച്ചുസമയം കഴിഞ്ഞപ്പോൾ ഓരോരുത്തരും ഉരുവിട്ടുകൊണ്ടിരുന്ന വാക്കുകളുടെ കാഠിന്യം കുറഞ്ഞുകുറഞ്ഞുവന്നു. ഒടുവിൽ ആ മുറിയിലാകെ നിശബ്ദത തളംകെട്ടി. മെഴുകുതിരികളുടെ ജ്വാലകൾ കാറ്റിൽ ഇളകി. ആ കെട്ടിടത്തിൻറെ ചുവരുകളിലും നിലത്തുമെല്ലാം കമ്പനം അനുഭവപ്പെട്ടുതുടങ്ങിയിരുന്നു. ആ പരിസരപ്രദേശങ്ങളിലുള്ള നായ്ക്കളെല്ലാം എന്തോ കണ്ടതുപോലെ നിർത്താതെ ഓരിയിട്ടു. മഴയുടെ ആരംഭത്തോടൊപ്പം ഇടിമിന്നലും കാറ്റും ഒരുമിച്ച് ഭൂമിയിലേക്കെത്തി. ഇതൊക്കെ കണ്ട് പെൺകുട്ടികൾ ഇരുവരും മരിയയോട് കൂടുതൽ ചേർന്നുനിന്നു.

അതോടൊപ്പം കസേരയിൽ ഇരുന്നിരുന്ന എട്ടുപേരുടെയും മുഖങ്ങൾ ഒരുപോലെ ഉയർന്നു. അവരുടെ കണ്ണുകൾ ഡെന്നീസിനെയും രവിയെയും കെട്ടിയിട്ടിരുന്ന ഭാഗത്തേക്ക് തിരിച്ചു. അത് കണ്ടപ്പോൾ വിശ്വം നീതുവിനെയും ഐഷയെയും നോക്കി. ആ നോട്ടത്തിൻറെ അർത്ഥം മനസ്സിലാക്കി അവർ ഇരുവരും മുറിയുടെ പുറത്തേക്ക് പോയി. അവർ തിരികെയെത്തിയപ്പോൾ അവർക്ക് നടുവിൽ സോഫിയുമുണ്ടായിരുന്നു.



## മുപ്പത്തിയേഴ്

അവർ മുറിയിലേക്ക് കടന്നതും വിശ്വം സോഫിയുടെ അടുത്തേക്ക് ചെന്നു.

'ദിവ്യേ, പോയി ആ കസേരയിലിരിക്ക്.'

സോഫി ഒന്നും മിണ്ടിയില്ല. അൽപ്പസമയം അവൾ വിശ്വത്തിൻറെ കണ്ണുകളിലേക്ക് നോക്കിനിന്നു. എന്നിട്ട് ഒരു കൊച്ചുകുട്ടി അനുസരിക്കും പോലെ ഒടുവിൽ കിടന്ന ഒമ്പതാമത്തെ കസേരയിൽ പോയിരുന്നു. അവളുടെ ഇരുവശവും നീതുവും ഐഷയും ചെന്നുനിന്നു. എന്നിട്ട് അവളെ കസേരയിൽ ബന്ധിക്കുവാൻ തുടങ്ങി.

അപ്പോൾ മാത്രമാണ് സോഫി തൻറെ മുന്നിൽ കെട്ടിയിട്ടിരുന്ന ഡെന്നീസിനെയും രവിയെയും കാണുന്നത്. രവിയെ കണ്ടയുടൻ അവളുടെ കണ്ണുകൾ ചുവന്നു. പല്ലുകൾ കടിച്ചു. ഇരുകൈകളും ചുരുട്ടിപ്പിടിച്ചു.

'എടാ, ദ്രോഹീ. നിന്നെ ഞാൻ കൊല്ലും.'

അതും വിളിച്ചുകൊണ്ട് അവൾ മുന്നോട്ടാഞ്ഞു. നീതുവും ഐഷയും അവളെ ശക്തിയായി പിടിച്ചു നിർത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. അതിന് കഴിയാതിരുന്നപ്പോൾ അവളെ ബന്ധിക്കാനായി അലക്സും കൂടി അവരെ സഹായിച്ചു. അപ്പോഴേക്കും മറ്റ് കസേരകളിൽ ബന്ധിച്ചിരുന്ന ബാക്കി എട്ടുപേരും ബഹളം വച്ച് തുടങ്ങിയിരുന്നു. വിശ്വം അവരുടെ മുന്നിലേക്ക് കയറിനിന്നു.

'നിങ്ങൾ എല്ലാവരും കാത്തിരുന്നവനെയാണ് ഇപ്പോൾ നിങ്ങൾക്ക് മുന്നിൽ ഞങ്ങൾ ഇട്ടുതന്നിരിക്കുന്നത്. ഞാൻ നിങ്ങൾക്ക് തന്ന വാക്ക് പാലിച്ചിരിക്കുന്നു. നിങ്ങളുടെയെല്ലാവരുടെയും ഇത്രയും കാലത്തെ പ്രതികാരം മതിയാവോളം വീട്ടിയ ശേഷം ഈ ശരീരങ്ങൾ വിട്ട് എന്നന്നേക്കുമായി ഈ ഭൂമിയിൽ നിന്നുതന്നെ നിങ്ങൾ പോകണം. മനസ്സിലായോ?'

'ഹ്വാ... ഹ്വാ... പോകാം, ഞങ്ങൾ പോകാം. ഇനി ഞങ്ങളെ അഴിച്ചുവിടൂ.'

അവർ ഓരോരുത്തരും കിതപ്പോടെ പറഞ്ഞു. വേട്ടമൃഗം ഇരയുടെ നേരേ ഓങ്ങിയിരിക്കുംപോലെ അവർ ഒമ്പത് പേരും മുന്നോട്ട് ആഞ്ഞിരുന്നു. അവരിൽ പലരുടെയും കണ്ണുകൾ മലർന്നിരുന്നു. വിശ്വം രവിയെ അവസാനമായി ഒന്ന് നോക്കിയ ശേഷം ചുറ്റുമുള്ളവരെ നോക്കി.

'ഇവരെയെല്ലാം അഴിച്ചുവിടൂ. അവർ അവരുടെ ലക്ഷ്യം പൂർത്തീകരിക്കട്ടെ.'

അത് കേൾക്കേണ്ട താമസം മരിയ ലോറൻസിൻറെ ഫോട്ടോ വച്ചിരുന്ന കസേരയുടെ സമീപമെത്തി. ആ കസേരയിൽ ബിനോയിയായിരുന്നു ഇരുന്നിരുന്നത്.

'മോനേ, ചെല്ലെടാ. നമ്മുടെ കുടുംബത്തെയും നിൻറെ കൂട്ടുകാരെയും നശിപ്പിച്ചവനോട് പകരം വീട്ട്.' അതും പറഞ്ഞുകൊണ്ട് അവർ അവൻറെ കയ്യുടെ കെട്ടുകളഴിച്ചു.

കൈ സ്വതന്ത്രമായപ്പോൾ ബിനോയി ഡെന്നീസിനരികിലേക്ക് പാഞ്ഞടുത്തു. പക്ഷേ എല്ലാവരുടെയും പ്രതീക്ഷകൾ തെറ്റിച്ചുകൊണ്ട് അവൻ അവർ ഇരുവരുടേയും കെട്ടുകളഴിച്ചു. അപ്പോഴേക്കും കസേരയിൽ ബാക്കിയുണ്ടായിരുന്നവരുടെയും കെട്ടുകൾ അവിടെ നിന്നിരുന്നവരെല്ലാം കൂടി അഴിച്ചുകഴിഞ്ഞിരുന്നു.

കുരുക്കിൽനിന്നും രക്ഷപ്പെട്ട ഡെന്നീസ് മുറിയിൽനിന്നും ഇറങ്ങിയോടി. അത് കണ്ട് രവിയും അയാളുടെ പിന്നാലെ കുതിച്ചു.

നീതുവിൻറെ ചേട്ടന്മാർ അവരുടെ പിന്നാലെ ഓടാൻ തുടങ്ങിയപ്പോൾ വിശ്വം അവരെ തടഞ്ഞു.

'വേണ്ട, നമ്മുടെ ജോലി നമ്മൾ പൂർത്തിയാക്കി. ഇനിയുള്ളത് അവർ നോക്കിക്കോളും.'

വിശ്വം പറഞ്ഞത് ശ്രദ്ധിച്ച ശേഷം അവരെല്ലാവരും മുറിയിലേക്ക് തിരിഞ്ഞപ്പോൾ ആ മുറി ശൂന്യമായിരുന്നു.

'വിശ്വം, സോഫി!' നീതു സംശയത്തിൽ ചോദിച്ചു.

'അവൾ മടങ്ങിവരും. നമ്മുടെ പഴയ സോഫിയായിത്തന്നെ. അതുപോലെതന്നെ അവർ ഓരോരുത്തരും.' അയാൾ ഉറപ്പിച്ച് പറഞ്ഞു.

'അപ്പോൾ നമ്മൾ ഇനി എന്ത് ചെയ്യണം?' ഗോപൻ ചോദിച്ചു.

'നമുക്ക് ഇനിയൽപ്പം വിശ്രമിക്കാം.' വിശ്വം ശാന്തമായി പറഞ്ഞു....

ഇതേസമയം വീടിനുള്ളിലെ ഇരുട്ടിൽ തപ്പിത്തടഞ്ഞ് പുറത്തേക്ക് എത്തിച്ചേർന്ന ഡെന്നീസ് വീടിൻറെ മുന്നിൽ കിടന്നിരുന്ന വണ്ടികളുടെ നേർക്ക് ഓടി. വണ്ടികളുടെ കൂട്ടത്തിൽ നീതുവിൻറെ ചേട്ടന്മാർ വന്ന കറുത്ത ജീപ്പിൽ താക്കോൽ കിടക്കുന്നതുകണ്ട് അയാൾ അതിലേക്ക് ചാടിക്കയറി. രവി തിടുക്കത്തോടെ ഓടിവന്ന് അയാൾക്കൊപ്പം അതിലേക്ക് കയറി. ആ ജീപ്പ് അവരെയും കൊണ്ട് പാഞ്ഞുപോയി. ഗേറ്റ് കടക്കുന്ന സമയത്ത് തങ്ങൾക്ക് പിന്നിലായി അതിവേഗത്തിൽ ഓടിവരുന്ന സോഫിയെ മിററിലൂടെ കണ്ടതും ഡെന്നീസ് ജീപ്പിൻറെ വേഗത വർദ്ധിപ്പിച്ചു.

‘ഹോ രക്ഷപെട്ടു.’

രവി ഡെന്നീസിനെ നോക്കി പറഞ്ഞു.

അയാൾ ഒന്നും തന്നെ പറഞ്ഞില്ല. പകരം ജീപ്പ് അതിവേഗത്തിൽ പായിച്ചു. നഗരത്തിൻറെ തിരക്കിൽ നിന്നും ആ വണ്ടി കുതിച്ചുപാഞ്ഞു.

‘നമ്മൾ എങ്ങോട്ടാ ഈ പോകുന്നത്?’ രവി പുറത്തേക്ക് നോക്കിക്കൊണ്ട് ചോദിച്ചു.

‘നമ്മൾ ഇപ്പോൾ പോകുന്നത് നമുക്ക് ഏറ്റവും സുരക്ഷിതമായ ഒരു സ്ഥലത്തേക്കാണ്.’

അയാൾ ഡ്രൈവിംഗിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പറഞ്ഞു. അത് കേട്ടപ്പോൾ രവിക്ക് ആശ്വാസമായി. എങ്കിലും ഇടയ്ക്കിടെ രവി ഭയത്തോടെ തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു. ജീപ്പ് വീണ്ടും പാഞ്ഞുപോയി.

‘അയ്യോ എൻറെ കാർ!’

രവി പിന്നിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു.

അത് കേട്ടപ്പോൾ ഡെന്നീസ് മിററിലൂടെ നോക്കി. തങ്ങൾക്ക് പിന്നിലായി വരുന്ന രവിയുടെ കാറ് കണ്ട് അയാൾ ജീപ്പിൻറെ വേഗത വർദ്ധിപ്പിച്ചു. അതോടൊപ്പം പിന്നിലുള്ള കാറിൻറെ വേഗതയും വർദ്ധിച്ചു.

ഒരുപാട് സമയം അതേ വേഗതയിൽ ഇരുവാഹനങ്ങളും കുറെ ദൂരം സഞ്ചരിച്ചു. അപ്പോഴേക്കും മഴയും തകർത്തുപെയ്യാൻ തുടങ്ങിയിരുന്നു. പെട്ടെന്ന് ഡെന്നീസ് ജീപ്പ് ഇടതുവശത്തേക്ക് വെട്ടിച്ചു. അത് ഒരു ഇടവഴിയിലൂടെ പാഞ്ഞുപോയി. ആ ഇടുങ്ങിയ വഴിയുടെ അതിരുകളിൽ നിൽക്കുന്ന ചെടികൾ അവർ ഇരുവരുടെയും മുഖത്തൊക്കെ വന്ന് അടിച്ചുകൊണ്ടിരുന്നു. ആ വഴിയിലൂടെ സ്ഥിരമായി വാഹനങ്ങളൊന്നും വരാറില്ലെന്ന് ആ പാതയിൽ വളർന്നു പൊന്തിയിരുന്ന പുല്ലുകൾ സാക്ഷ്യപ്പെടുത്തി.

രവി പിന്നിലേക്ക് മാത്രം ശ്രദ്ധിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് ജീപ്പ് എന്തിലോ ശക്തമായി ഇടിച്ചു. അതോടൊപ്പം എന്തൊക്കയോ പൊളിഞ്ഞുവീഴുന്ന ശബ്ദവും ഉയർന്നുകേട്ടു. എന്നിട്ടും ഡെന്നീസ് ജീപ്പ് നിർത്തിയില്ല. അയാൾ ജീപ്പ് വീണ്ടും മുന്നോട്ടെടുത്തു.

‘പൊക്കോ, വേഗം പൊക്കോ. അവർ പിന്നാലെയുണ്ട്.’ രവി വിളിച്ചുപറഞ്ഞു.

അയാൾ അത് പറഞ്ഞുതീർന്നതും ജീപ്പ് സഡൻ ബ്രേക്കിട്ട് നിന്നതും ഒരുമിച്ചായിരുന്നു. അയാൾ സംശയത്തോടെ മുന്നിലേക്ക് നോക്കി. കുരിശിൽ തറയ്ക്കപ്പെട്ട യേശുക്രിസ്തുവിൻറെ രൂപം കണ്ടപ്പോൾ അയാൾക്ക് അൽപ്പം സമാധാനമായി.

‘ഈ പള്ളി തന്നെ നമ്മുടെ രക്ഷ.’ അയാൾ കൈകൂപ്പിക്കൊണ്ട് പറഞ്ഞു.

പെട്ടെന്ന് പിന്നിൽനിന്നും തൻറെ കാർ തകർന്നുകിടക്കുന്ന ഒരു ഗേറ്റും കടന്ന് വരുന്നത് കണ്ട് അയാൾ ജീപ്പിൽ നിന്നും ചാടിയിറങ്ങിയതും ആ കാഴ്ച കണ്ടതും ഒരുപോലെയായിരുന്നു. അയാൾക്ക് ചുറ്റും ഒരുപാട് കുരിശുകൾ ഉയർന്നുനിൽക്കുന്നു!

‘അയ്യോ, ഇത് സെമിത്തേരിയാണ്.’ അയാൾ വിറയലോടെ പറഞ്ഞു.

അതോടൊപ്പം മറ്റൊരു കാഴ്ച കൂടി അയാൾ കണ്ടു. ആ കാർ ഓടിച്ചിരുന്നത് തൻറെ തന്നെ മുഖസാദൃശ്യമുള്ള മറ്റൊരാൾ. അയാൾക്കൊപ്പം ഇരിക്കുന്ന ആളെ കണ്ടതും രവി വീണ്ടും ഞെട്ടി. ഡെന്നീസ്! അയാൾ തലകുടഞ്ഞുകൊണ്ട് കണ്ണുകൾ തിരുമ്മി. ആ കാർ അയാളെ തൊട്ടു തൊട്ടില്ല എന്ന രീതിയിൽ വന്നുനിന്നു. കാറിൻറെ ഉള്ളിൽനിന്നും ഡെന്നീസ് പുറത്തേക്ക് ചാടിയിറങ്ങി. എന്നിട്ട് കണ്ണുമിഴിച്ച് രവിയെ നോക്കി.

'യൂ?'

രവി മറുപടിയൊന്നും തന്നെ പറയാതെ ജീപ്പിൻറെ മുൻഭാഗത്തേക്ക് ഓടി. മുൻസീറ്റിൽ ഇരിക്കുന്ന പൂച്ചക്കണ്ണുള്ള യുവാവിനെ കണ്ട് മനസ്സിലാവാത്ത രീതിയിൽ അയാൾ ഉറ്റുനോക്കി.

'ആ....ആരാ? ഒരു വിറയലോടെ അയാൾ ചോദിച്ചു.

'ലോറൻസ്.'

ഗാംഭീര്യമുള്ള ആ ശബ്ദം കേട്ട് രവിയുടെ പിന്നിൽ നിന്നിരുന്ന ഡെന്നീസ് നടുങ്ങി. അതോടൊപ്പം അയാൾ തൻറെയൊപ്പം കാറിലിരുന്ന രവിയിലേക്ക് തിരിഞ്ഞു. രവിയുടെ സ്ഥാനത്ത് ഒരു യുവതി ഇരിക്കുന്നത് കണ്ട് അയാൾ ആശ്ചര്യപ്പെട്ടു.

'ദിവ്യ!'

അയാളോടൊപ്പം നിന്നിരുന്ന രവി ഭയത്തോടെ ഉച്ചരിച്ചു.

അടുത്ത നിമിഷത്തിൽ ജീപ്പിൽ നിന്നും ആ യുവാവും കാറിൽനിന്നും ഗർഭിണിയായ ആ യുവതിയും പുറത്തേക്കിറങ്ങി. അവർ പരസ്പരം നോക്കി മന്ദഹസിച്ചു. എന്നിട്ട് ഒരുപോലെ മുന്നിലേക്ക് തിരിഞ്ഞു. അവർക്ക് മുന്നിലായി ഡെന്നീസും രവിയും പകച്ചുനിന്നു.

പെട്ടെന്ന് ദൂരെനിന്നും ഒരു ജീപ്പിൻറെ ഇരമ്പൽ കേട്ട് അവർ ഇരുവരും പ്രതീക്ഷയോടെ ഇരുട്ടിലേക്ക് നോക്കി. ശബ്ദം തൊട്ടടുത്ത് എത്തിയിട്ടും വണ്ടിയുടെ പ്രകാശമൊന്നും കാണാതിരുന്നപ്പോൾ അവർ ഇരുവരും സംശയത്തോടെ പരസ്പരം നോക്കി. തൽക്ഷണം ഇരുട്ടിൽനിന്നും ലൈറ്റില്ലാത്ത ഒരു മോഡേൺ ജീപ്പ് ആ മതിൽക്കെട്ടിനുള്ളിലേക്ക് കടന്നുവന്നു.

അതിൽ നിന്നും ഇറങ്ങിവരുന്ന പരിചിതമായ മുഖങ്ങൾ കണ്ട് ഡെന്നീസ് അടിമുടി വിറച്ചു. അവരെല്ലാം താൻ നിഷ്കരുണം തൂക്കിലേറ്റിയവരാണെന്ന് മനസ്സിലാക്കിയപ്പോഴേക്കും അയാളുടെ ശരീരം തളർന്നുതുടങ്ങിയിരുന്നു.

'ഹെൽപ്പ്, ഹെൽപ്പ് മീ... ആരെങ്കിലും രക്ഷിക്കണേ...' അയാൾ തൊണ്ട പൊട്ടുന്ന തരത്തിൽ വിളിച്ചുകൂവി.

അതിന് മറുപടിയെന്നോണം ആകാശത്ത് നല്ലൊരു കൊള്ളിയാൻ മിന്നി. അതുകേട്ട് ആ എട്ട് യുവാക്കളും ശബ്ദമില്ലാതെ വികൃതമായി ചിരിക്കുവാൻ തുടങ്ങി.

'എന്നെ ഒന്നും ചെയ്യല്ലേ.' അയാൾ കൈകൂപ്പിക്കൊണ്ട് നിലത്തേക്ക് മുട്ടുകുത്തിവീണു.

രവി ഇതൊക്കെ കണ്ട് ഭയത്തോടെ ദിവ്യയെ നോക്കി. യുവാക്കളുടെ പിന്നിലായി രവിയെ ആദ്യമായി കാണുന്നതുപോലെ ദിവ്യ തൻറെ നിറവയറിൽ തലോടിക്കൊണ്ട് നിൽപ്പുണ്ടായിരുന്നു. ശക്തമായ ഇടിയും മഴയും ആ സന്ദർഭത്തെ കൂടുതൽ ഭയാനകമാക്കി.

'ഡാഡേ...'

വാത്സല്യത്തോടെയുള്ള ആ വിളികേട്ട് തെല്ല് ഭയത്തോടെ ഡെന്നീസ് മുഖമുയർത്തിനോക്കി. തനിക്കുമുന്നിലായി നിൽക്കുന്ന ലോറൻസിൻറെ കരുവാളിച്ച മുഖം കണ്ട് അയാൾ അടിമുടി വിറച്ചു.

'ഡാഡയ്ക്ക് എൻറെ കല്ലറ കാണണ്ടേ? എൻറെ ഇപ്പോഴത്തെ രൂപം കാണണ്ടേ, നോക്ക് ഡാഡയുടെ തൊട്ടുപിന്നിലായി ഞാൻ നിൽപ്പുണ്ട്'

'വേണ്ട, ഇതൊന്നും സത്യമല്ല. എല്ലാം കള്ളക്കഥയാണ്. ഞാൻ ഉണ്ടാക്കിയ കള്ളക്കഥകൾ.' അതും പറഞ്ഞുകൊണ്ട് അയാൾ കണ്ണുകൾ ഇറുക്കിയടച്ചു.

പക്ഷേ കണ്ണുകൾ അടഞ്ഞുകഴിഞ്ഞപ്പോൾ ഒരു ഫ്ളാഷ് ബാക്ക് പോലെ ആ ഇരുനിലക്കെട്ടിടവും ഒറ്റപ്പെട്ട മുറിയുമെല്ലാം അയാളുടെ ഓർമ്മകളിൽ മിന്നിമറഞ്ഞു. അതോടൊപ്പം ആ മുറിയിലായി തൂങ്ങിയാടുന്ന എട്ട് കുരുക്കുകളും അതിൽകിടന്ന് പിടയുന്ന എട്ട് യുവാക്കളുടെ മുഖങ്ങളും അവരുടെ കരച്ചിലുകളും ചലനമറ്റ ശവശരീരങ്ങളുമെല്ലാം ഒരു സിനിമയിലെ ദൃശ്യം പോലെ അയാൾ കണ്ടു. ഇതിനിടയിൽ പലതവണ കണ്ണുകൾ തുറക്കാൻ ശ്രമിച്ചുവെങ്കിലും അതിന് കഴിയാതെ ഡെന്നീസ് കുഴങ്ങി.

ഒടുവിൽ ആരോ ബലമായി പിടിച്ചുതുറന്നതുപോലെ അയാളുടെ കണ്ണുകൾ തുറക്കപ്പെട്ടു. ഒഴിഞ്ഞ ഒരു കറുത്ത ശവപ്പെട്ടി തനിക്കുമുന്നിലായി വച്ചിരിക്കുന്നത് കണ്ടതും തൻറെ മരണം മുന്നിൽകണ്ടതുപോലെ അയാൾ പിടഞ്ഞെഴുന്നേറ്റു. എന്നിട്ട് ഒരു ഭ്രാന്തനെപ്പോലെ അലറിക്കൊണ്ട് കല്ലറകളുടെ മുകളിലൂടെ ലക്ഷ്യമില്ലാതെയോടി. ഓട്ടത്തിനിടയിൽ ഒരു കല്ലറ തകർന്ന് അയാൾ അതിനുള്ളിലേക്ക് വീണു.

രവിയും അയാളുടെ പിന്നാലെ ഓടിയെങ്കിലും ഡെന്നീസ് കല്ലറയ്ക്കുള്ളിലേക്ക് വീഴുന്നതുകണ്ട് ഭയപ്പെട്ട അയാൾ തൻറെ കാറ് ലക്ഷ്യമാക്കി ഓടി. കാറിൻറെ ഡോർ തുറന്നതും രവി പിന്നിലേക്ക് മലർന്നടിച്ചുവീണു. ഡ്രൈവർ സീറ്റിൽ അഴുകി പുഴുവരിക്കുന്ന തരത്തിൽ ഇരിക്കുന്ന ഒരു ശവശരീരത്തെ കണ്ടതും അയാൾ ഒന്നുരണ്ടുവട്ടം നിലത്തേക്ക് ഛർദിച്ചു.. അതിനുശേഷം തല ഉയർത്തി നോക്കുമ്പോൾ ആ ശരീരം തൻറെ തൊട്ടുമുന്നിൽ നിൽക്കുന്നതാണ് കണ്ടത്. പിന്നിലേക്ക് ഇഴഞ്ഞുനീങ്ങും തോറും ആ ശരീരവും അയാളുടെ അടുത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു. പെട്ടെന്ന് മരം ഒടിഞ്ഞുവീഴുംപോലെ ആ പുഴുവരിക്കുന്ന ശവശരീരം രവിയുടെ മേൽക്ക് വീണ് ചിതറി. ഭയന്നുവിറച്ച് അയാൾ മുഖം മണ്ണിലമർത്തി.

ഇതേസമയം കല്ലറക്കുള്ളിലെ കനത്ത ഇരുട്ടും രൂക്ഷമായ ഗന്ധവും ഡെന്നീസിൻറെ സമനില തെറ്റിച്ചു. അയാൾ കല്ലറയ്ക്കുള്ളിലെ ശവപ്പെട്ടിയുടെ മേൽ കുനിഞ്ഞുകൂടിയിരുന്നു. അത്രയും മഴ പെയ്തിട്ടും നിലാവെളിച്ചത്തിന് ഒട്ടും കുറവില്ലായിരുന്നു. കല്ലറയ്ക്കുള്ളിലേക്ക് മഴവെള്ളത്തോടൊപ്പം നിലാവെളിച്ചവും കടന്നുചെന്നു. ആ വെളിച്ചത്തിൽ ഡെന്നീസ് വീണ്ടും ഒരു കാഴ്ച കൂടി കണ്ടു. കല്ലറയ്ക്കുള്ളിൽ താൻ ഇരിക്കുന്നതുപോലെ തന്നെ കുറച്ച് നിഴലുകൾ തന്നെ വലയം ചെയ്തിരിക്കുന്നു.

തൊട്ടടുത്ത നിമിഷം രാത്രിയെ പകലാക്കുന്ന തരത്തിൽ വലിയൊരു മിന്നൽപ്പിണർ ആകാശത്തിലൂടെ മിന്നിമറഞ്ഞു. ആ വെളിച്ചത്തിൽ നാവുകൾ കടിച്ച് തൂക്കിലേറ്റപ്പെട്ട അതേ രീതിയിൽ നിലകൊള്ളുന്ന എട്ട് ചെറുപ്പക്കാരുടെ ശരീരങ്ങൾ തന്നോടൊപ്പം ഇരിക്കുന്നത് കണ്ട് അയാൾ തൊണ്ടപൊട്ടി അലറിവിളിച്ചു.

അതോടൊപ്പം കല്ലറയിൽ നിന്നും രക്ഷപെടാനായി അയാൾ മുകളിലേക്ക് പിടിച്ചുകയറി. വളരെയധികം ആയാസപ്പെട്ട് ശരീരത്തിൻറെ പകുതിയോളം വെളിയിലെത്തിച്ച ശേഷം വീണ്ടും മുകളിലേക്ക് കയറാനായി ശ്രമിക്കുമ്പോൾ അന്തരീക്ഷത്തിൽ നിന്നും എന്തോ ഒന്ന് തൻറെ മുന്നിൽ വന്നുവീണത് കണ്ട് അയാൾ ഭയത്തോടെ നോക്കി.

കണ്ണുകൾ തുറിച്ച നിലയിൽ കിടക്കുന്ന രവിയുടെ ശരീരം കണ്ടതും താഴെ നിന്നും ഡെന്നീസിൻറെ കാലിലായി ഒരു കുരുക്ക് വീണതും ഒരുമിച്ചായിരുന്നു. വീണ്ടും മുകളിലേക്ക് പിടിച്ചുകയറുവാനായി ഒരു ശ്രമം കൂടി നടത്തിയെങ്കിലും താഴെ നിന്നും ഉയർന്നുവന്ന അനവധി കൈകൾ അയാളെ തഴേക്ക് വലിച്ചുകൊണ്ടുപോയി. ഒരു ആർത്തനാദത്തോടെ ഡെന്നീസ് ആ ശവക്കുഴിയിലെ കറുത്ത ശവപ്പെട്ടിക്കുള്ളിലേക്ക് മലർന്നടിച്ചുവീണു. അതോടൊപ്പം തകർന്നുപോയ കല്ലറയുടെ മൂടി വീണ്ടും പഴയതുപോലെ വന്നുചേർന്ന് കല്ലറയെ പൂർവ്വസ്ഥിതിയിലാക്കി. അതിൻറെ മുകളിലെ ലോഹക്കുരിശ്ശിൽ കൊത്തിവച്ചിരുന്ന ലോറൻസ് എന്ന പേര് മിന്നൽപ്രകാശത്തിൽ വെട്ടിത്തിളങ്ങി.

ഇതേസമയം ആ ഇരുനില കെട്ടിടത്തിനുള്ളിൽ വിശ്വവും നീതുവിൻറെ ചേട്ടന്മാരും ചേർന്ന് ക്ലോറോഫോം കൊടുത്ത് മയക്കി കെട്ടിത്തൂക്കിയിട്ടിരുന്ന ഡേവിസിനെ കെട്ടഴിച്ച് താഴെ ഇറക്കുകയായിരുന്നു.

‘ഇവനെ യഥാർത്ഥത്തിൽ കെട്ടിത്തൂക്കി കൊല്ലുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്.’ ഗോപൻ പല്ലുകൾ തമ്മിൽ കൂട്ടിക്കടിച്ചുകൊണ്ട് പറഞ്ഞു.

‘അത് പാടില്ല മോനേ, ഞങ്ങളോടെല്ലാം ക്രൂരത ചെയ്തത് ഇവനല്ല ഇവൻറെ അച്ഛനാണ്. ഇതിൻറെ പേരിൽ ഒന്നുമറിയാത്ത ഈ ചെറുപ്പക്കാരനെ ശിക്ഷിച്ചാൽ നമ്മളും ഡെന്നീസും തമ്മിൽ എന്ത് വ്യത്യാസം. പിന്നെ മക്കൾ ജീവിച്ചിരിക്കെ മാതാപിതാക്കൾ മരണപ്പെടുന്നത് സ്വാഭാവികമായിരിക്കും. കാലം പതിയെപ്പതിയെ അത് മായ്ച്ചുകളയും ചെയ്യും. പക്ഷേ മാതാപിതാക്കൾ ജീവനോടെ ഇരിക്കെ സ്വന്തം

മക്കൾ മരണപ്പെട്ടാൽ പിന്നെ ശേഷകാലമത്രയും ആ അച്ഛനും അമ്മയും നീറിനീറി ജീവിക്കും. ദുഖം പങ്കിടാൻ ആരുമില്ലാത്തവർക്കേ അത് പറഞ്ഞാൽ മനസ്സിലാവൂ. ഇപ്പോൾ എന്നോടൊപ്പം അഗതിമന്ദിരത്തിൽ കഴിയുന്ന എല്ലാ അച്ഛനമ്മമാർക്കും ഒരു പ്രതീക്ഷയുണ്ട്. ഇന്നല്ലെങ്കിൽ നാളെ അവരെ കൂട്ടിക്കൊണ്ടുപോകാനായി മകനോ മകളോ എത്തുമെന്ന്. പക്ഷേ അതിന് പോലും അവകാശമില്ലാത്ത ജീവിതമായിപ്പോയി എൻറേത്...'

അതും പറഞ്ഞുകൊണ്ട് വൃദ്ധയായ ആ അമ്മ പൊട്ടിക്കരഞ്ഞു. നീതുവും ഐഷയും ചേർന്ന് അവരെ തങ്ങളോട് ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു. ബാക്കിയുള്ളവർ സഹതാപത്തോടെ അവരെ നോക്കി. അൽപ്പസമയം ആരും ഒന്നുംതന്നെ മിണ്ടിയില്ല.

'ഇവനെയിനി എന്താ ചെയ്യുക?'

നിശബ്ദത മുറിച്ചുകൊണ്ട് പ്രേമൻ വിശ്വത്തോട് ചോദിച്ചു.

'ഡേവിസ് ഉണരും മുൻപ് നമുക്ക് അവനെ അവരുടെ ഏതെങ്കിലും കമ്പനിയുടെ മുന്നിൽ അവരുടെ കാറിൽ തന്നെ കൊണ്ടുപോയി കിടത്തണം. ഇവിടെ വരെ വന്നത് മാത്രം അവന് ഓർമ്മയുണ്ടാവും. ബാക്കിയൊന്നും അവൻ അറിഞ്ഞിട്ടില്ല. ഇങ്ങോട്ടുള്ള വഴിപോലും. ഓട്ടോയിൽ ഐഷ അവനെ ഇവിടെയെത്തിക്കുമ്പോൾ പോലീസ് കാണാതിരിക്കാൻ എന്ന രീതിയിൽ ഓട്ടോ മുഴുവൻ മൂടിയിരുന്നു. പിന്നെ ഡോക്ടറിൻറെ വീടെന്നും പറഞ്ഞ് നമ്മൾ അവനെ കാണിച്ച ആ വീട് ഇപ്പോൾ നാഷണൽ ഹൈവേക്ക് സ്ഥലമെടുക്കുന്നവർ പൊളിച്ചിട്ടുണ്ടാകും.'

വിശ്വം സംതൃപ്തിയോടെ പറഞ്ഞു. ഈ സമയത്ത് പുറത്ത് ശക്തമായ ഒരു ഇടി മുഴങ്ങി.

മഴവെള്ളം നിരന്തരമായി മുഖത്തേക്ക് വീണപ്പോൾ സോഫി കണ്ണുകൾ തുറന്നു. കണ്ണുകൾക്ക് വ്യക്തത വന്നപ്പോഴേക്കും അവൾ ജീപ്പിൻറെ പിൻസീറ്റിൽ എഴുന്നേറ്റിരുന്നു. ചുറ്റും നോക്കിയതും താൻ കിടക്കുന്നത് ഒരു സെമിത്തേരിയിൽ ആണെന്ന് അവൾക്ക് മനസ്സിലായി.

'യ്യോ, ൻറമ്മച്ചീയേ... നാട്ടുകാരേ ഓടിവായോ.'

കണ്ണുകൾ ഇറുക്കിയടച്ച് ഇരുകൈകളും ചെവിയിൽ അമർത്തിപ്പിടിച്ചുകൊണ്ട് അവൾ അലമുറയിട്ടു. അവളുടെ നിർത്താതെയുള്ള നിലവിളി കേട്ടുകൊണ്ട് ആണുങ്ങൾ ഓരോരുത്തരായി ഞെട്ടി ഉണർന്നു. അവരും ജീപ്പിനുള്ളിലും അതിൻറെ പരിസരങ്ങളിലുമൊക്കെയായി വീണുകിടക്കുകയായിരുന്നു. അവർ ഓരോരുത്തർക്കും തങ്ങൾ എവിടെയാണെന്ന് കിടക്കുന്നതെന്ന് മനസിലായി. അപ്പോഴും സോഫി നിലവിളി അവസാനിപ്പിച്ചിരുന്നില്ല.

'നിർത്തെടീ തടിച്ചീ!'

'ങേ...'

അത് കേട്ടതും ഒരുനിമിഷത്തെക്ക് കരച്ചിൽ അവസാനിപ്പിച്ചുകൊണ്ട് അത് പറഞ്ഞയാളെ അവൾ കണ്ണിറുക്കി നോക്കി. അത് തൻറെ ചേട്ടൻ സണ്ണിയാണെന്ന് തിരിച്ചറിഞ്ഞതും ''ടാ, സണ്ണിച്ചാ...'' എന്നും വിളിച്ചുകൊണ്ട് അവൾ ജീപ്പിൽ നിന്നും പുറത്തേക്ക് ഇറങ്ങിയോടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു.

സണ്ണിക്കും തൻറെ പെങ്ങളെ തിരിച്ചുകിട്ടിയ സന്തോഷമായിരുന്നു അപ്പോൾ.

'സണ്ണിച്ചാ...' അവൾ സ്നേഹത്തോടെ വിളിച്ചു.

'എന്താടീ മോളേ.'

'എനിക്ക് വിശക്കുന്നു.'

'എൻറെ ദൈവമേ.'

അത് കേട്ടതും ബാക്കിയുള്ളവർ എല്ലാവരും പൊട്ടിച്ചിരിച്ചു. അപ്പോഴേക്കും അന്തരീക്ഷത്തിൽ ഇരുട്ടിൻറെ കനം കുറഞ്ഞുതുടങ്ങിയിരുന്നു. വൈകാതെ അവരെയും കൊണ്ട് ആ ജീപ്പുകൾ രണ്ടും സെമിത്തേരിയുടെ ഇടവഴിയിലൂടെ പ്രധാനറോഡിലേക്ക് പോയി മറഞ്ഞു.

അവസാന ഘട്ടവും വിജയകരമായി പൂർത്തിയാക്കിയതോടെ ഡെന്നീസ് എന്ന ദൈർഘ്യമുള്ള അദ്ധ്യായം അവർക്കുമുന്നിൽ എന്നെന്നേക്കുമായി ഇല്ലാതായി. പിറ്റേന്ന് നേരം പുലർന്നപ്പോൾ ഡേവിസ് ഉണർന്നത് തൻറെ കമ്പനിക്ക് മുന്നിലായിരുന്നു. അവൻ കണ്ണു തിരുമ്മി ചുറ്റും നോക്കി. അവന് ഒന്നും മനസ്സിലായില്ല. അപ്പോഴേക്കും സെക്യൂരിറ്റിക്കാർ ഡേവിസിനെ തിരിച്ചറിഞ്ഞിരുന്നു. അവൻറെ പപ്പയുടെ തിരോധാനമുൾപ്പെടെ അനവധി ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താനാവാതെ അവൻ തിരികെ വിദേശത്തേക്ക് തന്നെ പോയി.

അതേസമയം ആ ഇരുനിലക്കെട്ടിടത്തിൽ നിന്നും അവരും യാത്ര പറഞ്ഞിരുന്നു. നീതുവിനെയും ബിനോയിയെയും അവളുടെ ചേട്ടന്മാർ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. അമീർ ഐഷയെ തിരികെ കോളേജ് ഹോസ്റ്റലിൽ കൊണ്ടാക്കി. ആദർശും വിവേകും രാഹുലും വീട്ടുകാർക്ക് വീണ്ടും ചെലവ് കൂട്ടനായി തിരികെ വീടുകളിലേക്ക് തന്നെ തിരിച്ചു. സണ്ണി സോഫിയുമായി അവരുടെ വീട്ടിലേക്കു പോയി. മതം പ്രശ്നമല്ലാത്ത അവരുടെ വീട്ടിൽ കാര്യങ്ങൾ അധികം വൈകാതെ അവതരിപ്പിച്ച് അവൻ തന്നെ മുൻകൈ എടുത്ത് വിശ്വത്തിൻറെയും സോഫിയുടെയും കല്യാണം നടത്താമെന്ന് വാക്കുകൊടുത്ത ശേഷമാണ് സണ്ണി വീട്ടിലേക്ക് പോന്നത്.

അലക്സ് ഓജോ ബോർഡ് എന്ന വ്യത്യസ്തമായ പ്രൊജക്റ്റുമായി കാനഡയിലേക്ക് തിരികെപ്പോയി. ചലനശേഷിയും സംസാരശേഷിയും നഷ്ടപ്പെട്ട രീതിയിൽ രവിയുടെ ശരീരം സെമിത്തേരിക്കുള്ളിൽ നിന്നും ആരൊക്കയോ ചേർന്ന് കണ്ടെത്തി ആശുപത്രിയിലെത്തിച്ചു. ജീവച്ഛവമായി കിടക്കുന്ന അയാളെ കാണാനായി വിശ്വവും ആശുപത്രിയിൽ പോയിരുന്നു.

പൂർണ്ണ സംതൃപ്തിയോടെ അവിടെ നിന്നും തിരികെയെത്തിയെത്തുമ്പോൾ വിശ്വത്തെയും നോക്കി അയാൾ തൻറെ അമ്മയായി സ്വീകരിച്ച മരിയ ആ ഇരുനിലക്കെട്ടിടത്തിൻറെ പടിക്കെട്ടിൽ കാത്തിരിപ്പുണ്ടായിരുന്നു.

വിശ്വത്തെ കണ്ടപാടെ മരിയ പുഞ്ചിരിച്ചുകൊണ്ട് പടിക്കെട്ടിൽനിന്നും എഴുന്നേറ്റു.

'മോനെ ഞാനിങ്ങനെ നോക്കിയിരിക്കുവായിരുന്നു. ഭക്ഷണം ഉണ്ടാക്കിവച്ചിട്ടുണ്ട്. നന്നായിട്ടുണ്ടോ എന്നറിയില്ല. കുറച്ചധികം കാലമായില്ലേ പാചകമൊക്കെ ചെയ്തിട്ട്. എന്തായാലും പോയി കുളിച്ച് വരൂ'

അവർ സ്നേഹത്തോടെ പറഞ്ഞു.

'ഞാനും ഒരുപാട് കാലമായി എനിക്കുവേണ്ടി മാത്രമായി ആരെങ്കിലും പാചകം ചെയ്ത ഭക്ഷണം കഴിച്ചിട്ട്.'

അത് പറഞ്ഞിട്ട് വിശ്വവും ചിരിച്ചു. ഹാളിൽനിന്നും പടികൾ കയറി മുകളിലേക്ക് പോകുമ്പോൾ മരിയ വിശ്വത്തിൻറെ പേര് വിളിച്ചു. പകുതി കയറിയ പടുക്കെട്ടുകളിൽനിന്നും അവൻ തിരിഞ്ഞുനോക്കി.

'വിശ്വം...എങ്കിലും ആ കുട്ടിയ്ക്ക് അത് കൊടുക്കണമായിരുന്നോ. അതിൻറെ പെരുമാറ്റം കണ്ടിട്ട് എനിക്കെന്തോ പന്തികേട് തോന്നി.' മരിയ പറഞ്ഞതുകേട്ട് സംശയത്തോടെ വിശ്വം തിരികെ താഴേക്കിറങ്ങിയെത്തി.

'എനിക്ക് മനസ്സിലായില്ല. ഏത് കുട്ടിയുടെ കാര്യമാ അമ്മ പറയുന്നത്'

വിശ്വത്തിൻറെ ചോദ്യംകേട്ട് മരിയയുടെ മുഖത്ത് അമ്പരപ്പ് വ്യാപിച്ചു.

'അപ്പോൾ മോൻ ആരെയും ഇങ്ങോട്ട് പറഞ്ഞുവിട്ടില്ലേ.?'

'ഇല്ലമ്മേ...എന്താ സംഭവിച്ചത്'

അതിന് മറുപടി പറയാതെ മരിയ നിന്ന് പരുങ്ങി.

താൻ ആശുപത്രിയിലേക്ക് പോയ സമയത്ത് ആ വീട്ടിൽ എന്തോ ഒന്ന് സംഭവിച്ചിരിക്കുന്നു എന്ന് വിശ്വത്തിന് ബോദ്ധ്യമായി.

'എന്താണെങ്കിലും എന്നോട് പറയൂ'

വിശ്വം അവരുടെ കൈത്തണ്ടയിൽ പിടിച്ചുകൊണ്ട് ധൈര്യപ്പെടുത്തി. അവൻ ധൈര്യപ്പെടുത്തിയപ്പോൾ അവർ ഉണ്ടായ കാര്യങ്ങൾ പറഞ്ഞുതുടങ്ങി.

'അൽപ്പം മുൻപ് ഞാൻ അടുക്കളയിൽ പാചകത്തിലായിരുന്ന സമയത്ത് ഒരു പെൺകുട്ടി ഇവിടെ വന്നിരുന്നു. ആരാണെന്ന് ചോദിച്ചപ്പോൾ വിശ്വം പറഞ്ഞിട്ടാണ് താൻ വരുന്നതെന്നും അത്യാവശ്യമായി ഓജോ ബോർഡ് വേണമെന്നും പറഞ്ഞു. മോൻ പറഞ്ഞുവിട്ട ആളാണെന്ന് കേട്ടപ്പോൾ മറ്റൊന്നും ചിന്തിക്കാതെ മുകളിലത്തെ മുറിയിൽനിന്നും മോൻറെ ഓജോ ബോർഡ് ഞാനെടുത്ത് കൊടുത്തു. പക്ഷേ അത് കൈയ്യിലേക്ക് കിട്ടിയതും അവൾ എന്നെനോക്കി വല്ലാത്ത രീതിയിൽ ചിരിച്ചുകൊണ്ട് വേഗത്തിൽ പുറത്തേക്ക് നടന്നുപോയി.'

മരിയ പറഞ്ഞ കാര്യങ്ങൾ കേട്ടതും വിശ്വം ആകെ അസ്വസ്ഥനായി. ഒന്നുംതന്നെ മറുപടി പറയാതെ അവൻ ഹാളിലെ സോഫയിലായി കുത്തിയിരുന്നു.

മരിയയ്ക്കും താൻ ചെയ്തത് അബദ്ധമായിപ്പോയെന്ന് മനസ്സിലായി. അൽപ്പസമയത്തെ നിശബ്ദതയ്ക്കൊടുവിൽ മരിയ എന്തോ ഒന്ന് ഓർത്തെടുത്തതുപോലെ വീണ്ടും വിശ്വത്തിലേക്ക് തിരിഞ്ഞു.

'വിശ്വം..പിന്നെ ആ കുട്ടി അവളുടെ ബാഗ് ഇവിടെ മറന്നുവച്ചിട്ടാണ് പോയത്'

അത് കേട്ടതും ഹാളിലെ ടേബിളിലായിരിക്കുന്ന പിങ്ക് കളറുള്ള കോളേജ് ബാഗിലേക്ക് അയാൾ പ്രതീക്ഷയോടെ ദൃഷ്ടി ചലിപ്പിച്ചു. തൊട്ടടുത്ത നിമിഷത്തിൽ വിശ്വത്തിനൊപ്പം മരിയയും ആ ടേബിളിനരികിലേക്ക് നടന്നുചെന്നു. ബാഗിൻറെ ക്ലിപ്പ് വിട്ടുവിച്ചുകൊണ്ട് അവൻ അത് ടേബിളിലേക്കായി കുടഞ്ഞു. തൽക്ഷണം അതിൽനിന്നും മടക്കിവച്ച ഒരു തുണിക്കഷ്ണം പുറത്തേക്ക് തെറിച്ചുവീണു.

വിശ്വത്തെ ഒന്ന് നോക്കിയശേഷം മരിയ ആ തുണി കൈയ്യിലെടുത്ത് വിതർത്തി. അതൊരു കറുത്ത ഗൗൺ ആയിരുന്നു. വിശദമായ പരിശോദനയ്ക്കൊടുവിൽ ബാഗിൻറെ പിൻഭാഗത്തെ ചെറിയ അറയ്ക്കുള്ളിൽനിന്നും ഒരു കോളേജ് ഐഡി കാർഡും വിശ്വം കണ്ടെത്തി. അതിലായി പ്രിൻറ് ചെയ്തിരിക്കുന്ന പെൺകുട്ടിയുടെ ഫോട്ടോയിലേക്ക് സൂക്ഷ്മതയോടെ നോക്കിയശേഷം അതിന് കീഴിലായി എഴുതിയിരിക്കുന്ന പേരയാൾ വായിച്ചു.

‘എലിസബത്ത്...!’

ഉടൻ വരുന്നു...

## ഓജോ ബോർഡ് 2
## എലിസബത്തിൻറെ മരണം

Akhil P Dharmajan



# 2 OUIJA BOARD

## എലിസബത്തിന്റെ മരണം